# എഴുന്നേല്ക്കുക

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
ഫീലിയോ ബുക്ക്സ്
കോലഞ്ചേരി – 683 562

# എഴുന്നേല്ക്കുക


**പ്രൊഫ. എം.വൈ. യോഹന്നാൻ**

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Five Star Offset printers, Cochin

●

Price: ` 80


●


All rights reserved with the publisher

# ആമുഖം

“The heights by great men reached and kept
Were not obtained by sudden flight;
But they, while their companions slept,
Were toiling upward in the night.

“Standing on what too long we bore,
With shoulders bent and downcast eyes,
We may discern-unseen before-
A path to higher destinies!"

H. W. LONG FELLOW എഴുതിയ അത്യന്തം ശ്രദ്ധേയമായ ഒരു പദ്യ ശകലമാണിത്. മഹാന്മാരായ ആളുകൾ ഔന്നത്യം നേടിയത് ഒരൊറ്റ കുതിച്ചു ചാട്ടം കൊണ്ടല്ല. അവരുടെ സ്നേഹിതന്മാർ ഉറങ്ങുമ്പോൾ അവർ രാത്രിയുടെ യാമങ്ങളിൽ വായനയും പഠനവുമായി കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരിക്കയായിരുന്നു. പരാജയങ്ങളിൽ മനസ്സ് മടുക്കാതെ വിജയത്തിലേക്ക് കുതിച്ച് ചാടുന്നതാണ് ജീവിത വിജയത്തിനാവശ്യം. സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്:

"Arise, awake and sleep no more; within each one of you, there is power to remove all wants and miseries. You can do anything and everything. You can move the mountains and drain the oceans. You are almighty, Faith, with, faith in yourself; Faith, faith, faith in God; This is the secret of greatness.”

–സ്വാമി വിവേകാനന്ദൻ

ദൈവവിശ്വാസമാണ് മഹത്വത്തിന്റെ രഹസ്യം എന്നാണ് അദ്ദേഹം പറഞ്ഞിരിക്കു ന്നത്.

നൈരാശ്യമാണ്ട് നിഷ്ക്രിയരായിരിക്കുന്ന അനേകരുണ്ട്. അവരുടെ അദ്ധ്വാനവും പരിശ്രമവും എല്ലാം നിറുത്തി ആശയറ്റ് ഇരിക്കുന്നതുകൊണ്ട് നാശമേ ഉണ്ടാവുകയുള്ളൂ.

ഒരു ചെറിയ കഥ കേട്ടിട്ടുണ്ട്: രണ്ട് തവളകൾ ഒരു തൈര് കലത്തിൽ വീണു. രണ്ടും കുറെ നേരം പരിശ്രമിച്ചു. പുറത്തു കടക്കാൻ സാധിച്ചില്ല. ഒരു തവള ചിന്തിച്ചു: “ഞാൻ എത്ര ശ്രമിച്ചാലും പുറത്ത് ചാടാൻ സാധിക്കയില്ല. ഇവിടെ കിടന്ന് ചാകുക തന്നെ.” മറ്റേ തവള കൂട്ടുകാരന്റെ നിരാശയും നിഷ്ക്രിയത്വവും കണ്ടിട്ടും ഒട്ടും തളരാതെ വീണ്ടും വീണ്ടും ചാടിക്കൊണ്ടിരുന്നു. കൈകാലുകൾ ഇട്ടടിച്ച് ആ തവള പിന്നെയും പിന്നെയും അദ്ധ്വാനിച്ചു. കുറച്ചു നേരം കഴിഞ്ഞപ്പോൾ തൈര് കടഞ്ഞതു പോലെയായി, വെണ്ണ ഒരു കട്ടയായി ഉരുണ്ടുകൂടി. ആ വെണ്ണയിൽ കാലൂന്നി ഒരൊറ്റ ചാട്ടം! അവൻ കലത്തിന് വെളിയിൽ വന്നു അവൻ രക്ഷപ്പെട്ടു!

നിരാശ വരാതെ ഉണർന്ന് ആത്മവിശ്വാസത്തോടെ യത്നിച്ചാൽ വിജയം സുനിശ്ചിതമാണ്. “Impossibility is the word that is found in the dictionary of fools” എന്ന് യൂറോപ്പിലെ സിംഹമായിരുന്ന നെപ്പോളിയൻ പറഞ്ഞിട്ടുണ്ട്. ആ ആത്മധൈര്യം കൊണ്ടാണ് ട്രഫാൽഗർ യുദ്ധത്തിൽ തോറ്റതിന് ശേഷം നെപ്പോളിയനെ എൽബാ ദ്വീപിലേക്ക് നാടുകടത്തിയെങ്കിലും അദ്ദേഹം സമുദ്രം നീന്തിനീന്തി ഫ്രാൻസിന്റെ തീരത്തെത്തി രക്ഷപ്പെട്ടത്. അദ്ദേഹത്തിന്റെ ഭാര്യയായ ജോസഫൈൻ അദ്ദേഹത്തെ ശുശ്രൂഷിക്കാൻ എൽബാ ദ്വീപിലും എത്തിച്ചേരാൻ തയ്യാറാണെന്ന് പറഞ്ഞ വാക്കുകൾ അദ്ദേഹത്തിന് ആവേശം പകർന്നു. ഉത്സാഹത്തിൽ മടുപ്പില്ലാതെ ധീരതയോടെ എഴുന്നേറ്റ് പ്രവർത്തിക്കാൻ സാധിച്ചാൽ വിജയം നിശ്ചയമത്രേ.

ഫ്രാൻസിസ് ബേക്കൺ പറഞ്ഞിട്ടുണ്ട്: “Reading maketh

a full man, conference a ready man and writing an exact man."

വായനകൊണ്ട് വിജ്ഞാനം സമ്പാദിച്ച് മനുഷ്യൻ പൂർണ്ണനാകുന്നു. ചർച്ചകളും സംവാദങ്ങളും അവനെ സുസജ്ജനാക്കുന്നു. എഴുതുന്നത് അവനെ തികഞ്ഞ വനാക്കുന്നു. നാമെല്ലാവരും തികഞ്ഞവരാകുവാനാണ് യേശുക്രിസ്തു ആഗ്രഹിക്കുന്നത്.

എഴുന്നേറ്റ് പ്രകാശിക്കുവാനാണ് കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത്. മഹാകവി വള്ളത്തോൾ അദ്ദേഹത്തിന്റെ മനോഹരമായ കവിതയിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക.

'എത്തേണ്ടതാമിടമെത്തിയാലും ശരി
മദ്ധ്യേ മരണം വിഴുങ്ങിയാലും ശരി
മുന്നോട്ടു തന്നെ ഗമിക്കും വഴിയിലെ
മുള്ളുകളൊക്കെ ചവിട്ടി മെതിച്ചു ഞാൻ'

ജീവിതയാത്രയിൽ വഴിയിൽ കല്ലുകളും മുള്ളുകളും ധാരാളം ഉണ്ടാകാം. അവയെ കണ്ട് ഭയന്ന് നില്ക്കാതെ ഞാൻ മുന്നോട്ട് തന്നെ പോകും എന്ന ദൃഢനിശ്ചയത്തോടെ നീങ്ങി യാൽ ആ കല്ലുകളുടെയും മുള്ളുകളുടെയും ഇടയിൽക്കൂടി ഒരു ചുവട് വയ്ക്കുവാൻ നമുക്ക് കർത്താവ് ഇടം തരും. അതുകൊണ്ടാണ് സെന്റ് പോൾ പറഞ്ഞത്:

*"മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴി യുന്നതിന്നു മീതെ പരീക്ഷ നേരിടുവാൻ സമ്മതി ക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്ന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും."* *1 കൊരിന്ത്യർ 10 : 13*

അനേകം വിശ്വാസികളും സാഹചര്യങ്ങളെ നോക്കി നെടുവീർപ്പിടുന്നവരാണ്. ജയജീവിതം എനിക്ക് സാദ്ധ്യമല്ല എന്ന് അവർ നിരാശയോടെ പറഞ്ഞുകൊണ്ടിരിക്കും.

അങ്ങനെ ജീവിതം ചൈതന്യലേശമില്ലാത്തതും, മടുപ്പ് ഉളവാക്കുന്നതും ആയിത്തീരും. എന്നാൽ ബൈബിൾ പറയുന്നു:

*“ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്ന് വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക.”*

*സങ്കീർത്തനം 27 : 13, 14*

യിസ്രായേലിന്റെ മധുരഗായകനും രാജാവും ദീർഘദർശിയുമായ ദാവീദ് വിശ്വാസദാർഢ്യത്തോടെ പറഞ്ഞതാണ് ഈ വാക്കുകൾ.

വിവിധ കാരണങ്ങളാൽ മനസ്സ് തളർന്നുപോയവരെ ഉണർത്തുവാനും ഉദ്ദീപിപ്പിക്കുവാനും ഉള്ള വാഞ്ഛ കൊണ്ടത്രേ “എഴുന്നേല്ക്കുക” എന്ന ഈ ഗ്രന്ഥം ഞാൻ രചിച്ചത്. എന്റെ ഈ 121–ാമത്തെ പുസ്തകം നിങ്ങൾ അനുശീലനം ചെയ്യുമ്പോൾ ഭാവിയുടെ മോഹനവാഗ്ദാനങ്ങൾ നിങ്ങളെ മാടിവിളിക്കുന്നു എന്ന ഒരു ബോധം നിങ്ങൾക്കുണ്ടാകുമെന്ന് എനിക്കുറപ്പാണ്.

ഫ്രാൻസിസ് ബേക്കൺ പറഞ്ഞു:

“Some books are to be tasted
Others to be swallowed
Some few to be chewed and digested.”

“ചില പുസ്തകങ്ങൾ രുചിച്ചുനോക്കേണ്ടത് മാത്രം. മറ്റു ചിലത് വിഴുങ്ങണം. ചിലതു നല്ലതുപോലെ ചവച്ചരച്ചു കഴിക്കണം.”

“എഴുന്നേല്ക്കുക” എന്ന ഈ പുസ്തകം നിങ്ങൾ ചവച്ചരച്ച് കഴിക്കേണ്ട ഒരു നല്ല ഭോജനമാണ് എന്ന് നിങ്ങൾ തിരിച്ചറിയുവാൻ ഇടയാകട്ടെ.

ഈ ഗ്രന്ഥത്തിന്റെ രചനയിൽ എന്നെ സഹായിച്ച ആത്മീയ സഹോദരീ സഹോദരന്മാരുണ്ട്. അവരോടുള്ള എന്റെ നിസ്സീമമായ കൃതജ്ഞത ഞാൻ സവിനയം പ്രകാശിപ്പിച്ചുകൊള്ളുന്നു. എന്റെ അനുവാചകർ ഏവരും എഴുന്നേറ്റ് പ്രശോഭിക്കുവാൻ കർത്താവായ യേശുക്രിസ്തു കൃപ തരട്ടെ എന്ന ആശംസയോടെ ഞാൻ ഈ ആമുഖക്കുറിപ്പുകൾക്ക് വിരാമമിടുന്നു.

സ്നേഹപൂർവ്വം,

**എം.വൈ. യോഹന്നാൻ.**

# ഒന്ന്

*“യഹോവ യോശുവയോട് അരുളിച്ചെയ്തത്: എഴുന്നേല്ക്ക; നീ ഇങ്ങനെ സാഷ്ടാംഗം വീണു കിടക്കുന്നത് എന്തിന്? യിസ്രായേൽ പാപം ചെയ്തിരിക്കുന്നു; ഞാൻ അവരോടു കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു; അവർ ശപഥാർപ്പിതം എടുത്തിരിക്കുന്നു; അവർ മോഷ്ടിച്ചു മറവുചെയ്തു തങ്ങളുടെ സാമാനങ്ങൾക്കിടയിൽ അതു വെച്ചിരിക്കുന്നു. യിസ്രായേൽ മക്കൾ ശാപഗ്രസ്തരായി തീർന്നതുകൊണ്ട് ശത്രുക്കളുടെ മുമ്പിൽ നില്പാൻ കഴിയാതെ ശത്രുക്കൾക്കു പുറം കാട്ടേണ്ടിവന്നു. ശാപം നിങ്ങളുടെ ഇടയിൽനിന്നു നീക്കാതിരുന്നാൽ ഞാൻ നിങ്ങളോടുകൂടെ ഇരിക്കയില്ല. നീ എഴുന്നേറ്റു ജനത്തെ ശുദ്ധീകരിച്ചു അവരോടു പറക: നാളെത്തേക്കു നിങ്ങളെത്തന്നെ ശുദ്ധീകരിപ്പിൻ; യിസ്രായേലേ, നിന്റെ നടുവിൽ ഒരു ശാപം ഉണ്ട്; ശാപം നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയുംവരെ ശത്രുക്കളുടെ മുമ്പിൽ നില്പാൻ നിനക്കു കഴികയില്ല എന്നിങ്ങനെ യിസ്രായേലിന്റെ ദൈവമായ യഹോവ കല്പിക്കുന്നു.” യോശുവ 7 : 10 – 13*

വളരെ ഗൗരവമേറിയ ഒരു വചനമാണിത്. യോശുവ നിലംപറ്റെ കിടന്നുകൊണ്ട് കരയുകയാണ്. യോശുവ അന്ന് ആഹാരമൊന്നും കഴിച്ചിട്ടില്ല. യോശുവ യിസ്രായേൽ

ജനത്തെ നയിച്ചുകൊണ്ടു വന്ന ദൈവപുരുഷനാണ്. യോശുവയ്ക്ക് ശാപമില്ല. പക്ഷേ, ജനത്തിന് ശാപം വന്നിരിക്കുകയാണ്.

ജനത്തെ ഈജിപ്തിൽനിന്നു പുറപ്പെടുവിച്ചു കൊണ്ടുവരുമ്പോൾ മുതൽ യോശുവ കൂടെയുണ്ട്. അന്ന് മോശയും അഹറോനുമാണ് നേതൃസ്ഥാനത്ത് നിന്നിരുന്നത്. മോശയെ സഹായിക്കാൻ യോശുവ എപ്പോഴും കൂടെയുണ്ടായിരുന്നു. ഈജിപ്തിൽനിന്നു ജനത്തെ വിടുവിച്ചു കൊണ്ടുവരുമ്പോൾ പല പ്രതികൂലസാഹചര്യങ്ങളിലൂടെയും അവർ കടന്നുപോകേണ്ടി വന്നു. അവിടെയെല്ലാം ദൈവം അവരെ സഹായിച്ചു.

മരുഭൂമിയിൽ വെള്ളം കിട്ടാതെ അവർ വലഞ്ഞുപോയിരുന്നു. ദൈവം അവർക്ക് പാറയിൽനിന്ന് വെള്ളം പുറപ്പെടുവിച്ചു. മാറയിൽ ചെന്നപ്പോൾ വെള്ളമുണ്ട്. പക്ഷേ, ആ വെള്ളം കയ്പ്പുള്ളതായിരുന്നു. എന്നാൽ ദൈവം അവർക്ക് കയ്പ്പുള്ള വെള്ളം മധുരമാക്കിത്തീർത്തു കൊടുത്തു.

ഏദോം ദേശത്ത് എത്തിയപ്പോൾ അഗ്നിസർപ്പങ്ങൾ അവരെ കടിച്ചു. ഓരോരുത്തരായി മരിച്ചു വീഴാൻ തുടങ്ങി. അപ്പോൾ ജീവനുള്ള ദൈവം ഒരു പാമ്പിന്റെ ആകൃതിയുള്ള പിച്ചളസർപ്പത്തെ കൊടിമരത്തിൽ തൂക്കുവാൻ മോശയോട് കല്പിച്ചു. മോശ അതു ചെയ്തു, ജനം ആ പിച്ചള സർപ്പത്തെ നോക്കി രക്ഷപ്പെട്ടു.

വളരെ അത്ഭുതകരമായി നാല്പതു വർഷം മോശയും അഹറോനും കൂടി ജനത്തെ നടത്തിക്കൊണ്ടുവന്നു. കനാൻ നാട്ടിലേക്ക് എത്തിക്കുമെന്നാണ് ദൈവം പറഞ്ഞത്. അവിടെ എത്തണമെങ്കിൽ യോർദ്ദാൻ നദി കടക്കണം. യോർദ്ദാൻ നദി കടക്കുന്നതിനുമുമ്പുതന്നെ അഹരോൻ മരിച്ചു. മോശ ദൈവത്തോടു പറഞ്ഞു: കർത്താവേ, എനിക്ക് അല്പകാലം കൂടി ആയുസ്സ് തന്നാൽ കൊള്ളായിരുന്നു. എനിക്ക് അക്കരെ ഒന്ന് കടന്നിട്ട് മരിച്ചാൽ കൊള്ളാമായിരുന്നു.

ദൈവം പറഞ്ഞു: ഇല്ല, നീ അക്കരെ കടക്കുകയില്ല. നീ

ഇത്രയും കാലം ജനത്തെ നടത്തിക്കൊണ്ടുവന്നു. ഇനി ജനത്തെ നടത്താൻ ഞാൻ വേറെ ഒരാളെ കണ്ടിട്ടുണ്ട്. നീ ഈ നെബോ പർവ്വതത്തിന്റെ മുകളിൽ വച്ചു മരിക്കും. ഞാൻ തന്നെ നിന്റെ ശവശരീരം അടക്കും. നിത്യനായ ദൈവം മോശയോട് പറഞ്ഞു. മോശയും അഹരോനും യോർദ്ദാൻ നദിയുടെ അപ്പുറം കടന്നില്ല.

യോശുവ, മോശയ്ക്കു ശേഷം ജനത്തെ നടത്തിയ ദൈവപുരുഷനായിരുന്നു. ആ ജനത്തിനു വരുന്ന സങ്കട ങ്ങളും പ്രയാസങ്ങളും കണ്ട് വളരെ ദുഃഖിക്കുകയും വിഷമി ക്കുകയും ചെയ്ത ഒരു ദൈവപുരുഷനായിരുന്നു യോശുവ. യോശുവ ജനത്തെ അക്കരെ കടത്തി.

യോശുവയുടെ നേതൃത്വത്തിൽ ജനം യെരീഹോകോട്ട പിടിച്ചു. ഏറ്റവും പ്രയാസമുള്ള ഒരു കോട്ടയായിരുന്നു അത്. അതിന്റെ മുകളിൽ വീടുവച്ച് പാർക്കത്തക്കവിധമുള്ള വലി പ്പവും ശക്തിയുമുള്ളതും വളരെ ഉയരമുള്ളതുമായ കോട്ടയാ യിരുന്നു യെരീഹോകോട്ട. എന്നാൽ നിത്യനായ ദൈവത്തിന്റെ കരുണയാൽ ജനം ആ കോട്ടയ്ക്കു ചുറ്റും ഏഴുപ്രാവശ്യം ചുറ്റി നടന്നപ്പോൾ കോട്ട തകർന്നു, അവർ നഗരത്തിനകത്തേക്ക് പ്രവേശിച്ചു, ശത്രുവിനെ അവർ ജയിച്ചു.

യെരീഹോയിൽ നിന്ന് യാതൊന്നും എടുക്കരുത്, അത് യഹോവയ്ക്ക് ശപഥാർപ്പിതമാണെന്ന് ദൈവം പറഞ്ഞിരുന്നു. അത് ദൈവത്തിന് devoted ആണ്. എന്നാൽ അവരിൽ ഒരാൾ ഏതാനും സാധനങ്ങൾ അവിടെ നിന്നു എടുത്തു. അത് അവൻ മോഷ്ടിച്ചു കൂടാരത്തിന്റെ നടുവിൽ ഒളിപ്പിച്ചുവെച്ചു.

പിന്നീട് യിസ്രായേൽജനം 'ഹായി' കോട്ട പിടിക്കാൻ പോയി. അത് ചെറിയൊരു കോട്ടയാണ്; പ്രയാസമുള്ളതല്ല. പക്ഷേ, ഹായി കോട്ട പിടിക്കാൻ പോയപ്പോൾ യിസ്രായേൽ ജനം തോറ്റു. എന്തുകൊണ്ടാണിത് സംഭവിച്ചതെന്ന് യോശുവയ്ക്ക് മനസ്സിലായില്ല. ഇതുവരെ ജയിച്ചുജയിച്ചുവന്നു. തോൽവി

വരാൻ എന്താണു കാരണം? യോശുവ ആഹാരമൊന്നും കഴിക്കാതെ ഉപവാസത്തോടെ ഇരുന്ന് കരയുകയാണ്. അപ്പോൾ ദൈവം യോശുവയോട് പറഞ്ഞു: നീ ഇങ്ങനെ സാഷ്ടാംഗം വീണുകിടക്കുന്നത് എന്തിന്? നീ എഴുന്നേറ്റ് ജനത്തെ ശുദ്ധീകരിക്കുക.

> *"യഹോവ യോശുവയോട് അരുളിച്ചെയ്തത്: എഴുന്നേല്ക്ക; നീ ഇങ്ങനെ സാഷ്ടാംഗം വീണു കിടക്കുന്നത് എന്തിന്? യിസ്രായേൽ പാപം ചെയ്തിരിക്കുന്നു; ഞാൻ അവരോടു കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു; അവർ ശപഥാർപ്പിതം എടുത്തിരിക്കുന്നു; അവർ മോഷ്ടിച്ചു മറവുചെയ്തു തങ്ങളുടെ സാമാനങ്ങൾക്കിടയിൽ അതു വെച്ചിരിക്കുന്നു."*
>
> *യോശുവ 7 : 10,11*

അവരുടെ കൂട്ടത്തിൽ ആഖാൻ എന്ന ഒരാൾ ഒരു ബാബിലോന്യമേലങ്കിയും ഇരുന്നൂറ് ശേക്കൽ വെള്ളിയും അമ്പത് ശേക്കൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു, മോഹിച്ചു, അതെടുത്ത് ഒളിച്ചുവച്ചു. യിസ്രായേൽജനം ആരും അതറിഞ്ഞില്ല. ജനത്തെ നടത്തിക്കൊണ്ടുവന്ന യോശുവയും അതറിഞ്ഞില്ല. പക്ഷേ, സ്വർഗ്ഗത്തിലെ ദൈവം അതറിഞ്ഞു.

ദൈവം പറയുകയാണ്, യിസ്രായേൽജനം ശാപഗ്രസ്തരായിത്തീർന്നതുകൊണ്ടാണ് ശത്രുക്കളുടെ മുമ്പിൽ നില്പാൻ കഴിയാതെ ശത്രുക്കൾക്ക് പുറം തിരിഞ്ഞ് ഓടേണ്ടിവന്നത്. ശാപം നിങ്ങളുടെ ഇടയിൽനിന്ന് നീക്കാതിരുന്നാൽ ഞാൻ നിങ്ങളുടെ ഇടയിൽ ഇരിക്കയില്ല. യഹോവയുടെ സാന്നിദ്ധ്യം നിങ്ങൾക്ക് കിട്ടുകയില്ല. ഗൗരവമേറിയ ഒരു വാക്യമാണിത്.

> *"നീ എഴുന്നേറ്റു ജനത്തെ ശുദ്ധീകരിച്ചു അവരോടു പറക: നാളത്തേക്കു നിങ്ങളെത്തന്നെ ശുദ്ധീകരിപ്പിൻ; യിസ്രായേലേ, നിന്റെ നടുവിൽ ഒരു ശാപം*

*ഉണ്ടു; ശാപം നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയുംവരെ ശത്രുക്കളുടെ മുമ്പിൽ നില്പാൻ നിനക്കു കഴികയില്ല എന്നിങ്ങനെ യിസ്രായേലിന്റെ ദൈവമായ യഹോവ കല്പിക്കുന്നു."*

*യോശുവ 7 : 13*

അതുകൊണ്ട് യോശുവേ, നീയൊരു കാര്യം ചെയ്യുക. നീ എഴുന്നേറ്റ് ഈ ജനത്തെ ശുദ്ധീകരിക്കണം. അവരിൽ വന്ന തെറ്റ് എന്താണെന്ന് കാണിച്ചുകൊടുത്ത് അവരെ എഴുന്നേല്പിക്കണം. ഈ ജനത്തിന്റെ ഇടയിൽ നിന്ന് ശാപം മാറ്റണം. അല്ലെങ്കിൽ നിങ്ങൾക്ക് ദൈവസാന്നിദ്ധ്യം ലഭിക്കുകയില്ല. എത്ര പ്രാർത്ഥിച്ചാലും ദൈവം പ്രാർത്ഥന കേൾക്കുകയില്ല. ദൈവസന്നിധിയിൽ വന്നിരിക്കുന്ന യോശുവയോടും ജനത്തോടും ദൈവം പറയുകയാണ്.

ആഖാൻ മാത്രമേ പാപം ചെയ്തുള്ളൂ. പക്ഷേ, യിസ്രായേലിന്മേൽ മുഴുവനായി ആ ശാപത്തിന്റെ ദോഷം വന്നിരിക്കുന്നു. ഒരു വീട്ടിൽ ഒരാളാണ് ശാപം വലിച്ചുവരുത്തിയത്. എന്നാൽ ആ വീട്ടിൽ എല്ലാവർക്കും ആ ശാപം വരികയാണ്. ഒരാൾ പാപം ചെയ്താൽ മറ്റുള്ളവരും അതിന്റെ ഫലം അനുഭവിക്കേണ്ടി വരുന്നു. ആ തലമുറയിലേക്കും പിന്നത്തെ തലമുറയിലേക്കും അത് ബാധിക്കും.

*"നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു; എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറ വരെ മക്കളുടെ മേൽ സന്ദർശിക്കയും."   പുറപ്പാട് 20 : 5*

കാര്യം ഗൗരവമാണ്. ദൈവം യോശുവയോട് പറഞ്ഞു: നീ ഇങ്ങനെ സാഷ്ടാംഗം വീണുകിടക്കുന്നത് എന്തിന്? നീ എഴുന്നേറ്റ് ജനത്തെ ശുദ്ധീകരിക്കുക. യോശുവ ജനത്തെ വിളിച്ചുകൂട്ടി. ഗോത്രം ഗോത്രമായും, ഭവനം ഭവനമായും,

കുടുംബം കുടുംബമായും വരുത്തി. അവരോടു ചോദിച്ചു: ആരാണ് തെറ്റു ചെയ്തത്? ചീട്ടിട്ടു. ഗോത്രം ഗോത്രമായിട്ടും കുടുംബം കുടുംബമായിട്ടും ചീട്ടിട്ടു. അവസാനം ആഖാന് ചീട്ട് വീണു.

യോശുവയുടെ മുന്നിലേയ്ക്ക് ആഖാനെ കൊണ്ടുവന്നു. ശാപമുണ്ട് എന്ന് കേട്ടപ്പോൾ ആഖാന് ഓടിവരാമായിരുന്നു. എങ്കിൽ അപകടം വരില്ലായിരുന്നു. ശാപമുണ്ട് എന്ന് മനസ്സി ലായപ്പോൾ വ്യക്തമായി ആ ശാപത്തിന് കാരണക്കാരൻ താനാണെന്ന് ആഖാന് പറയാമായിരുന്നു. എന്നാൽ ആഖാൻ അതെല്ലാം മറച്ചുവച്ചു. നിത്യനായ ദൈവം എല്ലാം കാണുന്നു വെന്ന് ആഖാൻ അറിഞ്ഞില്ല.

എല്ലാം കാണുന്ന ഒരു ദൈവം ഉണ്ട്. നമ്മുടെ ചിന്തകളും വിചാരഗതികളും പ്രവൃത്തികളും കാണുന്ന ഒരു ദൈവം! “മനുഷ്യൻ പറയുന്ന ഏത് നിസ്സാരവാക്കിനും ന്യായവിധിദിവ സത്തിൽ കണക്കുബോധിപ്പിക്കേണ്ടിവരും.” മത്തായി 12 : 36.

നാം ആരോടെങ്കിലും ചീത്തയായി പറഞ്ഞത്, ഭാര്യയെ തരംതാഴ്ത്തി കണ്ടത്, മക്കളെ തുച്ഛീകരിച്ചത്, അപ്പനെ പരിഹ സിച്ചത് ഇതെല്ലാം ശാപകരമായ കാര്യങ്ങളാണ്.

ശാപം നിങ്ങളുടെ ഇടയിൽനിന്ന് നീക്കാതെ ഞാൻ നിങ്ങളുടെ ഇടയിൽ ഇരിക്കുകയില്ല. ആഖാന് ഓടി വരാമായി രുന്നു. പക്ഷേ, ചീട്ട് വീണതിനുശേഷമാണ് അവൻ ഓടിവന്നത്. പിടിക്കപ്പെടുന്നതിനുമുമ്പ് നാം പാപം ഏറ്റുപറയണം. ദൈവ ത്തിന്റെ തിരുമുമ്പാകെ ചെല്ലുന്നതിനുമുമ്പ് നാം പാപം ഏറ്റുപ റയണം. ഒരു ദിവസം നാമെല്ലാവരും ദൈവസന്നിധിയിൽ നിൽക്കേണ്ടതാകുന്നു.

> *“അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെ യ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ*

*വെളിപ്പെടേണ്ടതാകുന്നു."        2 കൊരിന്ത്യർ 5 : 10*

ഒരു ന്യായവിധി ഉണ്ട്. ഇന്ന് അതെല്ലാം ഒരു കളിയാണെന്നേ നമുക്ക് തോന്നുകയുള്ളു. എല്ലാവർക്കും അതൊന്നും വിശ്വസിക്കാൻ തോന്നുകയില്ല. മരണശേഷം ഒരു നിത്യതയുണ്ട്. "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചു വച്ചിരിക്കുന്നു" എന്ന് വേദപുസ്തകം പറയുന്നു. അത് അറിയാവുന്ന നമ്മുടെ പിതാക്കന്മാർ പാടി:

"നീതിയിൽ വിധിചെയ്യും ന്യായാധിപതേ നീ
ഏറ്റരുതേ വിധിയിൽ കടമോർത്തീടരുതേ."

ന്യായാധിപതിയായ നീ നീതിയോടെ വിധിക്കുന്നവനാണ്. ഞങ്ങളുടെ മേൽ അകൃത്യം കണക്കിടല്ലേ. ഞങ്ങളുടെ പാപം ഓർക്കല്ലേ.

"ബലഹീനത നീക്കി തുണചെയ്യുക നാഥാ
രാപ്പകലടിയങ്ങൾക്കാശ്രയമങ്ങല്ലോ."

ഒരു ന്യായവിധിയുണ്ട്. നാം ഓരോരുത്തരും ന്യായാസനത്തിന് മുമ്പാകെ നിൽക്കേണ്ടി വരും. നീതിയിൻ ന്യായാധിപതിയായ ക്രിസ്തുവിന്റെ മുമ്പാകെ നാം ചെന്ന് നിൽക്കേണ്ടി വരും. അന്ന് ഭൂലോകരുടേയും സ്വർല്ലോകരുടേയും അധോലോകരുടേയും മുഴങ്കാലൊക്കെയും യേശുക്രിസ്തുവിന്റെ പാദപീഠത്തിൽ മടക്കും.

ഞാനും നിൽക്കും. നിങ്ങളും നിൽക്കും. ആർക്കും ഒഴികഴിവില്ല. അന്ന് ഓരോരുത്തനും അവരവരെക്കുറിച്ച് ദൈവത്തിന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതിനൊത്തവണ്ണം ന്യായവിധി ഉണ്ടാകും. എല്ലാം എഴുതിവച്ചിട്ടുണ്ട്. അത് അപ്പോഴപ്പോൾ രേഖപ്പെടുത്തിയതാണ്.

അമ്മായിയമ്മപ്പോരുണ്ടാക്കുമ്പോൾ നാം അറിയുന്നില്ല കണക്കുപറയേണ്ടി വരുമെന്ന്. അമ്മായിയമ്മയെ ഉപദ്രവിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുമ്പോൾ അതിന് കണക്കു പറ

യേണ്ടിവരുമെന്ന് മരുമകൾ അറിയുന്നില്ല. അപ്പനെ പരിഹസിക്കുകയും അമ്മയെ അനുസരിക്കാതിരിക്കുകയും ചെയ്യുമ്പോൾ ന്യായവിധി ദിവസത്തിൽ ചെല്ലേണ്ടിവരുമെന്ന് അറിയുന്നില്ല.

ഇന്ന് ഇപ്പോൾ നമുക്കനുതപിക്കാം. നമുക്ക് ദൈവത്തോട് പറയാം: കർത്താവേ, ക്ഷമിക്കണമേ, തെറ്റുപറ്റിപ്പോയി, എന്നോട് ക്ഷമിയ്ക്കേണമേ. ഇത് നല്ല സമയമാണ്. നമ്മുടെ ജീവിതത്തിൽ വന്നുപോയ അനേകം പാപങ്ങൾ ദൈവത്തോട് ഏറ്റുപറയാം. കൊലപാതകം ചെയ്തവരില്ലേ? അനേകർക്ക് നഷ്ടം വരുത്തിയവരില്ലേ? അനേകർക്ക് ദ്രോഹം ചെയ്തവരില്ലേ? മറ്റുള്ളവരെ ഉപദ്രവിച്ചവരില്ലേ? പരദൂഷണം പറഞ്ഞവരില്ലേ? ചിന്തിച്ചു നോക്കൂ.

എന്തെല്ലാം തരത്തിലുള്ള വൈരാഗ്യങ്ങളാണ് ഹൃദയത്തിൽ ഉണ്ടായിരുന്നത്? ഏതെല്ലാം ദുശ്ശീലങ്ങൾക്കാണ് അടിമയായിരുന്നത്? ചീത്തപ്പടങ്ങൾ കണ്ട് രസിച്ചിട്ടില്ലേ? ചീത്ത സംസാരങ്ങൾ, ചീത്തബന്ധങ്ങൾ, ലജ്ജാകരമായ ചില ജീവിതങ്ങൾ! ചിന്തിച്ചുനോക്കൂ, എല്ലാറ്റിനും കണക്ക് പറയേണ്ടിവരും.

ഇന്ന് നമുക്ക് വേണമെങ്കിൽ അനുതപിക്കാം. അനുതപിച്ചാൽ കേൾക്കാൻ യേശുവുണ്ട്. കൃപയുടെ വാതിൽ തുറന്നുവച്ചിരിക്കയാണ്. ആരേയും സ്വീകരിക്കാൻ ആ വാതിൽ തുറന്നുവച്ചുകൊണ്ട് കർത്താവ് മാടി വിളിക്കുകയാണ്. വരൂ, അകത്തേക്ക് വരൂ എന്നുപറഞ്ഞ് വിളിക്കുകയാണ്. തിരുവിലാവ് തുറന്നിരിക്കുന്നു. നിങ്ങൾ ആ തിരുഹൃദയത്തിലേക്ക് ഓടിവന്നുകയറുവിൻ. അവിടെ നിങ്ങൾക്ക് രക്ഷയുണ്ട്. അവിടെ നിങ്ങൾക്ക് അഭയമുണ്ട്.

ഇത്രയുംകാലം കരടിയായി ജീവിച്ചതാണെങ്കിലും ഇത്രയും കാലം പുള്ളിപ്പുലിയായി ജീവിച്ചതാണെങ്കിലും ഈ പെട്ടകത്തിൽ നിങ്ങൾക്കു സ്ഥാനമുണ്ട്. പെട്ടകത്തിൽ കട

ന്നാൽ നിങ്ങൾക്ക് രക്ഷപ്പെടാം. പെട്ടകത്തിന്റെ വാതിൽ അടയ്ക്കുന്ന ഒരു സമയം വരും. പിന്നെ കടക്കാൻ സാധിക്കുകയില്ല. പ്രളയത്തിൽ നശിച്ചുപോകും.

ആഖാൻ താമസിച്ചുപോയി. അവൻ കിട്ടിയ അവസരം നഷ്ടപ്പെടുത്തിക്കളഞ്ഞു. നിങ്ങൾക്ക് ഈ അപകടം വരരുത്. കിട്ടിയ അവസരം നഷ്ടപ്പെടുത്തരുത്. ഇത് അനുതപിക്കാനുള്ള സമയമാണ്. യാചിക്കേണ്ടും സമയമാണ്. മോചിക്കും നാഴികയാണ്. ഈ സമയത്ത് നിങ്ങൾ കർത്താവായ യേശുക്രിസ്തുവിനെ വിളിച്ചപേക്ഷിച്ച് അവന്റെ കൃപയ്ക്കുവേണ്ടി യാചിപ്പിൻ.

കർത്താവേ, അനേകം പാപങ്ങൾ എന്റെ ജീവിതത്തിൽ സംഭവിച്ചുപോയി. ചീത്തശീലങ്ങൾ എനിക്ക് വന്നുപോയി. ഞാൻ മൂലം അനേകർക്ക് വേദന ഉണ്ടായി. മാതാപിതാക്കളെ ഞാൻ വേദനിപ്പിച്ചു. അവരോട് ധിക്കാരമായി പെരുമാറി. എന്റെ ഭർത്താവിനെ ഞാൻ വേദനിപ്പിച്ചു.

തെറ്റുകൾ കണ്ടുപിടിച്ചു തിരുത്തിക്കൊള്ളൂ. രക്ഷപ്പെട്ടുകൊള്ളൂ. ഇന്ന് സുപ്രസാദകാലം; ഇന്ന് രക്ഷാദിവസം! ഇപ്പോൾ ഓടിവരുവിൻ! രക്ഷയുടെ പെട്ടകത്തിൽ പ്രവേശിപ്പിൻ! രക്ഷപ്പെടുവിൻ! അനുഗ്രഹം പ്രാപിപ്പിൻ!

ആഖാൻ ഒരാളേ പാപം ചെയ്തുള്ളു. പക്ഷേ, ജനത്തിന്റേമേൽ ശാപം വന്നു. വലിയ നഷ്ടമായിപ്പോയി. ഹായിക്കോട്ട പിടിക്കാൻ പോയ അനേകംപേർ മരിച്ചുപോയി. ശത്രുക്കളെ ജയിക്കാൻ അവർക്ക് കഴിഞ്ഞില്ല. യിസ്രായേൽജനം തോറ്റോടേണ്ടി വന്നു. എത്രയോ വലിയ യെരിഹോ കോട്ട അവർ പിടിച്ചതാണ്! കാരണം, ദൈവത്തിന്റെ കൃപ അവരുടെ കൂടെ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ദൈവത്തിന്റെ കൃപയില്ലാതെ അവർ പോയതുകൊണ്ട് അവർ തോറ്റുപോയി.

ആത്മീയമായി ചിന്തിച്ചാൽ വലിയവലിയ പാപങ്ങളിൽ നിങ്ങൾ ജയം നേടിയിട്ടുണ്ട്. എന്നാൽ ചിലപ്പോൾ നിസ്സാര

മായ ചിലവാക്കുകളിൽ നിങ്ങൾ വീണുപോയി എന്നറിയണം. ചെറിയ ഒരു പരിഹാസം, ഒരു പുച്ഛം, അല്ലെങ്കിൽ ആക്ഷേപം, ചെറിയ ഒരു നുണ. നിസ്സാരം എന്ന് നമുക്ക് തോന്നിയാലും കാപട്യത്തിന്റെ ഭിന്നഭാവങ്ങളാണ് അതെല്ലാം.

ആഖാൻ ഒരാൾ പാപം ചെയ്തു. അനേകം പേർ ശിക്ഷ അനുഭവിക്കേണ്ടി വന്നു. ചീട്ടിട്ടു. ചീട്ട് ആഖാന്റെമേൽ വീണു. ആഖാൻ പിടിക്കപ്പെട്ടു.

> *"യോശുവ ആഖാനോട്: മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്കു മഹത്വം കൊടുത്ത് അവനോട് ഏറ്റുപറക; നീ എന്തുചെയ്തു എന്ന് പറക; എന്നോട് മറച്ച് വയ്ക്കരുത് എന്ന് പറഞ്ഞു."*
>
> *യോശുവ 7 : 19*

ഞാൻ പാപം ചെയ്തു എന്ന് പറഞ്ഞാൽ പോരാ, ഞാൻ എല്ലാ പാപവും ചെയ്തുപോയി എന്ന് പറഞ്ഞാൽ പോരാ, നീ അനുതാപത്തോടെ ദൈവത്തോട് ഏറ്റുപറയണം. എന്നോട് നീ മറച്ചു വയ്ക്കരുത്. യോശുവ പറയുകയാണ്.

> *"ആഖാൻ യോശുവയോട്: ഞാൻ യിസ്രായേലിന്റെ ദൈവമായ യഹോവയോടു പിഴച്ചു ഇന്നിന്നതു ചെയ്തിരിക്കുന്നു സത്യം. ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായോരു ബാബിലോന്യ മേലങ്കിയും ഇരുന്നൂറ് ശേക്കൽ വെള്ളിയും അമ്പതു ശേക്കൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു, മോഹിച്ചു, എടുത്തു; അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു; വെള്ളി അടിയിലാകുന്നു എന്നുത്തരം പറഞ്ഞു."*
>
> *യോശുവ 7 : 20, 21*

കൃത്യമായിട്ടാണ് പാപം ഏറ്റുപറയുന്നത്. നിങ്ങളിൽ അനേകംപേർ പാപം ഏറ്റുപറയുന്നതുപോലെയല്ല. കുമ്പസാരിക്കുമ്പോൾ പാപം എന്തെങ്കിലും ഏറ്റുപറയാനുണ്ടോ എന്നു

പട്ടക്കാരൻ ചോദിക്കുന്നു. അപ്പോൾ ചിലർ പറയും, ഞാൻ എല്ലാ പാപവും ചെയ്തുപോയി. അങ്ങനെ പാപം ഏറ്റുപറഞ്ഞാൽ ദൈവം ക്ഷമിക്കുകയില്ല. അതല്ല പാപം ഏറ്റുപറച്ചിൽ. കൃത്യമായി നാം പറയണം. ഇന്നവിധത്തിൽ ഇന്നസാധനം ഞാൻ മോഷണം ചെയ്തു. ഇന്നവിധത്തിൽ ഇന്ന ആളുമായി ഞാൻ അശുദ്ധജീവിതത്തിന് പോയി. ഇന്നിന്നത് എന്ന് കൃത്യമായും വ്യക്തമായും ഏറ്റു പറയണം. അതാണ് ഏറ്റുപറച്ചിൽ.

തന്നത്താനിരുന്ന് ദൈവത്തോട് ഏറ്റുപറഞ്ഞിട്ട് വേണം ദൈവത്തിന്റെ പ്രതിപുരുഷനായ യോശുവയുടെ അടുക്കൽ വന്ന് ഏറ്റുപറയുവാൻ. ഞാൻ പിഴച്ചു എന്നു പറഞ്ഞാൽ തീരില്ല. ഇന്നിന്നത് ചെയ്തു എന്ന് പറയണം. ആഖാൻ കൃത്യമായി പാപം ഏറ്റുപറഞ്ഞു. പക്ഷേ, സംഭവിച്ചതെന്താണ്?

നീ യിസ്രായേലിനെ വലച്ചതെന്തിന് എന്ന് യോശുവ ചോദിച്ചു. നിനക്ക് രക്ഷപ്പെടാമായിരുന്നു. നീ രക്ഷപ്പെട്ടില്ല എന്നു മാത്രമല്ല വലിയൊരു കൂട്ടം ജനത്തിന് നഷ്ടം വന്നിരിയ്ക്കുന്നു. നീ ശപഥാർപ്പിത വസ്തു ഒന്നും എടുക്കാൻ പാടില്ലായിരുന്നു. ദൈവത്തിന് വേണ്ടി നിവേദിച്ചത് നീ എടുക്കാൻ പാടില്ലായിരുന്നു. അത് തെറ്റായിപ്പോയി.

യോശുവ ആഖാനോട് ചോദിയ്ക്കുകയാണ്: നീ എന്തിന് ഇതെല്ലാം ചെയ്തു? നിനക്ക് അവസരം തന്നപ്പോൾ വരാമായിരുന്നല്ലോ? ശാപം വന്നത് കണ്ടപ്പോൾ ഓടി വരാമായിരുന്നല്ലോ? ഇപ്പോൾ നീ മൂലം യിസ്രായേലിനൊക്കെയും ശാപം വന്നു. നിന്റെ മേൽ ശിക്ഷ വരാൻ പോകുന്നു.

> *"യോശുവ ദൂതന്മാരെ അയച്ചു; അവർ കൂടാരത്തിൽ ഓടിച്ചെന്നു; കൂടാരത്തിൽ അതും അടിയിൽ വെള്ളിയും കുഴിച്ചിട്ടിരിക്കുന്നത് കണ്ടു. അവർ അവയെ കൂടാരത്തിൽനിന്ന് എടുത്ത് യോശുവയുടേയും എല്ലാ യിസ്രായേൽമക്കളുടേയും അടുക്കൽ കൊണ്ടുവന്ന് യഹോവയുടെ*

*സന്നിധിയിൽ വെച്ചു. അപ്പോൾ യോശുവയും എല്ലാ യിസ്രായേലുംകൂടെ സേരഹിന്റെ പുത്ര നായ ആഖാനെ വെള്ളി, മേലങ്കി, പൊൻകട്ടി, അവന്റെ പുത്രന്മാർ, പുത്രിമാർ, അവന്റെ കാള, കഴുത, ആട്, കൂടാരം ഇങ്ങനെ അവനുള്ള സകല വുമായി ആഖോർതാഴ്വരയിൽ കൊണ്ടുപോയി: നീ ഞങ്ങളെ വലച്ചത് എന്തിന്? യഹോവ ഇന്ന് നിന്നെ വലയ്ക്കും എന്ന് യോശുവ പറഞ്ഞു. പിന്നെ യിസ്രായേലെല്ലാം അവനെ കല്ലെറിഞ്ഞു, അവരെ തീയിൽ ഇട്ടു ചുട്ടുകളകയും കല്ലെറി കയും ചെയ്തു. അവന്റെ മേൽ അവർ ഒരു വലിയ കൽക്കുന്നുകൂട്ടി; അത് ഇന്നുവരെ ഇരിക്കുന്നു."*

*യോശുവ 7 : 22 – 26*

സമയത്ത് അനുതപിക്കാത്തതുകൊണ്ട് യിസ്രായേലെ ല്ലാംകൂടി ആഖാന്റെ മേൽ കല്ലെറിഞ്ഞു. വളരെ സങ്കടകരമായ കാര്യം, ഒന്നും അറിയാൻ പാടില്ലാത്ത ആഖാന്റെ മക്കളും കല്ലെറിഞ്ഞ് കൊല്ലപ്പെട്ടു. അപ്പൻ ചെയ്ത പാപത്തിന് അവരും ശിക്ഷ അനുഭവിക്കേണ്ടിവന്നു!

ഗൗരവമായി നിങ്ങൾ ഇതു മനസ്സിലാക്കുക. ജീവിത ത്തിൽ പാപം വന്നുപോയതിനെ ഓർത്ത് അനുതപിച്ചുകൊ ള്ളുക. അരുതാത്ത ജീവിതഗതികളെല്ലാം മാറ്റിക്കൊള്ളു. എല്ലാ തിന്മയും ദൂരീകരിച്ച് കൊള്ളുക. ദ്രവ്യാഗ്രഹത്തെ മാറ്റി ക്കൊൾക. അതിരിന് വേണ്ടി തർക്കം ഉണ്ടാക്കുന്നത്, അപ്പൻ തന്നത് പോരാ എന്ന് പറഞ്ഞ് തർക്കം ഉണ്ടാക്കുന്നത് എല്ലാം ദോഷമാണ്.

എന്റെ കർത്താവ് തന്നാൽ മാത്രമേ നിലനിൽക്കുകയുള്ളൂ. യേശുതമ്പുരാൻ എനിക്ക് തരുന്നത് മതി. ഇതാണ് നമ്മുടെ മന സ്സിൽ വരേണ്ടത്. എനിക്ക് കിട്ടിയില്ല, കിട്ടിയത് പോരാ എന്നു തോന്നരുത്. അപ്പനെ പുച്ഛിക്കുകയോ, തരംതാഴ്ത്തുകയോ ചെയ്യരുത്. അപ്പന് എന്നോട് സ്നേഹമില്ല എന്ന് തോന്നരുത്.

അമ്മയ്ക്ക് എന്നെക്കുറിച്ച് കരുതലില്ല എന്നു തോന്നരുത്.

അതെല്ലാം പാപമാണ്. എല്ലാ മാതാപിതാക്കൾക്കും മക്കളെക്കുറിച്ച് കരുതലും വാത്സല്യവും ഉണ്ട്. ഏതെങ്കിലും കാര്യത്തിൽ അവർക്ക് അങ്ങനെയൊരു തെറ്റ് വന്നാൽ അവരോട് ദൈവം ചോദിക്കും. നാം അതിനെക്കുറിച്ച് ചിന്തിക്കുകയും പറയുകയും വേണ്ട.

നിങ്ങളുടെ മാതാപിതാക്കൾക്ക് വരുന്ന തെറ്റുകൾ ശാപമായി നിങ്ങളുടെ മേൽ വരുന്നുണ്ട്. എങ്ങനെ ഇത് മാറ്റിക്കളയാൻ പറ്റും? അവർക്ക് വന്ന ശാപങ്ങൾ നിങ്ങളുടെ തലമേൽ ഇരിക്കുകയാണ്. ഒന്ന്, എന്റെ മേലുള്ള ശാപങ്ങൾ മാറ്റാൻ കർത്താവിന്റെ സന്നിധിയിലേക്കു വരിക. രണ്ട്, എന്റെ പൂർവ്വികന്മാർമൂലം എന്റെമേൽ വന്ന ശാപങ്ങൾ മാറ്റാൻ കർത്താവിന്റെ അടുക്കൽ വന്ന് നിലവിളിക്കുക.

എന്തെല്ലാമാണ് ശാപങ്ങൾ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ എന്റെ മേലുള്ള ശാപം ഞാൻ കണ്ടെത്തുക. എന്റെ ജീവിതത്തിൽ വന്നുപോയ പാപങ്ങളെന്തെല്ലാമാണെന്ന് ഞാൻ കണ്ടെത്തുക. അത് ഓരോന്നോരോന്നായി ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക. വേദനയോടെ, അനുതാപത്തോടെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക. നിങ്ങൾ നിങ്ങളുടെ ജീവിതത്തിലെ പാപങ്ങൾ ഓർത്ത് അനുതപിച്ചിട്ടുണ്ടോ? ജീവിതം ശുദ്ധഗതിയിലാണോ ഇതുവരെ പോന്നത്. പാപം വന്നില്ലേ? എന്തെല്ലാം അരുതായ്കകളാണ് ജീവിതത്തിൽ വന്നുപോയത്? ഓർക്കുമ്പോൾ ലജ്ജ തോന്നുന്ന കാര്യങ്ങൾ വന്നുപോയിട്ടില്ലേ? ലജ്ജയോടെ ഇതെല്ലാം നിങ്ങൾ ഏറ്റുപറയുക. ഏറ്റുപറഞ്ഞാൽ കേൾക്കാൻ കർത്താവിന്റെ സ്നേഹമുണ്ട്. കർത്താവിന്റെ സ്നേഹം നിറഞ്ഞ ഹൃദയമുണ്ട്. പാപം ഏറ്റുപറഞ്ഞാൽ കർത്താവ് നിങ്ങളെ സ്വീകരിക്കും. എത്ര കൊടുംപാപിയാണെങ്കിലും കർത്താവ് നിങ്ങളെ സ്വീകരിക്കും.

*“വരുവിൻ, നമുക്ക് തമ്മിൽ വാദിക്കാം എന്ന്*

*യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസ്സുവെച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും.” യെശയ്യാവ് 1 : 18, 19*

എല്ലാ പാപവും കഴുകപ്പെടും. കൊലപാതകം ചെയ്തത്, കൊലപാതകത്തിന് കൂട്ടുനിന്നത്, വ്യഭിചാരത്തിനുവേണ്ടി നിങ്ങളുടെ നല്ല ആരോഗ്യം ചിലവഴിച്ചത്, മദ്യത്തിനും മയക്കുമരുന്നിനുംവേണ്ടി നിങ്ങളുടെ ജീവിതം നഷ്ടപ്പെടുത്തിയത്, വഴക്കും പിണക്കവുമായി നടന്നത്, നാട്ടിൽ ദ്രോഹം മാത്രം ചെയ്ത് ജീവിച്ചത്. എല്ലാം മാഞ്ഞുപോകുമെന്നാണ് കർത്താവ് പറഞ്ഞത്.

ആരും നിരാശപ്പെടേണ്ട. നിങ്ങൾക്കും നന്മ അനുഭവിക്കാം. യേശുക്രിസ്തു ക്രൂശിക്കപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിന്റെ അഞ്ച് മുറിവുകളിൽനിന്ന് രക്തം ധാരധാരയായി ഒഴുകിയിരിക്കുന്നു. ഒരു പാപവും ചെയ്യാത്ത ക്രിസ്തു പാപം ചെയ്തവനെപ്പോലെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഒരു തെറ്റും ചെയ്യാത്ത ക്രിസ്തു കള്ളന്മാരുടെ നടുവിൽ കള്ളനെപ്പോലെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. എന്തിന്? എന്റെ പാപം ഏറ്റെടുക്കാൻ. നമ്മുടെ പാപം യേശു ഏറ്റെടുത്തു എന്ന് വിശ്വസിക്കാൻ സാധിക്കുന്നത് ഒരു മഹാഭാഗ്യമാണ്.

എന്റെ പാപം യേശു ഏറ്റെടുത്തു. ഇനി ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കും. ഇത്രയും കാലം ഞാൻ ഒരു പാപിയായി ജീവിച്ചുപോയി. ഇത്രയുംകാലം വെറുപ്പും വിദ്വേഷവും പകയും അസൂയയുമായി ഞാൻ ജീവിച്ചുപോയി. എന്നാൽ കർത്താവേ, ഇനിയില്ല. ഇന്ന് ഞാനൊരു തീരുമാനം എടുക്കുന്നു. എന്നെ കൈക്കൊള്ളണമേ, എന്റെ പാപം നീ പോക്കണമേ, എന്റെ പാപം നീ പരിഹരിക്കണമേ എന്ന് പ്രാർത്ഥിച്ചാൽ കർത്താവായ യേശുക്രിസ്തു നമ്മുടെ പാപം

പോക്കി നമ്മെ ശുദ്ധീകരിക്കും. നമ്മെ അവിടുന്ന് അനുഗ്ര ഹിക്കും. ദേശത്തിലെ നന്മ അനുഭവിക്കാൻ സാധിക്കും.

ഒരാൾ ഒരു വനത്തിൽക്കൂടി ഒറ്റയ്ക്ക് പോവുകയായിരുന്നു. കുറേയങ്ങോട്ട് ചെന്നപ്പോൾ ഭയങ്കരമായ കാട്ടുതീ വരുന്നു. ഇദ്ദേഹം എന്തുചെയ്യണമെന്നറിയാതെ വിഷമിച്ചു. മുന്നോട്ടോ ടാൻ നിർവ്വാഹമില്ല. ചുറ്റും കാട്ടുതീ! എന്തുചെയ്യും? അയാൾ ചിന്തിച്ചു. പെട്ടെന്നൊരു ബുദ്ധി തോന്നി. അടുത്ത് കുറേയെറെ പൊന്തക്കാടുകളുണ്ട്.

കാടുപോലെ ഉണങ്ങിനിൽക്കുകയാണ്. അദ്ദേഹം കൈയിലുണ്ടായിരുന്ന തീപ്പെട്ടി എടുത്ത് പൊന്തക്കാടിന് തീകൊടുത്തു. ആ പുൽക്കാട് പെട്ടെന്ന് കത്തിത്തീർന്നു. പുല്ലായതുകൊണ്ട് കത്തിത്തീർന്നപ്പോൾ പിന്നെ തീക്കട്ട ഇല്ല. ആ കത്തിത്തീർന്ന സ്ഥലത്തേക്ക് ഈ മനുഷ്യൻ കയറിനിന്നു. ഈ മനുഷ്യൻ നിൽക്കുന്നിടത്ത് ഒരപകടവും ഇല്ല. കാരണം, അവിടെ ഒരിക്കൽ കത്തിക്കഴിഞ്ഞു.

കർത്താവായ യേശുക്രിസ്തു പാപിയുടെമേലുള്ള ദൈവത്തിന്റെ കോപം ഏറ്റെടുത്ത് സ്വർഗ്ഗീയ കോപത്തിന് തന്നെത്താൻ ഏല്പിച്ച് ക്രൂശിൽ മരിച്ചു. ദൈവത്തിന്റെ കോപാഗ്നിയിൽ കത്തിത്തീർന്നു. ദൈവത്തിന്റെ കോപം കർത്താവായ യേശുവിനോടല്ല പാപിയോടും പാപത്തോടു മാണ്.

യേശു നമുക്കുവേണ്ടി ഒരുക്കിയ സ്ഥലത്തേക്ക് നാം കയറിനിന്നാൽ മാത്രം മതി. നാം അവിടെ പ്രവേശിച്ചാൽ നമുക്ക് രക്ഷയുണ്ട്. കാട്ടുതീയിൽ വെന്തുപോകേണ്ട ആവശ്യം വരികയില്ല. യേശുക്രിസ്തു ക്രൂശിൽ മൂന്ന് ആണിക ളിന്മേൽ തൂങ്ങിമരിച്ചു. ആ കത്തിത്തീർന്നിടത്തേയ്ക്ക് നാം കയറി നിന്നാൽ മതി. യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മതി.

എന്റെ പാപമാണല്ലോ യേശു വഹിച്ചത്. യേശു പാപം ചെയ്തില്ല. ഞാനാണ് പാപം ചെയ്തത്. പക്ഷേ, എന്റെ

മേലുള്ള ദൈവത്തിന്റെ കോപം മുഴുവൻ യേശുക്രിസ്തു ഏറ്റെടുത്ത് കാൽവറി ക്രൂശിലെ കോപാഗ്നിയിൽ കത്തി ദഹിച്ചു. ഇത് വിശ്വസിക്കണം. കർത്താവേ, നീ എന്റെ പാപം വഹിച്ചതിനാൽ എന്റെ ആയുസ്സിൽ ഞാൻ ഒരു പാപം ചെയ്യുക യില്ല എന്ന തീരുമാനം നമുക്ക് വരികയാണ്. ആ തീരുമാനം വരുമ്പോൾ കർത്താവ് നമ്മെ കൈക്കൊള്ളുകയാണ്.

അപ്പോൾ നാം പാപം ഇല്ലാത്തവരായിത്തീരുകയാണ്. പാപം ഇല്ലാത്തതുകൊണ്ടല്ല; പാപം ഉണ്ടായിരുന്നു പക്ഷേ, യേശുക്രിസ്തുവിന്റെ തിരുരക്തം വന്ന് എല്ലാം മായിച്ചുകള ഞ്ഞു.

ഒരു ഉദാഹരണം ശ്രദ്ധിക്കൂ: ഒരാൾ ഒരു കടയിൽനിന്ന് സാമാനം വാങ്ങിച്ചുകൊണ്ടിരുന്നു. സാമാനത്തിന്റെ വില ഒന്നും കൊടുക്കുന്നില്ല. അയാളുടെ പേരിൽ രൂപ അവിടെ കണക്കുപുസ്തകത്തിൽ എഴുതിയിരിക്കുകയാണ്. ആ കണ ക്കുപുസ്തകത്തിൽ കടം കൂടിക്കൂടി വന്നു. എന്നാൽ ഒരു ദിവസം ആ ദയാലുവായ കടയുടമസ്ഥൻ ഇദ്ദേഹത്തിന്റെ കണക്കെഴുതിയിരുന്ന പുസ്തകം കീറിക്കളഞ്ഞു. കടച്ചീട്ട് കീറിക്കളഞ്ഞു. എന്തൊരു ഭാഗ്യം! ഇനി അയാൾ കടക്കാരനല്ല. ആ കടം ഈ നല്ല സ്നേഹിതൻ ഏറ്റെടുത്തുവല്ലോ.

പ്രിയപ്പെട്ടവരേ, കർത്താവായ യേശു നമ്മുടെ കടം ഏറ്റെടുത്തു. നമ്മുടെ പാപം ഏറ്റെടുത്തു. അതുകൊണ്ടാണ് ക്രൂശിൽ പിടയേണ്ടി വന്നത്. അതുകൊണ്ടാണ് എന്റെ ദൈവമേ, എന്റെ ദൈവമേ, നീയെന്നെ കൈവിട്ടതെന്ത്? എന്ന് നിലവിളി ക്കേണ്ടി വന്നത്. ദൈവം പോലും കൈവിട്ടു. എന്താണ് കാരണം? മുകളിലോട്ട് നോക്കുമ്പോൾ പിതാവിനെ കാണാനില്ല. എന്റേയും നിങ്ങളുടേയും പാപമൊക്കെയും യേശുവിന്റെ തല മേൽ ആയിരിക്കുന്നു. അതുകൊണ്ട് മുകളിലേക്ക് നോക്കു മ്പോൾ പിതാവിനെ കാണുന്നില്ല.

ഇന്ന് നിങ്ങൾ ഇത്രയും വിശ്വസിക്കുക. കർത്താവേ,

എന്റെ ജീവിതം മുഴുവൻ പാപമായിരുന്നു. ഈ നിമിഷംവരെയും പാപചിന്തകളായിരുന്നു. പാപത്തിന്റെ നിരൂപണങ്ങളായിരുന്നു. പാപത്തിന്റെ മനോരാജ്യങ്ങളായിരുന്നു. അഴുക്കായ വിചാരങ്ങളായിരുന്നു. അഴുക്കായ മോഹങ്ങളായിരുന്നു. പുറത്തു പറയാൻ ലജ്ജിക്കുന്ന ജീവിതമായിരുന്നു. എന്റെ കർത്താവേ, തിന്മകൾ ഏറെ വന്നുപോയി. എന്റെ കൈയിൽ വന്ന പൈസ കറയുള്ളതാണ്. ഞാൻ ചിലവഴിച്ച പൈസയും കറയുള്ളതാണ്. തെറ്റുകൾ സംഭവിച്ചുപോയി. ന്യായമില്ലാതെ പലതും എന്റെ കൈയിൽ വന്നിട്ടുണ്ട്. കൈക്കൂലി വാങ്ങിയിട്ടുണ്ട്. അഴിമതിക്ക് കൂട്ടുനിന്ന് പൈസ ഞാൻ സമാഹരിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് ഞാൻ തിരുമുമ്പാകെ വരുന്നു.

ഇത്രയുംകാലം നഷ്ടത്തിന്റെ കണക്കേ പറയാനുള്ളൂ. പാപത്തിൽ വീണുപോയ ഞാൻ ഇവിടെ ഇരിക്കുകയാണ്. എന്റെ കർത്താവേ, നീ ഇപ്പോൾ എന്നെ കാണുന്നുണ്ടല്ലോ. എന്റെ നേരെ നോക്കുന്നുണ്ടല്ലോ. നിന്റെ തിരുരക്തം എന്റെ മേൽ തളിക്കാൻ തിരുമനസ്സാണല്ലോ. ഇപ്പോൾ കർത്താവേ, എന്റെ അരികിലേക്ക് എഴുന്നള്ളിവന്ന് ആ തൃക്കരം എന്റെ തലമേൽ ഒന്ന് വയ്ക്കണമേ. അപ്പോൾ എന്റെ നെറ്റിയിൽ നിന്റെ തിരുരക്തം പുരളും. ആ തിരുരക്തം വന്നാൽ എല്ലാം കഴുകപ്പെടും. ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ പാപം മുഴുവൻ ഞാൻ തുറന്ന് വയ്ക്കുന്നു. എല്ലാ കടച്ചീട്ടും കീറിക്കളയണമേ. എന്റെമേൽ നിന്റെ തിരുരക്തം തളിക്കണമേ. തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ.

നിങ്ങൾ ദൈവത്തോട് അപേക്ഷിക്കേണ്ട സമയമാണിത്. ഇപ്പോൾ നിങ്ങൾ ദൈവത്തോട് പറയണം: നാഥാ! എന്നെ അനുഗ്രഹിക്കാതെ കടന്നുപോകരുതേ. എന്റെ പാപം പോക്കാതെ കടന്നുപോകരുതേ. എന്റെ അകൃത്യങ്ങൾ എന്റെ മേൽ കണക്കിടരുതേ. നിത്യതയിലേക്ക് ഞാൻ വരുമ്പോൾ എന്റെമേൽ ന്യായവിസ്താരദിവസത്തിൽ ഈ കടങ്ങളൊക്കെയും വായിച്ചുകേൾപ്പിക്കാൻ ഇടവരല്ലേ. കർത്താവേ,

ആബാലവൃദ്ധം എല്ലാവരും കേൾക്കെ എന്റെ പാപങ്ങളെല്ലാം ഉച്ചത്തിൽ വിളിച്ചുപറയാൻ ഇടവരരുതേ. കർത്താവേ, ഇപ്പോൾത്തന്നെ എന്റെ പാപങ്ങൾ നിന്റെ തിരുരക്തത്താൽ കഴുകണമേ. എന്നെ അനുഗ്രഹിക്കണമേ. എന്റെമേൽ തൃക്കരം വയ്ക്കണമേ. പാപങ്ങൾ എന്നിൽ വന്നുപോയി. നാഥാ! എന്നോട് ക്ഷമിക്കണമേ. ക്രൂശിലെ മരണത്താൽ എന്റെ ശാപം നീക്കി യെന്ന് ഞാൻ വിശ്വസിക്കുന്നു. നിന്റെ തൃക്കരം എന്നെ തൊട്ട് എല്ലാ ശാപങ്ങളും മാറ്റണമേ. എന്റെ തലമുറകളെ അനുഗ്രഹി ക്കണമേ. എന്നോട് മനസ്സലിയണമേ.

# രണ്ട്

*"ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇട യിൽനിന്ന് എഴുന്നേല്ക്ക; എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും." എഫേസ്യർ 5 : 14*

ഒരു വലിയ സമൂഹം ജനം മരിച്ചുകിടക്കുന്നു. അനേകർ അവിടെ ഉറങ്ങിക്കിടക്കുകയാണ്, മരിച്ചിട്ടില്ല. ഒരു അരണ്ട ജീവൻ അകത്തുണ്ട്. നീ ഉണരുക. നീ എഴുന്നേല്ക്കുക. എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും. 'എഴുന്നേല്ക്ക' എന്നൊരു ആഹ്വാനമാണ് ഈ വാക്യത്തിൽ നമുക്ക് കിട്ടുന്നത്.

അനേകരിന്ന് തളർന്നിരിക്കയാണ്. അനേകരിന്ന് ജീവിത ത്തിലെ പലപല ക്ലേശങ്ങളിൽ മുങ്ങിവലഞ്ഞ് വിഷമിച്ച് കഴിയു കയാണ്. മാനസികമായി ഒന്ന് എഴുന്നേല്ക്കാൻ കഴിയാത്ത ആളുകളുണ്ട്. മനസ്സ് തളർന്നും ജീവിതത്തിൽ ആകുലങ്ങളും വ്യാകുലങ്ങളുമായി വലഞ്ഞും കഴിയുന്ന അനേകം ആളുകളു ണ്ട്. നിങ്ങളിൽ പലരും അങ്ങനെ ആയിരിക്കും.

നിങ്ങളിൽ അനേകരുടെ ജീവിതത്തിൽ ഒരു മയക്കം ബാധിച്ചിരിക്കുകയാണ്. ഒരു ഉത്സാഹം ഇല്ലാതെയായിരിക്കുന്നു. മുന്നോട്ട് നോക്കുമ്പോൾ ആശയ്ക്ക് ഒരു വക കാണുന്നില്ല. പ്രതീക്ഷകളെല്ലാം നശിച്ച് പ്രത്യാശ നഷ്ടപ്പെട്ടുപോയിരിക്കു ന്നു. ഇന്ന് നാം പലരും അനേകം ലോകകാര്യങ്ങളുടെ പ്രയാ സങ്ങളിലും രോഗങ്ങളിലും കഷ്ടപ്പാടുകളിലുമെല്ലാം വലഞ്ഞ് മയങ്ങി ഇരിക്കുകയാണ്.

ഞാനുണ്ടോ ഇനി എഴുന്നേല്ക്കാൻ പോകുന്നു എന്ന്

ചിന്തിക്കുന്ന ആളുകളുണ്ട്. എനിക്ക് ഇനി ഒരു നല്ല കാലം കിട്ടുമോ? എന്റെ കടമൊന്ന് മാറിക്കിട്ടുമോ? എനിക്കൊരു ശോഭനമായ ഭാവി കിട്ടുമോ? പലവട്ടം എഴുതിത്തോറ്റ ഈ പരീക്ഷ പാസ്സാകാൻ എനിക്കു പറ്റുമോ? ഭാവി ഇരുളടഞ്ഞ തായി കാണുന്നു. എല്ലാവരും തളർന്നിരിക്കുന്നു.

പലരും ഇതിനേക്കാൾ ഭയാനകമായ അവസ്ഥയിൽ കഴി യുന്നവരുടെ ഇടയിലാണ് കഴിയുന്നത്. ഒരാൾ ഉറങ്ങുന്നേയു ള്ളൂ. എന്നാൽ അനേകർ മരിച്ചുകിടക്കുകയാണ്. ആത്മാവിൽ അനേകർ മരിച്ചിരിക്കുകയാണ്.

ഒരു മൂന്നാംലോകമഹായുദ്ധം ഉണ്ടാകുന്നതിനുമുമ്പ് അതിൽപ്പെട്ട് പോകാതിരിക്കാൻ കർത്താവ് തന്റെ സഭയെ ചേർത്തുകൊള്ളും. ഒടുവിലത്തെ യുദ്ധം ‘ഹർമ്മഗെദ്ദോൻ’ യുദ്ധം തുടങ്ങുന്നതിനുമുമ്പുതന്നെ ക്രിസ്തുവിന്റെ മണ വാട്ടിസഭ ഈ ഭൂമിയിൽനിന്നു മാറ്റപ്പെടും. വിശുദ്ധന്മാരുടെ കൂട്ടം ഈ ഭൂമിയിൽനിന്നു മാറ്റപ്പെടും. അവർ മദ്ധ്യാകാശ ത്തിൽ മണവാളനെ എതിരേല്ക്കാൻ മേഘങ്ങളിൽ എടുക്ക പ്പെടും. എന്നാൽ കർത്താവിനെ സ്വീകരിക്കാതെയും വിശ്വസി ക്കാതെയും ഇരിക്കുന്ന അനേകം ആളുകൾ ഭൂമിയിൽ അന്ന് ഉണ്ടായിരിക്കും. അവർ നഷ്ടപ്പെട്ടുപോവുകയാണ്. അവർ ആത്മാവിൽ മരിച്ചുകിടക്കുന്നവരാണ്. അവർ വചനം സ്വീകരി ച്ചിട്ടില്ല, മാനസാന്തരപ്പെട്ടിട്ടില്ല. അവർ നിത്യനാശത്തിലേക്കു പോകും.

വേദപുസ്തകം പറയുന്നു: “ആകാശം കൊടുമ്മുഴക്ക ത്തോടെ ഒഴിഞ്ഞുപോകും” എന്ന്. (2 പത്രോസ് 3 : 10 - 12.) ആകാശം എന്നു പറയുന്നത് ഈ അനന്തമായ അന്തരീക്ഷം മാത്രമല്ല ഇന്നുള്ള അനേകം ഗ്രഹങ്ങൾ, എണ്ണിയാൽ തീരാത്ത നക്ഷത്രങ്ങൾ ഇവയെല്ലാം കൂടിച്ചേർന്നതാണ്. ഈ പ്രപഞ്ച ത്തിൽ കോടാനുകോടി നക്ഷത്രങ്ങളുണ്ട്. ഈ പ്രപഞ്ചം അനേകം രഹസ്യങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. ഈ ആകാ ശമെല്ലാം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും.

ഭൂമിയും അതിന്റെ പണികളും വെന്തുപോകും. ഈ ഭൂമിയിൽ മനുഷ്യൻ പണിതുയർത്തിയ അനേകം കെട്ടിടങ്ങളുണ്ട്. എല്ലാം കത്തിപ്പോകും. ആകാശം ചുട്ടഴിയും. മൂലപദാർത്ഥങ്ങൾ വെന്തുരുകും. മൂലപദാർത്ഥങ്ങൾ എന്നു പറയുന്നത് ധാതുക്കളും ലോഹങ്ങളും ലവണങ്ങളുമാണ്. ഭൂമി കത്തിപ്പോയാൽ മൂലപദാർത്ഥങ്ങൾ എല്ലാം കത്തിപ്പോകുമല്ലോ. ഭൂമിയിലുള്ള അനേകമനേകം ലോഹങ്ങളും ധാതുക്കളും ലവണങ്ങളുമെല്ലാം കത്തിപ്പോകും.

ഇതെല്ലാം സംഭവിക്കാൻ പോകുന്ന കാര്യങ്ങളാണ്. ഈ മഹാഭീകരകാര്യങ്ങൾ സംഭവിക്കുന്നതിന്മുമ്പ് സഭ ഈ ഭൂമിയിൽനിന്ന് മാറ്റപ്പെട്ടിരിക്കും. മണവാട്ടിസഭ ഈ ഭൂമിയിൽനിന്ന് മദ്ധ്യാകാശത്തിലേക്ക് പറന്നുയരും. കർത്താവായ യേശുക്രിസ്തുവിന്റെ വരവിനെ സൂചിപ്പിക്കുന്ന കാഹളം ധ്വനിക്കും.

ഇതൊന്നും പലതും നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല. പലർക്കും വിശ്വസിക്കാനും സാധിക്കുകയില്ല. അന്തിമ കാഹളം ഊതും. കർത്താവിന്റെ ഗംഭീരനാദം കേൾക്കും. പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദവും കേൾക്കും.

മൂന്ന് കാര്യങ്ങൾ നടക്കും. "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും" (1 തെസ്സലോനിക്യർ 4 : 16 – 18). ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന കാലത്ത് ക്രിസ്തുവിലായവർ, ക്രിസ്തുവിന്റെ തിരുരക്തത്താൽ കഴുകപ്പെട്ട് വിശുദ്ധരായിത്തീർന്നവർ മാത്രം ഉയിർത്തെഴുന്നേല്ക്കും.

എല്ലാ കല്ലറകളും തുറക്കുകയില്ല. ചില കല്ലറകൾ മാത്രം തുറക്കും. ചില ശവക്കുഴികൾ മാത്രം തുറക്കും, വിശുദ്ധന്മാരുടെ ശവക്കുഴികൾ മാത്രം! മറ്റുള്ളവർ അവിടെത്തന്നെകിടക്കും.

*"കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും." 1 തെസ്സലോനിക്യർ 4 : 16, 17*

വലിയോരു മഹായുദ്ധം വരുന്നതിനുമുമ്പ് ഇതൊക്കെയും സംഭവിക്കും. ആ മഹായുദ്ധത്തിന്റെ പര്യവസാനം എന്നു പറയുന്നത് 'Anti Christ' ന്റെ രംഗപ്രവേശനമാണ്. 'Anti Christ' അഥവാ എതിർക്രിസ്തു. ക്രിസ്തുവിന്റെ എതിരാളി.

ലോകാരംഭം മുതൽ ദൈവവും സാത്താനും തമ്മിൽ യുദ്ധമുണ്ട്. ദൈവത്തിന്റെ മോഹനസൃഷ്ടിയായ മനുഷ്യനിലാണ് ഈ യുദ്ധം നടക്കുന്നത്. ഒരു ഭാഗത്ത് ദൈവം. മറുഭാഗത്ത് പിശാച്. ദൈവത്തിനുള്ളതുപോലെ സാത്താനുമുണ്ട് ത്രിത്വം. സാത്താൻ, എതിർക്രിസ്തു, കള്ളപ്രവാചകൻ. ദൈവത്തിന് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിത്വമുണ്ട്. ആ പോരാട്ടത്തിൽ ദൈവം ജയിക്കണമെങ്കിൽ നാം സാത്താന്റെ പക്ഷത്ത് നിന്ന് മാറി ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കണം..

പിശാചിന്റെ പക്ഷത്തു നില്ക്കുന്നതുകൊണ്ടാണ് നമ്മുടെ ജീവിതത്തിൽ കോപമുണ്ടാകുന്നത്, വൈരാഗ്യമുണ്ടാകുന്നത്, കുടുംബങ്ങളിൽ കലഹമുണ്ടാകുന്നത്, ഭർത്താവ് ഭാര്യയെ കഠിനമായി ഉപദ്രവിക്കുന്നത്, മദ്യപിച്ചു കൂത്താടി വന്ന് ആ സാധുവിനെ കഠിമായി മർദ്ദിക്കുന്നത്. ദൈവവുമായുള്ള പിശാചിന്റെ യുദ്ധത്തിൽ ദൈവം തോൽക്കുകയാണിവിടെ. ദൈവം തോൽക്കുന്നു, കാരണം, നാം പിശാചിന്റെ പക്ഷത്ത് നില്ക്കുന്നു. നാം ദൈവത്തിന്റെ പക്ഷത്ത് നിന്നാൽ പിശാചിനെ ദൈവത്തിന് തോല്പിക്കാൻ സാധിക്കും.

ഗോഗുൽത്തായിലെ മരക്കുരിശിൽ കർത്താവായ യേശു ക്രിസ്തു ക്രൂശിക്കപ്പെട്ടതുമൂലം പിശാചിന്റെ അജയ്യമായ ശക്തിയെ കർത്താവ് ജയിച്ചു. ജയിക്കാനാവാത്ത ശക്തിയെ കർത്താവ് ജയിച്ചു. പക്ഷേ, മനുഷ്യൻ ദൈവത്തിന്റെ പക്ഷത്ത് നിന്നില്ലെങ്കിൽ ദൈവം നിസ്സഹായനാണ്. ഞാൻ ദൈവത്തിന്റെ പക്ഷത്ത് നിന്നില്ലെങ്കിൽ എനിക്കു ജയിച്ചുപോകാൻ സാധിക്കുകയില്ല. സാത്താൻ എന്നെ തോല്പിക്കും. അവൻ എന്നെ ഉപദ്രവിക്കും. നിത്യമരണത്തിന് ഞാൻ വിധേയനായിത്തീരും.

ഇന്ന് ആത്മാവിൽ മരിച്ചിരിക്കുന്ന ആളുകളുണ്ട്. അവരുടെ മരണത്തിന് കാരണം അവരുടെ പാപമാണ്. പാപത്തിന്റെ ശമ്പളം മരണമാണ്.

“മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു.”

പണത്തോടുള്ള മോഹം, ശരീരത്തിന്റെ മോഹങ്ങൾ, ജഡിക ഇച്ഛകൾ, മനസ്സിന്റെ മോഹങ്ങൾ, ആഗ്രഹങ്ങൾ, താത്പര്യങ്ങൾ ഇങ്ങനെ മോഹം ഗർഭംധരിച്ച് പാപത്തെ പ്രസവിക്കുന്നു. ഇങ്ങനെ മോഹമാണ് പാപത്തെ ഉളവാക്കുന്നത്. പാപം മുഴുത്ത് മരണത്തെയാണ് പ്രസവിക്കുന്നത്. നാം ആത്മാവിൽ മരിക്കുന്നു. തിന്നുന്ന നാളിൽ നീ മരിക്കുമെന്ന് കർത്താവ് പറഞ്ഞു. നാം പാപം ചെയ്യുമ്പോൾ നമ്മുടെ ആത്മാവ് മരിക്കുകയാണ്. ആത്മാവ് മരിച്ചാലും ശരീരം പിന്നേയും ജീവിച്ചിരിക്കാം. ഏദെൻതോട്ടത്തിൽ ദൈവം പറഞ്ഞു: നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്, തിന്നുന്ന നാളിൽ മരിക്കും എന്ന്. എന്നാൽ മനുഷ്യൻ അത് തിന്നുപോയി. ഏദെൻതോട്ടത്തിൽ മനുഷ്യൻ ദൈവത്തിന്റെ വചനത്തെ ലംഘിച്ചുപോയി. തന്മൂലം മനുഷ്യൻ ആത്മാവിൽ മരിച്ചു.

ആത്മാവിൽ മരിച്ചു എന്ന് പറഞ്ഞാൽ ദൈവസാന്നിദ്ധ്യം നഷ്ടപ്പെട്ടു. ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും നഷ്ട

പ്പെട്ടു. ദൈവതേജസ്സ് നഷ്ടപ്പെട്ടു. ദൈവവുമായുള്ള ഐക്യം നഷ്ടപ്പെട്ടു. തന്മൂലം മനുഷ്യൻ സാത്താന് അടിമയായിത്തീർന്നു.

നാം എല്ലാവരും അങ്ങനെയാണ്. പാപം മൂലം നമ്മുടെ ആത്മാവ് മരിച്ചു. സാത്താന് അടിമപ്പെട്ടു. എന്നാൽ ഭൂമിയിൽ ജീവിച്ചിരിക്കുന്ന കാലത്ത് കർത്താവ് നമുക്ക് ഒരു സാദ്ധ്യത തന്നിട്ടുണ്ട്. ഇന്ന് സാത്താന്റെ കളത്തിലാണ് നാം നില്ക്കുന്നതെങ്കിലും നമുക്ക് ദൈവത്തിന്റെ കളത്തിലേക്ക് മാറാം. അത് നമ്മുടെ സ്വന്തം തീരുമാനമാണ്. അത് മറ്റാർക്കും അഭിപ്രായം പറയാൻ അവകാശമില്ല. അവരവരാണ് ഞാൻ സാത്താന്റെ പക്ഷത്ത് നില്ക്കണമോ ദൈവത്തിന്റെ പക്ഷത്ത് നില്ക്കണമോ എന്ന് തീരുമാനിക്കേണ്ടത്.

സാത്താന്റെ പക്ഷത്ത് നിന്നാൽ കുടുംബത്തിൽ എന്നും കലഹം. എന്നും മനസ്സിന് അസ്വസ്ഥത. ജീവിതം തകർന്ന് നാനാവിധമായിപ്പോകുന്നു. സാത്താന്റെ പക്ഷത്തുനിന്നാൽ ഈ ലോകത്തിലെ ചില ക്ഷണികമായ സന്തോഷങ്ങൾ കിട്ടും. അല്പനേരത്തേയ്ക്കുള്ള സന്തോഷത്തിനുവേണ്ടി മാറാത്ത ദു:ഖം വന്നുചേരുകയാണ്.

അങ്ങനെ ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ പാപത്തിന് അടിമപ്പെട്ടുപോയ മനുഷ്യന് വേണമെങ്കിൽ ദൈവത്തിങ്കലേക്ക് തിരിയാം. സാത്താനേ, നിന്നെ ഞാൻ ഉപേക്ഷിക്കുന്നു. മിശിഹായെ, നിന്നെ ഞാൻ സ്വീകരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ദൈവത്തിങ്കലേക്ക് തിരിയാം. നമ്മുടെ സഭയിലെ പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്ന 'മാമ്മോദീസ' എന്നു പറയുന്ന ഏറ്റവും ശ്രേഷ്ഠമായ ആ കൂദാശയിൽ നാം ഏറ്റുപറയുന്നതെന്താണ്? തലതൊട്ടപ്പനോ തലതൊട്ടമ്മയോ മൂന്നുപ്രാവശ്യം പറയുന്നു: സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മിശിഹായെ ഞാൻ സ്വീകരിക്കുന്നു എന്ന്. പടിഞ്ഞാറോട്ടു തിരിഞ്ഞ് സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു എന്ന് മൂന്നുപ്രാവശ്യം പറയുന്നു. കിഴക്കോട്ട് തിരിഞ്ഞ് മിശിഹാതമ്പുരാനെ

ഞാൻ സ്വീകരിക്കുന്നു എന്ന് മൂന്നുപ്രാവശ്യം പറയുന്നു. അങ്ങനെ സാത്താനെ ഉപേക്ഷിച്ച് മിശിഹാതമ്പുരാനെ സ്വീകരിച്ച് കർത്താവിന്റെ പക്ഷത്തേക്ക് വന്നാൽ നമുക്ക് കർത്താവിന്റെ രണ്ടാമത്തെ വരവിൽ പറന്നുയർന്ന് മേഘോന്നതങ്ങളിലേക്ക് കയറാം. മദ്ധ്യാകാശത്തിലേക്ക് പറന്നുയരാം.

അപ്പോൾ ഈ ശരീരം മാറും. നാമൊരു ആത്മശരീരമായി മാറും. മുഖച്ഛായ അതുപോലെതന്നെ, കൈയുംകാലും എല്ലാം അതുപോലെതന്നെ. ആ ശരീരത്തിന് വേണമെങ്കിൽ ഭക്ഷണം കഴിക്കാം. കഴിക്കണമെന്നില്ല. അടച്ചിട്ടിരിക്കുന്ന മുറിയ്ക്കകത്തു കയറാം. ദൂരെദൂരെ സഞ്ചരിക്കാം. ഡൽഹിയിൽ പോയിട്ടുള്ളവർക്ക് ഇപ്പോൾ മനസ്സുകൊണ്ട് ഡൽഹിയിൽ പോകാം. ലണ്ടനിൽ പോയിട്ടുള്ളവർക്ക് ഇപ്പോൾ മനസ്സുകൊണ്ട് ലണ്ടനിൽ പോകാം. എന്നതുപോലെ ആത്മശരീരം പ്രാപിച്ചാൽ, മൺമയമായ ഈ ശരീരം മാറി പുതുശരീരം പ്രാപിച്ചാൽ നമുക്ക് എത്രദൂരെ വേണമെങ്കിലും സഞ്ചരിക്കാം. ഇതെല്ലാം സംഭവിക്കാൻ പോകുന്ന കാര്യങ്ങളാണ്.

എന്നാൽ ഇന്ന് മനുഷ്യൻ ഉറങ്ങിക്കിടക്കുകയാണ്. നിരന്തരം വചനം കേൾക്കാൻ സാധിക്കുന്നത് ഒരു ദൈവകൃപയാണ്. അതൊരു മഹാഭാഗ്യമാണ്. ഈ ഭാഗ്യം ഉപയോഗിച്ച് ദൈവത്തിന്റെ പക്ഷത്തേക്ക് മാറിയാൽ നിങ്ങൾ രക്ഷപ്പെട്ടു. പാപത്തോട് വിടപറഞ്ഞാൽ നിങ്ങൾക്ക് രക്ഷപ്പെടാം. പാപം ഇനി ഇല്ല എന്നു തീരുമാനിച്ചാൽ നിങ്ങൾക്കു രക്ഷപ്പെടാം. എന്റെ ശരീരത്തിലെ ഓരോ അവയവവും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാണ്. ആ ബോധ്യം വരണം. ക്രിസ്തു പറയുന്നതേ എന്റെ നാവ് പറയൂ. ക്രിസ്തു പ്രസാദിക്കുന്നതേ എന്റെ കണ്ണു കാണുകയുള്ളൂ. എന്റെ സംസാരം ക്രിസ്തു പ്രസാദിക്കുന്നതായിരിക്കണം. ഒരിക്കലും പ്രാകരുത്. ഒരിക്കലും ശപിക്കരുത്. ആരേയും വിധിക്കരുത്. ആരേയും ചെറുതായിക്കാണരുത്. ആരേയും തരംതാഴ്ത്തരുത്. എല്ലാവരെയും ബഹുമാനിച്ചുകൊള്ളണം. കാരണം, നമ്മെനോക്കി

ക്രിസ്തു സന്തോഷിക്കണം.

നമ്മുടെ കുടുംബം സമാധാനമുള്ളതായിത്തീരും. നാം അപ്പോൾ ‘Home makers’ ആയിത്തീരും. ഭവനം പണിയുന്നവ രായിത്തീരും. തകർന്നുപോയ കുടുംബങ്ങളാണ് പലരുടേയും. മക്കളെക്കുറിച്ചുള്ള ആവലാതി പല മാതാപിതാക്കളുടേയും ഉള്ളിലിങ്ങനെ വിങ്ങുകയാണ്. തകർന്നുപോയ കുടുംബ ങ്ങൾ! എന്നാൽ തകർന്നുപോയ കുടുംബങ്ങളിലേക്ക് ക്രിസ്തു എഴുന്നള്ളി വരും. നിങ്ങളിലൊരാളിൽ ക്രിസ്തു വന്നാൽ നിങ്ങളിൽക്കൂടി ക്രിസ്തു ആ ഭവനത്തിലേക്ക് എഴു ന്നള്ളി വരും. ഒരു പെൺകുട്ടിയുടെ ഹൃദയത്തിൽ യേശുക്രി സ്തു വന്നാൽ ആ പെൺകുട്ടിയെ ഒരു വീട്ടിൽ കല്യാണംക ഴിച്ചു ചെല്ലുമ്പോൾ അവിടെ ആ വീട്ടിൽ യേശു ചെല്ലും. നിങ്ങൾ യേശുവിനെ വഹിച്ചുകൊണ്ടാണ് അങ്ങോട്ട് പോകു ന്നത്. ഇതൊരു മഹാഭാഗ്യമാണ്.

യേശു നമ്മിൽ വസിക്കുക എന്നു പറയുന്നത് ഒരു മഹാ ഭാഗ്യമാണ്. യേശു വസിക്കുന്നവർക്ക് രോഗം വരില്ലേ? വരാം. യേശു ഹൃദയത്തിൽ വസിക്കുന്നവർക്കും ആപത്തും കഷ്ടന ഷ്ടങ്ങളും ഒക്കെ വരാം. കാരണം, നാം ഈ ഭൂമിയിലാണ് വസിക്കുന്നത്. ഈ ഭൂമി കഷ്ടങ്ങളുടെ ഭൂമിയാണ്. ഈ ഭൂമി നഷ്ടങ്ങളുടെ ഭൂമിയാണ്. ഈ ഭൂമിയിൽ വസിക്കുമ്പോൾ അനേകം കഷ്ടങ്ങളും നഷ്ടങ്ങളും വന്നാൽപോലും നമ്മുടെ ആത്മാവ് സുരക്ഷിതമായിരിക്കണമെങ്കിൽ നാം ക്രിസ്തു വിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് ഒരു വിശുദ്ധ ജീവിതം ആരംഭിക്കണം.

ഈ കൊച്ചുശരീരത്തിൽ വിങ്ങുന്ന ഒരാത്മാവുണ്ട്. ഇന്ന് നമ്മുടെ ഉള്ളിലുള്ള ദൈവത്തിന്റെ ആത്മാവ് അകത്ത് ശ്വാസം മുട്ടി ഇരിക്കുകയാണ്. മാമ്മോദീസായിൽ നാം ക്രിസ്തുവിനെ സ്വീകരിച്ചു. പക്ഷേ, ഇന്ന് ക്രിസ്തു അവിടെ ശ്വാസംമുട്ടി ഇരി ക്കുകയാണ്. ചിലപ്പോൾ നമ്മുടെ മദ്യപാനശീലം കൊണ്ടായി രിക്കാം, വഴക്കടിക്കുന്ന സ്വഭാവം കൊണ്ടായിരിക്കാം. നാം

കഞ്ചാവ് ഉപയോഗിക്കുന്നതുകൊണ്ടായിരിക്കാം. ഏതെങ്കിലും വ്യാജങ്ങളോ കള്ളത്തരങ്ങളോ ചെയ്യുന്നതുകൊണ്ടായിരിക്കാം. ചിലപ്പോൾ നമ്മുടെ ഹൃദയത്തിൽ വൈരാഗ്യമോ അസൂയയോ പകയോ വിദ്വേഷമോ ഉള്ളതുകൊണ്ടായിരിക്കാം.

നമ്മുടെ ജീവിതത്തിൽനിന്ന് യേശു മാറിപ്പോകും. യേശു ശ്വാസംമുട്ടി ഇറങ്ങിപ്പോയാൽ യേശു പിന്നേയും പുറത്ത് നില്ക്കുകയായിരിക്കും. പുറത്ത് നിന്നുകൊണ്ട് പിന്നേയും നമ്മെ തിരിഞ്ഞുനോക്കുകയായിരിക്കും. ഇവളെന്നെ സ്വീകരിക്കുമോ? ഇവനെന്നെ വിളിക്കുമോ എന്നു നോക്കിക്കൊണ്ട് കർത്താവ് നില്ക്കും.

അങ്ങനെ ഇന്ന് നാം ആത്മാവിൽ മരിച്ചവരാണെങ്കിലും ദൈവം തന്നിരിക്കുന്ന ഈ അനുഗ്രഹകരമായ സമയത്ത് കർത്താവിനെ നമുക്ക് വിളിക്കാം. കർത്താവേ, നീ എന്റെ ഹൃദയത്തിലേക്ക് വരണമേ. ഇത്രയുംകാലം പിശാച് എന്റെ ഹൃദയത്തിൽ വന്നിരുന്നു. അതുകൊണ്ടാണ് ഞാൻ നുണ പറഞ്ഞത്. ഞാൻ വ്യാജം ചെയ്തത്. അതുകൊണ്ടാണ് ഞാൻ കലഹിക്കുകയും കോപിക്കുകയും ചെയ്തത്.

എന്റെ കർത്താവേ, ഒട്ടേറെ തെറ്റുകൾ എന്റെ ജീവിതത്തിൽ വന്നുപോയി. പുറത്തു പറയാൻ ലജ്ജിക്കുന്ന തെറ്റുകൾ എന്റെ ജീവിതത്തിൽ വന്നുപോയി. കർത്താവേ, പാപം എന്നെ നശിപ്പിച്ചുകളഞ്ഞു. എന്റെ ജീവിതം അശുദ്ധമായിപ്പോയി. എന്റെ ജീവിതത്തിലെ ലൈംഗിക അശുദ്ധികൊണ്ട് എന്റെ ജീവിതം താറുമാറായിപ്പോയി.

എന്നാൽ എന്റെ കർത്താവേ, സ്വമനസ്സാലെ യേശുവേ, നിന്നെ ഞാൻ ക്ഷണിക്കുന്നു. അന്ധകാരം നിറഞ്ഞ എന്റെ ഹൃദയത്തിലേക്ക് പ്രകാശമായി എഴുന്നള്ളി വരണമേ. പ്രകാശമായി കടന്നുവരണമേ.

> *"ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേല്ക്ക; എന്നാൽ ക്രിസ്തു*

*നിന്റെമേൽ പ്രകാശിക്കും.”* *എഫേസ്യർ 5 : 14*

ഉണർന്നു മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേല്ക്ക. ഇനിയും മയങ്ങിക്കിടക്കരുത്. നീ ഉറങ്ങിക്കിടക്കരുത്. കർത്താവ് ശ്വാസംമുട്ടി നമ്മുടെ ഹൃദയത്തിൽ ഇരിക്കാൻ ഇടവരരുത്. കർത്താവ് വേദനയോടെ നമ്മുടെ ഹൃദയത്തിൽനിന്ന് ഇറങ്ങി പ്പോകാൻ ഇടവരരുത്. കർത്താവിനെ നിങ്ങൾ ക്ഷണിക്കുക.

കർത്താവേ, ഞാൻ മനസ്സിലാക്കുന്നു, ഓരോ പ്രാവശ്യവും വചനം കേൾക്കുമ്പോൾ എന്റെ യേശു എന്നെ സ്നേഹ ത്തോടെ മാടിവിളിക്കുകയാണെന്ന്. എന്നെ സ്നേഹത്തോടെ വിളിക്കുന്ന എന്റെ യേശു. പക്ഷേ, ഇത്രയും കാലം യേശു വിന്റെ ആ വിളി ഞാൻ ചെവിക്കൊണ്ടില്ല. ഇത്രയും കാലം പിന്നെയും ഞാൻ പാപത്തിൽ രസിച്ചുപോയി. പ്രായാധിക്യ ത്തിലായിട്ട് പാപം വിട്ട് ജീവിക്കാം എന്ന് ഞാൻ ചിന്തിച്ചു പോയി. എന്നോട് ക്ഷമിക്കണമേ. ആരോഗ്യമുള്ള, ഓജസ്സും വീര്യവുമുള്ള പ്രായം ഞാൻ യേശുവിനു കൊടുത്തില്ല.

ആ പ്രായമെല്ലാം ഞാൻ നാനാവിധമാക്കിക്കളഞ്ഞു. പാപത്തിനും തിന്മയ്ക്കും വേണ്ടി ഞാൻ എല്ലാം വിറ്റുകളഞ്ഞു. എല്ലാം നഷ്ടപ്പെടുത്തിക്കളഞ്ഞു. എന്റെ കൈയിൽ വിലയേ റിയ രത്നമാണ് കിട്ടിയത്. ആ രത്നം ഞാൻ വലിച്ചെറിഞ്ഞുക ളഞ്ഞു. അനേകം മാണിക്യക്കല്ലുകളാണ് എന്റെ കൈയിൽ കിട്ടിയത്. കിട്ടിയതെന്താണെന്ന് മനസ്സിലായില്ല.

ആത്മാവിൽ ജീവൻ കിട്ടിയ അനേകരുണ്ട്. പക്ഷേ, അവർക്ക് കിട്ടിയതെന്താണെന്ന് മനസ്സിലായില്ല. ആത്മാവിന്റെ വിടുതൽ കിട്ടി എന്നുപറഞ്ഞാൽ എന്താണെന്ന് മനസ്സിലായില്ല. അതിന്റെ വിലയെന്താണെന്ന് മനസ്സിലായില്ല. സൗജന്യമായി കിട്ടിയതുകൊണ്ട് നാം അതിന്റെ വില അറിഞ്ഞില്ല. സ്നേഹ വാനായ യേശു സൗജന്യമായി നമുക്ക് തന്റെ കൃപയും രക്ഷയും തരികയായിരുന്നു.

ഇന്ന് നിങ്ങൾക്ക് കർത്താവിനോട് പറയാം. എന്റെ

പ്രകാശം പൊയ്പ്പോയല്ലോ. എന്റെ ഹൃദയം അന്ധകാരമായിപ്പോയല്ലോ. എന്റെ ഹൃദയം ഇരുട്ടിലായിപ്പോയല്ലോ. എന്റെ ഹൃദയത്തിൽ പാപം നിറഞ്ഞിരിക്കുന്നു. അസൂയയും പകയും വിദ്വേഷവും അശുദ്ധിയും വൈരാഗ്യവുംകൊണ്ട് എന്റെ ഹൃദയം നിറഞ്ഞിരിക്കുന്നുവല്ലോ.

ഈ ലോകത്തിലെ ഇമ്പങ്ങൾ എന്നെ മാടിമാടി വിളിച്ചല്ലോ. തത്ക്കാലത്തേയ്ക്കുള്ള ഇമ്പങ്ങൾക്ക് വേണ്ടി എന്റെ ജീവിതം ഞാൻ നഷ്ടപ്പെടുത്തിയല്ലോ. കർത്താവേ, ഒരു പ്രാവശ്യംകൂടി എനിക്ക് മാപ്പുതരണേ. ഒരു പ്രാവശ്യംകൂടി എനിക്ക് ക്ഷമിച്ചുതരണേ. നാഥാ, നീ എന്നിൽ പ്രകാശിക്കണമേ.

പ്രകാശഗോപുരമായ ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് കടന്നുവരും. പ്രകാശത്തിന്റെ തീനാളമായ ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരും. വലിയ ഒരു അനുഭവമാണത്. ഈ അഖിലാണ്ഡത്തെ മെനഞ്ഞവനായ ക്രിസ്തു! ആകാശഗോളങ്ങളെ മെനഞ്ഞവനായ ക്രിസ്തു! ആ ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് വരും. എന്തൊരു ഭാഗ്യം! ആ ഭാഗ്യം ഇന്ന് നിങ്ങൾക്ക് തരാനാണ് ക്രിസ്തു ആഗ്രഹിക്കുന്നത്.

നിങ്ങളുടെ അന്ധകാരം മാറ്റാൻ, നിങ്ങളെ പ്രകാശിപ്പിക്കാൻ, നിങ്ങൾക്ക് സ്വർഗ്ഗരാജ്യം തരാൻ ക്രിസ്തു ആഗ്രഹിക്കുന്നു.

“മൃതരെ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ
മുകിലഴകിന്മേലാഘോഷിതനായീടുന്നു
നയവാന്മാർ തൻ മുൻകൊമ്പിൻനാദംകേട്ടി–
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.”

മൃതരെ ഉയർത്തെഴുന്നേല്പിക്കുവാൻ വരുന്ന രാജാവായ യേശുമശിഹ ആകാശമേഘങ്ങളുടെ ശോഭയിന്മേൽ ആഗതനാകാൻ പോകുന്നു. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്.

പിതാക്കന്മാർ അതെല്ലാം മുൻകൂട്ടി കണ്ടിരുന്നു. അവർക്ക്

അതറിയാമായിരുന്നു. അന്ന് ഭക്തന്മാരായ പിതാക്കന്മാർ ഉണ്ടായിരുന്നു. ദൈവവചനത്തെ മാനിച്ച പിതാക്കന്മാർ ഉണ്ടായിരുന്നു. അവർ പറഞ്ഞു: മൃതരെ ജീവിപ്പിക്കുവാൻ എഴുന്നള്ളുന്ന രാജാവ് ആരവാരത്തോടെ ആഘോഷത്തോടെ മദ്ധ്യാകാശത്തിൽ എഴുന്നള്ളി വരും. അപ്പോൾ നീതിമാന്മാർ മാത്രം കർത്താവിന്റെ വരവിന് മുമ്പുള്ള കാഹളനാദം കേട്ടിട്ട് കല്യാണവസ്ത്രം ധരിച്ച് എതിരേല്പാനായ് മദ്ധ്യാകാശത്തിലേക്ക് പോകും. ആ വിശുദ്ധഗണത്തോടൊപ്പം ചേരാൻ ഇന്ന് നമ്മുടെ ജീവിതവും ക്രിസ്തുവിന്റെ കരങ്ങളിലേക്ക് സമർപ്പിക്കാം.

# മൂന്ന്

*"എഴുന്നേറ്റ് പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു." യെശയ്യാവ് 60 : 1*

പ്രവാചകൻ നൂറ്റാണ്ടുകൾക്കുമുമ്പ് എഴുതിവച്ചു: നിനക്ക് പ്രകാശം തരാൻ പോവുകയാണ്, എഴുന്നേറ്റ് പ്രകാശിക്ക. നീ ഇനിയും മദ്യശാലയിൽ കിടക്കണ്ട. നീയിനിയും വേശ്യാലയങ്ങളിൽ കിടക്കണ്ട. നീയിനിയും പാപത്തിന്റെ പുറകെ പോകണ്ട. നീയിനിയും നഷ്ടപ്പെട്ടവനായിത്തീരണ്ട. നീയിനിയും പണത്തിനുവേണ്ടി ദുഷ്കൃത്യങ്ങൾ ചെയ്യണ്ട. നീ കൈക്കൂലി വാങ്ങണ്ട.

നീയൊരു കാര്യം ചെയ്യുക. നീ എഴുന്നേൽക്ക്. പാപത്തിന്റെ ചെളിക്കുണ്ടിൽ നിന്ന് നീ എഴുന്നേൽക്ക്. ശ്രമിക്കുന്തോറും നീ താണുതാണുപോവുകയാണല്ലോ. ഇന്നലത്തെക്കാൾ കൂടുതൽ പാപം ഇന്ന്. ഓരോ ദിവസം ചെല്ലുന്തോറും പാപം കൂടിക്കൂടി വരുന്നു. ദൈവത്തിൽനിന്ന് അകന്നകന്ന് പോവുകയാണ്.

ധൂർത്തപുത്രൻ അപ്പന്റെ വീട്ടിൽനിന്ന് അകന്നകന്ന് പോയതുപോലെ അപ്പനോട് ഉള്ളംകൊണ്ട് അകന്നിട്ട് കുറേനാളുകളായി. ഇളയമകൻ അപ്പനോട് പറഞ്ഞു: എനിക്ക് വരേണ്ടുന്ന സ്വത്ത് എനിക്ക് തരണം. 'Demand' ചെയ്യുകയാണ്. മനസ്സുകൊണ്ട് അകന്ന് തുടങ്ങിയിട്ട് കുറേനാളുകളായി.

അവൻ ചിന്തിച്ചു. ഞാൻ അപ്പൻ പറയുന്നതെല്ലാം അതേപടി കണ്ണടച്ച് സമ്മതിക്കേണ്ട കാര്യമില്ല. എനിക്കില്ലേ ഒരു വിശേഷ ബുദ്ധി? അപ്പനേക്കാൾ കൂടുതൽ അറിവും ജ്ഞാനവും എനിക്കുണ്ട്.

അവൻ പങ്കെല്ലാം വാങ്ങി ഇറങ്ങിപ്പോവുകയാണ്. ഓരോ കാൽച്ചുവട് വയ്ക്കുന്തോറും അപ്പനിൽ നിന്നാണ് അകലുന്നത്. അത് അവൻ അറിയുന്നില്ല. ഇതുപോലെ നിങ്ങളിലാരെങ്കിലും ഓരോ ദിവസം കഴിയുന്തോറും ദൈവത്തിൽനിന്ന് അകന്നകന്നു പോകുന്നവരുണ്ടോ? പാപചിന്തകൾ നിങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടോ? പാപത്തിന്റെ മലിനവികാരങ്ങൾ നിങ്ങളെ സ്വാധീനം ചെയ്യുന്നുണ്ടോ? ഓരോരുത്തരും ചിന്തിക്കൂ.

ആ ചെറുപ്പക്കാരൻ ഓരോ ദിവസം കഴിയുന്തോറും അപ്പന്റെ വീട്ടിൽനിന്ന് അകന്നകന്നു പോയിക്കൊണ്ടിരിക്കുകയാണ്. പോയിപ്പോയി അവൻ ചെന്നത് പട്ടണപ്പരിഷ്കാരത്തിലേക്കാണ്. അപ്പനിൽനിന്ന് അകന്ന് അവൻ ദൂരെദേശത്തേക്ക് യാത്രയായി. ഇന്ന് പലരും അപ്പനിൽനിന്ന് ബഹുദൂരം അകലത്തേക്ക് പോയിരിക്കുകയാണ്. അകലത്തിലാണെന്ന് അവർ വിചാരിക്കുന്നില്ല. നമസ്ക്കാരമുണ്ടല്ലോ, പള്ളിയുണ്ടല്ലോ, പ്രാർത്ഥനയുണ്ടല്ലോ, കൗമ ചൊല്ലുന്നുണ്ടല്ലോ, ഞാൻ പള്ളിയിൽ പോകുന്നുണ്ടല്ലോ, അതുകൊണ്ട് കുഴപ്പമൊന്നുമില്ല. ഇങ്ങനെ വിചാരിച്ചാണ് പോകുന്നത്.

അല്ല മോനേ, അല്ല. ഓരോ നിമിഷം കഴിയുന്തോറും നീ ദൈവത്തിന്റെ ഭവനത്തിൽനിന്ന് അകന്നകന്ന് ദൂരേയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. പാപം മൂലം അപ്പന്റെ ഭവനത്തിൽ നിന്നകന്ന് ദൂരദേശത്തേക്ക് യാത്രയായി. അവിടെ പട്ടണപ്പരിഷ്കാരത്തിൽ അവൻ ലയിച്ചു. കൈയിൽ പണമുണ്ടായിരുന്നതുകൊണ്ട് അവന് ധാരാളം കൂട്ടുകാരെ കിട്ടി. ഈ നല്ല പ്രായം അടിച്ചുപൊളിച്ച് ജീവിക്കാമെന്ന് അവന് തോന്നി.

ആ ചെറുപ്പക്കാരൻ സ്വയം അപകടത്തിലേക്കു പോയിക്കൊണ്ടിരിക്കുകയായിരുന്നു. അവന്റെ ആത്മാവ് വികൃതമായി, ഇരുളടഞ്ഞുപോയി. അല്പം പ്രകാശം അപ്പന്റെ വീട്ടിൽ താമസിച്ചപ്പോൾ ഉണ്ടായിരുന്നു. അവന്റെ ഉള്ളിൽ അഹങ്കാരം വന്നപ്പോൾ പ്രകാശം പോയി. 'Demand' വന്നപ്പോൾ പ്രകാശം പോയി.

പ്രകാശംപോയ അനേകം ആളുകൾ ലോകത്തിലുണ്ട്. ക്രിസ്ത്യാനികളുടെ ഇടയിൽത്തന്നെ ബഹുഭൂരിപക്ഷം പേർക്കും പ്രകാശമില്ല. കർത്താവിന്റെ ആത്മാവിന്റെ വചനം കേൾക്കുമ്പോഴാണ് നമുക്ക് ആ കാര്യം മനസ്സിലാകുന്നത്. അനേകം ആളുകൾ ലോകത്തിന്റെ പരിഷ്ക്കാരങ്ങളിൽ മുങ്ങി മയങ്ങിപ്പോവുകയാണ്. പരിഷ്ക്കാരത്തിന്റെ ഭ്രമം പിടിച്ച് പോവുകയാണ്.

അനേകം പേർ പണത്തിന്റെ കൊഴുപ്പുകൊണ്ട് വേണ്ടാതീനങ്ങൾ കാണിക്കുന്നു. ചിലർ പണമില്ലാത്തതുകൊണ്ട് അബദ്ധങ്ങൾ കാണിക്കുന്നു. പണമുള്ളവനും പണമില്ലാത്തവനും ഒരുപോലെ നാശത്തിലേക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്.

അവൻ ദൂരദേശത്തേയ്ക്ക് യാത്രയായി. എത്ര പെട്ടെന്നാണ് അവന്റെ പണമെല്ലാം തീർന്നത്! കൂട്ടുകാർ കൂടി കുടിച്ചു, മേളിച്ചു, ദുർന്നടപ്പുകാരനായി ജീവിച്ചു. എല്ലാം ചിലവഴിച്ചു. അവന്റെ സ്ഥിരബുദ്ധി നശിച്ചുപോയി. കാരണം, അവന്റെ ഉള്ളിൽ പിശാചാണ് കയറിയത്. അവന്റെ ഉള്ളിൽ കയറിക്കൂടിയ പിശാച് അവനെ നാശത്തിലേക്ക് കൊണ്ടുപോവുകയായിരുന്നു.

എന്നാൽ ആ ദേശത്ത് വലിയ ക്ഷാമം ഉണ്ടായി. ജീവിതത്തിൽ എന്തിനെങ്കിലും ക്ഷാമമുണ്ടോ, നല്ലതാണ്. രോഗം വന്നോ, നല്ലതാണ്. ഒരു അപകടം വന്നാൽ അത് നന്മയ്ക്കാക്കി മാറ്റാൻ കർത്താവിന് കഴിയും. അപകടവും നഷ്ടവും

രോഗവും വരുത്തുന്നതെല്ലാം പിശാചാണ്. അത് വന്നതു കൊണ്ട് നിനക്ക് ദൈവത്തെക്കുറിച്ച് ഒന്ന് ഓർക്കാൻ പറ്റും.

ആ ചെറുപ്പക്കാരൻ പട്ടിണിപ്പാവമായി എല്ലും തോലു മായി ചെന്ന് വിദേശത്തുള്ള ഒരു പ്രഭുവിനെ ആശ്രയിച്ചു. എനിക്ക് ഒരല്പം കഞ്ഞി തരാമോ? അവൻ പ്രഭുവിനോട് ചോദിച്ചു. അപ്പന്റെ വീട്ടിൽ അനേകം വേലക്കാരെ ഭരിച്ച യജ മാനനായ ചെറുപ്പക്കാരൻ ആ പ്രഭുവിനോട് പറയുകയാണ്: ഞാൻ എന്തു ജോലി വേണമെങ്കിലും ചെയ്തുകൊള്ളാം എന്ന്. വിദേശത്തെ ആ പ്രഭു അവന് പന്നിയെ മേയ്ക്കുന്ന ജോലി കൊടുത്തു. ഏറ്റവും അറപ്പുള്ള ജോലി ചെയ്യാൻ അവൻ നിയുക്തനായി. യഹൂദന് പന്നി നിഷിദ്ധജീവിയാണ്. അത്ര അറപ്പോടെയാണ് യഹൂദൻ പന്നിയെ കാണുകയുള്ളു. പന്നിയെ മേയ്ച്ചിട്ട് വന്നിട്ടും അവന് ഒന്നും കഴിക്കാൻ കിട്ടി യില്ല. പന്നിയുടെ തവിട് തിന്ന് വിശപ്പകറ്റാൻ നോക്കി. പന്നി തേറ്റകൊണ്ട് ഒരു തട്ട് കൊടുത്തു. അപ്പോൾ അവന്റെ കൈ മുറിഞ്ഞത് മിച്ചം. വേദനിച്ച് കൈകുടഞ്ഞ് അവൻ കൈ പിൻവ ലിച്ചു. അപ്പോൾ അവന് സുബോധം വന്നു. ഇത്രയും കാലം അവന് സുബോധം ഇല്ലായിരുന്നു.

നിങ്ങൾക്ക് അനേകംപേർക്ക് സുബോധം ഇല്ല. ഞാൻ നിങ്ങളെ വിധിക്കുകയല്ല. വചനം കേൾക്കുമ്പോൾ നിങ്ങൾ ഉറ ങ്ങിപ്പോകുന്നു. ഇത് ഒന്ന് തീർന്നാൽ മതി എന്ന് ചിന്തിക്കുന്നു. കാരണം, നിങ്ങൾക്ക് ആത്മാവിൽ സുബോധമില്ല. വചനം കേൾക്കുമ്പോൾ നിങ്ങളുടെ ഉള്ളിലുള്ള പാപത്തിന്റെ പിശാച് നിങ്ങളെ എഴുന്നേല്പിച്ച് വിടാൻ നോക്കുന്നു. സുബോധമില്ല. പിശാച് നിങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

വിദേശത്തുള്ള പ്രഭുവിന്റെ വീട്ടിൽ അടിമവേല ചെയ്തിട്ടും ഭക്ഷണം കിട്ടിയില്ല എന്ന് വന്നപ്പോഴാണ് അവന് സുബോധം വന്നത്. അവൻ അപ്പന്റെ വീടിനെക്കുറിച്ച് ഓർത്തു. എന്റെ അപ്പൻ! പെട്ടെന്ന് ഓർക്കുകയാണ്. ഇത്രയും കാലം അപ്പനെവിട്ട് ജീവിച്ചപ്പോഴൊന്നും അവൻ അപ്പനെ

ഓർത്തില്ല. അപ്പന്റെ സ്നേഹം ഓർത്തില്ല. അപ്പന്റെ വേലക്കാരുടെ കാര്യം ഓർത്തില്ല.

ഇപ്പോൾ ആദ്യം വന്ന ചിന്ത ഇതാണ്: 'എന്റെ അപ്പൻ'; പിന്നെ വന്നത്, "എന്റെ അപ്പന്റെ കൂലിക്കാർ." പിന്നെ വന്നത്, "കൂലിക്കാരുടെ സമൃദ്ധി." പിന്നെ വന്നത്, "ഞാൻ നശിക്കുന്നു." ഞാൻ നശിക്കുന്നു എന്ന് തോന്നുന്നത് യഥാർത്ഥമായ കാഴ്ചപ്പാടാണ്. അയ്യോ, എന്റെ നല്ല ജീവിതം നശിപ്പിച്ചുകളഞ്ഞല്ലോ എന്ന് തോന്നുക. എന്റെ ആയുസ്സ് ഞാൻ നഷ്ടപ്പെടുത്തിയല്ലോ എന്ന് തോന്നുക. ഞാൻ ഇവിടെക്കിടന്ന് നശിച്ചുപോകുമല്ലോ എന്ന് തോന്നുക.

അതൊരു ഭാഗ്യമാണ്. നമ്മുടെ ജീവിതത്തിലെ നാശം തിരിച്ചറിയാൻ സാധിക്കുന്നത് ഒരു സുബോധമാണ്. അയ്യോ ഞാൻ മദ്യത്തിനും വേണ്ടാതീനങ്ങൾക്കും വേണ്ടി എന്റെ പണം മുഴുവൻ നഷ്ടപ്പെടുത്തിയല്ലോ. എന്റെ ആരോഗ്യം നഷ്ടപ്പെടുത്തിയല്ലോ. ഇപ്പോൾ എല്ലും തോലുമായല്ലോ. ആ ചെറുപ്പക്കാരൻ ഒരു ശാപഗ്രസ്തനെപ്പോലെ നടക്കുകയാണ്.

അവൻ പറഞ്ഞു: ഞാൻ എഴുന്നേല്ക്കും. ഞാൻ എന്റെ അപ്പന്റെ വീട്ടിലേക്ക് പോകും. നഷ്ടപ്പെട്ടിടത്തേക്ക് ഞാൻ തിരികെ പോകും. അവൻ പിന്നെ ഒട്ടും താമസിച്ചില്ല. വിദേശത്തിലെ ആ പ്രഭുവിനോട് ഒന്നു മിണ്ടുകപോലും ചെയ്യാതെ അവൻ ചാടി എഴുന്നേറ്റു. അവൻ ആ പന്നികളെ വിട്ടു. എല്ലാം വിട്ടു. ആ മുഷിഞ്ഞുനാറിയ വസ്ത്രം തന്നെയാണ് ധരിച്ചത്. മാറാൻ വേറെ വസ്ത്രമില്ല. അവൻ നടന്നുപോവുകയാണ്.

അവൻ ആ പെരുവഴിയിൽക്കൂടി പോകുമ്പോൾ ചുറ്റുപാടുമുള്ളവർ ഭ്രാന്തൻ പോകുന്നുവെന്നേ ചിന്തിച്ചുള്ളൂ. എന്തോ പിറുപിറുത്തുകൊണ്ടാണ് അവൻ പോകുന്നത്. എന്താണ് പിറുപിറുക്കുന്നത്? ആരോ ശ്രദ്ധിച്ചു. അപ്പോൾ മനസ്സിലായി. "അപ്പാ, ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തുപോയി. നിന്റെ മകനെന്ന പേരിന് ഞാൻ യോഗ്യനല്ല, ഇനി

നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ" എന്ന് പറഞ്ഞുകൊണ്ടാണ് പോകുന്നത്.

അവന് ലജ്ജയില്ല. ആരെങ്കിലും കേൾക്കുന്നുണ്ടോ എന്നത് ചിന്താവിഷയമല്ല. ആര് കേട്ടാലെന്ത്? കേട്ടില്ലെങ്കിലെന്ത്? എനിക്ക് എന്റെ അപ്പന്റെ അടുക്കൽ പോകണം. സുബോധം കിട്ടി. അവൻ തിരിഞ്ഞ് നടക്കുകയാണ്. എവിടുന്നെല്ലാം അവൻ പോന്നോ ആ വഴിയിലൂടെയെല്ലാം അവൻ തിരികെ നടക്കുകയാണ്.

വീടിനോട് അടുക്കാറായപ്പോൾ ദൂരെനിന്ന് അവന്റെ ഈ ശബ്ദം അപ്പൻ കേട്ടു. അവൻ പോയ അന്നുമുതൽ അവൻ വരുന്നുണ്ടോ എന്നു നോക്കി അപ്പൻ ഇരിക്കുകയായിരുന്നു. അതാണ് സ്വർഗ്ഗത്തിലെ അപ്പന്റെ സ്നേഹം! അതാണ് ദൈവസ്നേഹം. എന്റെ മകൻ വരുന്നുണ്ടോ എന്നുനോക്കി പിതാവ് ഇരിക്കുകയായിരുന്നു. ദൂരെനിന്ന് ഈ ശബ്ദം കേട്ടപ്പോൾ ഇത് തന്റെ മകന്റെ ശബ്ദമാണെന്ന് അപ്പന് മനസ്സിലായി.

നഷ്ടപ്പെട്ടുപോയ മകന്റെ ശബ്ദമാണത്. അപ്പാ, ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തുപോയി. നിന്റെ മകനെന്ന പേരിന് ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്ന് പറഞ്ഞുവരുന്ന ആ യുവാവിന്റെ ശബ്ദം അപ്പൻ തിരിച്ചറിഞ്ഞു. അപ്പൻ ഓടിയിറങ്ങി ഗെയ്റ്റിങ്കൽ വന്നു. അപ്പോൾ അവൻ വരുന്നത് കണ്ടു. അപ്പൻ ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു. അപ്പോഴും അവൻ പറയുകയാണ്: അപ്പാ, ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തുപോയി. നിന്റെ മകനെന്ന പേരിന് ഞാൻ യോഗ്യനല്ല.

പിന്നെ പറയാൻ തുടങ്ങിയത് പറയാൻ അപ്പൻ സമ്മതിച്ചില്ല. അവന്റെ വായ് അടച്ച് ഉമ്മവച്ചു. കാരണം, അത് കേൾപ്പാൻ അപ്പന് കെല്പില്ല. ഒരു കൂലിക്കാരനായി മകനെ കണക്കാക്കുന്നത് അപ്പന് ചിന്തിക്കാൻ വയ്യ. എന്റെ മോനല്ലേ?

ഈ വീട്ടിൽ പിറന്നവനല്ലേ? അവനെന്റെ സ്വന്തം മകനല്ലേ? അവനെ ഒരു കൂലിക്കാരനെപ്പോലെ എനിക്ക് കാണാൻ സാധ്യമല്ല.

അവൻ തെറ്റിപ്പോയി, ശരിയാണ്. പക്ഷേ, അവൻ തിരിച്ചു വന്നല്ലോ. അപ്പന് സന്തോഷമായി. അവനെ എടുത്തുകൊണ്ട് വരുന്നതുപോലെ അപ്പൻ കൊണ്ടുവന്നു. വേലക്കാരോട് പറഞ്ഞു: ഇവന്റെ ശരീരത്തിലെ വസ്ത്രം മാറ്റി നല്ലൊരു മേലങ്കി ധരിപ്പിക്കുവിൻ. കൈയ്ക്ക് മോതിരവും കാലിന് ചെരിപ്പും ഇടുവിപ്പിൻ. അവനെ പുതിയ വസ്ത്രം ധരിപ്പിപ്പിൻ.

വേലക്കാർ അതെല്ലാം പെട്ടെന്ന് ചെയ്തു. എത്ര പെട്ടെന്നാണ് ആ ചെറുപ്പക്കാരന്റെ മുഖത്തൊരു പ്രകാശം വന്നത്! മുഖത്തുണ്ടായിരുന്ന ഇരുൾ മാറിപ്പോയി. എന്തൊരത്ഭുതം! സെക്കന്റുകൾക്കുള്ളിൽ ആ ഇരുൾ മാറിക്കഴിഞ്ഞു. മുഖം പ്രകാശശോഭിതമായിക്കഴിഞ്ഞു. അപ്പോഴാണ് അപ്പൻ പറയുന്നത്: വേഗം ഇവനുവേണ്ടി "തടിപ്പിച്ചുനിർത്തിയ കാളക്കുട്ടിയെ അറുക്കുവിൻ, വിരുന്നൊരുക്കുവിൻ."

മേൽത്തരമായ അങ്കിധരിച്ച് നിൽക്കുന്ന മകനുവേണ്ടി വിരുന്നൊരുക്കാൻ അപ്പൻ തയ്യാറാവുകയാണ്. ഇപ്പോൾ അവൻ സുന്ദരനായി, അവന്റെ മുഖം പ്രസന്നമായി.

ഇന്ന് അനേകർ മുഖത്ത് വെളിച്ചമില്ലാതെയാണ് ഇരിക്കുന്നത്. ഹൃദയത്തിൽ വെളിച്ചമില്ല. മുഖത്ത് മ്ലാനതയാണ് എപ്പോഴും. ഓരോരോന്നോരോന്നോർത്ത് ചിന്തിച്ച് വിഷമിച്ചുകഴിയുകയാണ്. സ്വാഭാവികമായും പലർക്കും ദു:ഖമുണ്ട്.

എനിക്ക് ദു:ഖമുണ്ടായിരുന്നു. ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചുപോയി. അപ്പനെ കണ്ട ഓർമ്മ എനിക്കില്ല. അപ്പന്റെ വാത്സല്യം നുകരാൻ എനിക്ക് കഴിഞ്ഞില്ല. അപ്പൻ നഷ്ടപ്പെട്ടതുകൊണ്ട് അമ്മ ദു:ഖിതയായിരുന്നു. അമ്മയുടെ മുഖം മ്ലാനമായിരുന്നു. എന്നും കണ്ണീരും ദുരിതവും തന്നെ.

മുപ്പതാമത്തെ വയസ്സിൽ വിധവയായ എന്റെ അമ്മ കരയുന്നത് കണ്ട് ഞാനും കരഞ്ഞുപോയിട്ടുണ്ട്.

ജീവിതത്തിൽ ക്ലേശങ്ങൾ വരുമ്പോൾ മുഖം മ്ലാനമാകുന്നതിൽ അത്ഭുതമില്ല. മനസ്സ് വാടിപ്പോകുന്നതിൽ യാതൊരത്ഭുതവും ഇല്ല. എന്നാൽ നിന്റെ മുഖം പ്രകാശിക്കും. വാടിപ്പോയ നിന്റെ ജീവിതം തളിർത്ത് പുതിയ നാമ്പുകൾ ഉണ്ടാകും.

അഹരോന്റെ വടിയെ തളിർപ്പിച്ച ദൈവം നിങ്ങളുടെ ഉണങ്ങിയ ജീവിതത്തെ തളിർപ്പിച്ചുതരും. ഒറ്റരാത്രികൊണ്ട് നിത്യനായ ദൈവം ആ ഉണങ്ങിപ്പോയ വടിയെ തളിർപ്പിച്ച് ബദാംപൂക്കൾ വിടർന്ന് ബദാം കായ്കളുണ്ടാകുമാറാക്കി. എന്തൊരത്ഭുതം! ഒറ്റരാത്രികൊണ്ട് ഇതു സംഭവിച്ചു!

ഏതാനും മിനിട്ടുകൾക്കുള്ളിൽ നിങ്ങൾക്കിത് കൈവശമാക്കാം. അപ്പന്റെ ഛായ പ്രാപിക്കാം. നഷ്ടപ്പെട്ടുപോയ സ്വത്ത് തിരികെ പ്രാപിക്കാം. നഷ്ടപ്പെട്ടുപോയ സമാധാനം തിരികെ പ്രാപിക്കാം. നഷ്ടപ്പെട്ടുപോയ പ്രകാശം തിരികെ പ്രാപിക്കാം.

അവൻ എഴുന്നേറ്റ് അപ്പന്റെ അടുക്കലേയ്ക്ക് പോയി. അവന് പ്രകാശം വീണ്ടുകിട്ടി. എന്തൊരു ഭാഗ്യം. ഈ എന്റെ മകൻ മരിച്ചവനായിരുന്നു. വീണ്ടും ജീവിച്ചിരിക്കുന്നു. അപ്പൻ പറയുകയാണ്. വീട്ടിൽ ജനിച്ചതാണ്. പക്ഷേ, മരിച്ചുപോയിരുന്നു. ഇന്ന് സ്വർഗ്ഗീയഭവനത്തിൽ ജനിച്ച അനേകർ ആത്മാവിൽ മരിച്ചുകിടക്കുകയാണ്.

മടങ്ങിവന്നാൽ അപ്പൻ പറയും: ഈ എന്റെ മകൻ മരിച്ചവനായിരുന്നു. എന്നാൽ വീണ്ടും ജീവിച്ചിരിക്കുന്നു. കാണാതെ പോയിരുന്നു. കണ്ടുകിട്ടിയിരിക്കുന്നു. എന്നെ വിട്ട് അവൻ ദൂരെ ദൂരെ ദേശത്തേയ്ക്ക് പോയി. അവനെ ഇപ്പോൾ എനിക്ക് കണ്ടുകിട്ടിയിരിക്കുന്നു.

നിങ്ങൾക്ക് വേണമോ ഈ യേശുവിനെ? നിങ്ങളെ

സ്നേഹിക്കുന്ന യേശുവിനെ നിങ്ങൾക്ക് വേണമോ? യേശു നിങ്ങളുടെ അരികത്ത് വന്ന് കെഞ്ചുകയാണ്. യേശു നിങ്ങളുടെ അരികത്ത് വന്ന് വിളിക്കുകയാണ്.

കുഞ്ഞേ, നിന്റെ ഹൃദയം എനിക്കു തുറന്നു തരുമോ? യൗവ്വനക്കാരാ, നിന്റെ ഹൃദയം എനിക്കു തുറന്നു തരുമോ എന്നു ചോദിച്ചുകൊണ്ട് കർത്താവ് നില്ക്കുകയാണ്. കർത്താവ് ഹൃദയവാതിൽക്കൽ മുട്ടിക്കൊണ്ട് നിൽക്കുകയാണ്. ഇത് ഒരു അലങ്കാരഭാഷയല്ല. ആക്ഷരികമായി ശരിയാണത്.

ഞാനത് അനുഭവിക്കുന്നു. യേശു ഹൃദയത്തിൽ തൊടുന്നതും യേശു ഹൃദയത്തിൽ മുട്ടുന്നതും യേശു എന്റെ കണ്ണുനീർ തുടയ്ക്കുന്നതും യേശു എന്നെ ആശ്വസിപ്പിക്കുന്നതും ഞാൻ അനുഭവിച്ചിട്ടുണ്ട്. യേശു എന്റെ രോഗം മാറ്റുന്നത് ഞാൻ കണ്ടിട്ടുണ്ട്. എനിക്ക് രോഗം വന്നപ്പോൾ ലോകത്തിന്റെ അനേകഭാഗത്തുള്ള ദൈവമക്കൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. കർത്താവ് എന്നെ തൊട്ടു. എന്റെ രോഗം മാറി. എനിക്ക് സമാധാനം കർത്താവ് തന്നു.

നിങ്ങളുടെ മുറിവേറ്റ ഹൃദയത്തിന് ആശ്വാസം തരാൻ കർത്താവിന് കഴിയും. ചില മുറിവുകൾ നിങ്ങളുടെ ഹൃദയത്തിൽ ഉണങ്ങാതെ കിടപ്പുണ്ട്. ചിലരോടുള്ള വൈരാഗ്യങ്ങൾ മുറിവായി കിടക്കുന്നുണ്ട്. ചിലർ നിങ്ങളെ ദ്രോഹിച്ചത്, വിഷമിപ്പിച്ചത്, നിങ്ങളെ നശിപ്പിച്ചത്, നിങ്ങൾക്ക് നഷ്ടം വരുത്തിയത്, നിങ്ങൾക്ക് കേട് വരുത്തിയത്, നിങ്ങൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തിയത് ഇങ്ങനെ മുറിവേറ്റ ഹൃദയമാണ് പലരുടേയും. അവരവരുടെ ജീവിതംകൊണ്ടും നിങ്ങൾക്ക് മുറിവ് പറ്റിയിട്ടുണ്ട്.

ഈ മുറിവെല്ലാം യേശു ഉണക്കും. എല്ലാ മുറിവും ഉണക്കുന്നവനാണ് ഗോഗുൽത്തായിലെ തിരുമുറിവുകളേറ്റ കർത്താവായ യേശുക്രിസ്തു. യേശു എല്ലാ മുറിവുകളും മാറ്റി

ത്തരും. ഹൃദയത്തിന്റെ വിഷാദങ്ങളെല്ലാം മാറ്റിത്തരും. മനസ്സിന്റെ ആകുലങ്ങളെല്ലാം നീക്കിത്തരും. പ്രകാശം തരാൻ യേശു നിങ്ങളുടെ അരികിലേക്ക് വന്നിട്ടുണ്ട്.

> *"ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേല്ക്ക; എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും." എഫേസ്യർ 5 : 14*

പന്നികളുടെ കൂട്ടത്തിൽനിന്ന് എഴുന്നേല്ക്ക, എന്നാൽ നിന്റെമേൽ ക്രിസ്തുവിന്റെ പ്രകാശം വരും. ദുഷ്ടപ്പരിഷകളുടെ ഇടയിൽനിന്ന് എഴുന്നേല്ക്ക, എന്നാൽ ക്രിസ്തുവിന്റെ പ്രകാശം നിന്റെമേൽ വരും. ചീത്തക്കൂട്ടുകെട്ട് വിട്ട് നീ എഴുന്നേല്ക്ക, എന്നാൽ നിനക്ക് പ്രകാശം വരും.

കോളേജിൽ സമരമുണ്ടാക്കുകയും ബഹളമുണ്ടാക്കുകയും ചെയ്യുന്ന അനേകം യുവാക്കന്മാർ അറിയുന്നില്ല അതിന്റെ ശിക്ഷ അവർക്കും അവരുടെ തലമുറകൾക്കും വരാൻ പോകുന്നു എന്ന്. "എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തേയും നാലാമത്തേയും തലമുറവരെ മക്കളുടെമേൽ സന്ദർശിക്കുമെന്നാണ്" വചനം പറയുന്നത്. നിങ്ങൾ റാഗ് ചെയ്തു, ഒന്നാം വർഷത്തെ സാധുവായ വിദ്യാർത്ഥിയെ നീ ഉപദ്രവിച്ചു. നീ ജയിച്ചുവെന്നാണ് നിന്റെ വിചാരം. ആ പാവം കരഞ്ഞുകൊണ്ട് നിന്നപ്പോൾ നീ ചിരിച്ചു.

മകനേ, ഇതെല്ലാം മാറും. ഇന്നത്തെ നിന്റെ അഹങ്കാരമെല്ലാം മാറും. നീ നിലവിളിയ്ക്കാൻ പോകുന്ന കാലം വരുന്നു. ആരെയും ഉപദ്രവിക്കരുത്. ആരേയും വേദനിപ്പിക്കരുത്. കഴിവുള്ളേടത്തോളം ഉപകാരം എല്ലാവർക്കും ചെയ്തുകൊള്ളുക. ആശ്വാസം പകർന്ന് കൊള്ളുക. ഉള്ളകാലം സുവിശേഷത്തിന്റെ അത്ഭുതസന്ദേശം കൊടുത്തുകൊണ്ട് നിങ്ങൾ ഓടിനടന്ന് കർത്താവിന്റെ വചനം പ്രസ്താവിക്കുക.

എഴുന്നേറ്റ് പ്രകാശിക്ക, നിന്റെ പ്രകാശം വന്നിരിക്കുന്നു.

പ്രകാശമിതാ വന്ന് നിങ്ങളുടെ ഹൃദയവാതിൽക്കൽ മുട്ടുന്നു.

മുറിയുടെ വാതിലും ജനലും അടച്ചിരിക്കുന്നു. മുറിയ്ക്കകത്തേക്ക് കടന്നപ്പോൾ വെളിച്ചമില്ല. മുഴുവൻ കൂരിരുട്ടാണ്. പെട്ടെന്നൊരാൾ വന്ന് ആ സ്വിച്ച് ഓൺ ചെയ്തു. ആ ഇലക്ട്രിക് ലൈറ്റ് അവിടെ പ്രകാശിച്ചു. പെട്ടെന്നിതാ മുറിയിൽ പ്രകാശം പരന്നു. അപ്പോഴാണ് കാണുന്നത് അവിടെ തേളുണ്ട്, ഈയലുകളുണ്ട്, ചീവീടുകളുണ്ട്. ചില ക്ഷുദ്രജീവികളുണ്ട്. പൊടിപടലം നിറഞ്ഞിരിക്കുന്ന ഒരു മുറി. മുറിയാകെ വൃത്തികേടായി കിടക്കുന്നു. പ്രകാശം വന്നു പക്ഷേ, മുറിയിലിപ്പോഴും ചില അലവലാതികളുണ്ട്.

നിങ്ങൾക്ക് പ്രകാശം കിട്ടിയെങ്കിലും നിങ്ങൾ ചിന്തിക്കണം, എന്തൊക്കെയാണ് എന്റെ ജീവിതത്തിലെ അലവലാതികൾ? എന്തെല്ലാമാണ് ഞാൻ തൂത്തുവാരിക്കളയേണ്ടത്? നിങ്ങൾ അവിടെ ചെല്ലുമ്പോൾ ക്ഷുദ്രജീവികളെല്ലാം മാറിപ്പോകും. പക്ഷേ, പൊടിപടലങ്ങൾ അവിടെ വീണ്ടും ഉണ്ടാകും. അടിച്ചടിച്ച് തൂത്ത് അവയെല്ലാം ഒരു മൂലയ്ക്കൽ ഇട്ടിരിക്കുകയാണ്. അതുകൊണ്ട് തൃപ്തരാകരുത്. ഇന്ന് നീയതുവാരി പുറത്തേയ്ക്ക് കളഞ്ഞില്ലെങ്കിൽ അത് നാളെ ഇളംകാറ്റേറ്റ് പടർന്ന് ആ മുറിയ്ക്കകത്താകെ പടരും. അതുകൊണ്ട് തൂത്തുകൂട്ടിയാൽ പോരാ, അതെല്ലാം വാരി പുറത്തെറിഞ്ഞ് കളയണം. കത്തിച്ചുകളയണം. അപ്പോൾ മുറി പ്രകാശമായിത്തീരും.

ഇപ്പോൾ നിങ്ങളുടെ ജീവിതം കർത്താവിന് കൊടുക്കാൻ തോന്നുന്നുണ്ടോ? സ്വർഗ്ഗീയസൂര്യനെ ഹൃദയത്തിലേക്ക് വിളിക്കാൻ തോന്നുന്നുണ്ടോ? അവൻ നിങ്ങളുടെ അരികത്ത് നിൽക്കുന്നുണ്ട്. നിങ്ങളുടെ തൊട്ടരികത്ത് അവൻ നില്ക്കുന്നുണ്ട്. നിന്നെ അവൻ പേര് ചൊല്ലി വിളിക്കുകയാണ്. ദൈവത്തിന്റെ വചനം പറയുന്നു: “നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു.”

നാമൊന്നും അറിഞ്ഞില്ല. നാം ഒന്നും ചിന്തിച്ചില്ല. ദൈവമുണ്ടെന്നോ ദൈവത്തിന്റെ വചനമുണ്ടെന്നോ ഒന്നും ചിന്തിച്ചിട്ടില്ല. പള്ളിയിൽ പോകും. പ്രാർത്ഥിക്കും. വേദപുസ്തകം വായിക്കും. അതൊക്കെയുണ്ട്. ഒരുവിധം മാന്യവും മര്യാദയുമായിട്ട് ജീവിക്കുന്നു. ഇങ്ങനെ എങ്ങും തൊടാതെ ജീവിക്കുന്ന ജീവിതമാണ്. അവിടെ പ്രകാശം നിലനില്ക്കുകയില്ല.

പ്രകാശം നിലനിൽക്കണമെങ്കിൽ സമ്പൂർണ്ണമായ ഒരു മാറ്റം വരണം. സമ്പൂർണ്ണമായ ഒരു പരിവർത്തനം വരണം. കിഴക്കോട്ട് പോയ മനുഷ്യൻ പടിഞ്ഞാറോട്ട് തിരിയണം. ഈ മഹാഭാഗ്യം നിങ്ങൾക്ക് തരാനാണ് കർത്താവ് വന്നിരിക്കുന്നത്. എഴുന്നേറ്റ് പ്രകാശിക്ക, നിന്റെ പ്രകാശം വന്നിരിക്കുന്നു.

നീതിസൂര്യനായ യേശുവിനെ ഇപ്പോൾ നിങ്ങൾക്ക് ഏറ്റുവാങ്ങാമോ? നിങ്ങൾക്ക് സ്വീകരിക്കാമോ? യേശു നിങ്ങളുടെ അരികത്ത് വന്നിരിക്കുന്നത് നിങ്ങൾക്ക് കാണാമോ? നിങ്ങൾ പ്രാർത്ഥിക്കൂ: കർത്താവേ, എന്റെ ആയുസ്സ് നിനക്ക് വിട്ടുതരുന്നു. ഓരോ ദിവസം കഴിയുന്തോറും ഞാനിതാ എന്റെ മരണത്തോട് അടുത്തുകൊണ്ടിരിക്കുന്നു. കർത്താവേ, എന്റെ ആയുസ്സ് നഷ്ടപ്പെട്ട് പോകാൻ ഇടവരരുതേ. ഞാൻ സ്വർഗ്ഗത്തിൽനിന്ന് അന്യപ്പെട്ട് പോകാൻ ഇടവരരുതേ. ഞാൻ നരകദുരിതത്തിലേക്ക് പോകാൻ ഇടവരരുതേ. എന്നെ വീണ്ടെടുക്കാൻ വേണ്ടിയാണല്ലോ നീ തിരുരക്തം ചിന്തിയത്.

എന്റെ എണ്ണിയാൽ തീരാത്ത പാപങ്ങളെല്ലാം നിന്റെ ഒരു തുള്ളി രക്തംകൊണ്ട് കഴുകപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ കർത്താവേ, നിന്റെ ക്രൂശിൽ ചൊരിഞ്ഞ രക്തം ഒരു തുള്ളി എന്റെ നെറ്റിമേൽ പുരട്ടണമേ.

യേശുക്രിസ്തുവിന്റെ രക്തം എല്ലാ കറയും കഴുകി വെടിപ്പാക്കും. ഇന്ന് ശരീരത്തിലിരിക്കുമ്പോൾ നമുക്ക് മോചനത്തിന് മാർഗ്ഗമുണ്ട്. ഈ ശരീരം വിട്ടു ആത്മാവ് പറന്നു പോയാൽ പിന്നെ ആത്മാവിന്റെ അഴുക്കുകൾ മാറുകയില്ല. ഈ

ശരീരത്തിലിരിക്കുമ്പോൾ നമുക്ക് ശുദ്ധീകരണം പ്രാപി യ്ക്കാം. ഇന്നിതാ യേശു നിങ്ങളുടെ അരികത്ത് നിൽക്കുന്നു. രക്ഷയുടെ പെട്ടകം തുറന്നുവച്ചുകൊണ്ട് കർത്താവ് നിങ്ങളെ മാടി വിളിക്കുന്നു. വരുവിൻ എന്റെ തുറന്ന ചങ്കിലേക്കു കയറു വിൻ. ഇവിടെ നിങ്ങൾക്ക് അഭയമുണ്ട്. ഇവിടെ നിങ്ങൾക്ക് സങ്കേതമുണ്ട്. ഞാൻ നിങ്ങൾക്ക് ആശ്വാസം തരാം. ഞാൻ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ അവകാശം തരാം. ഞാൻ നിന്നെ അനുഗ്രഹിക്കാം എന്ന് കർത്താവ് പറയുന്നു. നമ്മുടെ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചുകൊണ്ട് നമുക്കു പറയാം: "യേശുനാഥാ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതി നാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിയ്ക്കും."

# നാല്

*"ഞങ്ങൾ എല്ലാവരും നിലത്തുവീണപ്പോൾ: ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? മുള്ളിന്റെ നേരെ ഉതയ്ക്കുന്നതു നിനക്കു വിഷമം ആകുന്നു എന്ന് എബ്രായഭാഷയിൽ എന്നോടു പറയുന്നോരു ശബ്ദം ഞാൻ കേട്ടു. നീ ആരാകുന്നു കർത്താവേ, എന്നു ഞാൻ ചോദിച്ച തിന്നു കർത്താവ്: നീ ഉപദ്രവിക്കുന്ന യേശു തന്നേ ഞാൻ; എങ്കിലും എഴുന്നേറ്റു നിവർന്നു നില്ക്ക."*

*അപ്പൊസ്തലപ്രവൃത്തികൾ 26 : 14 – 16*

ധാരാളം ആളുകൾ തിങ്ങിപ്പാർക്കുന്ന ഒരു പരിഷ്കൃത നഗരമായിരുന്നു ദമസ്കോസ്. ആ നഗരത്തിന്റെ വീഥിയിൽ പണ്ഡിതനായ ഒരു മനുഷ്യൻ പെട്ടെന്ന് നിലത്തുവീണു. അന്നത്തെ ഗ്രീക്ക് ഫിലോസഫി പഠിച്ചിരുന്ന അപൂർവ്വം പേരിൽ ഒരാളായിരുന്നു ശൗൽ എന്നു പറയുന്ന ഈ യുവാവ്.

നല്ല ബുദ്ധിശാലിയും വിദ്യാസമ്പന്നനും തത്വജ്ഞാനിയും താർക്കികനും തീക്ഷ്ണതയുള്ള മതഭക്തിയോടെ ജീവിക്കുന്ന വനും യെരൂശലേം ദേവാലയത്തിലെ സന്നിദ്രീംസംഘത്തിലെ അംഗവുമായിരുന്നു ഈ ശൗൽ. ശൗലിന്റെ കൂടെ അപ്പോൾ വേറെ ആളുകളും ഉണ്ടായിരുന്നു.

പെട്ടെന്നാണത് സംഭവിച്ചത്. ദമസ്കോസ് പട്ടണത്തോട് അടുക്കാറായപ്പോൾ അത്യുജ്ജ്വലമായ പ്രകാശം അവർക്ക് ചുറ്റും മിന്നി. എന്താണിതിന് കാരണമെന്ന് ആർക്കും മനസ്സിലാ യില്ല. പെട്ടെന്ന് അവരുടെ കണ്ണഞ്ചിപ്പോയി. ശൗൽ മാത്രമല്ല,

ശൗലിന്റെ കൂടെയുള്ള മറ്റുള്ളവരും താഴെവീണു.

പെട്ടെന്ന് ഒരു ശബ്ദം കേൾക്കാം. "ശൗലേ, ശൗലേ" എന്ന് പറഞ്ഞ് ആ യുവാവിനെയാണ് വിളിക്കുന്നത്. ശൗൽ ആ ശബ്ദം തിരിച്ചറിഞ്ഞു. മറ്റുള്ളവർ എന്തോ ശബ്ദം കേട്ടെങ്കിലും അവർക്ക് വ്യക്തമായി അത് തിരിച്ചറിയാൻ കഴിഞ്ഞില്ല. ആ ശബ്ദം ഇങ്ങനെയായിരുന്നു: "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്?" ഉടനെ ശൗൽ കിടന്നുകൊണ്ടു തന്നെ ചോദിച്ചു: "നീ ആരാകുന്നു കർത്താവേ?"

"നീ ആരാകുന്നു കർത്താവേ, എന്നു ഞാൻ ചോദിച്ചതിന് കർത്താവ്: നീ ഉപദ്രവിക്കുന്ന യേശു തന്നേ ഞാൻ; എങ്കിലും എഴുന്നേറ്റു നിവർന്നു നില്ക്ക." അദൃശ്യനായ ആരോ ഒരാളിൽ നിന്നു വരുന്ന ശബ്ദമാണ്. ഉടനെ മറുപടി കിട്ടി: "നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ!"

ശൗൽ കിടന്ന കിടപ്പിൽ തന്നെ ചിന്തിച്ചു. ഞാൻ യേശുവിനെ ഉപദ്രവിച്ചിട്ടില്ല. പക്ഷേ, യേശുവിന്റെ മക്കളെ ഉപദ്രവിച്ചിട്ടുണ്ട്. യേശുവിന്റെ സാക്ഷിയായിരുന്ന സ്തേഫാനോസ് കല്ലേറുകൊണ്ട് പിടഞ്ഞുവീഴുമ്പോൾ സന്തോഷത്തോടെ ഞാൻ നോക്കി നിന്നിട്ടുണ്ട്. കല്ലെറിയാൻ വന്നവർക്ക് താങ്ങും തണലുമായി നിന്ന അധികാരസ്ഥനായ മനുഷ്യനാണ് ഞാൻ.

ഞാൻ യേശുവിനെ ഉപദ്രവിച്ചിട്ടില്ലെങ്കിലും യേശുവിന്റെ സാക്ഷികളെയും ഭക്തന്മാരെയും യേശുവിന്റെ വേലക്കാരേയും ഉപദ്രവിച്ചിട്ടുണ്ട്. ഇപ്പോൾ ഞാൻ പോകുന്നതോ, ദമസ്കോസിൽ അനന്യാസ് എന്നൊരാളുടെ വീട്ടിലേക്കാണ്. ഭക്തന്മാരായ ഏതാനും ആളുകൾ അവിടെ പ്രാർത്ഥിക്കാൻ കൂടി വന്നിട്ടുണ്ട്. അവരെ പിടിച്ചുകെട്ടിക്കൊണ്ട് വരാനുള്ള അധികാരപത്രവുമായാണ് ഞാൻ വന്നിരിക്കുന്നത്. ശൗൽ ഓർത്തു.

ക്രിസ്തുവിശ്വാസികളെ പീഡിപ്പിക്കുന്ന ഭയാനകമായ ദുരിതത്തിന്റെ കാലം ഒന്നാം നൂറ്റാണ്ടു മുതലേ ഉണ്ട്. ഇന്നു

മുണ്ട്. ക്രിസ്തുവിശ്വാസികളെ പീഡിപ്പിക്കുന്ന അന്നത്തെ സമൂഹത്തിന്റെ നേതാവായിരുന്നു ഈ ശൗൽ. എന്നാൽ ശൗൽ ഇപ്പോൾ ക്രിസ്തുവിന്റെ ശബ്ദം കേട്ടു. അതൊരു അത്ഭുതമായിരുന്നു!

നിങ്ങളിൽ അനേകംപേർ ഉള്ളം നൊന്തു കലങ്ങി വിഷമിച്ചു കഴിയുന്നവരാണ്. പുറമേ കരയുന്നില്ലെങ്കിലും അകം കരഞ്ഞുകൊണ്ടിരിക്കുന്നവരാണ്. എന്നാൽ യേശുക്രിസ്തുവിനെ കണ്ടുമുട്ടിയാലുണ്ടാകുന്ന മാറ്റം എന്തെന്ന് വേദപുസ്തകത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. നമ്മുടെ അനുഭവത്തിൽ നിന്നും നമുക്കത് മനസ്സിലാക്കാൻ സാധിക്കും.

നൂറ്റാണ്ടുകൾക്ക് മുമ്പ് ദമസ്ക്കോസ് റോഡിൽ വച്ച് ശൗലിനോട് സംസാരിച്ച അതേ പരിശുദ്ധാത്മാവിന്റെ സ്വരം തന്നെയാണ് ഇന്ന് നിങ്ങൾ കേൾക്കുന്നത്. സംസാരിക്കുന്നത് ക്രിസ്തുവിന്റെ ആത്മാവാണ്. എവിടെയും എല്ലാക്കാലത്തും വ്യാപരിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിന്റെ ആത്മാവ്! പരിശുദ്ധാത്മാവ് പറയുന്നു: "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്?"

അനേകരിന്ന് അറിഞ്ഞോ അറിയാതെയോ ക്രിസ്തുവിനെ ഉപദ്രവിക്കുകയാണ്. നാം അനേകരെ സമാധാനത്തിലേക്ക് നയിക്കാനുള്ളവരാണ്. നാം മൂലം അനേകർ രക്ഷ കണ്ടെത്തേണ്ടതാണ്. കാരണം, ഈ ഭൂമിയിലെ ജീവിതം താത്ക്കാലികമാണ്. എത്ര നാളുകൾ നാമീ ഭൂമിയിൽ ജീവിച്ചാലും നമ്മുടെ ജീവിതം ക്രിസ്തുവിന് പ്രയോജനപ്പെടണം. ഒരു നിമിഷം പോലും നമുക്ക് നഷ്ടപ്പെടാൻ പാടില്ല.

നേരെമറിച്ച്, നാം ഇന്ന് ക്രിസ്തുവിനെ ഉപദ്രവിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ഈ ശരീരം ക്രിസ്തുവിന്റെ ആലയമാണ്. ഈ ശരീരം ക്രിസ്തുവിന്റെ മന്ദിരമാണ്. നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽ ക്രിസ്തു വസിക്കാൻ

ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിന് ഇടം കൊടുത്തില്ലെങ്കിൽ നാം നിത്യാന്ധകാരത്തിലേക്ക് പോകുമെന്നത് ഒരു പരമസത്യമാണ്.

ഈ ആലയം വിശുദ്ധമായി സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ഈ ആലയത്തിൽ അഴുക്ക് വരാൻ പാടില്ല. ഈ വായിൽ മദ്യം പകരാൻ പാടില്ല. ഈ ആലയം അശുദ്ധമായിപ്പോകും. വേദപുസ്തകം പറയുന്നു, എന്റെ ആലയം അശുദ്ധമാക്കുന്നവനെ ഞാൻ നശിപ്പിക്കും എന്ന്.

> *"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നേ."*
>
> *1 കൊരിന്ത്യർ 3 : 16, 17*

നമ്മുടെ ശരീരം, നമ്മുടെ മനസ്സ്, നമ്മുടെ ആളത്വം വിശുദ്ധമായി നാം സൂക്ഷിച്ചില്ലെങ്കിൽ നമുക്ക് ശിക്ഷ വരും. ആ ശിക്ഷയാണ് ഇഹത്തിൽ നാം ഏൽക്കുന്ന പല ശാപങ്ങളും പല ദോഷങ്ങളും, കടന്നുചെല്ലുമ്പോൾ ലഭിക്കുന്ന നിത്യാഗ്നിയും. ഇവിടെയും സമാധാനം കിട്ടുകയില്ല, കടന്നുചെല്ലുമ്പോഴും സമാധാനം കിട്ടുകയില്ല. തീരാദുരിതം!

കർത്താവ് പറഞ്ഞ ധനവാന്റെയും ലാസറിന്റേയും സംഭവത്തിൽ, ധനവാൻ കടന്നുപോയശേഷം പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ ഒരു തുള്ളിവെള്ളത്തിനു വേണ്ടി കരയുകയാണ്.

അബ്രാഹാം പിതാവേ, എന്നോടു കരുണയുണ്ടാകണമേ. ആ ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന് അവനെ ഒന്നിങ്ങോട്ട് അയയ്ക്കണമേ എന്ന് ആ ധനവാൻ യാചിക്കുകയാണ്. നരകത്തിൽ ചെല്ലുമ്പോൾ അവിടെ നിത്യമായ ദാഹമാണ്.

ഈ ലോകത്തിൽ ജീവിക്കുമ്പോൾ ഈ ശരീരം നാം അശുദ്ധിക്ക് വിട്ടുകൊടുക്കരുത്; മദ്യത്തിന് വിട്ടുകൊടുക്കരുത്; കഞ്ചാവിനും സിഗരറ്റിനും വിട്ടുകൊടുക്കരുത്; അശുദ്ധമായ ചിത്രങ്ങൾ കാണാൻ നമ്മുടെ കണ്ണിനെ വിട്ടുകൊടുക്കരുത്. ദൈവം തന്നത് വിശുദ്ധമായ കണ്ണുകളാണ്. ദൈവത്തിന്റെ വചനം വായിക്കാനും ധ്യാനിക്കാനും ദൈവത്തിന്റെ തിരുമുഖശോഭ കാണുവാനുമുള്ള കണ്ണുകളാണിത്.

ഈ നാവ് യേശുവിനെ സ്തുതിക്കാനും വചനം പറയാനുമുള്ളതാണ്. ഈ നാവുകൊണ്ട് അശുദ്ധമായ വാക്കുകൾ പറയാൻ പാടില്ല. അബദ്ധങ്ങൾ പറയാൻ പാടില്ല. നുണ പറയാൻ പാടില്ല. പരിഹസിക്കാൻ പാടില്ല. പരദൂഷണം പറയാൻ പാടില്ല. ഈ നാവ് വിശുദ്ധമാണ്. ദൈവത്തിന്റെ ആലയമാണ്. ദൈവത്തിന്റെ മന്ദിരമായതുകൊണ്ട് നാം നമ്മുടെ ശരീരത്തെ വിശുദ്ധമായി സൂക്ഷിക്കേണ്ടതാണ്. എന്റെ ആലയത്തെ അശുദ്ധമാക്കുന്നവനെ ഞാൻ നശിപ്പിക്കും എന്ന് കർത്താവ് പറയുന്നു. നാം ഇതെല്ലാം പാലിക്കുന്നുണ്ടോ?

“ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്” എന്ന ശബ്ദം ശൗൽ കേട്ടു. ശൗൽ, കിടന്ന കിടപ്പിൽ: “നീ ആരാകുന്നു കർത്താവേ?” എന്നു ചോദിച്ചു. അപ്പോൾ കിട്ടിയ മറുപടി: “നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.” ഇത്രയും കാലം നീയെന്നെ ഉപദ്രവിച്ചു, നീയെന്നെ വേദനിപ്പിച്ചു. എന്നാൽ ഇപ്പോൾ നീയൊരു കാര്യം ചെയ്യൂ. എഴുന്നേറ്റു നിവർന്നു നില്ക്ക. എഴുന്നേൽക്കാൻ പറയുന്നു, നിവർന്ന് നിൽക്കാൻ പറയുന്നു.

നിങ്ങളിൽ അനേകംപേർ നിവർന്നുനില്ക്കാൻ വയ്യാതെ കിടക്കുകയാണ്. ഭാരങ്ങൾകൊണ്ട് നിവർന്നുനില്ക്കാൻ വയ്യാത്തവരുണ്ട്. രോഗങ്ങൾ കൊണ്ട് നിവർന്നുനില്ക്കാൻ വയ്യാത്തവരുണ്ട്. ആകുലങ്ങളിലും ദു:ഖങ്ങളിലും നട്ടം തിരിയുന്ന മനുഷ്യൻ ഇന്ന് നിവർന്ന് നിൽക്കാൻ സാധിക്കാതെ കുനിഞ്ഞ് നടക്കുകയാണ്. അവർ ഈ ഭൂമിയിലെ കാര്യങ്ങൾ മാത്രമേ

അന്വേഷിക്കുന്നുള്ളൂ. ഒരിടത്തും സമാധാനം കിട്ടുന്നില്ല.

സമാധാനം കിട്ടുമെന്നോർത്ത് തീർത്ഥയാത്ര ചെയ്ത് നോക്കും. അതല്ലെങ്കിൽ പള്ളിയിൽ പെരുന്നാൾ ഏറ്റുകഴിച്ച് നോക്കും. വഴിപാടുകളും പല പുണ്യപ്രവൃത്തികളും ചെയ്തു നോക്കും. ഇതൊന്നുകൊണ്ടും സമാധാനം കിട്ടാതെ മനുഷ്യൻ വലയുകയാണ്.

'എഴുന്നേറ്റ് നിവർന്ന് നിൽക്ക' എന്ന് കർത്താവ് പറയുന്നു. ഇന്ന് തളർന്നിരിക്കുന്നവർ, വാടിയിരിക്കുന്നവർ, അപകർഷ താബോധംകൊണ്ട് തലകുനിഞ്ഞ് പോയവർ അവരോടെല്ലാം എഴുന്നേൽക്കാൻ കർത്താവ് പറയുന്നു.

എനിക്ക് അപകർഷതാബോധമുണ്ടായിരുന്നു. പതിനേഴ് വയസ്സുവരെ ഞാൻ ദുഃഖം പേറി നടന്നു. ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചു. മുപ്പതാമത്തെ വയസ്സിൽ വിധവയായ എന്റെ അമ്മ കരയുന്നത് കണ്ട് ഞാനും കരയുമായിരുന്നു. ആരോരും തുണയില്ലാത്ത വിധത്തിൽ വളരെ വലഞ്ഞാണ് ഞങ്ങൾ കഴി ഞ്ഞത്. നെൽകൃഷിയുണ്ടായിരുന്നതുകൊണ്ട് ആഹാരത്തിന് ദാരിദ്ര്യമുണ്ടായിരുന്നില്ല. വേലക്കാരൊക്കെ ഉണ്ടായിരുന്നു. പക്ഷേ, പെട്ടെന്നായിരുന്നു അപ്പന്റെ മരണം. അപ്പന് ബിസിന സ്സുണ്ടായിരുന്നു. അപ്പൻ മരിച്ചതോടുകൂടി എല്ലാം തകർന്നു. വളർന്നു വന്ന കുടുംബം പെട്ടെന്ന് താണുപോയി.

അപകർഷതാബോധംകൊണ്ട് ഞങ്ങളുടെ മുഖം താണു പോയിരുന്നു. ദുഃഖവും ഭാരവും പേറി വർഷങ്ങൾ ഞാൻ കഴി ഞ്ഞു. എന്നാൽ പതിനേഴാമത്തെ വയസ്സിൽ ഒരത്ഭുതം നടന്നു. ഞാൻ ദൈവത്തിന്റെ വചനം കേട്ടുകൊണ്ടിരുന്നു. വചനം കേട്ടുകൊണ്ടിരുന്നപ്പോൾ ആ ദൈവദാസൻ പറഞ്ഞവാക്കു കൾ എന്റെ ഉള്ളത്തിൽ തൊട്ടു.

അന്ന് ഞാൻ പറഞ്ഞു: കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. എന്റെ ഹൃദയം ചീഞ്ഞിരിക്കുന്നത് എനിക്ക് മന സ്സിലായി. അകത്ത് തിന്മയുണ്ട്. അകത്ത് പകയുണ്ട്,

വിദ്വേഷമുണ്ട്, അസൂയയുണ്ട്, സ്വാർത്ഥതയുണ്ട്. ഇതെല്ലാം അപ്പോഴാണ് എനിക്ക് തെളിഞ്ഞുവരുന്നത്. ഇങ്ങനെയെല്ലാമുള്ള മനുഷ്യന് നിവർന്നുനില്ക്കാനുള്ള യോഗ്യതയില്ലായിരുന്നു. പക്ഷേ, അന്ന് വചനം കേട്ടപ്പോൾ ഞാൻ തീരുമാനിച്ചു. കർത്താവേ, ഞാൻ ഇന്നുമുതൽ നിന്റെ അടിമ.

അന്ന് യേശുക്രിസ്തു എന്റെ ഉള്ളത്തിലേക്ക് എഴുന്നള്ളിവന്നു. യേശു എന്റെ ഹൃദയത്തിൽ ഇരിപ്പുറപ്പിച്ചു. ഈ കണ്ട വർഷങ്ങളെല്ലാം യേശു എന്നെ കരംപിടിച്ച് നടത്തി. ഞാൻ യേശുവിന്റെ വേലക്കാരനായി മാറി. വടവുകോട് രാജർഷി സ്ക്കൂളിൽ പഠിപ്പിച്ചിരുന്നുകാലത്ത് ഞാനൊരു സുവിശേഷകനായിരുന്നു. നാലുമണിക്ക് ക്ലാസ് കഴിഞ്ഞതിനുശേഷം ഞാൻ ബൈബിൾ ക്ലാസ്സ് എടുത്തിരുന്നു. കോളേജിൽ അദ്ധ്യാപകനായിരുന്ന ആദ്യ കാലങ്ങളിൽ ഞാൻ ബൈബിൾ ക്ലാസ്സ് എടുത്തിരുന്നു.

ക്രിസ്തു എന്റെ ഹൃദയത്തിലേക്ക് വന്നതോടുകൂടി ഞങ്ങളുടെ കുടുംബം പ്രകാശമുള്ളതായിത്തീർന്നു. അമ്മയുടേയും പെങ്ങളുടേയും മുഖത്ത് പ്രകാശം വന്നു. എന്റെ ഹൃദയത്തിലും പ്രകാശം വന്നു. കുടുംബത്തിൽ സമാധാനമായി.

ഇന്ന് നിങ്ങൾ എഴുന്നേറ്റ് നിവർന്ന് നിൽക്ക. ഇതുവരെയും ക്രിസ്തുവിനെ വേദനിപ്പിച്ചു, ശരിയാണ്. ഓരോ അവയവവുംകൊണ്ട് ക്രിസ്തുവിനെ വേദനിപ്പിച്ചു. പ്രാകുന്ന വാക്കുകൾ, ചീത്ത വാക്കുകൾ, എന്തെല്ലാം വന്നു? എന്നാൽ കർത്താവായ യേശുക്രിസ്തു സ്നേഹത്തോടെ പറയുന്നു: “എഴുന്നേറ്റ് നിവർന്ന് നില്ക്ക.”

ഇത്രയുംകാലം നീ എന്നെ ഉപദ്രവിച്ചു. ശരീരത്തെ മലിനമാക്കി. എന്നാൽ ഇപ്പോൾ നീ എഴുന്നേറ്റ് നിവർന്ന് നില്ക്ക. മദ്യപാനത്തോട് യാത്ര പറയുക. ചീത്ത കൂട്ടുകെട്ടുകളോട് യാത്ര പറയുക. വെറിക്കൂത്തിനോട് യാത്രപറയുക. ചീട്ടുകളിസംഘ

ത്തോട് യാത്രപറയുക. ചീത്തപ്പടങ്ങൾ കാണുന്ന രംഗങ്ങളോട് യാത്രപറയുക. എല്ലാമെല്ലാം വിട്ട് കളയുക. ഇന്ന് കർത്താവിന്റെ കൃപ നിങ്ങളെ സന്ധിക്കുകയാണ്. കർത്താവ് നിങ്ങളെ വിളിക്കുകയാണ്. എഴുന്നേൽക്കുക എന്നാണ് പറയുന്നത്. എഴുന്നേൽക്കാൻ മനസ്സുണ്ടോ? എഴുന്നേറ്റ് നിവർന്ന് നില്ക്ക.

> *"ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേൽക്ക; എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിയ്ക്കും." എഫേസ്യർ 5 : 14*

ക്രിസ്തുവിന്റെ പ്രകാശം കിട്ടുവാനായി നിങ്ങൾ എഴുന്നേൽക്കുക. എഴുന്നേറ്റ് നിവർന്ന് നില്ക്കുക. ആ ഒരു തീരുമാനം നിങ്ങൾ എടുക്കുക. നിങ്ങളുടെ അരികത്തേക്ക് യേശു വന്നിട്ടുണ്ടെന്ന് വിശ്വസിക്കുക. യേശു നിങ്ങളുടെ ഇടയിലുണ്ട്. യേശുവിനോട് എല്ലാം തുറന്ന് പറഞ്ഞാൽ നിനക്കു മോചനം കിട്ടും.

നിങ്ങൾ യേശുവിനോട് തുറന്നുപറയുക. കർത്താവേ, ഒരു പുതിയ ജീവിതം നയിക്കാൻ, പ്രകാശമുള്ള ജീവിതം നയിക്കാൻ, സമാധാനസമൃദ്ധിയുള്ള സന്തോഷജീവിതം നയിക്കാൻ എനിക്കാഗ്രഹമുണ്ട്. നാഥാ! നീ അതെനിക്ക് തരണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കുക. ദൈവകരങ്ങളിലേക്ക് നിങ്ങളെ ഏല്പിക്കുക. ശൗലിനെ ദൈവം വിളിച്ചു, എഴുന്നേറ്റ് നിവർന്നു നില്ക്ക എന്നു പറഞ്ഞു. ശൗൽ എഴുന്നേറ്റ് നിവർന്ന് നിന്നു. ആ ശൗലാണ് സെന്റ് പോൾ ആയി മാറിയത്; പൗലോസ് ശ്ലീഹാ ആയി മാറിയത്.

മാറ്റം വരും! അത്ഭുതങ്ങൾ നടക്കും! ദൈവത്തിന്റെ കല്പന അനുസരിച്ച് നാം പ്രവർത്തിച്ചാൽ തീർച്ചയായും അനുഗ്രഹം നമ്മുടെ ജീവിതത്തിൽ ലഭിയ്ക്കും. നാം ഏതെല്ലാം ക്ഷീണാവസ്ഥയിലാണെങ്കിലും താണനിലവാരത്തിലാണെങ്കിലും നമ്മെ ഉയർത്താൻ കർത്താവായ യേശുക്രിസ്തുവിന്

കഴിയും.

അപകർഷതാബോധംകൊണ്ട് തലകുനിഞ്ഞ് പോയവർക്ക് തല നിവർത്താം, പേടിക്കേണ്ട. നിങ്ങളുടെ ക്ഷീണങ്ങൾ കർത്താവ് മാറ്റിത്തരും. കർത്താവ് നിങ്ങൾക്ക് ശോഭനമായ ഭാവിതരും. ആനന്ദൈശ്വര്യമെഴുന്ന മാസങ്ങളും ആണ്ടുകളും നിങ്ങൾക്ക് തരും. കർത്താവ് നിങ്ങളെ അനുഗ്രഹിക്കും.

# അഞ്ച്

*“നീ തൂണിനെ അഭിഷേകം ചെയ്കയും എന്നോടു നേർച്ച നേരുകയും ചെയ്ത സ്ഥലമായ ബേഥേലിന്റെ ദൈവം ആകുന്നു ഞാൻ. ആകയാൽ നീ എഴുന്നേറ്റ് ഈ ദേശം വിട്ടു നിന്റെ ജന്മദേശത്തേക്കു മടങ്ങിപ്പോക എന്നു കല്പിച്ചിരിക്കുന്നു.”*

*ഉല്പത്തി 31: 13*

നീ എഴുന്നേറ്റ് നിന്റെ ജന്മദേശത്തേക്കു മടങ്ങിപ്പോക.

ദൈവം യാക്കോബിനോട് പറയുകയാണ്, എഴുന്നേറ്റ് മടങ്ങിപ്പോക. അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിന്റെ മകനായ യാക്കോബിനോടാണ് പറയുന്നത്. നിന്റെ ദൈവത്തിന് നീ നേർച്ച കഴിച്ചു, നല്ലത്. പക്ഷേ, നീ ഇവിടെത്തന്നെ പാർത്താൽ പോരാ; നീ എഴുന്നേറ്റ് നിന്റെ ജന്മദേശത്തേക്കു മടങ്ങിപ്പോകണം. എന്താണങ്ങനെ പറയാൻ കാരണം?

യാക്കോബ് ഇരുപത് വർഷം മുമ്പ് ജന്മദേശം വിട്ട്, വീടുവിട്ട് പുറപ്പെട്ടുപോന്നതാണ്. ആരും കാണാതെയോ അറിയാതെയോ പോന്നതല്ല. അമ്മ റിബേക്കാ, നേരം വെളുക്കുന്നതിന് മുമ്പ് ഇളയ മകൻ യാക്കോബിനെ തട്ടിയുണർത്തി, ഒരു തുരുത്തി വെള്ളവും ഒരു പൊതിയിൽ കുറച്ച് അപ്പവും കൊടുത്ത് അവനെ യാത്ര അയച്ചു. ജ്യേഷ്ഠൻ ഏശാവ് യാക്കോബിനെ കൊല്ലുമെന്ന് ഭയന്ന് അറേബ്യൻ മരുഭൂമിയിൽക്കൂടി ചേട്ടൻ പുറകെ വരുന്നുണ്ടോ എന്ന് ഭയപ്പെട്ട് യാക്കോബ് ഓടുകയാണ്.

അറുന്നൂറ് നാഴിക ദൂരം അവൻ ഓടി മെസപ്പൊട്ടോമിയൻ സമതലത്തിൽ എത്തി. മരുഭൂമിയിൽ വച്ച് അവനൊരു അത്ഭുതസംഭവം കണ്ടു. ബേഥേലിൽ എത്തിയപ്പോൾ അവൻ തളർന്ന് അവശനായി കല്ലിന്മേൽ തലവച്ച് കിടന്നുറങ്ങി. അപ്പോഴാണ് സ്വർഗ്ഗത്തിലെ ദൈവം യാക്കോബേ, യാക്കോബേ എന്ന് വിളിച്ച് അവന് പ്രത്യക്ഷനായത്.

അവൻ നോക്കിയപ്പോൾ സ്വർഗ്ഗത്തോളം എത്തുന്ന ഒരു ഗോവണി. ആ ഗോവണിയിൽക്കൂടി മാലാഖമാർ കയറുന്നു, ഇറങ്ങുന്നു. അവൻ അത്ഭുതപ്പെട്ടു. അവന് മനസ്സിലായി ഞാൻ ഏകനാണെന്ന് വിചാരിച്ച് ഓടിക്കൊണ്ടിരുന്നപ്പോഴും എന്റെ കൂടെ മാലാഖമാർ ഉണ്ടായിരുന്നു. ആരുമില്ലല്ലോ എന്നെ സഹായിക്കാൻ എന്നു പറഞ്ഞ് ഞാൻ ഓടിക്കൊണ്ടിരുന്നപ്പോൾ സ്വർഗ്ഗത്തിലെ ദൈവം തന്റെ മാലാഖമാരെ എന്റെ കാവലിനായി അയച്ചിരുന്നു. എന്റെ ദൈവമേ, നിനക്കു സ്തുതി.

യാക്കോബ് അവിടെ വച്ച് ദൈവത്തിന്റെ ശബ്ദം കേട്ടു. ദൈവം യാക്കോബിനോട് സംസാരിച്ചു. യാക്കോബിന് ഏഴ് വാഗ്ദത്തങ്ങൾ ദൈവം കൊടുത്തു. അപ്പോൾ യാക്കോബ് അവിടെവച്ച് ഒരു നേർച്ച നേർന്നു. തന്നെത്തന്നെ യാഗമായി അർപ്പണം ചെയ്തു. അതിന്റെ പ്രതീകമായി ഒരു യാഗപീഠം പണിതു. യാക്കോബ് കല്ലിന്മേൽ എണ്ണ ഒഴിച്ച് അവിടെ തീ കത്തിച്ച് ദൈവത്തോട് ഉടമ്പടി ചെയ്തു.

നാഥാ! ഇന്നുമുതൽ ഞാൻ നിന്റെ വകയായിരിക്കും. ഓരോ മനുഷ്യന്റെയും ജീവിതത്തിൽ അങ്ങനെയൊരു സംഭവം നടക്കണം. ഞാൻ ഇന്നുമുതൽ നിന്റെ വക. ഈയൊരു സമർപ്പണം വന്നാൽ രക്ഷപ്പെടും. നിങ്ങളൊന്നു പരീക്ഷിച്ചു നോക്കൂ. കർത്താവേ, ഞാൻ മേലിൽ പാപം ചെയ്യുകയില്ല. അരുതാത്ത വഴിക്ക് പോവുകയില്ല. ഞാൻ വഞ്ചന ചെയ്യുകയില്ല. ചതി ചെയ്യുകയില്ല. ആരേയും ഞാൻ വേദനിപ്പിക്കില്ല. മനസ്സറിഞ്ഞ് ഞാനൊരു ദ്രോഹം ചെയ്യുകയില്ല. കഴിവുള്ള ഉപകാരം ഞാൻ ചെയ്യും. ഇങ്ങനെ തീരുമാനിക്കാൻ പറ്റുമെങ്കിൽ

തീർച്ചയായും നിങ്ങൾക്ക് അനുഗ്രഹം തുടങ്ങാം. ദൈവം നിങ്ങളുടെ ജീവിതത്തിൽ അത്ഭുതം തുടങ്ങും.

യാക്കോബ് തൂണിനെ അഭിഷേകം ചെയ്തു. നേർച്ച നേർന്നു.

*"നീ തൂണിനെ അഭിഷേകം ചെയ്കയും എന്നോടു നേർച്ച നേരുകയും ചെയ്ത സ്ഥലമായ ബേഥേലിന്റെ ദൈവം ആകുന്നു ഞാൻ." ഉല്പത്തി 31 : 13*

ഇരുപത് വർഷം മുമ്പ് യാക്കോബ് ദൈവത്തോട് ഒരു സമർപ്പണം പറഞ്ഞു. അത് ദൈവം കേട്ടു. ഈക്കണ്ടകാലങ്ങളൊക്കെയും ദൈവം യാക്കോബിനെ നടത്തിക്കൊണ്ടുവന്നു. അമ്മയുടെ ഗർഭത്തിൽ ഉരുവാകുന്നതിനുമുമ്പേ ദൈവം യാക്കോബിനെ അറിഞ്ഞിരുന്നു.

"പുഴുവായ യാക്കോബേ, യിസ്രായേൽ പരിഷയേ, നീ ഭയപ്പെടേണ്ട, ഞാൻ നിന്നോട് കൂടെയുണ്ട്." യാക്കോബേ, നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്നെ ഓമനപ്പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നിന്റെ അമ്മയുടെ ഗർഭത്തിൽ നീ ഉരുവാകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു.

സ്വർഗ്ഗത്തിലെ ദൈവം നമ്മെ അറിയുന്നുണ്ട്. ദൈവം നമ്മെ കാണുന്നുണ്ട്. നമ്മുടെ കഴിഞ്ഞകാല ജീവിതങ്ങൾ ദൈവത്തിന് അറിയാം. സ്വന്തം മാതാവിന്റെ ഗർഭത്തിൽ ഉരുവാകുമ്പോൾ മുതലേ ദൈവത്തിന്റെ കണ്ണ് നമ്മെ കണ്ടുകൊണ്ടിരുന്നു. മാത്രമല്ല, അവിടെ വച്ചേ ദൈവം നമ്മെ തിരഞ്ഞെടുത്തു. അത് ചെറിയ കാര്യമല്ല. ദൈവം നമ്മെ തിരഞ്ഞെടുത്തു. നമ്മെ ദത്തെടുത്തു.

ഒരു ദൈവമുണ്ട്. ഈ അണ്ഡകടാഹത്തെ മെനഞ്ഞ ഒരു ദൈവം! എണ്ണിയാൽ തീരാത്ത നക്ഷത്രങ്ങൾ ഈ പ്രപഞ്ചത്തിലുണ്ട്. ധാരാളം ഗ്രഹങ്ങളുണ്ട്. ഇതെല്ലാം മെനഞ്ഞവനായ ഒരു ദൈവം ജീവിക്കുന്നു! ആ ദൈവം നിങ്ങളെ വ്യക്തിപര

മായി അറിയുന്നു! നിങ്ങളുടെ വേദനകൾ അറിയുന്നു! നിങ്ങളുടെ ഭാരങ്ങൾ അറിയുന്നു! നിങ്ങളുടെ ജീവിതം എന്താണെന്ന് അറിയുന്നു! നിങ്ങളുടെ ഭാവി എന്തായിരിക്കും എന്ന് കാണുന്നു! കർത്താവ് എല്ലാം കാണുന്നു!

കർത്താവ് പറയുന്നു: ഇപ്പോൾ നീ പോകുന്ന പോക്ക് അപകടത്തിലേക്കാണ്. അതുകൊണ്ട് നീ മനംതിരിയുക. എങ്കലേക്ക് തിരിഞ്ഞുവരിക. നീ എഴുന്നേറ്റ് മടങ്ങിപ്പോക. ബേഥേലിലേക്ക് മടങ്ങിപ്പോക. ഇരുപത്വർഷം മുമ്പ് എന്നോട് സമർപ്പണം പറഞ്ഞ സ്ഥലമായ ബേഥേലിലേക്ക് നീ മടങ്ങിപ്പോക.

നിങ്ങൾ എന്നെങ്കിലും ദൈവത്തോട് ഒരു വാക്കു പറഞ്ഞിട്ടുണ്ടോ? ദൈവത്തോട് വാക്കുപറയാൻ നിങ്ങൾക്കു തോന്നിയിട്ടുണ്ടോ? ദൈവത്തോട് ഒരു നേർച്ച നേർന്നിട്ടുണ്ടോ? നേർച്ച എന്നു പറയുന്നത് നമ്മുടെ ദേഹവും ദേഹിയും ആത്മാവും വഴിപാടായി അർപ്പിക്കുന്നതാണ്. നമ്മെത്തന്നെ നേർച്ചയായി അർപ്പിക്കുന്നതാണ്. എന്നെയും എനിക്കുള്ളതിനെയും ഞാൻ യാഗമായി അർപ്പിക്കുന്നു.

അതാണ്, പടകും വലയും വിട്ട് അനുഗമിക്കുക എന്നു പറയുന്നത്. എല്ലാം വിട്ട് യേശുവിന്റെ പിറകെ പോകുന്നു. നിങ്ങൾ വീടു വിടണമെന്നോ ജോലി വിടണമെന്നോ അല്ല പറഞ്ഞത്. ഞാൻ ജോലി ചെയ്തുകൊണ്ട് തന്നെയാണ് കർത്താവിന്റെ വേല ചെയ്തത്. മുപ്പത്തിമൂന്നു വർഷം ഞാൻ കോളേജിൽ അദ്ധ്യാപകനായി ജോലി ചെയ്തു. അതിനുമുമ്പ് ഒൻപതുകൊല്ലം വടവുകോട്, രാജർഷി ഹൈസ്ക്കൂളിൽ ജോലി ചെയ്തു. ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെ ഞാൻ ദൈവത്തിന്റെ വേല ചെയ്തു. ഇന്നും കർത്താവിന്റെ വേല ചെയ്യാനുള്ള ആയുസ്സും ആരോഗ്യവും എനിക്ക് തന്നിരിക്കുന്നു.

യേശുക്രിസ്തു ജീവിക്കുന്നുണ്ട്. നിങ്ങളുടെ രോഗക്കിടക്ക അവൻ മാറ്റിവിരിയ്ക്കും. മരണക്കിടക്കയിൽനിന്ന് നിങ്ങളെ പിടിച്ചെഴുന്നേല്പിക്കും. നിങ്ങളുടെ ഭാരങ്ങൾ അവൻ മാറ്റി

ത്തരും. നിങ്ങളുടെ ആകുലങ്ങൾ നീക്കിത്തരും. നിങ്ങളുടെ തോരാക്കണ്ണീർ അവൻ തുടച്ചുതരും. തീരാവേദനകളും മാറാവ്യാധികളും മാറ്റിത്തരും. നിങ്ങൾ വിശ്വസിക്കുക.

ഈ അണ്ഡകടാഹം മുഴുവന്റെയും സ്രഷ്ടാവും നിയന്താവുമായ കർത്താവായ യേശുക്രിസ്തു. അവൻ നിങ്ങളുടെ ഓരോരുത്തരുടേയും അവസ്ഥ വ്യക്തിപരമായി അറിയുന്നു. ഓരോരുത്തരേയും വ്യക്തിപരമായി അറിയുന്നു. അത് നിങ്ങൾ മറക്കരുത്. യേശുക്രിസ്തു നിങ്ങളെ സ്നേഹിക്കുന്നു. യേശുക്രിസ്തുവിന് നിങ്ങളോട് വഴക്കില്ല.

യേശുക്രിസ്തു, നീ പാപം ചെയ്തവനല്ലേ എന്ന് നിങ്ങളോട് ചോദിക്കുന്നില്ല. നീ കഴിഞ്ഞകാല ജീവിതത്തിൽ മോശമായി ജീവിച്ചവനല്ലേ എന്ന് ചോദിക്കുന്നില്ല. കർത്താവ് ഒന്നു മാത്രമേ ചോദിക്കുന്നുള്ളൂ. ഇനിയെന്ത്?

“പോക ഇനി പാപം ചെയ്യരുത്” എന്നാണ് കർത്താവ് പറയുന്നത്.

നീ ഒരിക്കൽ എന്നോടു വാക്ക് പറഞ്ഞല്ലോ. നീ എന്നോട് വ്യക്തമായി ഒരു സമർപ്പണം പറഞ്ഞല്ലോ. ആ ബേഥേലിന്റെ ദൈവമാണ് ഞാൻ.

നീ എഴുന്നേറ്റ് പുറപ്പെട്ട് ബേഥേലിലേയ്ക്ക് മടങ്ങിപ്പോക. അന്നത്തെ അനുഭവത്തിലേക്ക് നീ മടങ്ങിപ്പോക. അന്ന് നിങ്ങൾ സമർപ്പിച്ചപ്പോൾ ഒരു അനുഭവം കിട്ടിയല്ലോ. ജീവിതം കർത്താവിന് കൊടുത്തപ്പോൾ ഒരു സന്തോഷം കിട്ടിയില്ലേ? അങ്ങനെ സന്തോഷം കിട്ടിയ അനേകർ സന്തോഷം നഷ്ടപ്പെട്ടവരായി ഇരിക്കുന്നുണ്ട്. ഒരിക്കൽ സമർപ്പണത്തിന്റെ സന്തോഷത്തിൽ മതിമറന്ന് ദൈവത്തെ സ്തുതിച്ച ദൈവമക്കൾ അനേകർ ഇന്ന് നിശ്ചലരായി, ചൈതന്യം കെട്ടവരായി ഇരിക്കുകയാണ്.

ഒരു സമയത്ത് ദൈവത്തിന്റെ കൃപ ലഭിച്ചവർ, കൃപ

വൃഥാവിലാക്കിക്കളഞ്ഞു. എന്നാൽ ഇന്ന് പുതുതായി ഒരു സമർപ്പണം എടുക്കാൻ നിങ്ങൾക്ക് സാധിക്കുമോ? 'എണ്ണ പകർന്നു' എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം സ്നേഹം പകർന്നു എന്നാണ്. എണ്ണ സ്നേഹമാണ്. തൂണിനെ അഭിഷേകം ചെയ്തിട്ട് തൂണിന്മേൽ എണ്ണ പകർന്ന ബേഥേലിന്റെ ദൈവമാകുന്നു ഞാൻ.

നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിനോടുള്ള സ്നേഹം പകരൂ. ഇപ്പോൾ അതിന് നിങ്ങൾ വേറെ എങ്ങും ഓടിപ്പോകേണ്ട കാര്യമില്ല. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വരണമെന്നുപോലും ഇല്ല. ഈ വേദപുസ്തകം മതി നിങ്ങൾക്ക് എണ്ണ ലഭിക്കാൻ. ഈ വേദപുസ്തകം വായിച്ചാൽ നിങ്ങൾക്ക് പരിശുദ്ധാത്മാവിന്റെ വചനം കിട്ടും. നിങ്ങൾ ആരോടും പറയാൻ പോകേണ്ട കാര്യമില്ല. നിങ്ങൾ എന്റെ അടുത്തേക്കു വരണ്ട. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലെ യോഗങ്ങളിലേക്കും വരണമെന്നില്ല. വന്നാൽ നല്ലത്; നിങ്ങൾക്ക് സത്യവചനം, മാറ്റമില്ലാത്ത നിത്യജീവന്റെ വചനം കേൾക്കാം.

ഒരു കൂട്ടായ്മയല്ല നിങ്ങളെ രക്ഷിക്കുന്നത്. ഒരു മനുഷ്യനും നിങ്ങളെ രക്ഷിക്കുകയില്ല. ഒരു മനുഷ്യനും നിങ്ങളെ വീണ്ടെടുക്കുകയില്ല. ഒരു മനുഷ്യനും നിങ്ങൾക്ക് സ്വർഗ്ഗം തരികയില്ല. ഒരു മനുഷ്യനും നിങ്ങളുടെ പാപങ്ങൾ മോചിക്കുകയില്ല. പാപം മോചിക്കുന്നവനും രക്ഷ തരുന്നവനും ഒരേ ഒരു വ്യക്തിയാണ്. അത് കർത്താവായ യേശുക്രിസ്തു മാത്രം! യേശുക്രിസ്തുവിലേക്ക് നിങ്ങൾ നോക്കുക. അവങ്കലേക്ക് നിങ്ങൾ മടങ്ങിവരിക.

മാമോദീസായിൽ എടുത്ത സമർപ്പണത്തിലേക്ക് നിങ്ങൾ മടങ്ങിവരിക. മാമോദീസായിൽ ശിശു, തലതൊട്ടപ്പന്റെയോ തലതൊട്ടമ്മയുടെയോ സഹായത്തോടെ പള്ളിയിൽ വരുന്നു. ആ കുഞ്ഞിന്റെ കൈയിൽ പിടിച്ചുകൊണ്ട് തലതൊട്ടപ്പനോ തലതൊട്ടമ്മയോ, സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശി

ഹാതമ്പുരാനെ ഞാൻ സ്വീകരിക്കുന്നു എന്ന് മൂന്ന് പ്രാവശ്യം പറയുന്നു. നാം എല്ലാവരും മാമോദീസായിൽ ഇങ്ങനെ സമർപ്പണം എടുത്തവരാണ്. അതിലേക്ക് മടങ്ങിപ്പോകാനാണ് പറയുന്നത്.

അതിന് നിങ്ങൾ വേറെ ഒരു കർമ്മപരിപാടിയും ചെയ്യണ്ട. പത്തുപൈസ മുടക്കണ്ട. ഒരു കാര്യം മാത്രം ചെയ്യുക. നിങ്ങളെ സ്നേഹിക്കുന്ന യേശുവിനെ നിങ്ങൾ തിരിച്ചു സ്നേഹിക്കാൻ തുടങ്ങുക. നിങ്ങളെ ഇത്രയുംകാലം ഭൂമിയിൽ ജീവിക്കാൻ അനുവദിച്ച യേശുവിനെ നിങ്ങൾ സ്നേഹിക്കാൻ തുടങ്ങുക. ആ പുഞ്ചിരി തൂകുന്ന പൊന്മുഖം കാണുക. ആരെല്ലാം എതിർത്താലും ആരെല്ലാം പകച്ചാലും ആരെല്ലാം ദ്വേഷിച്ചാലും നമ്മെ സ്നേഹിക്കുന്ന ഒരു യേശുവുണ്ട്.

നീ ഏതെല്ലാം തിന്മയിൽ കുടുങ്ങിയവനാണെങ്കിലും നിന്നെ സ്നേഹിക്കുന്ന ഒരു യേശുവുണ്ട്. മകളേ, നീ ഏതെല്ലാം പാപത്തിൽ വീണുപോയവളാണെങ്കിലും നിന്നെ സ്നേഹിക്കുന്ന യേശുവുണ്ട്. ആരും നിന്നെ സ്നേഹിച്ചില്ലെ ങ്കിലും നിന്നെ സ്നേഹിക്കാൻ യേശുവുണ്ട്.

പതിനേഴാമത്തെ വയസ്സിൽ ജീവിതം കർത്താവിനു സമർപ്പിച്ചപ്പോൾ എനിക്ക് കിട്ടിയ വ്യക്തമായ ഒരു ബോദ്ധ്യ മുണ്ട്; എനിക്ക് ഭൂമിയിൽ അപ്പനില്ല എങ്കിലും സ്വർഗ്ഗത്തിലെ അപ്പൻ എനിക്കുണ്ട് എന്ന്. ഭൂമിയിലെ അപ്പനെ കണ്ട ഓർമ്മ എനിക്കില്ല. അപ്പന്റെ ഫോട്ടോ പോലും എടുത്ത് വച്ചിട്ടില്ല. അപ്പൻ മരിക്കുമ്പോൾ കഷ്ടിച്ച് ഒരു വയസ്സേ എനിക്ക് ഉണ്ടാ യിരുന്നുള്ളു. അപ്പൻ മരിച്ച് കിടക്കുമ്പോൾ ആ കട്ടിലിന് ചുറ്റും ഞാൻ പിടിച്ച് പിടിച്ച് നടക്കുമായിരുന്നു എന്ന് അമ്മ പറഞ്ഞ് കേട്ടിട്ടുണ്ട്. ഞാൻ ആ കട്ടിലിന് ചുറ്റും നടന്ന് അപ്പാ, അപ്പാ എന്ന് പറഞ്ഞ് വിളിച്ചു.

അന്ന് കട്ടിലിനു ചുറ്റും അപ്പാ, അപ്പാ എന്ന് വിളിച്ചുനടന്ന എന്നെ യേശുക്രിസ്തു ഒരു കാര്യം പഠിപ്പിച്ചു. പിന്നീട് എന്റെ

പതിനേഴാമത്തെ വയസിൽ - നീ അന്ന് വിളിച്ച അപ്പൻ നിന്റെ വിളി കേട്ടില്ലെങ്കിലും, നിന്റെ സ്വർഗ്ഗത്തിലെ അപ്പൻ വിളി കേട്ടു, എന്ന്.

അപ്പനില്ലാത്തവരുണ്ട്. ഭാര്യ മരിച്ചുപോയവരുണ്ട്. ഭർത്താവ് മരിച്ചുപോയവരുണ്ട്. വിരഹം വേദനയാണ്, സംശയമില്ല. മരണം ദു:ഖപ്രദമാണ്. ഈ ലോകജീവിതം മുഴുവൻ ദു:ഖവും ഞെരുക്കവും തന്നെയാണ്. എന്നാൽ സ്വർഗ്ഗത്തിൽ ഒരപ്പനുണ്ട് എന്ന് വിശ്വസിക്കാൻ സാധിക്കുന്നത് മഹാഭാഗ്യമാണ്. സ്വർഗ്ഗത്തിലെ അപ്പൻ എന്നെ സ്നേഹിക്കുന്നു.

നിങ്ങൾ അനാഥരാണെന്ന് വിചാരിക്കരുത്. എനിക്ക് ആരുമില്ല എന്ന് ആരും വിചാരിക്കരുത്. ആരെന്നെ സഹായിക്കും എന്ന് വിചാരിക്കരുത്. സ്വർഗ്ഗത്തിലെ അപ്പൻ നിങ്ങളുടെ കാര്യം നോക്കിക്കൊള്ളും.

യേശുക്രിസ്തു എന്റെ ഹൃദയത്തിലേക്ക് വന്ന അന്നുമുതൽ സമാധാനം തുടങ്ങി; സന്തോഷം തുടങ്ങി. ജീവിതത്തിൽ ഭാസുരമായ നല്ല നാളെയിലേക്ക് നീങ്ങാൻ തുടങ്ങി. എന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടാൻ തുടങ്ങി. എനിക്ക് ഒരു ജോലി കിട്ടി. ജോലിയിൽ വളരാൻ തുടങ്ങി. പിന്നെയും പഠിച്ചു. കോളേജിൽ അദ്ധ്യാപകനായി. ഒടുവിൽ കോളേജിന്റെ പ്രിൻസിപ്പലുമായി.

നിങ്ങൾക്കാരുമില്ല എന്ന് നിങ്ങൾ ചിന്തിയ്ക്കരുത്. നിങ്ങൾക്ക് യേശു ഉണ്ട്. ആ യേശു നിങ്ങളുടെ അരികത്ത് വന്നിട്ടുണ്ട്. മോനേ, നീ മടങ്ങിപ്പോക. അന്നെടുത്ത സമർപ്പണത്തിലേക്ക് മടങ്ങിപ്പോവുക. നീ ഇനിയും താമസിച്ചുപോകരുത്. നീ എന്തിനെയെല്ലാം ഭയപ്പെടുന്നുവോ ആ ഭയപ്പാടെല്ലാം ഞാൻ നിനക്ക് മാറ്റിത്തരാം. നിന്റെ സഹോദരൻ നിന്നെ കൊല്ലുമെന്നുള്ള ഭയം ഇരുപത് വർഷമായിട്ടും നിനക്ക് മാറിയിട്ടില്ലല്ലോ. ആ പേടിയും നിനക്ക് മാറ്റിത്തരാം. നിനക്ക് ഞാൻ ഒരു പുതിയ പേര് തരാം.

യാക്കോബിന്റെ പേര് 'യിസ്രായേൽ' എന്നായി മാറി. 'നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല' എന്ന് യാക്കോബ് ദൈവത്തോട് പറഞ്ഞു. നിങ്ങൾ ഉള്ളത്തിൽ പറയണം: നീ എന്നെ തൊടാതെ പോകരുതേ എന്ന്. യേശുവേ, നിന്റെ തൃക്കരം എന്റെ തലമേൽ വയ്ക്കാതെ നീ പോകരുതേ. നീ എന്നെ അനുഗ്രഹിക്കാതെ പോകരുതേ.

അന്ന് ദൈവം യാക്കോബിന് പുതിയ പേര് കൊടുത്തു. ഇറങ്ങി പുറപ്പെട്ടാൽ പുതിയ പേര് കിട്ടും. എഴുന്നേറ്റ് ബേഥേലിലേക്ക് മടങ്ങിപ്പോയാൽ നിനക്ക് പുതിയ പേര് കിട്ടും. പുതിയ അനുഗ്രഹം കിട്ടും. പുതിയ ഭാവി കിട്ടും. നീയും നിന്റെ ഭാര്യമാരും മക്കളും എല്ലാം സന്തോഷത്തോടെ വസിക്കുമാറാകും. തലമുറകൾ നിന്നിൽക്കൂടി അനുഗ്രഹം പ്രാപിക്കും.

ഗോത്രപിതാക്കന്മാർ പന്ത്രണ്ടു പേരുടെ അപ്പനായ യാക്കോബ് ഒരു അനുഗൃഹീത പുരുഷനായി മാറുകയാണ്. ഉല്പത്തിപുസ്തകത്തിന്റെ അവസാനഭാഗത്തിൽ നാം കാണുന്നത് യാക്കോബ് അനുഗ്രഹിക്കപ്പെട്ടു എന്നു മാത്രമല്ല അനുഗ്രഹം കൊടുക്കുന്നവനായിത്തീർന്നു എന്നുള്ളതാണ്. മിസ്രയീം രാജാവായ ഫറവോനെയും യാക്കോബിന്റെ മക്കളെയും മക്കളുടെ മക്കളെയുമെല്ലാം അനുഗ്രഹിക്കുന്ന ഒരു പ്രവാചകനായി മാറി.

"ആകയാൽ നീ എഴുന്നേറ്റ് നിന്റെ ജന്മദേശത്തേയ്ക്ക് മടങ്ങിപ്പോക." നിങ്ങളുടെ ജീവിതത്തിലെ പഴയ തീരുമാനങ്ങളെ നിങ്ങൾ പുതുക്കണം. ഇതുവരെയും സമർപ്പണം എടുത്തിട്ടില്ലെങ്കിൽ ഒരു പുതിയ സമർപ്പണം നിങ്ങൾ എടുക്കണം. നിങ്ങൾക്ക് അനുഗ്രഹകരമായ ഒരു നല്ല ഭാവി തരാൻ കർത്താവ് ആഗ്രഹിക്കുന്നു. അനുഗ്രഹത്തിന്റെ നല്ല നാളുകൾ യേശു നിങ്ങൾക്ക് തരും.

പരീക്ഷയെ ഓർത്ത് പേടിക്കുന്ന കുട്ടികളുണ്ട്. പേടിക്കേണ്ട. പരീക്ഷാഹാളിൽ കർത്താവ് നിങ്ങളുടെ അടുത്ത് ചേർന്ന്

വന്നിരിക്കും. നിങ്ങൾ പരീക്ഷ എഴുതാൻ തുടങ്ങുമ്പോൾ നിങ്ങളുടെ പേനയിൽ കർത്താവിന്റെ കരം ഉണ്ടായിരിക്കും. ചോദ്യപേപ്പർ കിട്ടുമ്പോഴേക്കും നിങ്ങളുടെ തലച്ചോറിൽ ദൈവത്തിന്റെ ആത്മാവ് വ്യാപരിച്ചുകൊണ്ടിരിക്കും. ഇതെല്ലാം അനുഭവങ്ങളാണ്.

എം.എ. ഡിഗ്രി പരീക്ഷയ്ക്ക് ഞാൻ മഹാരാജാസ് കോളേജിന്റെ ഹാളിൽ ഇരിക്കുമ്പോൾ എനിക്കറിയാം എന്റെ പേന കർത്താവ് വാഴ്ത്തിത്തന്നു എന്ന്. കർത്താവ് എന്റെ കരത്തിൽ പിടിച്ചതും എന്നെ എഴുതിച്ചതും എന്റെ ബുദ്ധി പ്രകാശിപ്പിച്ചതും എന്റെ അനുഭവമാണ്.

അന്ന് കേരളായൂണിവേഴ്സിറ്റിയിൽ M.A. പരീക്ഷയ്ക്ക് റാങ്കോടെ കർത്താവ് എന്നെ പാസ്സാക്കി എടുത്തു. ഞാൻ ദൈവത്തെ സ്തുതിക്കുകയാണ്. കോളേജിൽ പഠിയ്ക്കാതെ എം.എ. പരീക്ഷയ്ക്ക് ഒരാൾ റാങ്ക് മേടിക്കുന്നത് കേരളായൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ആദ്യമായിരുന്നു.

ഒരു ദൈവം ജീവിക്കുന്നുണ്ട്. നിങ്ങളാരും തളർന്നിരിക്കണ്ട. അവൻ മഹത്വത്തിന്റെ ഉടയവനാണ്. അവൻ സ്നേഹനിധിയാണ്. അവൻ കരുണയുടെ ഉറവിടമാണ്. അവൻ കൃപയുടെ നിറവാണ്. അവൻ പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥന കേൾക്കുന്നവനാണ്. നിങ്ങൾ എവിടെയിരുന്ന് പ്രാർത്ഥിച്ചാലും അവൻ പ്രാർത്ഥന കേൾക്കുന്നവനാണ്. മോളേ, നീ എവിടെയിരുന്ന് പ്രാർത്ഥിച്ചാലും കേൾക്കാൻ യേശുവുണ്ട്. നിങ്ങൾ വിശ്വസിക്കൂ.

നിങ്ങളുടെ ഹൃദയത്തിലെ ആഗ്രഹങ്ങൾ നിങ്ങൾക്ക് ദൈവത്തോടു പറയാം. നിങ്ങളുടെ ആവശ്യങ്ങൾ പറയാം: യേശുവേ, ഞാനിതാ മടങ്ങിപ്പോകാൻ തീരുമാനിച്ചിരിക്കുന്നു. ഞാനൊരു സമർപ്പണം എടുക്കുന്നു. ഞാൻ ജന്മദേശത്തേക്ക് മടങ്ങിപ്പോകും. ഞാൻ തൂണിനെ അഭിഷേകം ചെയ്ത ബേഥേലിലേക്ക് ഞാനിതാ മടങ്ങിപ്പോകുന്നു.

ഇരുപത് വർഷം കഴിഞ്ഞ് യാക്കോബ് മടങ്ങിപ്പോകാൻ തീരുമാനിക്കുകയാണ്. അപ്പോൾ യാക്കോബിന്റെ അമ്മ റിബേക്ക മരിച്ചുകഴിഞ്ഞിരുന്നു. പാവം യാക്കോബ് അറിഞ്ഞില്ല. അറുന്നൂറ് നാഴിക ദൂരെയല്ലേ താമസിച്ചിരുന്നത്? അപ്പൻ അപ്പോഴും ജീവനോടുകൂടിയുണ്ടായിരുന്നു. യാക്കോബ് നടന്ന് ദീർഘ യാത്ര ചെയ്ത് അപ്പന്റെ ശവസംസ്കാരത്തിലെല്ലാം പങ്കെടുത്തു. അപ്പൻ മരിക്കുന്നതിന് മുമ്പ് യാക്കോബിനെ അനുഗ്രഹിച്ചു. യാക്കോബിന്റെ അപ്പനായ യിസ്ഹാക്ക് മരിക്കുന്നതിനുമുമ്പ് കർത്താവിന്റെ കൃപയാൽ യാക്കോബിന് അപ്പനുമായുള്ള ബന്ധം കിട്ടി. സന്തോഷമായി.

മടങ്ങിപ്പോക. നഷ്ടപ്പെട്ടുപോയ സന്തോഷങ്ങൾ മടക്കികിട്ടും. നഷ്ടപ്പെട്ടുപോയ സൗഭാഗ്യങ്ങൾ മടക്കിക്കിട്ടും. നിങ്ങൾക്ക് ഒരു നിമിഷം അനുതപിക്കാമോ? എന്റെ കർത്താവേ, കഴിഞ്ഞകാലങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞല്ലോ. തെറ്റുകളേറെ സംഭവിച്ചുപോയല്ലോ. എന്റെ വാക്കുകളിലും പ്രവൃത്തികളിലും തെറ്റുകൾ വന്നുപോയല്ലോ. എന്റെ ചിന്തയിൽപ്പോലും തെറ്റുകൾ വന്നുപോയല്ലോ.

ഓരോരുത്തരും കണക്ക് ബോധിപ്പിക്കേണ്ട ഒരു ദിവസം വരുമല്ലോ. അന്ന് ഞാൻ ആശ്രയമറ്റവനായി നിൽക്കാൻ ഇടവരരുതേ. അന്ന് എനിക്ക് മിണ്ടാൻ വകയില്ലാതെ നിൽക്കാൻ ഇടവരരുതേ. ആ ന്യായവിധിദിവസത്തിൽ ഞാൻ ലജ്ജിതനായി നിൽക്കാൻ ഇടവരരുതേ. ആബാലവൃദ്ധം എല്ലാവരും കേൾക്കെ എന്റെ കണക്കുകൾ ഉറക്കെ വായിച്ച് കേൾപ്പിക്കുന്ന ഒരു ദിവസം വരും. അതിന് ഇടവരുന്നതിനുമുമ്പ് ഇന്ന് എന്റെ പാപങ്ങളെല്ലാം നീ കഴുകിത്തരണമേ.

തെറ്റുകളേറെ സംഭവിച്ചുപോയി. ന്യായം പറയാൻ വകയില്ല. നീ എനിക്ക് അനുഗ്രഹം മാത്രമേ തന്നിട്ടുള്ളൂ. പക്ഷേ, എന്റെ തെറ്റുകളെല്ലാം ഏറ്റുപറഞ്ഞുകൊണ്ട് ഞാനിതാ വരുന്നു. ഇനി ഞാൻ ഒരു പുതിയ മനുഷ്യനായിരിക്കും. ഇന്നുമുതൽ ഞാൻ നിന്റെ വക.

ഞാൻ ചിലപ്പോൾ പ്രാർത്ഥിക്കുമ്പോൾ പറയാറുണ്ട്, എന്റെ സ്വന്തമായ യേശുവേ എന്ന്. കാരണം, എനിക്കറിയാം എന്റെ യേശുവിന് എന്നെ സ്നേഹമാണ് എന്ന്. നിങ്ങൾക്ക ങ്ങനെ പറയാൻ സാധിക്കണം.

യേശു എല്ലാ പാപവും ക്ഷമിച്ചുതരും. എല്ലാ പാപവും കഴുകിത്തരും. സമാധാനം നിങ്ങൾക്ക് ധാരാളമായിത്തരും. നിങ്ങളുടെ കുടുംബത്തിൽ ശാന്തി തരും. കുടുംബത്തിലെ അലോഹ്യങ്ങളും കലക്കങ്ങളും മാറും. അഭിപ്രായവ്യത്യാസ ങ്ങൾ മാറും. സമാധാനമുണ്ടാകും. എല്ലാവരും തമ്മിൽ സമാ ധാനമാകുന്ന ഒരു നല്ല പ്രഭാതം നിങ്ങൾക്ക് ലഭിക്കും. നിങ്ങൾക്കീ ഭാഗ്യം വേണമോ? എങ്കിൽ നിങ്ങൾ കർത്താവി നോട് പറയുക.

കർത്താവേ, ഞാനിതാ വീണ്ടും സമർപ്പിക്കുന്നു. എന്റെ യേശുവേ, സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു. മശിഹായെ ഞാൻ സ്വീകരിക്കുന്നു. എനിക്കുവേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തിയ എന്റെ യേശുവേ, എന്റെ ഹൃദയത്തിലേക്ക് എഴു ന്നള്ളി വരണമേ. ഇന്നുമുതൽ ഞാൻ നിന്റെ വക. യേശുവേ, നീയെന്റെ സ്വന്തം; ഞാൻ നിന്റെ സ്വന്തം. നീയെനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവി ക്കും.

# ആറ്

*"കപ്പൽ പ്രമാണി അവന്റെ അടുക്കൽ വന്നു അവ നോട്: നീ ഉറങ്ങുന്നത് എന്ത്? എഴുന്നേറ്റു നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്ക; നാം നശിച്ചുപോകാ തിരിക്കേണ്ടതിന്നു ദൈവം പക്ഷേ നമ്മെ കടാക്ഷി ക്കും."* *യോനാ 1 : 6*

ഒരാൾ ഉറങ്ങിക്കിടക്കുന്നു. ഉറങ്ങുന്നയാൾ ഒരു പ്രവാച കനാണെന്ന് ഈ കപ്പൽ പ്രമാണിക്ക് അറിഞ്ഞുകൂടാ. സമൂഹ ത്തിലെ ചലനങ്ങൾ അറിയാതെ യോനാപ്രവാചകൻ ഉറങ്ങി ക്കിടക്കുകയാണ്. മറ്റുള്ളവർ അനുഭവിക്കുന്ന യാതനകൾ ഗ്രഹിക്കാതെ യോനാ പ്രവാചകൻ കപ്പലിന്റെ അടിത്തട്ടിൽ കിടന്നുറങ്ങുന്നു!

കപ്പൽ പ്രമാണി വന്നു പറഞ്ഞു: എഴുന്നേറ്റ് നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്കുക. വലിയൊരു അത്യാഹിതം വന്നിരിക്കുന്നു. കപ്പൽ ആടിയുലയുന്നു. ഈ കപ്പലിലെ യാത്ര ക്കാരെല്ലാം പേടിച്ച് നിലവിളിക്കുന്നു. അവർ പ്രാർത്ഥിക്കുന്നു. യൗവ്വനക്കാരാ, നീ എന്താണ് ഈ വലിയ കോലാഹലമൊന്നു മറിയാതെ മയങ്ങിക്കിടക്കുന്നത്? എഴുന്നേറ്റ് ദൈവത്തെ വിളി ച്ചപേക്ഷിക്കുക.

യോനാ പ്രവാചകൻ ദൈവത്തിന്റെ വചനം കേട്ട് പുറ പ്പെട്ടവനാണ്. പക്ഷേ, ഇടയ്ക്കൊന്ന് തിരിഞ്ഞ് ചിന്തിച്ചു. ദൈവത്തിന്റെ വചനം പറഞ്ഞത്, അസീറിയൻ സാമ്രാജ്യത്തി ലുള്ള നിനെവേയിലേക്ക് പോക, അവിടെ ചെന്ന് നിനെവേക്ക് വരാൻ പോകുന്ന നാശം ജനത്തോട് നീ അറിയിക്കുക

എന്നാണ്.

നാല്പതു ദിവസം കഴിയുന്നതിനുമുമ്പ് നിനെവേ ഉന്മൂല മാകും; വേരോടെ മുടിഞ്ഞുപോകും. നാല്പതു ദിവസത്തെ അവധിയുണ്ട്, അതു കഴിഞ്ഞാൽ നിനെവേയും അതിലെ ജനവും കാണുകയില്ല. എന്റെ ഈ വചനം നീ ചെന്ന് ജന ത്തോടു പറയുക എന്നു പറഞ്ഞു.

ദൈവത്തിന്റെ വചനം കിട്ടിയ പ്രവാചകൻ പുറപ്പെട്ടു. പുറ പ്പെട്ടു പോകുമ്പോൾ പ്രവാചകൻ ചിന്തിച്ചു: നിനെവേ ഉന്മൂല മാകും എന്ന് ദൈവം പറയാൻ പറഞ്ഞിട്ടുണ്ട്. ഞാൻ ഇതു പറ യുമ്പോൾ ആ പാവപ്പെട്ട ജനം അനുതപിക്കും. അവർ നിലവി ളിക്കും. അവർ മാനസാന്തരപ്പെടും. അവരോട് ദൈവം കരുണ കാണിക്കും.

ഞാൻ പറഞ്ഞ വാക്ക് വ്യർത്ഥമായിത്തീരും. അവർ മരി ക്കയില്ല. അവർക്ക് വരാൻ പോകുന്ന നാശം വിട്ടുമാറും. ഞാൻ മണ്ടനായിപ്പോകും. എന്റെ വില കെട്ടുപോകും. ഞാൻ പറഞ്ഞ വാക്കിന് വിലയില്ലാതാകുമ്പോൾ പിന്നെ അവർ എന്നെ മാനി ക്കുകയില്ല. യോനാ പ്രവാചകൻ മാനുഷികമായി ചിന്തിച്ചു പോയി.

പ്രവാചകനാണ്, ദൈവത്തിന്റെ വചനം പറയാൻ നിയു ക്തനായ ദൈവദാസനാണ്; പക്ഷേ, ചിന്തിക്കുകയാണ്: മനു ഷ്യരുടെ മുമ്പിൽ എനിക്കു വില വേണം. എനിക്ക് സ്ഥാനം വേണം. മനുഷ്യർ എന്നെ മാനിക്കണം. എന്നെ ആദരിക്കണം. എന്റെ വാക്കിന് വിലയില്ലാതായിപ്പോയാൽ പിന്നെ എന്താണ് എന്റെ ജീവിതത്തിന്റെ അർത്ഥം? യോനാ പ്രവാചകൻ ഇങ്ങനെ ചിന്തിച്ചു പോയി.

എന്നാൽ പ്രവാചകൻ ഒരു കാര്യം തീരുമാനിച്ചു. തുറമു ഖത്തോടടുത്ത് രണ്ടു ഭാഗത്തേക്ക് പോകുന്ന കപ്പലുകൾ കിട ക്കുന്നുണ്ട്. കിഴക്കോട്ടു പോകുന്ന കപ്പലിൽ കയറിയാൽ നിനെവേയിലേക്കു പോകാം. പടിഞ്ഞാറോട്ടു പോകുന്ന കപ്പ

ലിൽ കയറിയാൽ അറ്റ്ലാന്റിക് തീരത്തോടടുത്ത്, തർശ്ശീശിൽ (Great Britain) ചെന്നെത്താം.

തർശ്ശീശിലേക്കു പോവുകയാണെങ്കിൽ പ്രസംഗിക്കണ്ട, ആളുകളുടെ മുമ്പിൽ ചീത്തയാകണ്ട, നിന്ദിതനാകണ്ട എന്നു പ്രവാചകൻ ചിന്തിച്ചു. നേരെ കിഴക്കോട്ട്, അസ്സീറിയയിലേക്ക് (Iraq) പോകേണ്ടിയിരുന്ന പ്രവാചകൻ, അങ്ങോട്ടു പോകാതെ പടിഞ്ഞാറോട്ടു യാത്ര ചെയ്യാൻ തീരുമാനിച്ചു, കപ്പൽ മാറിക്കയറി.

ഇത് വലിയ അത്യാഹിതമാണ്. ദൈവത്തിന്റെ വചനം കേട്ട് പുറപ്പെട്ടിട്ട് വഴി മാറിപ്പോയാൽ അത് അബദ്ധമാണ്. നമുക്കൊരു പാഠമാണത്. നിലങ്ങൾ വിളഞ്ഞിരിക്കുന്നു. കൊയ്ത്തുകറ്റകൾ കെട്ടിക്കൊണ്ടു പോകുവാൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽ, ഒന്നും കൈവശമില്ലാത്തവരായി ചെന്നാൽ നാം നിന്ദിതരായിത്തീരും. നാം അവഹേളിതരായിത്തീരും. കറ്റകൾ കൈവശമില്ലാതെ പോകാൻ പാടില്ല. അനേകം കൊയ്ത്തുകറ്റകൾ കെട്ടിക്കൊണ്ടു പോകേണ്ടുന്നവരാണ് നാം ഓരോരുത്തരും.

നമ്മുടെ ചുരുങ്ങിയ കാലത്തെ ജീവിതംകൊണ്ട് സ്വർഗ്ഗീയമായ അനുഗ്രഹങ്ങൾ നാം നേടി എടുക്കേണ്ടതാണ്. നിത്യരാജാധിരാജാവായ കർത്താവായ യേശുക്രിസ്തു നമുക്കു തന്ന പാപക്ഷമ അനുഭവിച്ചുകൊണ്ടു നാം യേശുക്രിസ്തുവിന്റെ വേല ചെയ്യേണ്ടവരാണ്. പ്രവാചകൻ വേല ചെയ്യാൻ മടിച്ചു. അവന്റെ ബുദ്ധി കലർത്തി ദൈവം തന്ന വചനത്തെ അവൻ ധിക്കരിച്ചു. വളരെ സൂക്ഷിക്കണം! ദൈവം ഒരു വചനം തന്നാൽ അത് ധിക്കരിക്കരുത്. ആ വചനപ്രകാരം മുന്നോട്ടു പൊയ്ക്കൊള്ളണം. ഇല്ലെങ്കിൽ അപകടമാണ്.

പ്രവാചകൻ കൂലി കൊടുത്ത് നേരെ എതിർദിശയിലേക്കു പോകുന്ന കപ്പലിൽ കയറി. ആ കപ്പലിൽ യോനാപ്രവാചകൻ കയറിയപ്പോൾമുതൽ കടലിൽ കോളിളക്കം! തിരമാലകൾ ആർത്തുപൊങ്ങി തിമിർക്കുകയാണ്. പ്രവാചകൻ ഇതൊന്നുമ

റിയുന്നില്ല. പ്രവാചകൻ, മനുഷ്യരുടെ മുഖത്തു നോക്കാൻ ധൈര്യമില്ലാത്തവനെപ്പോലെ നേരെ കപ്പലിന്റെ അടിത്തട്ടിൽ ചെന്ന് സാധനങ്ങളുടെ ഇടയിൽ കിടന്നുറങ്ങി.

സുഖമായ ഉറക്കം! ഉറക്കത്തിനു കാരണമുണ്ട്; ദൈവത്തിന്റെ വചനത്തിനു വിരുദ്ധമായിട്ടാണ് പോകുന്നത്. പ്രവാചകന് ആരേയും അഭിമുഖീകരിക്കാൻ ധൈര്യമില്ല. സ്വയം ലജ്ജിതനാണ് പ്രവാചകൻ. കാര്യം മനസ്സിലാക്കാതെ പ്രവാചകൻ പോയി കിടന്നുറങ്ങി.

കോളിളക്കം വർദ്ധിച്ചു. കപ്പൽക്കാർ കപ്പലിലെ ചരക്കുകളെല്ലാം കടലിൽ എറിഞ്ഞുകളഞ്ഞ് കപ്പലിന്റെ ഭാരം കുറയ്ക്കാൻ നോക്കി. എല്ലാവരും കൂട്ടത്തോടെ നിലവിളിയാണ്. കപ്പിത്താൻ വന്നു നോക്കിയപ്പോൾ ഈ ചെറുപ്പക്കാരൻ അവിടെ കിടന്നുറങ്ങുന്നു. കപ്പിത്താൻ അവനെ വിളിച്ചുണർത്തി.

> *"കപ്പല്ക്കാർ ഭയപ്പെട്ടു. ഓരോരുത്തൻ താന്താന്റെ ദേവനോടു നിലവിളിച്ചു; കപ്പലിനു ഭാരം കുറയ്ക്കേണ്ടതിന് അവർ അതിലെ ചരക്ക് സമുദ്രത്തിൽ എറിഞ്ഞുകളഞ്ഞു. യോനയോ കപ്പലിന്റെ അടിത്തട്ടിൽ ഇറങ്ങി കിടന്നു നല്ലവണ്ണം ഉറങ്ങുകയായിരുന്നു. കപ്പൽ പ്രമാണി അവന്റെ അടുക്കൽ വന്ന് അവനോട്: നീ ഉറങ്ങുന്നത് എന്ത്? എഴുന്നേറ്റു നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്ക; നാം നശിച്ചു പോകാതിരിക്കേണ്ടതിന് ദൈവം പക്ഷേ നമ്മെ കടാക്ഷിക്കും എന്നു പറഞ്ഞു."*
>
> *യോനാ 1 : 5, 6*

നീ ഉറങ്ങുന്നത് എന്ത്? പ്രിയപ്പെട്ടവരേ, വളരെ ഗൗരവമേറിയ ഒരു കാര്യമാണ് പറയുന്നത്. ഇന്ന് അനേകരും ഉറങ്ങുകയാണ്. പുറമേ ഉറങ്ങുന്നു എന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. സഭകൾ ഉറങ്ങുകയാണ്. പള്ളികൾ ഉറങ്ങുകയാണ്. സമുദായങ്ങൾ ഉറങ്ങുകയാണ്. ജനസമൂഹം ഉറങ്ങുകയാണ്. എന്താണ്

സംഭവിക്കുന്നതെന്ന് ആരുമാരും അറിയുന്നില്ല. അടുത്ത് സംഭവിക്കാൻ പോകുന്നതെന്തെന്ന് ആരും ചിന്തിക്കുന്നില്ല. വേദപുസ്തകം അറിയാത്തവരും വേദപുസ്തകം അറിയുന്നവരും ഒരുപോലെ ഉറങ്ങിക്കിടക്കുകയാണ്.

മംഗളം പത്രത്തിൽ ഒരു വാർത്ത വന്നിരുന്നു. ഒരു ഛിന്നഗ്രഹം, ഭൂമിയേക്കാൾ എത്രയോ വലിപ്പമുള്ള ഛിന്നഗ്രഹം പാഞ്ഞുവരുന്നു. അത് വേറെ ഗ്രഹത്തിൽ നിന്നടർന്ന് ശൂന്യാകാശത്തിൽ കൂടി പാഞ്ഞുവരികയാണ്. ഇപ്പോൾ വരുന്ന ദിശയിൽ വന്നാൽ ഭൂമിയിൽ വന്നിടിക്കും; പിന്നെ ഭൂമിയെന്നൊന്ന് ഉണ്ടാകയില്ല. എല്ലാം തകർന്നു ധൂളിയായിത്തീരും.

ഏതെങ്കിലും കാരണവശാൽ ഈ ഛിന്നഗ്രഹത്തിന്റെ ദിശമാറിയാൽ ഭൂമി രക്ഷപ്പെടും. വളരെ അപകടകരമായ ദിശയിലേക്കാണ് പോകുന്നത്. വലിയൊരു അത്യാഹിതത്തിന്റെ വക്കിലാണ് നാം വന്നു നിൽക്കുന്നത്. അനേകം ആളുകളെ വിളിച്ചുകൂട്ടാനും ദൈവത്തിന്റെ വചനം പറയാനും ഇന്ന് നമുക്ക് സ്വാതന്ത്ര്യമുണ്ട്. നാളെ ഇത് ഉണ്ടാകുമോ? ആർക്കറിയാം?

എല്ലാം തകർന്നു പോകുന്ന സ്ഥിതിയിലേക്കാണോ നാം നീങ്ങുന്നത്, ആർക്കറിയാം? കർത്താവിന്റെ വചനം പറയുന്നു:

> *"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു."* *മലാഖി 4 : 1*

താളടി - വൈക്കോൽ - തീയിൽ വെന്തുവെണ്ണീറായി തീരുന്നതുപോലെ എല്ലാം കത്തിത്തീരും. വലിയൊരു അഗ്നിപ്രളയം വരാൻ പോകുന്നു. ഒരു കാലത്ത് ജലപ്രളയം വന്നു; ആ ജലപ്രളയത്തിൽ പെട്ടകത്തിൽ ഏതാനും പേർ,

എട്ടുപേർ മാത്രം രക്ഷപ്പെട്ടു. എന്തുമാത്രം ജനങ്ങൾ ഉള്ള ഈ ഭൂമിയിൽ എട്ടുപേർ മാത്രമേ അന്ന് ജലപ്രളയത്തിൽനിന്ന് രക്ഷപ്പെട്ടുള്ളൂ. അതുപോലെ തന്നെ ഒരു ന്യൂനപക്ഷം, വിശുദ്ധന്മാർ മാത്രമേ അഗ്നിപ്രളയത്തിൽനിന്ന് രക്ഷപ്പെടുകയുള്ളൂ.

ആത്മാവിൽ ജീവൻ പ്രാപിച്ചവരും മാനസാന്തരത്തിന്റെ ഫലം അനുഭവിച്ചവരും മാനസാന്തരത്തിന്റെ സൗഭാഗ്യം അനുഭവിച്ചവരും മാത്രമേ രക്ഷപ്പെടുകയുള്ളൂ. എല്ലാം നശിച്ചുപോകും. എല്ലാവരും ഇന്ന് മയങ്ങിക്കിടക്കുകയാണ്. ഒന്നും അറിയുന്നില്ല. സമൂഹത്തിന്റെ ചലനം അറിയുന്നില്ല. കാലത്തിന്റെ ചുവരെഴുത്ത് കാണുന്നില്ല. ഒന്നും ചിന്തയില്ലാതെ ചിന്താശൂന്യരായി അനേകർ ഇന്നു കിടന്നുറങ്ങുകയാണ്.

നാം കണ്ണൊന്നുയർത്തി നോക്കിയാൽ തിരുവചനത്തിൽനിന്ന് അനേകം രഹസ്യങ്ങൾ നമുക്ക് വെളിപ്പെട്ടു കിട്ടും. തകരുന്നതിനുമുമ്പ് നമുക്ക് വേണമെങ്കിൽ തിരിയാം. ഉറങ്ങിക്കിടക്കരുത്. പുറമെയുള്ള ഉറക്കത്തെപ്പറ്റിയല്ല ഞാൻ പറയുന്നത്. അന്തരാത്മാവ് ഉറങ്ങിക്കിടക്കരുത്, മയങ്ങിക്കിടക്കരുത്. ഉണർന്നു പ്രവൃത്തിക്കേണ്ട കാലമാണ്. അൽപ്പം പോലും വൈകാൻ നമുക്ക് നേരമില്ല. കാലമധികമില്ല.

> *"എന്നാൽ സഹോദരന്മാരേ, ഇതൊന്നു ഞാൻ പറയുന്നു: കാലം ചുരുങ്ങിയിരിക്കുന്നു; ഇനി ഭാര്യമാരുള്ളവർ ഇല്ലാത്തവരെപ്പോലെയും കരയുന്നവർ കരയാത്തവരെപ്പോലെയും സന്തോഷിക്കുന്നവർ സന്തോഷിക്കാത്തവരെപ്പോലെയും വിലയ്ക്കു വാങ്ങുന്നവർ കൈവശമാക്കാത്തവരെപ്പോലെയും ലോകത്തെ അനുഭവിക്കുന്നവർ അതിനെ അനുഭവിക്കാത്തവരെപ്പോലെയും ആയിരിക്കേണം. ഈ ലോകത്തിന്റെ രൂപം ഒഴിഞ്ഞുപോകുന്നുവല്ലോ."* *1 കൊരിന്ത്യർ 7 : 29 – 31*

ദൈവാത്മാവിന്റെ പ്രാവചനികമായ ആത്മശക്തിയാൽ

നൂറ്റാണ്ടുകൾക്കുമുമ്പ് അപ്പൊസ്തലനായ പൗലോസ് എഴുതിച്ചേർത്തു, കാലം ചുരുങ്ങിയിരിക്കുന്നു, അതുകൊണ്ട് മയങ്ങിക്കിടക്കരുത്.

യോനയെ കപ്പൽപ്രമാണി വിളിച്ചുണർത്തി പറഞ്ഞു: നീ ഉറങ്ങുന്നതെന്ത്? എഴുന്നേറ്റു നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്കുക; നാം നശിച്ചുപോകാതിരിക്കേണ്ടതിന് ദൈവം പക്ഷേ, നമ്മെ കടാക്ഷിക്കും.

ഇന്നു നാം എഴുന്നേറ്റു കർത്താവിനെ വിളിച്ചപേക്ഷിക്കേണ്ട സമയമാണ്. നാം മയങ്ങിക്കിടക്കരുത്, തളർന്നു കിടക്കരുത്. അനേകം കാര്യങ്ങളിൽ നമ്മുടെ മനസ്സ് ചഞ്ചലപ്പെട്ടാണിരിക്കുന്നത്. നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽ നമ്മളെ ഉരുക്കിക്കളയുന്ന വേദനാവിഷയങ്ങളുണ്ട്. താങ്ങാൻ വയ്യാത്ത ചുമടുകളുണ്ട്. നാം ഭാരപ്പെട്ട് ഞരങ്ങുന്ന പല വിഷയങ്ങളുണ്ട്. പല പ്രതിസന്ധികൾ നാം അഭിമുഖീകരിക്കുന്നുണ്ട്.

ഹൃദയത്തിൽ സ്വസ്ഥതയില്ലാതെ നാം അഴലുന്നുണ്ട്. കുടുംബത്തിൽ സമാധാനമില്ല. ഭാര്യയും ഭർത്താവും തമ്മിൽ പുറമേ പിണക്കമൊന്നുമില്ലെങ്കിലും അവർ രണ്ടുപേരും അകത്ത് ഈർഷ്യയുള്ളവരാണ്. മക്കളും മാതാപിതാക്കളും തമ്മിൽ അകൽച്ചയാണ്. പല കുടുംബങ്ങളിലും സ്വൈര്യമില്ല. എന്നും വഴക്കും പിണക്കവും കലഹവും തന്നെ. ഒരു സമാധാനവും കിട്ടുന്നില്ല. മാതാപിതാക്കൾക്ക് പ്രായാധിക്യത്തിൽ ഒന്നു വിശ്രമിക്കാമെന്ന് വിചാരിച്ചാൽ വിശ്രമം കിട്ടുന്നില്ല. തോരാക്കണ്ണീരുമാത്രം! തീരാദു:ഖം മാത്രം. അനേകം കുടുംബങ്ങളും ഇന്നു തകർച്ചയിലാണ്.

നിങ്ങളിൽ പലരുടെ കുടുംബങ്ങളും അങ്ങനെയല്ലേ? ഈ വലിയ അത്യാപത്തിന്റെ സമയത്ത് നമുക്ക് കളിച്ചു രസിക്കാൻ സമയമില്ല. അലസരായിരിപ്പാൻ നമുക്ക് നേരമില്ല. കാലം ചുരുങ്ങിയിരിക്കുന്നു. നാം എന്താണ് ചെയ്യേണ്ടത്? നീ ഉറങ്ങുന്നതെന്ത്? നീ എഴുന്നേറ്റു നിന്റെ ദൈവത്തെ വിളിച്ചപേ

ക്ഷിക്കുക.

ഏതു പ്രശ്നം നിങ്ങളെ അലട്ടിയാലും ഒരു കാര്യം മാത്രം ചെയ്താൽ മതി. ഈ കോളിളക്കമുള്ള കടലിൽ, ഓള ങ്ങളും തിരമാലകളും തിമിർത്താടുന്ന ഈ ലോകമാകുന്ന കട ലിൽ നമുക്ക് കർത്താവിനെ വിളിച്ചപേക്ഷിക്കാം. എല്ലാ കോളി ളക്കങ്ങളേയും കർത്താവ് ശാന്തമാക്കിത്തരും. പ്രക്ഷുബ്ധ മായ കടലിന്റെ തിരത്തല്ലലുകളെ കർത്താവ് അമർച്ച ചെയ്തു തരും. നിങ്ങൾക്കു വിശ്വസിക്കാം.

സഹോദരങ്ങളേ, അനേകർ ദൈവത്തെ വിളിച്ചപേക്ഷിച്ച് അനുഗ്രഹം പ്രാപിച്ചിട്ടുണ്ട്. രോഗസൗഖ്യം പ്രാപിച്ചിട്ടുണ്ട്. പ്രശ്നങ്ങൾക്ക് പൊറുതി പ്രാപിച്ചിട്ടുണ്ട്. പരിഹാരമാർഗ്ഗങ്ങൾ കിട്ടിയിട്ടുണ്ട്. ഹൃദയനൊമ്പരങ്ങൾ മാറിയിട്ടുണ്ട്. പലരുടേയും ജീവിതത്തിലുണ്ടായിരുന്ന ശാപങ്ങൾ മാറിപ്പോയിട്ടുണ്ട്. എങ്ങനെ? പ്രാർത്ഥനയിൽകൂടെ.

അനേകർ കടത്തിന്റെ ബാധ്യതയിൽപ്പെട്ട് ഞെരങ്ങുന്നുണ്ട്. പൈസയില്ലാത്തതുകൊണ്ട് വലയുന്നുണ്ട്. ഉള്ളതുമുഴുവൻ വിറ്റാലും കടം കൊടുത്തു തീർക്കാൻ പറ്റുകയില്ല. പലിശയും പലിശയുടെമേൽ പലിശയുമായി ഇന്ന് ബാങ്കിൽ കടം വർദ്ധി ച്ചിരിക്കുകയാണ്. ഇന്ന് പലതരത്തിലുള്ള പ്രതിസന്ധികൾ നമ്മെ തുറിച്ചു നോക്കിക്കൊണ്ടു നിൽക്കുന്നു.

സഹോദരങ്ങളേ, ഈ സമയത്ത് എന്താണ് നമുക്ക് ചെയ്യാനുള്ളത്? കർത്താവിനെ വിളിച്ചപേക്ഷിക്കുക. മറ്റുള്ളവർ വിളിക്കുന്നുണ്ടോ എന്നു നോക്കണ്ട, ഞാൻ വിളിച്ചപേക്ഷി ക്കുക. ഓരോരുത്തരും ആ ഉത്തരവാദിത്വം കൈയിലെടുക്കുക.

ജോൺ വെസ്ലി എന്ന ദൈവദാസൻ അമേരിക്കയിൽനിന്ന് തിരിച്ച് ഇംഗ്ലണ്ടിൽ വന്നപ്പോൾ കരഞ്ഞുകൊണ്ടു പറഞ്ഞു: “I went to America to convert the Indians there, but who will convert me?" അമേരിക്കയിലെ Red Indians-നെ മാനസാന്തരപ്പെടുത്തു വാൻ ഞാൻ പോയി. പക്ഷേ, എന്നെ ആർ മാനസാന്തരപ്പെ

ടുത്തും?

അനുഗൃഹീത സുവിശേഷകനായ ജോൺ വെസ്ലി പറയുന്നു: ഞാൻ ഇനിയും തകരേണ്ടിയിരിക്കുന്നു. ഞാൻ ഇനിയും അനുതപിക്കേണ്ടിയിരിക്കുന്നു. ഇതാ, എന്നെത്തന്നെ ഞാൻ താഴ്ത്തുന്നു. ജോൺ വെസ്ലി ഏതാനും ദിവസം ഉപവാസത്തോടും പ്രാർത്ഥനയോടും കൂടിയിരുന്നു. അതിനുശേഷം കർത്താവിന്റെ കൃപ പ്രാപിച്ചുകൊണ്ട് എഴുന്നേറ്റു, വലിയ ഉണർവ്വ് വെയിൽസ് ദേശത്തുണ്ടായി.

> *"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും."*
>
> *2 ദിനവൃത്താന്തം 7 : 14*

പ്രിയപ്പെട്ടവരേ, നിങ്ങൾ എല്ലാവരും യേശുക്രിസ്തുവിന്റെ നാമം വിളിക്കപ്പെട്ടവരാണ്. നിങ്ങൾ എല്ലാവരും ക്രിസ്തീയ വിശ്വാസത്തിൽ വന്നവരാണ്. നിങ്ങൾ എല്ലാവരും പുറമേയെങ്കിലും ക്രിസ്ത്യാനി എന്ന പേരുള്ളവരാണ്. നിങ്ങൾക്ക് ഈ വാക്യത്തിന്റെ അർത്ഥം ഗ്രഹിക്കാൻ പറ്റുമോ? ദേശത്തിനു സൗഖ്യം ആവശ്യമാണ്. നമ്മുടെ ദേശങ്ങൾ ഇന്ന് ശൂന്യമായിക്കൊണ്ടിരിക്കുകയാണ്. ദൈവവിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ന് ശാസ്ത്രത്തിന്റെ മേഖലകളിലേക്കു മനുഷ്യന്റെ ചേതന (ബുദ്ധി) മാറിപ്പോയതുകൊണ്ട് മനുഷ്യർ ഇന്നു ദൈവമുണ്ടോ എന്നുപോലും സംശയിക്കുന്നു.

സത്യമായും ഈ അണ്ഡകടാഹത്തെ നിർമ്മിച്ച ദൈവമുണ്ട്. സർവ്വ പ്രപഞ്ചത്തേയും സൃഷ്ടിച്ച ദൈവമുണ്ട്. നിത്യനായ ദൈവം! ആദിയുമന്തവുമില്ലാത്ത നിത്യോന്നതനായ ദൈവം! നിത്യപരിശുദ്ധനായ ദൈവം! ആ ദൈവം, അവിടു

ന്നാണ് നമ്മെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്; നമ്മെ നയിച്ചു കൊണ്ടിരിക്കുന്നത്. പക്ഷേ, നാം അവന്റെ പിടിവിട്ടു സ്വന്തം വഴിക്കു തിരിഞ്ഞിരിക്കുകയാണ്. നാം നമ്മെത്തന്നെ പിശാചിന് വിറ്റുകളഞ്ഞിരിക്കുകയാണ്.

സാത്താൻ നമ്മെ കൈയടക്കിയിരിക്കുകയാണ്. ലോകത്ത് ദൈവവും പിശാചും തമ്മിൽ യുദ്ധം ചെയ്യുകയാണ്. മനുഷ്യ ഹൃദയം യുദ്ധക്കളമാണ്. ദൈവപക്ഷത്തേയ്ക്ക് നാം ചേർന്നു നിന്നാൽ, പാപം വിട്ട് നാം ദൈവത്തിങ്കലേക്കു തിരിഞ്ഞാൽ ദൈവത്തിനു ജയിക്കാം; സാത്താനെ തോല്പിക്കാം. നാം പാപം ചെയ്തുപോയാൽ ദൈവത്തെ തോൽപ്പിക്കാം. ഈ അപകടം നമുക്കു വരരുത്.

യോനാ ദൈവത്തെ തോല്പ്പിക്കുകയായിരുന്നു. ഉറക്കെ വിളിച്ചപേക്ഷിക്കുവാൻ കപ്പൽപ്രമാണി യോനായോടു പറഞ്ഞു. ഇതു വായിക്കുന്ന നിങ്ങൾ ഓരോരുത്തരും ഒന്ന് ഉണരുമോ? ഹൃദയം ഉണർത്തുമോ? കർത്താവേ, ഞങ്ങളുടെ നാടിനെ രക്ഷിക്കണമേ, ഞങ്ങളുടെ ദേശത്തെ രക്ഷിക്കണമേ, എന്റെ കുടുംബത്തെ രക്ഷിക്കണമേ, എന്നെ രക്ഷിക്കണമേ എന്ന് ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുമോ?

നാഥാ, ഞാൻ ഒരാൾ രക്ഷിക്കപ്പെട്ടവനായി തീരാൻ എനിക്കു മനസ്സാണ്. കർത്താവേ, എനിക്കൊരു മാനസാന്തരം ആവശ്യമാണ്. എനിക്കൊരു പുതിയ ജീവിതം ആവശ്യമാണ്. എനിക്കൊരു വീണ്ടുംജനനം ആവശ്യമാണ്. എന്റെ കർത്താവേ, നീ ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ എന്നെയൊന്നു വിശുദ്ധീകരിക്കണമേ.

എന്റെ ഹൃദയത്തിൽ പാപമുണ്ട്. എന്റെ ഹൃദയത്തിൽ തിന്മയുണ്ട്. എന്റെ ഹൃദയത്തിൽ അഹങ്കാരമുണ്ട്. എന്റെ ഹൃദയത്തിൽ സ്വാർത്ഥതയുണ്ട്. എന്റെ ഹൃദയത്തിൽ നിഗളമുണ്ട്. എന്റെ ഹൃദയത്തിൽ ചിലരോടു വൈരാഗ്യമുണ്ട്. ചിലരോടു പകയുണ്ട്. മുഷിച്ചിലും ഇഷ്ടക്കുറവും ഉണ്ട്.

ഞാൻ ഒരാൾ മൂലം പലരും ഇന്ന് വേദനയനുഭവിക്കുന്നുണ്ട്. പലരേയും ഞാൻ മുറിപ്പെടുത്തിയിട്ടുണ്ട്. പലരുടേയും ഹൃദയത്തെ ഞാൻ മുറിവേൽപ്പിച്ചിട്ടുണ്ട്. കർത്താവേ, എന്റെ പാപം ക്ഷമിക്കണമേ. എന്റെ അകൃത്യം ക്ഷമിക്കണമേ. നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ. ഇങ്ങനെ നിങ്ങൾ പ്രാർത്ഥിക്കുമെങ്കിൽ നിങ്ങൾക്ക് അനുഗ്രഹം പ്രാപിക്കാം. കുഞ്ഞാടിന്റെ രക്തത്താലുള്ള ശുദ്ധീകരണം നിങ്ങൾക്കനുഭവിക്കാം. ഊനമില്ലാത്ത കുഞ്ഞാട് ഗോഗുൽത്തായിൽ അറുക്കപ്പെട്ടിരിക്കുന്നു. ആ കുഞ്ഞാടിന്റെ രക്തത്താൽ നിങ്ങൾക്ക് വിശുദ്ധീകരണം പ്രാപിക്കാം.

# ഏഴ്

*“കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.” സങ്കീർത്തനങ്ങൾ 50 : 15*

*Call up on Me in the day of your trouble; I will deliver thee, and thou shalt glorify My name." Psalms 50: 15*

എന്ത് മനോഹരമായ വാക്യമാണത്! എന്റെ നാമത്തെ നീ വിളിച്ചപേക്ഷിക്ക, നിനക്ക് എന്നെ മഹത്വപ്പെടുത്താൻ സാധിക്കും.

തീർച്ചയായും നാം പ്രാർത്ഥിച്ചാൽ നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി കിട്ടും. നിങ്ങളെത്തന്നെ ശുദ്ധീകരിച്ചുകൊണ്ട്, കർത്താവായ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചുകൊണ്ട്, എന്റെ പഴയമനുഷ്യൻ മരിച്ചു ഞാൻ ഒരു പുതിയ മനുഷ്യനാണ് എന്ന തീരുമാനമെടുത്തുകൊണ്ട് യേശുവിനെ ലഭിച്ചു എന്ന ഉറപ്പോടുകൂടെ, കർത്താവ് എന്റെ പാപങ്ങളെല്ലാം ക്ഷമിച്ചു എന്ന വിശ്വാസത്തോടുകൂടെ നിങ്ങളുടെ വിഷയങ്ങൾ ദൈവസന്നിധിയിലേക്ക് കൊണ്ടുവന്നാൽ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കും.

പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഏതെല്ലാം കാര്യങ്ങളാണോ സാധിച്ചുകിട്ടേണ്ടത്, അത് ഓരോന്നും വച്ചുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കൂ. ആ പ്രാർത്ഥനയ്ക്ക് ഉടനെ മറുപടി കിട്ടിയില്ലയെന്നു വരും, പക്ഷേ, നിങ്ങൾ നിരാശപ്പെടരുത്, തളരരുത്. പ്രാർത്ഥനയ്ക്കുള്ള

മറുപടിക്കു വേണ്ടി നിങ്ങൾ കാത്തിരിക്കുക, മുട്ടിപ്പായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക.

നമ്മുടെ കഷ്ടത കർത്താവ് കാണുന്നുണ്ട്. നമ്മുടെ ദുരിതവും യാതനയും കർത്താവ് കാണുന്നുണ്ട്. നമ്മുടെ ഇല്ലായ്മയും വല്ലായ്മയും കർത്താവ് കാണുന്നുണ്ട്. നമ്മുടെ പോരായ്മകളും അരുതായ്കകളിൽ നിന്നു യാത്ര പറഞ്ഞതും കർത്താവ് കാണുന്നുണ്ട്. ഇനിമേൽ പാപം വരികയില്ല എന്ന നിങ്ങളുടെ തീരുമാനം കർത്താവ് കാണുന്നുണ്ട്.

ഒന്നു ചിന്തിക്കൂ, എന്തുണ്ടെങ്കിലും എന്തു ഫലം? എന്തെല്ലാമുണ്ടെങ്കിലും എന്തു ഫലം? എല്ലാം വിട്ട് ഒരു ദിവസം നാം പോകണമല്ലോ. ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുമല്ലോ. ഏതു പ്രായത്തിലുള്ളവരാണെങ്കിലും ഓരോ ദിവസം കഴിയുന്തോറും നാം നമ്മുടെ മരണത്തോട് അടുത്തുകൊണ്ടിരിക്കുന്നു.

*"ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ടു ഭൂമി മാറിപ്പോയാലും, പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും, അതിലെ വെള്ളം ഇരച്ചു കലങ്ങിയാലും, അതിന്റെ കോപംകൊണ്ട് പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല. ഒരു നദി ഉണ്ട്; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെതന്നേ, സന്തോഷിപ്പിക്കുന്നു."*

*സങ്കീർത്തനങ്ങൾ 46 : 1 – 4*

ഒരു നദിയുണ്ട്. ഗോഗുൽത്തായിൽനിന്നു പൊട്ടിയൊഴുകി വന്ന ഒരു ഉറവ! ആ തിരുരക്തത്തിന്റെ ഉറവയിൽ നിന്ന് എനിക്ക് ആശ്വാസം ലഭിക്കും. ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ വ്യക്തിപരമായി യേശുവിനെ അറിയുക. നിങ്ങളെ സ്നേഹിച്ച് നിങ്ങളുടെ അരികത്തേയ്ക്കു വന്ന് നിങ്ങളോടു മധുരമായി സംസാരിക്കുന്ന, നിങ്ങളോടു വാത്സല്യപൂർവ്വം

സംസാരിക്കുന്ന യേശുവിനെ നിങ്ങൾ അറിയുക.

യേശു നിങ്ങളുടെ തൊട്ടടുത്തു വന്നു നിൽക്കുകയാണ്. മോളേ, നീ എന്തിനാണ് വിഷമിച്ചിരിക്കുന്നത്? എന്റെ മുഖത്തേയ്ക്ക് നീ നോക്കാത്തതെന്ത്? മകനേ, നീ എന്താണ് വലഞ്ഞിരിക്കുന്നത്? നിന്റെ മുഖം വാടിയിരിക്കുന്നതെന്താണ്? നീ എന്റെ മുഖത്തേയ്ക്കു നോക്കൂ, ഞാൻ നിന്നെ പ്രസാദമുള്ളവനായി, പ്രസന്നചിത്തനാക്കി മാറ്റാം.

സ്നേഹവാനായ ഒരു കർത്താവുണ്ട്. രുചിച്ചറിഞ്ഞുകൊണ്ടാണ് ഞാൻ പറയുന്നത്. ഭാഗ്യവശാൽ എന്റെ പതിനേഴാമത്തെ വയസ്സിൽ ഈ ദൈവത്തെ ഞാൻ കണ്ടുമുട്ടി. പള്ളിയും നമസ്ക്കാരങ്ങളും ചിട്ടപ്പെട്ട ജീവിതവും എല്ലാമുണ്ടായിരുന്നു. പ്രകടമായ പാപങ്ങൾക്കൊന്നും ഭാഗ്യവശാൽ പോയിട്ടുമില്ല. എന്നാൽ പതിനേഴാമത്തെ വയസ്സിൽ ഞാൻ ദൈവത്തിന്റെ വചനം കേട്ടു. കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വക എന്നു ഞാൻ പറഞ്ഞു. ഞാൻ പറഞ്ഞതല്ല, എന്റെ ദൈവം എന്നെക്കൊണ്ടു പറയിപ്പിച്ചതാണ്.

എന്റെ ഹൃദയം ഞാൻ യേശുവിനു വിട്ടുകൊടുത്തു. കർത്താവേ, ഞാൻ നിരാശനാണ്, അഗതിയാണ്, ഞാൻ അപ്പനില്ലാത്ത ഒരു മകനാണ്. എനിക്കാരുമില്ല. കർത്താവേ, നീ എന്നെ രക്ഷിക്കണമേ, എന്റെ ഹൃദയത്തിലേക്കു വരണമേ എന്ന് ഞാൻ പ്രാർത്ഥിച്ചു. അന്നു വചനം കേട്ടുകൊണ്ടിരുന്നപ്പോൾ ആനന്ദം കൊണ്ട് ഞാൻ ഉറക്കെ പറഞ്ഞു: കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വക. കർത്താവ് ആണിപ്പാടുള്ള പാദങ്ങൾ വച്ചു വന്ന് എന്റെ ചങ്കിനുള്ളിൽ ഇരിപ്പുറപ്പിച്ചു.

ഇന്നു നിങ്ങളുടെ ഹൃദയത്തിലേക്കു വന്ന് അവിടെയിരിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നുണ്ട്. യൗവ്വനക്കാരാ, ഇന്നു നിന്റെ ജീവിതം വിരസമല്ലേ? വെറിക്കൂത്തുകളിൽ മുങ്ങിക്കിടക്കുകയല്ലേ? മദ്യവും കഞ്ചാവും നിന്റെ പ്രിയസുഹൃത്തുക്കളല്ലേ? ഇന്ന് ഇത് വായിക്കുമ്പോൾ നീ കർത്താവിനോടു പറ

യണം: കർത്താവേ, നീ എന്റെ ഹൃദയത്തിൽ വന്നു വാസം ചെയ്യണമേ. നീ എന്നെ ഭരിക്കണമേ. എന്നെ നീ നിയന്ത്രിക്കണമേ. നീ എന്റെ സ്രഷ്ടാവാകുന്നു. നീ എന്നെ നിന്റെ രക്തം കൊടുത്തു വിലക്കു വാങ്ങിയ രക്ഷിതാവാകുന്നു. യേശുവേ, കടന്നുവരണമേ.

യോനാ അവരോടു പറഞ്ഞു: ഞാൻ ദൈവത്തെ വിട്ട് ഓടിപ്പോവുകയാണ്. നിനെവേയിലേക്കു പോകാനാണ് ദൈവം പറഞ്ഞതെങ്കിലും ഞാൻ ഇപ്പോൾ തർശ്ശീശിലേക്കു പോവുകയാണ്. യൗവ്വനക്കാരാ, ദൈവത്തിനു വിപരീതമായി ചിന്തിക്കുവാൻ നിനക്കു തോന്നിയതെന്തുകൊണ്ടാണ്? കപ്പൽപ്രമാണി ചോദിച്ചു. യോനാ പറഞ്ഞു: എനിക്കൊരു കാര്യമേ പറയാനുള്ളൂ.

> *"അവൻ അവരോട്: എന്നെ എടുത്തു സമുദ്രത്തിൽ ഇട്ടുകളവിൻ; അപ്പോൾ സമുദ്രം അടങ്ങും; എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്കു തട്ടിയിരിക്കുന്നു എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു."* *യോനാ 1 : 12*

യോനാപ്രവാചകനു തെറ്റു മനസ്സിലായി. പ്രവാചകനു കുറ്റബോധം (conviction) ഉണ്ടായി. ഒരു മനുഷ്യന് വന്ന തെറ്റുകളിൽ നിന്ന് മോചനം കിട്ടുവാനുള്ള ഒരേയൊരു മാർഗ്ഗം കുറ്റബോധമുണ്ടാവുകയെന്നുള്ളതാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് വന്നു പ്രവർത്തിക്കുന്നത് കുറ്റബോധം തന്നുകൊണ്ടാണ്. ഞാനാണല്ലോ എന്റെ വീട്ടിലെ നാശത്തിന് ഉത്തരവാദിയെന്നു നിങ്ങൾക്കാർക്കെല്ലാം തോന്നുന്നുണ്ട്? എന്റെ വീട്ടിൽ പ്രയാസങ്ങളും പ്രശ്നങ്ങളും വരുവാൻ ഞാനാണ് ഉത്തരവാദി എന്നു നിങ്ങൾക്കാർക്കെങ്കിലും തോന്നുന്നുണ്ടോ?

ഞാൻ കാരണമാണ് ഈ സ്ഥാപനത്തിന് ഈ കേടു വന്നത്. ഞാൻ കാരണമാണ് എന്റെ ഭവനത്തിനു കേടുവന്നത്.

ഞാൻ കാരണമാണ് എന്റെ മാതാപിതാക്കൾ ദു:ഖിക്കേണ്ടി വന്നത്. ഞാൻ ഒരുത്തി കാരണമാണ് എന്റെ ഭർത്താവ് ഇന്നു വിഷാദമഗ്നനായി കഴിയേണ്ടി വന്നത്. എന്റെ ജീവിതത്തിൽ ചില പാപങ്ങളുണ്ട്. അതെടുത്ത് കളയാതെ രക്ഷയില്ല. നിങ്ങളുടെ ജീവിതത്തിലെ കോളിളക്കങ്ങൾ മാറണമെങ്കിൽ നിങ്ങളുടെ ഉള്ളിലുള്ള തിന്മകളെയെടുത്ത് എറിഞ്ഞുകളയുക. അനുസരണക്കേടിനെയെടുത്ത് എറിഞ്ഞുകളയുക.

പലപ്പോഴും നിങ്ങൾ പറയുന്നത്: ഞാൻ പള്ളിയിൽ പോകുന്നുണ്ട്, കൂട്ടായ്മയിൽ പോകുന്നുണ്ട്, കൂട്ടായ്മയിൽ പാട്ടു പാടുന്നുണ്ട്, സാക്ഷ്യം പറയുന്നുണ്ട്, പ്രസംഗിക്കുന്നുണ്ട്, എന്തിനാണ് കുറവ്? സ്നേഹിതാ, അതു പറഞ്ഞു കൊണ്ട് നിനക്ക് രക്ഷപ്പെടുവാൻ സാധിക്കയില്ല. നിന്റെ അകത്തുള്ള ചില കെടാച്ചരക്കുകൾ, വേണ്ടാതീനങ്ങളുണ്ട്.

അകത്ത് ചില അസൂയയും അനുസരണക്കേടും അശുദ്ധിയും ഒളിഞ്ഞുകിടപ്പുണ്ട്. ഇതുവരെയും നീ തുറക്കാത്ത ചില മുറികൾ നിന്റെ ഹൃദയത്തിലുണ്ട്. ഇതുവരെയും തുറന്നു കളയാൻ നീ തയ്യാറായിട്ടില്ല. പുറമേ ഒരു കുഴപ്പവുമില്ല. പുറമേ കൊള്ളാകുന്നവൻ. നല്ല അനുഗ്രഹിക്കപ്പെട്ട സ്ത്രീ എന്നു പറയും. എന്നാൽ ഹൃദയം കാണുന്ന ദൈവം നോക്കുമ്പോൾ അകത്തു തിന്മയുണ്ട്.

കപ്പലിനു കേടു വരാതിരിക്കണമെങ്കിൽ അകത്തിരിക്കുന്നത് എടുത്തെറിഞ്ഞു കളയണം.

യോനാ പ്രവാചകനു കുറ്റബോധമുണ്ടായി. ഒരു പ്രവാചകനു കുറ്റബോധമുണ്ടാവുക അത്ര എളുപ്പമുള്ള കാര്യമല്ല. ഞാൻ ദൈവത്തിന്റെ വചനം പറയുന്നവനല്ലേ? ദൈവത്തിന്റെ വേല ചെയ്യുന്നവനല്ലേ? മറ്റുള്ളവർക്കാണ് കുറ്റബോധം വരേണ്ടത്, എനിക്കു കുഴപ്പമൊന്നുമില്ല എന്നു ചിന്തിക്കുന്ന അനേകം ഉപദേശിമാരും പ്രസംഗകരുമുണ്ട്. അനേകർ ഇന്നു സ്വന്തജീവിതത്തിലേക്കു തിരിഞ്ഞുനോക്കുന്നില്ല.

എന്താണ് എന്റെ ജീവിതത്തിൽ ഈ അരിഷ്ടത വരാൻ കാരണം? കർത്താവേ, എനിക്കു കാണിച്ചു തരണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് സ്വന്തം ജീവിതത്തിലേക്കും കഴിഞ്ഞകാല ങ്ങളിലേക്കും തിരിഞ്ഞു നോക്കണം. അരുതാത്ത കാര്യങ്ങ ളിൽ, എന്തിനെല്ലാമാണ് കൂട്ടുകൂടിയത്?

കൈക്കൂലി വാങ്ങി അനേകർക്ക് പ്രയാസം വരുത്തി. അഴിമതിക്കു കൂട്ടുനിന്നു. പലതരം തെറ്റുകൾ സംഭവിച്ചു പോയി. അതെല്ലാം ഓർക്കാൻ പോലും നീ തയ്യാറാകുന്നില്ല. മകനേ, നിന്റെ കൈയിലുള്ള പണം നിന്റെയാണോ? നിന്റേത ല്ലാത്ത എന്തെങ്കിലും നിന്റെ കൈയിലുണ്ടെങ്കിൽ അതെല്ലാം വിഷമാണെന്ന് അറിഞ്ഞുകൊള്ളുക. അത് നിനക്ക് ദോഷ മാണ്, നിന്റെ മക്കൾക്കും ദോഷമാണ്.

> *“നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു. എന്നെ പക യ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാ മത്തെയും നാലാമത്തെയും തലമുറവരെ മക്ക ളുടെമേൽ സന്ദർശിക്കും.” പുറപ്പാട് 20 : 5*

കാര്യം ഗൗരവമാണ്. നമ്മുടെ മക്കൾക്ക് ഐശ്വര്യം വേണമെങ്കിൽ എല്ലാ വ്യാജവും എല്ലാ മോഷണവസ്തുവും മാറ്റിക്കൊള്ളുക. നിനക്കും നിന്റെ മക്കൾക്കും നല്ലതതാണ്. അല്ലെങ്കിൽ നീ ഇന്നു സമ്പാദിക്കുന്ന സമ്പാദ്യമൊന്നും നിന്റെ മക്കൾക്ക് അനുഭവിക്കുവാൻ കഴിയില്ല എന്ന് അറിഞ്ഞുകൊ ള്ളുക. നിന്റെ സമ്പാദ്യത്തിൽ ഏതെങ്കിലും തിന്മ മറഞ്ഞിരിക്കു ന്നുവെങ്കിൽ നിനക്കും നിന്റെ മക്കൾക്കും ദോഷമാണെന്നറി ഞ്ഞുകൊള്ളുക.

യോനാപ്രവാചകൻ പറഞ്ഞു: എനിക്കു തെറ്റു പറ്റി. ഞാനാണ് ഈ കപ്പലിലെ കേടിന് ഉത്തരവാദി. എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്കു തട്ടിയിരിക്കുന്നു എന്ന് ഞാൻ കാണുന്നു. എളിമപ്പെടുകയാണ്. അതുവരെ ചിന്തയില്ലാതി

രുന്ന പ്രവാചകൻ ഇപ്പോൾ ഉണർന്നു, അവന് ചിന്തവന്നു, തെറ്റു മനസ്സിലായി. Conversion – മാനസാന്തരം – വന്നു. തെറ്റു പറ്റിയെന്നു മനസ്സിലായപ്പോൾ അനുതാപം വന്നു. അവന്റെ ജീവിതത്തിൽ മാറ്റം വന്നു.

1. Conviction – കുറ്റബോധം
2. Conversion – മാനസാന്തരം
3. Contrition – തകർന്ന ഹൃദയം
4. Confession – കുമ്പസാരം

ഞാൻ നിമിത്തം, എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്കു തട്ടിയിരിക്കുന്നു എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു. പ്രവാചകന്റെ ഹൃദയം തകരുകയാണ്.

സ്വന്ത പാപം ഏറ്റുപറയുകയാണ്. എന്റെ നിമിത്തം ഈ വലിയ കോൾ തട്ടിയിരിക്കുന്നു.

അവനെ കടലിലേക്ക് എറിഞ്ഞു. അവർക്കു വിഷമമുണ്ട്. ആളുടെ ജീവൻ പോകുമല്ലോ. പ്രതീക്ഷയ്ക്കു വകയില്ലല്ലോ. പക്ഷേ, ആ സമയത്ത് ഒരു വലിയ മത്സ്യം യോനായെ വിഴുങ്ങി. ഞാൻ വായിച്ചത്, നമ്മുടെ നാട്ടിലെ ആനയുടെ മുപ്പത്താറ് ഇരട്ടി വലിപ്പമുള്ള, അങ്ങനെയുള്ള ഒരു മീൻ ഉണ്ടെന്നു തെളിഞ്ഞത് 1967 ൽ ആണ്. 1967 ൽ സ്വീഡന്റെ തീരത്ത് രണ്ടു മീൻപിടുത്തക്കാരെ കാണാതെയായി.

ഒരു ദിവസം കടൽത്തീരത്ത് ഒരു ഭീമാകാരനായ മീൻ ചത്തടിഞ്ഞു. അതിന്റെ വയറ് കീറിയപ്പോൾ ഈ രണ്ടു മീൻപിടുത്തക്കാരും ജീവനോടിരിക്കുന്നു! പുറത്തെടുത്തപ്പോൾ ശ്വാസമുണ്ട്. ആ മീനിന്റെ വയറ്റിൽ ഓക്സിജൻ ബ്ലാഡറുണ്ട്. ജന്തുശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചതാണിത്.

യോനായെ വിഴുങ്ങിയ ആ വലിയ മത്സ്യം വായ് പിളർന്നുകൊണ്ട് കപ്പലിന്റെ അടിയിലൂടെ സഞ്ചരിക്കുകയാണ്.

ദൈവം കല്പിച്ചാക്കിയ മത്സ്യമാണത്. ഒരു പക്ഷേ, നാം വീണു പോയാലും നമ്മെ യഥാസ്ഥാനപ്പെടുത്തുവാൻ ആഗ്രഹിച്ചു കൊണ്ട് മത്സ്യം താഴേക്കൂടെ വായ് പിളർന്നുകൊണ്ടു പോകുന്നുണ്ട്. ആ മത്സ്യം പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. നമ്മെ കൈക്കൊള്ളുവാൻ, നമ്മെ രക്ഷിക്കുവാൻ, നമ്മെ എത്തേണ്ടിടത്ത് എത്തിക്കുവാൻ പരിശുദ്ധാത്മാവ് തൊട്ടടുത്ത് നിൽക്കുന്നു!

സ്നേഹിതാ, നീ വിശ്വസിക്കൂ. നിന്റെ ജീവിതത്തിൽ വന്ന പാകപ്പിഴകളെല്ലാം മാറ്റി നിന്നെ സ്വീകരിപ്പാനും നിന്നെ ഉൾക്കൊള്ളുവാനും മനസ്സായി പരിശുദ്ധാത്മാവ് ഇതാ, വായ് പിളർന്നു നിൽക്കുന്നു. മത്സ്യം വായ് പിളർന്നു നിൽക്കുകയാ യിരുന്നു. എത്ര നേരമായി നിൽക്കുന്നു എന്നറിഞ്ഞുകൂടാ. കപ്പൽ പുറപ്പെട്ടതു മുതൽ ഈ മത്സ്യം കടലിന്റെ അടിത്തട്ടി ലൂടെ പോവുകയാണ്. ആ മത്സ്യം യോനായെ വിഴുങ്ങി.

യോനായെ വിഴുങ്ങിയപ്പോൾ മത്സ്യത്തിനും പൊറുതി യില്ലാതായി. യോനാ കപ്പലിൽ ചെന്നപ്പോൾ കപ്പൽ ഇളകി. മത്സ്യത്തിന്റെ വയറ്റിൽ ചെന്നപ്പോൾ മത്സ്യത്തിനും ഇരിക്ക പ്പൊറുതിയില്ലാതായി.

മത്സ്യം പാഞ്ഞുപോകാൻ തുടങ്ങി. മത്സ്യം മെഡിറ്ററേനി യൻ കടലിൽക്കൂടെ പടിഞ്ഞാറോട്ടു പാഞ്ഞു; ജിബ്രാൾട്ടർ കട ലിടുക്ക് കടന്ന് അറ്റ്ലാന്റിക് സമുദ്രത്തിൽ കടന്നു; ആഫ്രിക്ക യുടെ പടിഞ്ഞാറേ തീരം പറ്റി, ഗുഡ്ഹോപ്പ് (Good Hope) മുനമ്പ് ചുറ്റി ഇന്ത്യൻ മഹാസമുദ്രത്തിൽ പ്രവേശിച്ചു. ആഫ്രി ക്കയുടെ കിഴക്കേ തീരത്തുകൂടി നേരെ വടക്കോട്ട് ഓടി, ചെങ്ക ടൽ (Red sea) കടന്നു.

ഈ മത്സ്യം മൂന്നുദിവസം കൊണ്ട് അയ്യായിരം മൈൽ ഓടിത്തീർത്തു. സ്വസ്ഥതയില്ലാതെ ഓടുന്നത് എന്തിനുവേണ്ടി യായിരുന്നു? നിത്യനായ ദൈവത്തിന്റെ കാര്യപരിപാടി ഈ പാപിയായ പ്രവാചകനെ രക്ഷിച്ചെടുക്കുക എന്നതായിരുന്നു.

ആ മത്സ്യം പ്രവാചകനേയും വഹിച്ചുകൊണ്ട് നീന്തിത്തുടിച്ച് പായുകയാണ്. അയ്യായിരം മൈൽ താണ്ടി ചെങ്കടൽ തീരത്ത് യോനായെ ഛർദ്ദിച്ചു.

യോനാ ഓർത്തു: ഇതെന്തത്ഭുതം! എനിക്കു കുറ്റബോധം വന്നു, പാപബോധം വന്നു, എനിക്ക് മനസ്സ് നുറുക്കം വന്നു. ഞാൻ എല്ലാം ഏറ്റുപറഞ്ഞു. പക്ഷേ, ഇത് എന്തത്ഭുതം! ഇങ്ങനെയുമുണ്ടോ ഒരു ദൈവസ്നേഹം! എന്നെ വിടാതെ പിന്തുടരുന്ന ഒരു ദൈവസ്നേഹം! ഞാൻ എവിടെപ്പോയി ഒളിച്ചാലും എന്റെ പുറകെ വരുന്ന ദൈവസ്നേഹം! എന്നെ രക്ഷിച്ചെടുക്കുവാൻ അദ്ധ്വാനിക്കുന്ന ദൈവസ്നേഹം!

പ്രവാചകന് ആ സ്നേഹം മനസ്സിലായി. യോനാ, മൂന്നു ദിവസത്തെ വഴി മുന്നോട്ടു പോയി. പ്രവാചകൻ നിനെവേയിൽ ചെന്നു പ്രസംഗിച്ചു. ദൈവം പറഞ്ഞത് അനുസരിക്കാൻ പ്രവാചകൻ തയ്യാറായി.

> *"യഹോവയുടെ അരുളപ്പാട് രണ്ടാം പ്രാവശ്യം യോനായ്ക്കു ഉണ്ടായതെന്തെന്നാൽ: നീ പുറപ്പെട്ടു മഹാനഗരമായ നിനെവേയിലേക്കു ചെന്നു ഞാൻ നിന്നോട് അരുളിച്ചെയ്യുന്ന പ്രസംഗം അതിനോടു പ്രസംഗിക്ക."* *യോനാ 3 : 1, 2*

ആദ്യത്തെ അവസരം യോനാ നഷ്ടപ്പെടുത്തി; ഒരു second chance കൊടുക്കുകയാണ്. ഞാൻ ദൈവസന്നിധിയിൽ എളിമപ്പെട്ടുകൊണ്ടു പറയും, first chance അല്ല, second chance-ഉം അല്ല, എത്രയോ അവസരങ്ങൾ യേശു എനിക്കു തന്നു. ഈ അടുത്തകാലത്തും കർത്താവ് എനിക്കു ഒരു പ്രാവശ്യം കൂടെ ആയുസ്സ് നീട്ടിത്തന്നു. തീരെ തീർന്നു പോയി എന്ന ഘട്ടം വന്നെങ്കിലും കർത്താവ് ആയുസ്സ് നീട്ടിത്തന്നു.

നിങ്ങൾക്കും അവസരങ്ങൾ തന്നില്ലേ? ഓപ്പറേഷൻ ടേബിളിൽ നിന്നു പുറത്തു വരികയില്ല എന്നു ചിന്തിച്ചിരുന്നതല്ലേ? ജീവനോടെ വന്നില്ലേ? ഇനി ആശയ്ക്കു വകയില്ല എന്നു വിചാ

രിച്ചിരുന്നതല്ലേ? കർത്താവ് പ്രത്യാശ തന്നില്ലേ? എനിക്കൊരു നല്ല കാലമുണ്ടാകയില്ല എന്നു വിചാരിച്ചിരുന്നതല്ലേ? കർത്താവ് നല്ല കാലങ്ങൾ തന്നില്ലേ?

എനിക്കു കുഞ്ഞു പിറക്കുകയില്ല എന്നു വിചാരിച്ചിരുന്ന തല്ലേ? ഓമനക്കുഞ്ഞിനെ കൈയിലേന്താൻ കർത്താവ് ഭാഗ്യം തന്നില്ലേ? ദീർഘക്ഷമയുള്ള ദൈവം ഏതു കൊടിയ പാപി യേയും സ്നേഹിക്കുന്നവനാണ്. എന്റെ കർത്താവ് ആരു ടേയും പാപം നോക്കി അവരെ ശിക്ഷിക്കുന്നവനല്ല. കർത്താ വായ യേശു സ്നേഹം മാത്രമാണ്.

നിങ്ങൾ യേശുവിനെ കാണുക. യേശുവിനെ വിശ്വസി ക്കുക. ആ സ്നേഹനിധിയെ നിങ്ങൾ അടുത്തനുഭവിക്കുക. അവനോടു പറയുക: എന്റെ കർത്താവേ, നീ എനിക്ക് അവ സരങ്ങൾ നീട്ടി നീട്ടി തന്നല്ലോ. ഇനിയും ജീവിക്കാൻ അവ സരം തന്നല്ലോ. എനിക്ക് നല്ല കാലങ്ങളും സമാധാനകാല ങ്ങളും തന്നല്ലോ.

വിവാഹം നടക്കുമെന്നു വിചാരിച്ചിരുന്നില്ലെങ്കിലും വിവാഹം നടന്നല്ലോ. കുടുംബത്തിൽ സമാധാനം തന്നല്ലോ. യേശുവേ, നീ എത്ര നല്ലവൻ. നീ എത്രവല്ലഭൻ. നീ എത്ര രക്ഷാകരൻ. ഇതു വായിക്കുമ്പോൾ തന്നെ നിങ്ങൾക്കു വിനയ പ്പെടാം. കർത്താവിന്റെ പാദപീഠത്തിൽ നിങ്ങളെത്തന്നെ താഴ്ത്താം. നിങ്ങൾക്കു പറയാം: കർത്താവേ, ഞാൻ ഇതാ നിന്റെ നിയോഗം (Commission) ഏറ്റെടുക്കുന്നു.

നീ ചെന്നു പ്രസംഗിക്ക എന്നു രണ്ടാം പ്രാവശ്യം യോനാപ്രവാചകന് അരുളപ്പാടുണ്ടായി.

5. Commission – നിയോഗം – ലഭിച്ചു. നീ വേല ചെയ്യാൻ പോവുക. നീ ഇത്രയും കാലം അടങ്ങിയിരുന്നുപോയി. ഉറങ്ങി ക്കിടന്നുപോയി. ആത്മാക്കളെ നേടാൻ നീ ഇറങ്ങുക. കൊയ്ത്തുകറ്റകൾ നേടിയെടുക്കാൻ വയലിലേക്ക് ഓടി ഇറ ങ്ങുക.

ദൈവത്തിന്റെ കളപ്പുരയിലേക്ക് വരേണ്ടുന്ന കറ്റകൾ നീ കൊയ്തില്ലെങ്കിൽ പക്ഷികൾ കൊത്തിക്കൊണ്ടു പോകും. അതിനെ തേടി നീ ഇറങ്ങുക. കർത്താവ് രണ്ടാമതു വരുമ്പോൾ നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും എന്ന ഇമ്പനാദം കേൾക്കാൻ നമുക്കും ഒരുങ്ങണ്ടേ?

എന്റെ യേശുവേ, എനിക്ക് തെറ്റുകൾ പറ്റിപ്പോയി. ജീവിതത്തിന്റെ കാര്യങ്ങൾ ഗ്രഹിക്കാതെ അലസനായിപ്പോയി. എന്നാൽ എഴുന്നേറ്റു വിളിച്ചപേക്ഷിക്ക എന്ന വാക്കു കേട്ടു ഞാൻ എഴുന്നേറ്റു. ഭാഗ്യമായിപ്പോയി. നീ എനിക്കു കുറ്റബോധം തന്നു, മാനസാന്തരം തന്നു. ഹൃദയത്തിനു തകർച്ച തന്നു. സത്യമായ ഏറ്റുപറച്ചിലിന് ഭാഗ്യം തന്നു. ഇപ്പോൾ നീ എന്നോട് second chance തന്നുകൊണ്ടു പറയുന്നു: നീ എഴുന്നേറ്റു പ്രസംഗിക്ക.

യേശു ഇതാ, നിങ്ങളുടെ അടുത്ത് വന്ന് നിങ്ങളുടെ നേരെ കരം നീട്ടുന്നു. ആ തൃക്കരത്തിലേക്ക് നിങ്ങളുടെ ജീവിതം ഏൽപ്പിച്ചുകൊടുക്കാം. ഭാവി ഏൽപ്പിച്ചുകൊടുക്കാം. നിത്യതയിലേക്ക് ചെല്ലുമ്പോൾ നിരാശരായി പോകാൻ ഇടവരരുത്. യേശുവിന്റെ സ്നേഹസാമ്രാജ്യത്തിലേക്കു കടന്നുചെല്ലുവാൻ ഇപ്പോൾ തന്നെ ഒരുങ്ങുക.

യേശുവിനോടു വാക്കു പറയുക: യേശുവേ, തിരുരക്തത്താൽ എന്നെ കഴുകണമേ. തിരുനിണത്താൽ എന്നെ ശുദ്ധീകരിക്കണമേ. ഇന്നുമുതൽ യേശുവേ, ഞാൻ നിന്റെ വക. നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും. എന്റെ യേശുവേ, നീ രണ്ടാമത് വരുമ്പോൾ എന്നെക്കൂടി ഓർത്തുകൊള്ളണമേ.

യേശുവിന്റെ കരം നിങ്ങളുടെ കരത്തെ പിടിക്കും. യേശുവിന്റെ കരം നിങ്ങളെ അനുഗ്രഹിക്കും. യേശു നിങ്ങളുടെ സകല പാപങ്ങളും ക്ഷമിക്കും. പുതിയ ജീവിതം

നിങ്ങൾക്കു തരും.

കാരുണ്യവാനായ സ്വർഗ്ഗീയപിതാവേ, അവിടുത്തെ മഹത്വപൂർണ്ണമായ വചനം ഞങ്ങൾക്കു തന്നതിനായി സ്തോത്രം. ഈ മക്കളെയെല്ലാവരേയും അനുഗ്രഹിക്കണമേ. ശാപങ്ങളും ബന്ധനങ്ങളും മാറ്റണമേ. സാത്താൻ കെട്ടിയ കോട്ടകൾ തകർക്കണമേ. നിത്യജീവനുവേണ്ടി ഒരുക്കണമേ. നിന്റെ രണ്ടാമത്തെ വരവിൽ പറന്നുയരുന്ന വിശുദ്ധന്മാരുടെ നിരയിൽ നിൽക്കാൻ എല്ലാവരേയും ഒരുക്കണമേ. എല്ലാവരേയും അനുഗ്രഹിക്കണമേ. യേശുക്രിസ്തുവിന്റെ പരിശുദ്ധനാമത്തിൽ തന്നേ, ആമ്മേൻ.

# എട്ട്

*"അങ്ങനെ അവൻ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ പെട്ടെന്ന് ഒരു ദൂതൻ അവനെ തട്ടി അവനോട്: എഴുന്നേറ്റു തിന്നുക എന്നു പറഞ്ഞു. അവൻ ഉണർന്നു നോക്കിയപ്പോൾ കനലിന്മേൽ ചുട്ട ഒരു അടയും ഒരു തുരുത്തി വെള്ളവും തലയ്ക്കൽ ഇരിക്കുന്നതു കണ്ടു; അവൻ തിന്നു കുടിച്ചു പിന്നെയും കിടന്നുറങ്ങി. യഹോവയുടെ ദുതൻ രണ്ടാം പ്രാവശ്യം വന്നു അവനെ തട്ടി: എഴുന്നേറ്റ് തിന്നുക; നിനക്കു ദൂരയാത്ര ചെയ്വാനുണ്ടല്ലോ എന്നു പറഞ്ഞു. അവൻ എഴുന്നേറ്റു തിന്നു കുടിച്ചു."* *1 രാജാക്കന്മാർ 19 : 5 – 7*

ഏലിയാപ്രവാചകന്റെ കാര്യമാണിവിടെ പറയുന്നത്. ഏലിയാപ്രവാചകൻ നമുക്കു സമസ്വഭാവമുള്ള മനുഷ്യനായിരുന്നു. വിശ്വാസവീരനായിരുന്നു. ദൈവത്തിന്റെ ദീർഘദർശിയായിരുന്നു. അനേക കാര്യങ്ങളിൽ ജനത്തെ നടത്തുവാൻ ദൈവകൃപ ലഭിച്ച ആളായിരുന്നു. നമ്മെപ്പോലെ ബലഹീന പ്രകൃതിയുള്ള ആളായിരുന്നു. ദൈവം പ്രത്യേക കൃപ തരുന്നതുകൊണ്ടാണ് നമുക്കു ശക്തി കിട്ടുന്നത്. പ്രവാചകന് പ്രത്യേക കൃപലഭിച്ചതുകൊണ്ട് ശക്തി കിട്ടി. ഏലിയാപ്രവാചകൻ ദൈവത്തിന്റെ ആത്മാവിൽ നിറഞ്ഞ് വചനം പറഞ്ഞു.

ദൈവത്തിനുവേണ്ടി അത്ഭുതങ്ങൾ പ്രവൃത്തിച്ച പ്രവാചകനാണ് ഏലിയാവ്. ഒരിക്കൽ ആഹാബ് രാജാവിന്റെ കൊട്ടാരത്തിൽ കടന്നുചെന്ന് രാജാവിന്റെ നേരെ വിരൽ ചൂണ്ടിക്കൊണ്ട്

പറഞ്ഞു:

> *"എന്നാൽ ഗിലെയാദിലെ തിശ്ബിയിൽ നിന്നുള്ള തിശ്ബ്യനായ ഏലിയാവ് ആഹാബിനോട്: ഞാൻ സേവിച്ചു നിൽക്കുന്ന യിസ്രായേലിന്റെ ദൈവ മായ യഹോവയാണ, ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല എന്നു പറഞ്ഞു"* *1 രാജാക്കന്മാർ 17 : 1*

എത്ര കഠോരമായ വാക്കുകളാണ് പറഞ്ഞത്. നാട്ടിൽ മഴ യുണ്ടാകയില്ല, നാട് ഉണങ്ങി വരളും. പ്രവാചകന് അതറിയാം, പ്രവാചകനെ അയച്ച ദൈവത്തിനുമതറിയാം. മൂന്നര വർഷ മാണ് അത് നീണ്ടുനിന്നത്. എന്നാൽ ദൈവത്തിന് വ്യക്തമായ ഉദ്ദേശമുണ്ടായിരുന്നു. ആ ജനത്തെ നശിപ്പിപ്പാനല്ല, നേരെമറിച്ച് അവരെ നേർവഴിയിലേക്ക് നടത്തേണ്ടതിനായിരുന്നു ദൈവ ത്തിന്റെ പ്രവാചകൻ ദൈവത്തിന്റെ ശബ്ദം ശക്തമായി രാജാ വിനെയും ജനത്തെയും അറിയിച്ചത്.

അതിനുശേഷം ദൈവത്തിന്റെ വചനം അനുസരിച്ച് പ്രവാചകൻ കെരീത്ത്തോട്ടിന്നരികെ ഒളിച്ചിരുന്നു. കാക്ക തക്കസമയത്ത് അപ്പവും ഇറച്ചിയും കൊണ്ടുവന്നു കൊടുത്തി രുന്നു. പിന്നീട് സാരെഫാത്തിലെ വിധവയുടെ വീട്ടിൽ മൂന്നര വർഷം ഏലിയാപ്രവാചകൻ താമസിച്ചു. ആ വിധവയുടെ മകൻ ദീനംപിടിച്ചു മരിച്ചു. പ്രവാചകൻ ആ മകനെ കരങ്ങളി ലെടുത്തു പ്രാർത്ഥിച്ചു. ദൈവം അവനു ജീവൻ തിരിച്ചുകൊ ടുത്തു. ആ ചെറുപ്പക്കാരൻ എഴുന്നേറ്റു. വിധവയായ ആ സ്ത്രീ പറഞ്ഞു:

> *"സ്ത്രീ ഏലിയാവോട്: നീ ദൈവപുരുഷൻ എന്നും നിന്റെ നാവിന്മേലുള്ള യഹോവയുടെ വചനം സത്യമെന്നും ഞാൻ ഇതിനാൽ അറി യുന്നു എന്നു പറഞ്ഞു."* *1 രാജാക്കന്മാർ 17 : 24*

എല്ലാം അത്ഭുതങ്ങളാണ്. പ്രവാചകന്റെ ജീവിതത്തിൽ

അത്ഭുതങ്ങൾ ധാരാളമായി കാണാം. സങ്കീർത്തനക്കാരനായ ദാവീദ് പറയും: “ഞാൻ പലർക്കും ഒരു അത്ഭുതമായിരിക്കുന്നു.” നമ്മെ നോക്കിയും അങ്ങനെ പറയാൻ സാധിക്കണം. ദൈവത്തിന്റെ മക്കൾ അത്ഭുതവിഷയമായി നിൽക്കാൻ ദൈവം ആഗ്രഹിക്കുന്നു. മറ്റുള്ളവർക്കു കിട്ടാത്ത പല കാര്യങ്ങളും ദൈവത്തിന്റെ മക്കൾക്കു സാധിച്ചു കിട്ടണം എന്നു ദൈവം ആഗ്രഹിക്കുന്നു.

അതിനുശേഷം നമ്മൾ പ്രവാചകനെ കാണുന്നത് കർമ്മേൽ ഗിരിയിലാണ്. അവിടെ നിന്നുകൊണ്ട് ആഹാബ് രാജാവിനെ വിളിപ്പിച്ചു. പ്രവാചകൻ രാജാവിനോടു പറഞ്ഞു: “രാജാവേ, അങ്ങയുടെ ദേവന്മാരായ ബാൽ വിഗ്രഹത്തിന്റെയും അശേരാ പ്രതിഷ്ഠകളുടെയും പുരോഹിതന്മാരെ വിളിക്കൂ. അവരെല്ലാവരും വരട്ടെ. എന്നിട്ട് ഒരു കാളയെ ഖണ്ഡം ഖണ്ഡമായി അറുത്തു വയ്ക്കട്ടെ. സ്വർഗ്ഗത്തിൽനിന്നു തീയിറങ്ങി ദഹിപ്പിക്കുകയാണെങ്കിൽ അത് സത്യദൈവം എന്നു മനസ്സിലാക്കാം.” ജനം ആർത്തു പറഞ്ഞു, അത് നല്ല വാക്ക് എന്ന്. സ്വർഗ്ഗത്തിലെ തീ ഭൂമിയിലേക്ക് ഇറങ്ങി വരുന്നത് ഒരു അത്ഭുതകാര്യമാണല്ലോ. അത് സംഭവിക്കുമെങ്കിൽ അത് സാക്ഷാൽ ദൈവം എന്ന് മനസ്സിലാക്കാം.

രാജാവിന്റെ ആളുകളും ബാൽവിഗ്രഹങ്ങളുടെയും അശേരാപ്രതിഷ്ഠകളുടെയും അസ്തോരത്ദേവിയുടെയും പുരോഹിതന്മാരും പ്രവാചകന്മാരും എല്ലാവരും വന്ന് അണിനിരന്നു. രാവിലെ മുതൽ വൈകുന്നേരംവരെ ആർത്തട്ടഹസിച്ചുകൊണ്ട് വാളുകൊണ്ട് വെട്ടിയും ബാലേ, ഉത്തരമരുളണമേ; ബാലേ, ഉത്തരമരുളണമേ എന്നു നിലവിളിച്ചുംകൊണ്ടിരുന്നു. ഒരു ഉത്തരവുമുണ്ടായില്ല. കാരണം, വിഗ്രഹങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?

ജീവനുള്ള ദൈവത്തിന്റെ നാമത്തിൽ പ്രവാചകൻ പ്രാർത്ഥിച്ചപ്പോൾ സ്വർഗ്ഗത്തിൽ നിന്നും തീയിറങ്ങി. പ്രവാചകൻ ഒരുകാര്യം ചെയ്തു. യാഗപീഠം പണിത് അകന്നുപോയ

കല്ലുകൾ അടുപ്പിച്ചുവച്ചു, ചുറ്റും തോടുണ്ടാക്കി, തോട്ടിൽ വെള്ളം നിറച്ചു. എന്നിട്ട് യാഗപീഠത്തിന്മേൽ കാളയെ അറുത്തുവച്ചു. തീയിറങ്ങി വെള്ളം വറ്റിക്കണം. വെള്ളത്തിൽ മുക്കിവച്ചതുപോലുള്ള യാഗവസ്തുവിനെ ദഹിപ്പിക്കണം. തീയൊന്നും കൊണ്ടുവന്നിട്ടുമില്ല. പ്രവാചകൻ പ്രാർത്ഥിച്ചു: കർത്താവേ, നീ എന്നെ അയച്ചു എന്നും നിന്റെ വചനപ്രകാരമാണ് ഞാൻ ഇതെല്ലാം ചെയ്യുന്നതെന്നും ഈ ജനം അറിയേണ്ടതിന്ന് ഇപ്പോൾ സ്വർഗ്ഗത്തിൽനിന്നു തീയിറങ്ങി ആ വസ്തുക്കളെ മുഴുവൻ ദഹിപ്പിക്കണമേയെന്ന്. സ്വർഗ്ഗത്തിൽനിന്നു തീ ഇറങ്ങി എല്ലാം ദഹിപ്പിച്ചു.

അപ്പോഴേക്കും ബാൽ വിഗ്രഹങ്ങളെ ആരാധിക്കുന്നവർക്കു വലിയ നിരാശയുണ്ടായി, അവർ ഭയപ്പെട്ടു. അവരെയെല്ലാം വെട്ടിക്കൊല്ലുവിൻ എന്നു പ്രവാചകൻ പറഞ്ഞു. കർമ്മേലിലെ വിജയത്തിനുശേഷം പ്രവാചകൻ ഒരു ഭാഗത്ത് ചെന്ന് തലതാഴ്ത്തിയിരുന്ന് പ്രാർത്ഥിക്കാൻ തുടങ്ങി. വലിയൊരു വിജയമാണ് കിട്ടിയത്. പക്ഷേ, പ്രവാചകനറിയാം ശക്തി എവിടെയോ ചോർന്നുപോയി എന്ന്. വലിയൊരു ശുശ്രൂഷ കഴിഞ്ഞപ്പോൾ പ്രവാചകന്റെ ശക്തി ക്ഷയിച്ചുതുടങ്ങി.

അനേകം ദൈവമക്കൾ രക്ഷപ്പെടുകയും അനേകം ദൈവമക്കൾക്കു സമാധാനം ലഭിക്കുകയും ചെയ്ത അനുഗ്രഹപ്രദമായ ശുശ്രൂഷ ചെയ്യാൻ, വൻകാര്യം ചെയ്യാൻ ഈ പ്രവാചകനെയാണ് ദൈവം തന്റെ കരങ്ങളിലെടുത്തത്. അതുകൊണ്ട് പ്രവാചകന്റെ മേൽ പിശാചിന്റെ തിരിച്ചടിയുണ്ടായി. പ്രവാചകൻ ക്ഷീണിച്ചു.

> *"ഏലിയാവ് ചെയ്തതൊക്കെയും അവൻ സകല പ്രവാചകന്മാരെയും വാൾകൊണ്ടു കൊന്ന വിവരമൊക്കെയും ആഹാബ് ഈസേബെലിനോടു പറഞ്ഞു. ഈസേബെൽ ഏലിയാവിന്റെ അടുക്കൽ ഒരു ദൂതനെ അയച്ചു: നാളെ ഈ നേരത്തു ഞാൻ നിന്റെ ജീവനെ അവരിൽ ഒരുത്തന്റെ ജീവ*

*നെപ്പോലെ ആക്കുന്നില്ല എങ്കിൽ ദേവന്മാർ എന്നോടു തക്കവണ്ണവും അധികവും ചെയ്യുമാറാകട്ടെ എന്നു പറയിച്ചു. അവൻ ഭയപ്പെട്ടു എഴുന്നേറ്റു ജീവരക്ഷയ്ക്കായി പുറപ്പെട്ടു യെഹൂദായ്ക്കുൾപ്പെട്ട ബേർ-ശേബയിൽ ചെന്നു അവിടെ തന്റെ ബാല്യക്കാരനെ താമസിപ്പിച്ചു."*

*1 രാജാക്കന്മാർ 19 : 1 – 3*

ആഹാബ് രാജാവിന്റെ ഭാര്യ പ്രവാചകന്റെ അടുത്ത് ഒരു ദൂതനെ വിട്ടു പറയിച്ചു: നേരത്തോടുനേരം കഴിയുന്നതിനു മുമ്പ് ഞാൻ നിന്നെ കൊല്ലിക്കും. അതുകേട്ടു പ്രവാചകൻ ഭയപ്പെട്ടു. നേരിട്ടു ദൈവത്തോടു ബന്ധമുള്ള ഏലിയാവ് ഭയപ്പെടേണ്ട വ്യക്തിയല്ല. സ്വർഗ്ഗത്തിൽനിന്നു തീയിറങ്ങുന്നതും ശത്രുനിരകളെല്ലാം ഛിന്നഭിന്നമാകുന്നതും കണ്ടതാണ് ഏലിയാവ്. എന്നാൽ ഏലിയാവ് ഇപ്പോൾ ക്ഷീണിതനായി.

ദൈവമക്കൾക്കു പലപ്പോഴും പറ്റുന്ന അപകടമാണിത്. അനുഗ്രഹപ്രദമായ ഒരു ശുശ്രൂഷകഴിഞ്ഞാൽ അവർ ക്ഷീണിതരാകും. കാരണം ഈ ശരീരത്തിൽക്കൂടെയും അന്തരാത്മാവിൽക്കൂടെയുമാണ് പരിശുദ്ധാത്മാവ് വ്യാപരിക്കുന്നത്. അതുകൊണ്ട് പിശാച് ഈ ശരീരത്തെ ഏതെങ്കിലുംതരത്തിൽ ക്ഷീണിപ്പിക്കാൻ നോക്കും. ഏതെങ്കിലും തരത്തിൽ രോഗങ്ങളോ ആപത്തുകളോ കൊണ്ടുവരാൻ നോക്കും. സ്വാഭാവികമാണ്.

ആ ദുഷ്ടരാജ്ഞി ഈസേബെൽ ഭീഷണിപ്പെടുത്തിയതുകൊണ്ട് ഏലിയാവു പറഞ്ഞു: മതി കർത്താവേ, മതി. ഞാൻ ഇത്രയെല്ലാം ചെയ്തില്ലേ? എനിക്കു മരിച്ചാൽ മതി. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കാര്യപരിപാടി ഏലിയാവ് ചിന്തിച്ചില്ല. ദൈവത്തിന്റെ കാര്യപരിപാടിയിൽ ഏലിയാവ് ഇപ്പോൾ മരിക്കാനല്ല, വലിയവേലകൾ ചെയ്യാനുണ്ട്; ദൂരയാത്ര ചെയ്യാനുണ്ട്. തന്നെക്കുറിച്ചുള്ള ദൈവികപദ്ധതി എന്ത് എന്ന് ഏലിയാവ് ചിന്തിച്ചില്ല. ആ സ്ത്രീയുടെ സൈന്യംവന്നു വെട്ടിക്കൊ

ല്ലുന്നതിനുമുമ്പ് ഏലിയാവ് അവിടെനിന്ന് ഓടിപ്പോയി. ബാല്യക്കാരനെ ബേർ-ശേബയിൽ നിർത്തിയിട്ട് ഏലിയാവ് മുന്നോട്ട് പോയി. മരുഭൂമിയിൽക്കൂടി നടന്നുനടന്നു തളർന്ന് ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങി.

> *"താനോ മരുഭൂമിയിൽ ഒരു ദിവസത്തെ വഴി ചെന്ന് ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്നു മരിപ്പാൻ ഇച്ഛിച്ചു; ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ; ഞാൻ എന്റെ പിതാക്കന്മാരെക്കാൾ നല്ലവനല്ലല്ലോ എന്നു പറഞ്ഞു. അങ്ങനെ അവൻ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ പെട്ടെന്ന് ഒരു ദൂതൻ അവനെ തട്ടി അവനോട്: എഴുന്നേറ്റു തിന്നുക എന്നു പറഞ്ഞു."* *1 രാജാക്കന്മാർ 19 : 4, 5*

ദൂതൻ ഏലിയാവോട് പറഞ്ഞു: എഴുന്നേറ്റു തിന്നുക. ഈ വരണ്ട മരുഭൂമിയിൽക്കൂടി വരൾച്ച അനുഭവിച്ചുകൊണ്ട് നടക്കുകയായിരുന്നില്ലേ. നിനക്കുവേണ്ടി സ്വർഗ്ഗത്തിലെ ദൈവം അപ്പം തന്നുവിട്ടിട്ടുണ്ട്. നിന്നെ ഉപേക്ഷിക്കുന്നവനല്ല ദൈവം. ദൈവത്തിന്റെ വേല ചെയ്തു ക്ഷീണിച്ചു എന്നുള്ളതുകൊണ്ട് നിന്നെ തള്ളിക്കളയുന്നവനല്ല ദൈവം. ദൈവം സ്നേഹമാണ്.

ഏലിയാവ് എഴുന്നേറ്റു അപ്പം കണ്ടു. കഴിച്ചിട്ട് വീണ്ടും കിടന്നുറങ്ങി. വലിയ തളർച്ചയായി പോയി. ആത്മീയജീവിതത്തിന്റെ ഒരു വലിയ രഹസ്യം ഇവിടെ കാണാൻ സാധിക്കും. ദൈവത്തിന്റെ വേലയിൽ, കർത്താവിന് ഏതെങ്കിലും തരത്തിൽ പ്രയോജനപ്പെടുന്നവർ, പ്രയോജനപ്പെട്ടു എന്നുള്ളതുകൊണ്ട് അവർക്കു തിരിച്ചടികൾ ഉണ്ടാകാം. പിശാചിന് അവരോടു വൈരാഗ്യമാണ്. വാക്കുകൾകൊണ്ടുള്ള എതിർപ്പോ ധിക്കാരപൂർവ്വമായ നടപടികളോ നേരിടേണ്ടി വന്നേക്കാം. ആളുകൾ പുച്ഛിക്കുകയോ, നമ്മളെ ഒടുക്കികളയുമെന്നോ പറഞ്ഞു എന്നുവരാം. പല തരത്തിൽ നമുക്കു നിരാശ വരു

ത്തുവാൻ ശ്രമിച്ചുവെന്നുവരാം. ശത്രുവിന്റെ കെണിയാണ് ഇതെല്ലാം.

ശത്രു പ്രവർത്തിക്കുന്നത് മനുഷ്യനിൽക്കൂടിയാണ്. ഈസേബെൽ എന്ന ദുഷ്ട സ്ത്രീയിൽ നിന്നുകൊണ്ട് പിശാച് ചിലതു പ്രവൃത്തിച്ചു. എന്നാൽ ഏലിയാവെന്ന ആ ദൈവമനുഷ്യൻ വളരെ ഭയഭക്തിയോടെനിന്നു പോരാടിയതാണെങ്കിലും ഇപ്പോൾ അവൻ തളർന്നുപോയി. ആത്മീയജീവിതത്തിൽ നാം തളരരുത്. വീട്ടിൽ ആർക്കെങ്കിലും രോഗം വന്നല്ലോ, ബിസിനസ്സ് നഷ്ടമായല്ലോ, പരീക്ഷ തോറ്റുപോയല്ലോ എന്നെല്ലാം ചിന്തിച്ച് നാം നിരാശപ്പെടരുത്. പിശാച് കെണിവയ്ക്കുന്നുണ്ട്. അവൻ നമ്മുടെ പിന്നാലെ നിൽക്കുന്നുണ്ട്.

> *"അവൻ ഉണർന്നു നോക്കിയപ്പോൾ കനലിന്മേൽ ചുട്ട ഒരു അടയും ഒരു തുരുത്തി വെള്ളവും തലയ്ക്കൽ ഇരിക്കുന്നതുകണ്ടു; അവൻ തിന്നു കുടിച്ചു പിന്നെയും കിടന്നുറങ്ങി. യഹോവയുടെ ദൂതൻ രണ്ടാം പ്രാവശ്യം വന്ന് അവനെ തട്ടി: എഴുന്നേറ്റു തിന്നുക; നിനക്ക് ദൂരയാത്ര ചെയ്‌വാനുണ്ടല്ലോ എന്നു പറഞ്ഞു."* *1 രാജാക്കന്മാർ 19 : 6, 7*

ഏലിയാവ് വീണ്ടും ഉറങ്ങുകയാണ്. ക്ഷീണം മാറുന്നില്ല. സ്നേഹവാനായ ദൈവം പറഞ്ഞു: എഴുന്നേറ്റു തിന്നുക. നീ ഇങ്ങനെ അലസനായി കിടക്കല്ലേ. നിനക്കു ദൂരയാത്ര ചെയ്‌വാനുണ്ട്. നമ്മെയും തട്ടിയുണർത്തിക്കൊണ്ട് കർത്താവ് പറയുന്നു: നിനക്കു ദൂരയാത്ര ചെയ്‌വാനുണ്ട്. നിന്റെ ജീവിതം ഇവിടെ തീരാനുള്ളതല്ല. ഈ മരുഭൂമിയിൽ ഒരു അനാഥപ്രേതം പോലെ കിടക്കേണ്ടവനല്ല നീ. നിന്നെക്കുറിച്ച് ദൈവത്തിന് പരമമായ ചില ലക്ഷ്യങ്ങളുണ്ട്. ഉന്നതമായ ലാക്കുകൾ നിന്നെക്കുറിച്ചുണ്ട്. നീ തളർന്നുകിടക്കാൻ പാടില്ല.

നിത്യനായ ദൈവം പറയുന്നു:

എഴുന്നേറ്റു പണിയുക

എഴുന്നേറ്റു തിന്നുക
എഴുന്നേറ്റു വിളിച്ചപേക്ഷിക്ക
എഴുന്നേറ്റു പ്രകാശിക്ക
എഴുന്നേറ്റു മടങ്ങിപ്പോവുക.

അനേകർ ഇന്ന് അലസരായി കിടക്കുന്നു. ശാരീരിക ക്ഷീണം കാണും. മാനസികമായി ക്ഷീണം കാണും. മറ്റുള്ളവരുടെ അപവാദശരങ്ങളേറ്റു തളർന്നുപോയി എന്നു വരാം. കുടുംബത്തിലെ ക്ലേശങ്ങളുണ്ട്. കുടുംബത്തിലുള്ളവർ നാം അനുഭവിക്കുന്ന ആത്മീയസന്തോഷത്തിലേക്കു വരാത്തതുകൊണ്ടുള്ള ക്ലേശങ്ങളുണ്ട്. എന്നാൽ നാം അലസരായിരുന്നാൽ ശത്രു ജയിക്കും. ദൈവത്തിനു ചില പദ്ധതികൾ നിന്നെക്കുറിച്ചുണ്ട്.

ഏലിയാവേ, നിനക്കിവിടെ എന്തുകാര്യം? ഈ ചൂരച്ചെടിയുടെ കീഴിൽ കിടന്നിട്ട് എന്തുകാര്യം? നീ മണ്ടത്തരത്തിൽ ആയിപ്പോകരുത്. ഇതു വായിക്കുമ്പോൾ നിങ്ങൾ കർത്താവിനോടു പറയണം: എന്റെ കർത്താവേ, നിനക്ക് എന്നെക്കുറിച്ചു വലിയ പദ്ധതികളുണ്ട് എന്നു ഞാൻ മനസ്സിലാക്കുന്നു. എനിക്കറിയാമായിരുന്നു എങ്കിലും ഞാൻ മറന്നുപോയിട്ടുണ്ട്. നിന്റെ പദ്ധതികളെല്ലാം നിറവേറ്റുവാനായി എന്നെ നിനക്കു തരുന്നു.

എനിക്കു ക്ഷീണമുണ്ട് എന്നു നീ പറയുമ്പോഴും കർത്താവ് പറയുന്നു നിനക്കു ദൂരയാത്ര ചെയ്‌വാനുണ്ട്. ദൂരയാത്ര ചെയ്‌വാനുള്ള ശക്തികൂടി നിനക്ക് തരുന്നുണ്ട്. ജീവിതത്തിൽ മുന്നോട്ട് ഒരു ഗതികിട്ടാതെ വരുമ്പോൾ, നിരാശാജനകമായ കാര്യങ്ങൾ വരുമ്പോൾ നാം തളർന്നുപോകരുത്. പ്രാർത്ഥനയിൽ ഉറ്റിരിക്കുക. നമുക്കുവേണ്ടി കനലിന്മേൽചുട്ട അട ദൈവം കരുതിയിട്ടുണ്ട്. കുടിക്കാൻ വെള്ളവും ദൈവം കരുതിവച്ചിട്ടുണ്ട്.

കടം വന്നതുകൊണ്ട് തളർന്നുപോയവരുണ്ട്. ഇതിന്

എന്താണ് പരിഹാരം എന്നറിയാൻ തന്നത്താൻ ദൈവസന്നിധിയിൽ ഇരിക്കണം. കഴിയുമെങ്കിൽ മുട്ടിന്മേൽ ഇരുന്നുകൊണ്ട് പറയണം: കർത്താവേ, ഞാൻ നിന്റെ കരുണയ്ക്കും കൃപയ്ക്കുംവേണ്ടി യാചിച്ചുകൊണ്ട് തിരുമുമ്പാകെ വന്നിരിക്കുകയാണ്. ഒരു കാര്യം എനിക്കു തിരുമുമ്പാകെ ബോധിപ്പിക്കാനുണ്ട്. അവിടുത്തെ നാമം ഉച്ചരിപ്പാനുള്ള യോഗ്യത എനിക്കില്ല. ഞാൻ പാപത്തിൽ ജീവിച്ചവനാണ്. എന്റെ ഹൃദയത്തിൽനിന്നു പാപം പോയിട്ടില്ല. തെറ്റുകൾ ഏറെ വന്നവനാണ്. ലജ്ജാകരമായ തെറ്റുകൾ എനിക്കു സംഭവിച്ചുപോയിട്ടുണ്ട്.

കർത്താവേ, ഞാൻ അഹങ്കാരത്തിൽ അധഃപതിച്ചുപോയവനാണ്. എന്നിലെ അഹമ്മതികൊണ്ട് എന്തെല്ലാമോ പറയുകയും പ്രവർത്തിക്കുകയും ചെയ്തവനാണ്. ഞാൻ ഒരു തീരുമാനം നിന്നോട് അറിയിക്കുകയാണ്. ഇനിയുള്ള ഓരോ സെക്കന്റും യേശുക്രിസ്തുവിനുവേണ്ടി വേർതിരിക്കപ്പെട്ടതായിരിക്കും. ഇനി ഒരു അണുപോലും പാപം എന്നിൽ വരികയില്ല. ദുഷ്ടപ്പിശാച് എന്നെ വഞ്ചിക്കാൻ ഞാനെന്നെ വിട്ടുകൊടുക്കയില്ല. ഇത് എന്റെ സമർപ്പണമാണ്. ഇതുപോലും പൂർത്തീകരിച്ചു തരുവാൻ നിനക്കുമാത്രമേ കഴിയുകയുള്ളൂ. ഞാൻ ക്ഷീണിച്ചും തളർന്നും തകർന്നും ഇരിക്കുന്ന പ്രശ്നങ്ങളിൽ നിന്റെ തൃക്കരം ഒന്നു തൊടണമേ.

ഞാൻ ഒരു പുതിയമനുഷ്യനായി തീർന്നിട്ടാണ് നിന്നോടു പറയുന്നത്. അങ്ങനെ പറയാൻ നിങ്ങൾക്കു സാധിക്കുമ്പോൾ കരുണയുള്ള കർത്താവിന്റെ കരം നിങ്ങളുടെ തലമേൽ വയ്ക്കും. സംശയിക്കണ്ട. ഞാൻ ഇങ്ങനെ എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ട്.

ചില പാപങ്ങളെല്ലാം പുറമേ വന്നില്ലെങ്കിലും എന്റെ ശരീരത്തിൽ എല്ലാപാപങ്ങളുമുണ്ട്. എങ്കിലും ഞാൻ തിരുമുമ്പാകെ സമർപ്പിച്ചിരിക്കുന്ന സമർപ്പണം നീ ഒന്നു കാണണമേ. എന്റെ സമർപ്പണത്തെ നോക്കി എന്നെ നീ ഒന്നു കാണണമേ. എന്റെ സമർപ്പണത്തെ നോക്കി എന്നെ നീ ഒന്നു തൊടണമേ.

എന്നോട് ഒന്നു മനസ്സലിയണമേ. എന്നെ നീ അനുഗ്രഹിക്കണമേ. എന്റെ പ്രശ്നം ഒന്ന് ഏറ്റെടുക്കണമേ.

എന്റെ മക്കൾ ദൈവത്തെ അറിയാതെ വെറിക്കൂത്തുകളിലും ലോകത്തിന്റെ വഴികളിൽക്കൂടി പോകുന്നതിനെയും ഞാൻ തിരുമുമ്പാകെ വച്ചുതരികയാണ്. ഭാര്യയും ഭർത്താവും തമ്മിൽ ഇഷ്ടക്കേടായി ഒരു വീട്ടിൽ കഴിയുന്നത് നിന്റെ സന്നിധിയിലേക്കു കൊണ്ടുവരികയാണ്. കഴിഞ്ഞകാലങ്ങളിൽ അഭിമാനകരമായ ഒന്നുമില്ലാത്ത ഞാൻ തിരുമുമ്പാകെ വന്നു യാചിക്കുകയാണ്. ഇപ്പോൾ എന്റെ പ്രശ്നത്തിന്മേൽ നിന്റെ കരം ഒന്നു വയ്ക്കണമേ. നാഥാ, തൃക്കരം വച്ച് എന്നെ അനുഗ്രഹിക്കണമേ. എന്നെ എഴുന്നേൽപ്പിക്കണമേ. എന്റെ കർത്താവേ, എനിക്കു ദൂരെയാത്ര ചെയ്‌വാനുണ്ട്. അനേക കാര്യങ്ങൾ ഞാൻ തിരുമുമ്പാകെ അടിയറവയ്ക്കുന്നു. എന്റെ ദേഹവും ദേഹിയും ആത്മാവും നിന്റെ തൃപ്പാദത്തിൽ അടിയറവയ്ക്കുന്നു. എന്റെ പാപങ്ങൾ ഓർക്കരുതേ. കടച്ചീട്ട് കീറിത്തരണമേ. നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തത്താൽ എന്നെയൊന്നു കഴുകണമേ.

ഇപ്പോൾ കർത്താവേ, എന്നെയൊന്നു കഴുകി ശുദ്ധീകരിക്കണമേ. കുറ്റമില്ലാത്ത തിരുരക്തം ഒരു തുള്ളി എന്റെമേൽ തളിച്ച് എന്നെ വിശുദ്ധീകരിക്കണമേ. പ്രാർത്ഥിക്കുമോ? ദൈവകരങ്ങളിലേക്കു നിങ്ങളെത്തന്നെ ഏൽപ്പിക്കുമോ? എന്നാൽ നിങ്ങൾക്ക് സമാധാനത്തോടും അനുഗ്രഹത്തോടും കൂടി എഴുന്നേൽക്കാം. ദൈവത്തെ സ്തുതിക്കാം, മഹത്വപ്പെടുത്താം.

# ഒൻപത്

*"അവർ യെരീഹോവിൽ എത്തി; പിന്നെ അവൻ ശിഷ്യന്മാരോടും വലിയ പുരുഷാരത്തോടുംകൂടെ യെറീഹോവിൽനിന്നു പുറപ്പെടുമ്പോൾ തിമായി യുടെ മകനായ ബർത്തിമായി എന്ന കുരുടനായ ഒരു ഭിക്ഷക്കാരൻ വഴിയരികെ ഇരുന്നിരുന്നു. നസ റായനായ യേശു എന്നുകേട്ടിട്ട് അവൻ ദാവീദു പുത്രാ യേശുവേ, എന്നോടു കരുണ തോന്നേ ണമേ എന്ന് നിലവിളിച്ചുതുടങ്ങി. മിണ്ടാതിരിപ്പാൻ പലരും അവനെ ശാസിച്ചിട്ടും: ദാവീദുപുത്രാ, എന്നോടു കരുണതോന്നേണമേ എന്നു അവൻ ഏറ്റവും അധികം നിലവിളിച്ചുപറഞ്ഞു. അപ്പോൾ യേശു നിന്നു; അവനെ വിളിപ്പിൻ എന്നു പറഞ്ഞു. ധൈര്യപ്പെടുക, എഴുന്നേൽക്ക, നിന്നെ വിളി ക്കുന്നു എന്ന് അവർ പറഞ്ഞു കുരുടനെ വിളിച്ചു."*

*മർക്കോസ് 10 : 46 – 49*

യേശു നിന്നെ വിളിക്കുന്നു. യേശു നിന്നെ സ്നേഹിക്കുന്നു. യേശു നിന്നെ വ്യക്തിപരമായി അറിയുന്നു.

ജനപ്പെരുപ്പമുള്ള യെരീഹോവിന്റെ തെരുവിലൂടെ യേശുവും വലിയൊരു പുരുഷാരവും നടന്നുപോവുകയായി രുന്നു. യേശു യെരീഹോ കടന്നുപോവുകയായിരുന്നു. ആ സമയം ഏറ്റവും നിർണ്ണായകമായ സമയമാണ്. യേശു യെരീ ഹോ കടന്നു പോകുമ്പോൾ രണ്ടു കാര്യം സംഭവിച്ചു.

1. ബർത്തിമായി എന്ന കുരുടനു കാഴ്ച ലഭിച്ചു.

2. സക്കായി എന്ന ചുങ്കക്കാരനു മാനസാന്തരം ലഭിച്ചു. അവന്റെ കുടുംബം രക്ഷപ്പെട്ടു.

ഏതാനും സമയംകൂടി കഴിഞ്ഞാൽ സക്കായിക്കു രക്ഷ കിട്ടുകയില്ല. ഏതാനും സമയം കഴിഞ്ഞാൽ ബർത്തിമായി കണ്ണുകാഴ്ച്ചയുള്ളവനായി തീരുകയില്ല. ആ കൃത്യസമയത്ത് ബർത്തിമായി കരയാൻതുടങ്ങി. ആളുകൾ തിക്കിത്തിരക്കുന്ന ശബ്ദം കേട്ടു. പാവം, കണ്ണുകാഴ്ചയില്ലല്ലോ. ഈ വലിയ ശബ്ദകോലാഹലം എന്ത് എന്നു അവൻ ചോദിച്ചു. നസറായ നായ യേശു കടന്നു പോകുന്നു എന്ന് ആരോ പറഞ്ഞു.

യേശു എന്ന വാക്ക് കേട്ടപ്പോൾ തന്നെ അവൻ കേട്ട പല സംഭവങ്ങളും അവന്റെ മനസ്സിലേക്കു വന്നു. യേശു കുഷ്ഠ രോഗിയെ സൗഖ്യമാക്കി എന്ന് അവൻ കേട്ടിട്ടുണ്ട്. കണ്ണു കാഴ്ചയില്ലെങ്കിലും അവനു കേൾവിയുണ്ട്. യേശു നടന്നുപോ കുമ്പോൾ എതിരെ നിന്ന കുഷ്ഠരോഗി അവനോടു പറഞ്ഞു: നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും. യേശു പറഞ്ഞു: "എനിക്കു മനസ്സുണ്ട് നീ ശുദ്ധമാക." യേശു അങ്ങോട്ടുചെന്ന് അവനെ തൊട്ടു. അവൻ പുറകോട്ടു പുറ കോട്ടു മാറിയപ്പോൾ യേശു അല്പം വേഗത്തിൽ നടന്നു അവനെ തൊട്ടു. ഇതൊക്കെ ബർത്തിമായി കേട്ടിട്ടുണ്ട്.

യേശു നയീനിലെ വിധവയുടെ മകനെ ഉയിർത്തെഴു ന്നേൽപ്പിച്ചു എന്ന് അവൻ കേട്ടിട്ടുണ്ട്. യേശു പന്ത്രണ്ടുവയ സ്സുള്ള യായീറോസിന്റെ മകളെ ഉയിർത്തെഴുന്നേല്പിച്ചു എന്നും അവൻ കേട്ടിട്ടുണ്ട്. പന്ത്രണ്ടുവർഷം രക്തവാർച്ചയുണ്ടാ യിരുന്ന സ്ത്രീയ്ക്കു സൗഖ്യം കിട്ടിയതും, പതിനെട്ടുവർഷം കൂനിയായിരുന്ന സ്ത്രീയുടെ കൂന് മാറിയതും മുപ്പ ത്തെട്ടുവർഷം തളർന്നുകിടന്ന മനുഷ്യനെ യേശു, എഴുന്നേറ്റു കിടക്കയെടുത്തു നടക്കുമാറാക്കി എന്നും അവൻ കേട്ടിട്ടുണ്ട്. അവൻ ഭിക്ഷ യാചിച്ചു കൊണ്ടിരിക്കുമ്പോൾ, ആളുകൾ യേശുവിനെപ്പറ്റി പറയുന്നത് അവൻ കേട്ടിട്ടുണ്ട്. യേശുവിനെ അവൻ കണ്ടിട്ടില്ല; കണ്ണുകാഴ്ച ഇല്ലല്ലോ. യേശുവിനെപ്പറ്റി

അവൻ കേട്ടിട്ടുണ്ട്. കേൾവിയിൽക്കൂടി അവനു വിശ്വാസം കിട്ടി.

നമുക്കെല്ലാം വിശ്വാസം കിട്ടുന്നത് വചനത്തിൽക്കൂടിയാണ്. വചനം കേൾക്കുന്നതിൽ അമാന്തം വരുത്തരുത്. വചനം ധാരാളംധാരാളമായി കേൾക്കണം. അവൻ നിലവിളിക്കാൻ തുടങ്ങി. യേശുവേ, ദാവീദുപുത്രാ എന്നോടു കരുണതോന്നണമേ.

> *"അവൻ യെരീഹോവിന് അടുത്തപ്പോൾ ഒരു കുരുടൻ ഇരന്നുകൊണ്ട് വഴിയരികെ ഇരുന്നിരുന്നു. പുരുഷാരം കടന്നുപോകുന്നതുകേട്ടു: ഇതെന്ത് എന്ന് അവൻ ചോദിച്ചു. നസറായനായ യേശു കടന്നുപോകുന്നു എന്ന് അവർ അവനോട് അറിയിച്ചു. അപ്പോൾ അവൻ: യേശുവേ, ദാവീദുപുത്രാ, എന്നോട് കരുണതോന്നണമേ എന്നു നിലവിളിച്ചു."*
>
> *ലൂക്കോസ് 18 : 35 – 39*

യേശുവിന്റെ കൂടെ നടക്കുന്നു എന്നു ഭാവിക്കുന്ന പള്ളിപ്രമാണിമാർക്കും യെരൂശലേം ദേവാലയത്തിലെ പ്രധാനികൾക്കും സന്നിദ്രിം സംഘത്തിലുള്ളവർക്കും യെരൂശലേം ദേവാലയത്തിലെ മഹത്തായ പെരുന്നാളുകൾ ആഘോഷിക്കുന്നവർക്കും ഈ പാവപ്പെട്ടവൻ നിലവിളിക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. മിണ്ടാതിരിപ്പാൻ മുൻനടക്കുന്നവർ അവനെ ശാസിച്ചു. നിങ്ങളും ആത്മീയവഴിയിലേക്കു വന്നാൽ മുന്നമേ വന്നവർ ചിലർ നിങ്ങളെ താഴ്ത്തിയിടാൻ നോക്കിയെന്നുവരും. നിങ്ങളെ അമർച്ച ചെയ്ത്, നിങ്ങളുടെ തലപൊക്കാൻ സമ്മതിച്ചില്ല എന്നു വരും. പള്ളിപ്രമാണിമാർ നിങ്ങളെ തട്ടി ഒതുക്കിയിടാൻ നോക്കും. പക്ഷേ, പന്തിന്റെയുള്ളിൽ കാറ്റുണ്ടെങ്കിൽ എത്ര ആഞ്ഞടിച്ചാലും ആ പന്ത് പൊങ്ങിവരും.

സഭയിൽനിന്ന് ഒരു കാരണവുമില്ലാതെ എനിക്ക് എതിർപ്പു

കൾ വന്നു. അന്ന് അവർ പറയുന്നതുപോലെ കേട്ട് കൂട്ടായ്മ യെല്ലാം നിർത്തിയിരുന്നെങ്കിൽ ചില പള്ളികളിലെല്ലാം പ്രസം ഗിക്കാൻ പറ്റുമായിരിക്കാം. പക്ഷേ, ആ എതിർപ്പുകൾ വന്നത് ഉപകാരമായി. അതുകൊണ്ട് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോ ഷിപ്പ് എന്ന ആത്മീയകൂട്ടായ്മയുണ്ടായി. റേഡിയോയിലും ടിവിയിലും പ്രസംഗം തുടങ്ങാൻ ഇടയായി. പുസ്തകങ്ങൾ എഴുതാനിടയായി. ഞാൻ മരിച്ചുപോയാലും, കർത്താവിന്റെ രണ്ടാമത്തെ വരവുവരെയും ഈ പുസ്തകങ്ങൾ നിലനിൽക്കും. ഇതൊരു നിധിയാണ്.

എതിർപ്പുകൾ വരുന്നതു നല്ലതാണ്. നമ്മിൽ കുറ്റമി ല്ലാതിരിക്കുമ്പോഴുള്ള എതിർപ്പായിരിക്കണം. നമ്മിൽ കുറ്റമു ണ്ടെങ്കിൽ നാം ദൈവസന്നിധിയിൽ അനുതപിച്ചേ പറ്റൂ. നമ്മിൽ കുറ്റമില്ലാതെ, ഈ ആരോപണങ്ങളൊന്നും ശരിയ ല്ലാതെ, നമ്മളെ ആളുകൾ ആക്രമിക്കുന്നുവെങ്കിൽ നല്ലതാണ്, അനുഗ്രഹത്തിനു കാരണമാണ്.

ഒരു പാവപ്പെട്ടവൻ മാനസാന്തരപ്പെട്ടാൽ അവനെ ശാസി ക്കും. പിണങ്ങിപ്പാർത്ത ഭാര്യയും ഭർത്താവും ഒരുമിച്ചു ജീവി ക്കാൻ തുടങ്ങുമ്പോൾ അവരെ ശാസിക്കും. ഒമ്പതു വർഷ മായി പിണങ്ങിപ്പാർത്തിരുന്ന സ്ത്രീ, ഭർത്താവുമായി നിര പ്പായി. ഇന്ന് അവർ ഒരുമിച്ച് താമസിക്കുന്നു. അത് നല്ലതല്ലേ? അനേകർക്കും അത് മനസ്സിലാകുന്നില്ല. അനേകം വർഷങ്ങ ളായി മിണ്ടാതിരുന്ന അപ്പനും മക്കളും ഇന്നു വർത്തമാനം പറ യുകയും ഒരുമിച്ചു സന്തോഷിക്കുകയും ചെയ്യുന്നു. അത് നല്ല തല്ലേ? വാടകക്കൊലയ്ക്ക് പോയവരും കൂലിത്തല്ലിനു പോയ വരും ഇന്ന് മാനസാന്തരപ്പെട്ട് മനുഷ്യസ്നേഹികളും ദൈവ സ്നേഹികളുമായി മാറുന്നു. ആത്മഹത്യക്കുവേണ്ടി ഒരുങ്ങിയ വർ ആത്മഹത്യ വേണ്ടായെന്നുവച്ച് ഇന്നു സമാധാനമായി ജീവിക്കുന്നു. വഴിതെറ്റിപ്പോയ ചെറുപ്പക്കാർ, മദ്യവും മയക്കുമ രുന്നും കഞ്ചാവും വിട്ട് നേർവഴിയിലേക്കു തിരിയുന്നു, ജീവിതം അഭിവൃദ്ധിപ്പെടുന്നു. ഇതെല്ലാം ഒരു കൂട്ടായ്മയോ വ്യക്തിയോ

ചെയ്യുന്ന കാര്യങ്ങളല്ല, സ്വർഗ്ഗത്തിലെ ദൈവം ചെയ്യുന്ന അത്ഭുതങ്ങളാണ്.

*"മിണ്ടാതിരിപ്പാൻ പലരും അവനെ ശാസിച്ചിട്ടും: ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ എന്ന് അവൻ ഏറ്റവും അധികം നിലവിളിച്ചു പറഞ്ഞു. അപ്പോൾ യേശു നിന്നു: അവനെ വിളിപ്പിൻ എന്നു പറഞ്ഞു. ധൈര്യപ്പെടുക, എഴുന്നേല്ക്ക, നിന്നെ വിളിക്കുന്നു എന്നു അവർ പറഞ്ഞു കുരുടനെ വിളിച്ചു. അവൻ തന്റെ പുതപ്പ് ഇട്ടും കളഞ്ഞു ചാടിയെഴുന്നേറ്റു യേശുവിന്റെ അടുക്കൽ വന്നു."*

*മർക്കോസ് 10 : 48 – 50*

ഒരിക്കലും നിലവിളി നിർത്തരുത്. ഞാൻ ഇത്രയുംനാൾ പ്രാർത്ഥിച്ചിട്ട് ഉത്തരം കിട്ടിയില്ലല്ലോ എന്ന് നിങ്ങൾ നിരാശപ്പെടരുത്. നിങ്ങൾ തളരാതെ പിന്നെയും നിലവിളിക്കുക. ഉന്നതമായ പരീക്ഷയെഴുതുന്ന ഒരു വ്യക്തിയുടെ കാര്യം ഞാൻ ഓർക്കുന്നുണ്ട്. പലവട്ടം തോറ്റു. ഓരോ പ്രാവശ്യവും ഞാൻ പറഞ്ഞു: നിരാശപ്പെടരുത്, ഇനിയും എഴുതുക. "ഇല്ല, എന്നെക്കൊണ്ട് സാധിക്കില്ല" എന്നു പറഞ്ഞു. ഞാൻ വീണ്ടും പറഞ്ഞു: ഇനിയും എഴുതുക. ഭാഗ്യം, പാസ്സായി, ഉയർന്ന നിലവാരത്തിലെത്തി. ദൈവം അനുഗ്രഹിച്ചു.

ഒരിക്കലും നിരാശപ്പെടരുത്. എൻട്രൻസ് ടെസ്റ്റ് എഴുതി തോറ്റുപോയി. എങ്കിലും നിങ്ങൾ ഒരിക്കലും നിരാശപ്പെടരുത്. വീണ്ടും ശ്രമിക്കുക. തളരാതെ മുന്നോട്ടു പോവുക. പ്രതീക്ഷിക്കാത്ത വിജയം കിട്ടിയവർക്ക് ദൈവത്തെ സ്തുതിക്കാം.

*"അപ്പോൾ യേശു നിന്നു: അവനെ വിളിപ്പിൻ എന്നു പറഞ്ഞു. ധൈര്യപ്പെടുക, എഴുന്നേല്ക്ക, നിന്നെ വിളിക്കുന്നു എന്നു അവർ പറഞ്ഞു കുരുടനെ വിളിച്ചു. അവൻ തന്റെ പുതപ്പ് ഇട്ടും കളഞ്ഞു ചാടിയെഴുന്നേറ്റു യേശുവിന്റെ അടുക്കൽ വന്നു.*

*യേശു അവനോട്: ഞാൻ നിനക്ക് എന്തു ചെയ്തുതരേണമെന്ന് നീ ഇച്ഛിക്കുന്നു എന്നു ചോദിച്ചതിന്: റബ്ബൂനീ, എനിക്കു കാഴ്ചപ്രാപിക്കേണമെന്നു കുരുടൻ അവനോട് പറഞ്ഞു. യേശു അവനോട്: പോക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവൻ കാഴ്ച പ്രാപിച്ചു യാത്രയിൽ അവനെ അനുഗമിച്ചു."*

*മർക്കോസ് 10 : 49 – 52*

ഒരു ആവശ്യക്കാരന്റെ നിലവിളി യേശു കേട്ടു. എത്ര ആരവാരമുണ്ടെങ്കിലും, എത്ര ആർപ്പുവിളിയുണ്ടെങ്കിലും, എത്ര കോലാഹലമുണ്ടെങ്കിലും അതിനിടയിൽ ഒരു ആവശ്യക്കാരന്റെ നിലവിളി അവൻ കേൾക്കാതിരിക്കയില്ല. അവർ പറഞ്ഞു: ധൈര്യപ്പെടുക, എഴുന്നേൽക്ക. ഇന്ന് അനേകർ ഭീരുക്കളായിരിക്കുകയാണ്. ജീവിതത്തിലെ ക്ലേശങ്ങൾ മാറാത്തതുകൊണ്ട് മനസ്സ് മടുത്തിരിക്കുന്ന അനേകരുണ്ട്. പ്രാർത്ഥിച്ചിട്ടും മറുപടി കിട്ടിയില്ലല്ലോ എന്ന് സങ്കടപ്പെടുന്നവരുണ്ട്. എന്നാൽ യേശു പറയുന്നു: ധൈര്യപ്പെടുക, എഴുന്നേൽക്ക. അത്യുന്നതൻ നിന്നെ പേർചൊല്ലി വിളിക്കുന്നു. അവന് നിന്നോട് സ്നേഹമാണ്. നീ പോരായ്മയുള്ളവനാണോ എന്ന് അവൻ നോക്കുന്നില്ല. പോരായ്മകൾ ഇല്ലാതാക്കാൻ യേശുവിനു കഴിയും. ഒരു കാലത്തു കണ്ണുകാഴ്ച്ചയില്ലാത്തവനായിരുന്നു, പോരായ്മയുള്ളവനായിരുന്നു. യേശു വിളിച്ചപ്പോൾ അവൻ ചാടിയെഴുന്നേറ്റു.

ഒരു പുതപ്പ് പുതച്ചുകൊണ്ട് സാധുവായ ഒരു ഭിക്ഷക്കാരൻ വഴിയരികെ ഇരിക്കുന്നു. യേശു വിളിക്കുന്നതുകേട്ട് പുതപ്പ് വലിച്ചുമാറ്റി ചാടിയെഴുന്നേറ്റു. കണ്ണിനു കാഴ്ചയില്ലെങ്കിലും എഴുന്നേൽക്കാമല്ലോ. അപ്പോൾ യേശുപറഞ്ഞ വാക്കുകേട്ട ചിലർ അവന്റെ കൈയിൽ പിടിച്ചു, അവനെ നടത്തി യേശുവിന്റെയടുത്തേക്കു കൊണ്ടുവന്നു. ഇന്ന് ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ ചാടിയെഴുന്നേൽക്ക

ണം. നിങ്ങളുടെ ഉള്ളം എഴുന്നേൽക്കണം. എന്റെ കർത്താവ് ജീവിക്കുന്നുണ്ട്. ഞാൻ ഏകാകിയല്ല, അശരണയല്ല, എനിക്കൊരു നാഥനുണ്ട്. എനിക്കൊരു കർത്താവുണ്ട്. എന്നെ രക്ഷിപ്പാൻ മതിയായ യേശുവുണ്ട്. എനിക്കുവേണ്ടി പാപം വഹിച്ച യേശുവുണ്ട്. എനിക്കുവേണ്ടി തങ്കതിരുമാർവ്വുതുറന്ന ഒരു യേശുവുണ്ട്. ഈ ഉറപ്പാണ് നമുക്കുവേണ്ടത്.

ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾ യേശു നിങ്ങളെ വിളിക്കുന്നു. നിങ്ങൾ ഏതവസ്ഥയിൽ ഇരുന്നാലും, ഏത് അധഃപ്പതിച്ച അവസ്ഥയിൽ ഇരുന്നാലും ഹീനമായ അവസ്ഥയിൽ ഇരുന്നാലും അവിടെനിന്ന് എഴുന്നേൽക്കാനാണ് കർത്താവ് പറയുന്നത്. ദൈവത്തിന്റെ അടുത്തേക്ക് എഴുന്നേറ്റു വരിക. നിങ്ങൾ അധൈര്യപ്പെട്ടിരിക്കരുത്. നിരാശപ്പെട്ടിരിക്കരുത്. എന്റെ പരിശ്രമം എല്ലാം നിർത്തി എന്നുപറഞ്ഞ് നീ ഇരിക്കരുത്. നിന്നെക്കൊണ്ട് സാധിക്കുമെന്നല്ല, നിന്നെക്കൊണ്ട് സാധിപ്പിക്കും. ദൈവം നിന്നെക്കൊണ്ട് അത്ഭുതങ്ങൾ നിവർത്തിക്കും.

ദൈവത്തെ നിങ്ങൾ വിശ്വസിക്കൂ. അവന്റെ കരങ്ങളിലേയ്ക്കു നിങ്ങളെ വിട്ടുകൊടുക്കൂ. അവൻ എന്നെന്നും നല്ലവനാണ്. എന്നെന്നും മതിയായവനാണ്. വിശ്വസിപ്പാൻ യോഗ്യനാണ്. പിറകെ പോകാൻ കൊള്ളാകുന്നവനാണ്. സ്നേഹിപ്പാൻ അർഹനാണ്. വിളിച്ചപേക്ഷിപ്പാൻ യോഗ്യനാണ്. നിങ്ങളെ അവൻ വിളിക്കുന്നു. നിങ്ങളുടെ പേര് അവനറിയാം. നിങ്ങളെ വ്യക്തിപരമായി അവനറിയാം. നിങ്ങളുടെ ബലഹീനത അവനറിയാം. എവിടെയാണ് നിങ്ങളുടെ കേട് എന്നു കർത്താവിനറിയാം. എല്ലാം ശരിയാക്കാൻ കർത്താവിനു കഴിവുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുക. യേശുക്രിസ്തു വ്യക്തിപരമായ എന്റെ രക്ഷകനാണ്. എന്നെ പാപച്ചേറിൽനിന്ന് പൊക്കിയെടുത്ത എന്റെ ഉദ്ധാരകനാണ്.

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ പറയണം: എന്റെ സ്വന്തമായ യേശുവേ, നിന്റെ സ്വന്തമല്ലേ ഞാൻ. നിനക്ക്

ഇഷ്ടംപോലെ എന്റെ കാര്യത്തിൽ ചെയ്യാമല്ലോ. എന്നെ നിനക്കു വിട്ടുതന്നതല്ലേ. ഒരിക്കലായി നിന്നെ ഏൽപ്പിച്ചതല്ലേ. ഞാൻ നിന്റെ സ്വന്തം മകനാണ്. ഞാൻ നിന്റെ സ്വന്തം അടിമ യാണ്. നിന്റെ കരങ്ങളിലേയ്ക്ക് എന്നെ എറിഞ്ഞു തന്നിരിക്കുന്നു.

യേശു ബർത്തിമായിയോട് ചോദിച്ചു: ഞാൻ നിനക്കു എന്തുചെയ്തുതരണമെന്നാണ് നീ ഇച്ഛിക്കുന്നത്? ഈ സ്നേഹത്തെ കണ്ടാൽ നിങ്ങൾ മറികടന്നു പോവുകയില്ല. നമുക്കു പറയാനുള്ളതെല്ലാം പറയാൻ ഒരാൾ നിന്നുതരുന്നു. ആരാണത്? സർവ്വവല്ലഭനായ ദൈവം! അണ്ഡകടാഹത്തെ മെനഞ്ഞ നിത്യനായ ദൈവം! ഞാൻ വായിച്ചു, ഒരു കുഞ്ഞ് അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവാകുമ്പോൾതന്നെ അതിന്റെ രക്തധമനികളെല്ലാം അതാതിന്റെ സ്ഥാനത്ത് ക്രമീകരിച്ചു, nervous system ക്രമീകരിച്ചു. തലച്ചോറിൽ നിന്ന് impulse കിട്ടുമ്പോൾ തലച്ചോർ കൽപ്പിക്കുന്നു, motor nerves പ്രവർത്തിക്കുന്നു, വേദനയുള്ള ഭാഗത്ത് നാം കരം വയ്ക്കുന്നു. Motor nerves പ്രവർത്തിക്കണമെങ്കിൽ sense organs-ന്റെ നിർദ്ദേശം വേണം. ഞാനും അത്ഭുതപ്പെടുന്നു. അംഗഭംഗമില്ലാത്ത ആരോഗ്യമുള്ള ഒരു കുഞ്ഞിനെ കിട്ടുന്നത് എന്ത് ഭാഗ്യമാണ്! എല്ലാം അതാതിന്റെ സ്ഥാനത്ത് ഒരുക്കി കർത്താവ് ആ കുഞ്ഞിനെ ഈ ഭൂമിയിലേക്കു അയയ്ക്കുന്നു. എന്തൊരത്ഭുതമാണിത്.

അത്ഭുതകരമായ സൃഷ്ടിയാണ് മനുഷ്യൻ. മനുഷ്യന്റെ ശരീരത്തിലെ ഓരോ കോശവും ദൈവം കണ്ട്, ദൈവം സൃഷ്ടിച്ച് അതാതിന്റെ സ്ഥാനത്താക്കി അതിന്റെ നിയന്ത്രണങ്ങളെല്ലാം ദൈവം നിവർത്തിച്ചു. മനുഷ്യൻ ദൈവത്തിന് വിലയേറിയവനാണ്. പിശാചിന് തങ്ങളെത്തന്നെ കൊടുക്കരുതെന്നു മാത്രം.

കുരുടൻ യേശുവിനോടു പറഞ്ഞു: എനിക്ക് ഒരേ ഒരു കാര്യം മതി. എന്റെ കണ്ണു തുറന്നു തരണമേ. നിങ്ങൾ ദൈവ

ത്തോട് പറയണം: എന്റെ കർത്താവേ, എന്റെ അകക്കണ്ണ് തുറന്നു തരണമേ. ആത്മീയകാര്യങ്ങൾ ഗ്രഹിക്കാൻ എന്റെ അകക്കണ്ണ് തുറന്നു തരണമേ. യേശു കുരുടനോടു പറഞ്ഞു: പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. എഴുന്നേറ്റുവരിക, യേശു നിന്നെ വിളിക്കുന്നു. നീ ഇനിയും നിരാശപ്പെട്ടിരിക്കണ്ട. നീ ഇനിയും യാചകനായി ഇരിക്കണ്ട. ഇപ്പോഴുള്ള ദയനീയാവസ്ഥയിൽനിന്ന് എഴുന്നേൽക്കുക.

യേശു നിങ്ങളെ ഓരോരുത്തരേയും വിളിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് നിങ്ങളുടെ ഹൃദയം യേശുവിങ്കലേക്കു ചായ്ക്കുമോ? വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക.

*"അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല."*

*സങ്കീർത്തനങ്ങൾ 34 : 5*

യേശുവിലേക്കു നോക്കുക. ഏത് അന്ധകാരത്തിലിരുന്നുകൊണ്ടും നോക്കാം. ഏത് പാപച്ചെളിയിൽനിന്നുകൊണ്ടും നോക്കാം. യേശുവിൽ വിശ്വസിച്ചുകൊണ്ട് നോക്കുക. ഇപ്പോൾ നിങ്ങളെത്തന്നെ വിട്ടുകൊടുക്കുക. യേശുവിനോടു പറയുക: യേശുവേ, ഇന്ന് എന്നെ രക്ഷിക്കണമേ. നിന്റെ ചങ്കിലെ ചോരയാൽ എന്നെ കഴുകണമേ. തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ. ഈ നിമിഷം മുതൽ ഞാനൊരു പുതിയമനുഷ്യനായി ജീവിക്കും എന്ന് തിരുമുമ്പാകെ വാക്കു പറയുന്നു. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ ദാസൻ. ഇന്നുമുതൽ ഞാൻ നിന്റെ വക. നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും. മിശിഹാതമ്പുരാനേ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെക്കൂടി ഓർത്തുകൊള്ളണമേ.

# പത്ത്

*"എന്റെ ദൈവത്തിന്റെ കൈ എനിക്ക് അനുകൂലമായിരുന്നതും രാജാവ് എന്നോട് കല്പിച്ച വാക്കുകളും ഞാൻ അറിയിച്ചപ്പോൾ അവർ: നാം എഴുന്നേറ്റ് പണിയുക എന്നു പറഞ്ഞു."*

*നെഹമ്യാവ് 2 : 18*

എഴുന്നേറ്റു പണിയുക. അലസമായിരിക്കരുത്. നാം ഇനിയും ചിന്തയില്ലാത്തവരായിരിക്കരുത്. നാം ഗൗരവത്തോടെ നമ്മുടെ ജീവിതത്തെ നോക്കിക്കാണുക.

നെഹമ്യാവിന്റെ പുസ്തകവും എസ്രായുടെ പുസ്തകവും മനസ്സിലാകണമെങ്കിൽ ആ പുസ്തകങ്ങളുടെ പശ്ചാത്തലം അറിഞ്ഞിരിക്കണം. അതിന്റെ പിന്നിൽ ചരിത്രങ്ങളുണ്ട്. യിസ്രായേൽ ജനം വളരെ ശാന്തമായി ജീവിച്ചിരുന്ന കാലത്ത് ബാബിലോണിയൻ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായ നെബൂഖദ്നേസർ അവരുടെ ഇടയിലേക്ക് കടന്നു വന്നു, വലിയ യുദ്ധം ചെയ്ത് യിസ്രായേൽ ജനത്തെ കീഴ്പ്പെടുത്തി. യെരൂശലേമിലുള്ള അവരുടെ ദേവാലയം നശിപ്പിച്ചതിൽ ജനമെല്ലാം സങ്കടപ്പെട്ടു. ദേവാലയത്തിന്റെ കല്ലുകളും മതിലുകളും തകർത്തു; ദേവാലയം ശൂന്യമായിപ്പോയി. മനോഹരമായി പണിതിരുന്ന ദേവാലയം നെബൂഖദ്നേസർ രാജാവ് നശിപ്പിച്ചു.

തന്നെയുമല്ല, അവിടെയുള്ള ആരോഗ്യമുള്ള ചെറുപ്പക്കാരെയെല്ലാം ബാബേലിലേക്ക് അടിമകളായി പിടിച്ചുകൊണ്ടുപോയി. അവിടെ കഴിഞ്ഞുകൊണ്ടിരുന്ന കാലത്ത്

അവർ എന്നും ബാബേൽനദിയുടെ തീരത്തിരുന്ന് കരഞ്ഞു കൊണ്ടിരുന്നു.

> *"ബാബേൽനദികളുടെ തീരത്തു ഞങ്ങൾ ഇരുന്നു, സീയോനെ ഓർത്തപ്പോൾ ഞങ്ങൾ കരഞ്ഞു. അതിന്റെ നടുവിലെ അലരിവൃക്ഷങ്ങളിന്മേൽ ഞങ്ങൾ ഞങ്ങളുടെ കിന്നരങ്ങളെ തൂക്കിയിട്ടു. ഞങ്ങളെ ബദ്ധരാക്കിക്കൊണ്ടു പോയവർ: സീയോൻഗീതങ്ങളിൽ ഒന്നു ചൊല്ലുവിൻ എന്നു പറഞ്ഞു ഗീതങ്ങളെയും ഞങ്ങളെ പീഡിപ്പിച്ചവർ സന്തോഷത്തെയും ഞങ്ങളോട് ചോദിച്ചു. ഞങ്ങൾ യഹോവയുടെ ഗീതം അന്യദേശത്ത് പാടുന്നതെങ്ങനെ? യരൂശലേമേ, നിന്നെ ഞാൻ മറക്കുന്നു എങ്കിൽ എന്റെ വലങ്കൈ മറന്നു പോകട്ടെ."*
>
> *സങ്കീർത്തനങ്ങൾ 137 : 1 – 5*

യെരൂശലേമിന്റെ ദുസ്ഥിതി ഓർത്ത് അവർ കരഞ്ഞു കൊണ്ടിരുന്നു. അവർ കരഞ്ഞുകൊണ്ടിരുന്നപ്പോൾ, അവരെ അടിമകളാക്കിക്കൊണ്ടുപോയവർ: നിങ്ങളുടെ എബ്രായഭാഷയിലുള്ള പാട്ടുകൾ നല്ല മനോഹരമാണല്ലോ അത് ഞങ്ങൾക്കു കേട്ടാൽ കൊള്ളാമല്ലോ എന്നു പറഞ്ഞു. അവർ പറഞ്ഞു: ഞങ്ങൾ യഹോവയുടെ ഗീതം അന്യദേശത്തു പാടുന്നതെങ്ങനെ? ഞങ്ങളുടെ സന്തോഷം പോയി. ഞങ്ങൾ ഇന്ന് അടിമകളാണ്. മറക്കാൻ വയ്യാത്ത വലിയ അനുഗൃഹീതമായ ഒരു നല്ലകാലം ഞങ്ങൾക്ക് നഷ്ടപ്പെട്ടുപോയിരിക്കുന്നു.

അന്ന് യിസ്രായേൽജനം അടിമത്വത്തിൽ കഴിഞ്ഞതുപോലെ പുതിയനിയമ യിസ്രായേലായ നാം ഇന്ന് സാത്താന്റെ അടിമത്വത്തിൽ കഴിയുകയാണ്. പിശാച് പറയുന്നതനുസരിച്ച് നാം കോപിക്കുന്നു. പിശാച് പ്രേരിപ്പിക്കുന്നതനുസരിച്ച് നാം പ്രാകുന്നു, കലക്കമുണ്ടാക്കുന്നു. പിശാച് പറയുന്നതുകൊണ്ട് ദ്രവ്യാഗ്രഹവും വഞ്ചനയും ചീത്ത സ്വഭാവങ്ങളും എല്ലാം നമ്മിലുണ്ടാകുന്നു. കാരണം, നാം പിശാചിന്റെ ചൊൽപ്പടിക്കു

നിൽക്കുന്ന അടിമകളാണ്.

അങ്ങനെ യിസ്രായേൽമക്കൾ അനേകവർഷങ്ങൾ അവിടെയിരുന്നു കരഞ്ഞു. ബാബിലോണിയൻ സാമ്രാജ്യത്തിനുശേഷം വന്നത് പേർഷ്യൻ സാമ്രാജ്യമാണ്. കോരശ് രാജാവ് ഭരിക്കാൻ തുടങ്ങിയപ്പോൾ, രാജാവിന് ഇവർ കരയുന്ന ജനമാണ് ഇവർക്ക് സ്വാതന്ത്ര്യം കൊടുക്കണമല്ലോ എന്നു തോന്നി. രാജാവ് കല്പന പുറപ്പെടുവിച്ചു: നിങ്ങൾ ഇനി അടിമകളായി കഴിയണ്ട. നിങ്ങളുടെ ദേശത്തേക്കു മടങ്ങിപ്പൊയ്ക്കോൾക. നിങ്ങൾ പോയി നിങ്ങളുടെ ദേവാലയവും അതിന്റെ മതിലുകളും പണിയുവിൻ. അടിമത്വത്തിലിരുന്ന ജനത്തിന് അങ്ങനെ സ്വാതന്ത്ര്യം കിട്ടി.

അവർ മടങ്ങിവന്നു താമസിക്കാൻ തുടങ്ങിയപ്പോൾ അവർ ഓർത്തു: ഞങ്ങൾ വന്നത് മാതളത്തോട്ടവും ഒലിവുതോട്ടവും ഉണ്ടാക്കുവാനല്ല, ദൈവത്തിന്റെ ആലയവും അതിന്റെ മതിലുകളും പണിയുവാനാണ്. അതിന് അവർക്കുവേണ്ടുന്ന ഉപദേശം കൊടുക്കുവാൻ, ശെയൽതീയേലിന്റെ മകനായ സെരുബ്ബാബേലും മഹാപുരോഹിതനായിരുന്ന യെഹോസാദാക്കിന്റെ മകനായ യോശുവയും, എസ്രാശാസ്ത്രിയും എഴുന്നേറ്റു. എസ്രാ, ആലയം പണിയുന്ന കാര്യമാണ് എസ്രായുടെ പുസ്തകത്തിലെ വിഷയം.

എന്നാൽ ആലയത്തിനുചുറ്റും മതിൽ പണിയാതിരുന്നതുകൊണ്ട് ജാതികൾ ദേവാലയത്തിൽ എല്ലാ അശുദ്ധിയും കൊണ്ടുവന്നു ദേവാലയം നശിപ്പിക്കാൻ തുടങ്ങി. ആ മതിലും അതിന്റെ ഗേറ്റുകളും എല്ലാം പണിയുന്നതിനുവേണ്ടി ദൈവം നിയോഗിച്ചത് അർത്ഥഹ്ശഷ്ടാരാജാവിന്റെ ഫുഡ് മിനിസ്റ്ററായിരുന്ന നെഹമ്യാവിനെയാണ്. വളരെ ഉന്നതമായ പദവിയിലാണ് അദ്ദേഹം ഇരുന്നിരുന്നത്. നെഹമ്യാവ് ഒരു ദിവസം വാടിയ മുഖത്തോടെ നിന്നു.

*"അർത്ഥഹ്ശഷ്ടാരാജാവിന്റെ ഇരുപതാം ആണ്ടിൽ നീസാൻമാസത്തിൽ ഞാൻ ഒരിക്കൽ രാജാവിന്റെ*

*മുമ്പാകെ ഇരുന്ന വീഞ്ഞ് എടുത്ത് അവന് കൊടുത്തു; ഞാൻ ഇതിനു മുമ്പ് ഒരിക്കലും അവന്റെ സന്നിധിയിൽ കുണ്ഠിതനായിരുന്നിട്ടില്ല. രാജാവ് എന്നോട്: നിന്റെ മുഖം വാടിയിരിക്കുന്നത് എന്ത്? നിനക്ക് ദീനം ഒന്നും ഇല്ലല്ലോ; ഇത് മനോദുഃഖമല്ലാതെ മറ്റൊന്നുമല്ല എന്നു പറഞ്ഞു. അപ്പോൾ ഞാൻ ഏറ്റവും ഭയപ്പെട്ടു രാജാവിനോട്: രാജാവ് ദീർഘായുസ്സായിരിക്കട്ടെ; എന്റെ പിതാക്കന്മാരുടെ കല്ലറകൾ ഉള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ട് വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നത് എങ്ങനെ എന്നു പറഞ്ഞു.” നെഹമ്യാവ് 2 : 1 – 3*

മതിൽ പണിയുന്നതിനു രാജാവ് നെഹമ്യാവിന് അവധി കൊടുത്തു. എല്ലാ സൗകര്യങ്ങളും രാജാവ് ചെയ്തു കൊടുത്തു. അങ്ങനെ നെഹമ്യാവ് യെരൂശലേമിൽ എത്തി, ഉപവാസത്തോടും പ്രാർത്ഥനയോടും കൂടിയിരുന്നു.

നെഹമ്യാവ് യിസ്രായേൽ മക്കളെ വിളിച്ചുകൂട്ടി പറഞ്ഞു: നാം ഇങ്ങനെ നിന്ദിതരായിരിപ്പാൻ പാടില്ല. പിതാക്കന്മാരുടെ കാലത്ത് നല്ല ആരാധനയുണ്ടായിരുന്നു. ഇപ്പോഴോ അതെല്ലാം പൊയ്പ്പോയിരിക്കുന്നു. ഇന്ന് ചില അനുഷ്ഠാനങ്ങളും ആചാരങ്ങളുമായി കഴിഞ്ഞുപോവുകയാണ്. യഥാർത്ഥമായ ആരാധന യെരൂശലേമിൽ തുടങ്ങണം. അതിന് നിങ്ങൾ മുൻകൈയെടുക്കണം. ആലയത്തിന്റെ മതിലുകൾ പണിയണം എന്നു പറഞ്ഞ് ജനത്തെ ഉണർത്തി. മതിൽ പണിയുന്ന കാര്യങ്ങളാണ് നെഹമ്യാവിന്റെ പുസ്തകത്തിലുള്ളത്.

നാം ഇനിയും നിന്ദാപാത്രമായിരിക്കാതവണ്ണം യെരൂശലേമിന്റെ മതിൽ പണിയുക എന്നു നെഹമ്യാവ് പറഞ്ഞപ്പോൾ, ജനം പറഞ്ഞു: നാം എഴുന്നേറ്റു പണിയുക. നിരാശയിൽ യിസ്രായേൽ ജനം കിടക്കുകയാണ്. ഇപ്പോൾ ആരാധനാസ്ഥലം കിട്ടി. പക്ഷേ, അവിടെ ആരാധന നടക്കുന്നില്ല.

ചുറ്റും മതിലില്ലാതെ കിടക്കുന്നു. ഏതു ജാതിയിൽപെട്ട വർക്കും കയറി വരാം. പലതരത്തിൽ ദൈവാലയം ശൂന്യമായി ക്കിടക്കുന്നു. അതിനു ചുറ്റും മതിൽ പണിയാതിരിക്കുന്നത് ഏറ്റവും വലിയ നഷ്ടമാണ്.

നമ്മുടെ ജീവിതം ഇന്ന് മതിലില്ലാത്ത പട്ടണം പോലെ യാണ്. വാതിലുകൾ പിശാച് തീവച്ചു ചുട്ടുകളഞ്ഞിരിക്കുന്നു. കുടുംബങ്ങൾ തകർന്നു കിടക്കുന്നു. മക്കളെയോർത്ത് മാതാ പിതാക്കൾ നെടുവീർപ്പിടുന്നു. ഇന്ന് നമ്മൾ പലരുടേയും വലിയ ദു:ഖം മക്കളുടെ സ്വഭാവ ദൂഷ്യമാണ്. മക്കൾ തെറ്റായ വഴിയിലൂടെ നടക്കുന്നു. അവർക്ക് ദൈവവിശ്വാസമില്ല. അവർ പ്രാർത്ഥിക്കുന്നില്ല. ക്രിക്കറ്റ് കളിച്ചോ, വീഡിയോ ഗെയിം കളി ച്ചോ, സിനിമാശാലകളിലോ അവരുടെ വിലയേറിയ സമയം കളയുന്നു. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിത്തീ രുന്നു. രക്ഷാകർത്താക്കൾ ഇതൊന്നും അറിയുന്നില്ല.

ഞാൻ കോളേജിൽ ആയിരുന്നകാലത്ത് കഞ്ചാവിന്റെ അടിമകളായിരുന്നവർ അവിടെയുണ്ടായിരുന്നു. ചിലരെ യെല്ലാം ഉപദേശിച്ചു, ചിലരെല്ലാം പിന്മാറി. കഞ്ചാവ് ഉപയോഗി ക്കുന്ന ചെറുപ്പക്കാരൻ അവന്റെ അപ്പനെയും അമ്മയെയും അടിച്ചുകൊന്നു എന്നു പത്രങ്ങളിൽ വായിച്ചു. മറ്റൊരുത്തൻ, അപ്പൻ സഹോദരിയുടെ കല്യാണത്തിനു വച്ചിരുന്ന രൂപ കൊണ്ട് ബുള്ളറ്റ് ബൈക്ക് വാങ്ങിക്കൊടുത്തില്ല എന്നുപറഞ്ഞ് അപ്പന്റെ കാലുകൾ അടിച്ച് ഒടിച്ചു. സ്വഭാവത്തിലെ ഈ വൈകൃതങ്ങൾക്കു കാരണം മയക്കുമരുന്നുകളാണ്. സമൂഹം ഉണരേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ഇന്ന് സഭകൾ ഉറങ്ങുകയാണ്. വലിയ പള്ളികളും കോളേജുകളും കുരിശിൻതൊട്ടികളും എല്ലാം പണിയു ന്നുണ്ട്; എന്നാൽ നമ്മുടെ കുഞ്ഞുങ്ങൾ നശിച്ചുപോകുന്നത് സഭ അറിയുന്നില്ല, അറിഞ്ഞു എന്നു ഭാവിക്കുന്നില്ല. യൗവ്വന ക്കാർ, നല്ല നിലയിലേക്ക് വരേണ്ടവർ, ഇന്നു കുടുംബങ്ങൾ തകർത്തുകൊണ്ടിരിക്കുന്നു. ഒരു അപ്പനും അമ്മയും എന്റെ

അടുക്കൽ വന്നു പറഞ്ഞു: ഞങ്ങൾക്ക് ഞങ്ങളുടെ മകനെ പേടിയാണ്. എപ്പോഴാണ് വിധം മാറുന്നത് എന്നറിഞ്ഞുകൂടാ. ഞങ്ങളെ ഉപദ്രവിക്കും, വാതിലുകൾ ചവിട്ടിപ്പൊളിക്കും, സുബോധമില്ലാത്തതുപോലെ പെരുമാറുന്നു. സന്ധ്യയാകുന്ന തിനുമുമ്പ് ഞങ്ങൾ പ്രാർത്ഥിച്ച് അത്താഴം കഴിക്കും. അവൻ വന്നാൽ പിന്നെ പ്രാർത്ഥിക്കാനും ആഹാരം കഴിക്കാനും ഒക്കു കയില്ല. പാവം, ആ മാതാപിതാക്കൾ മകനെ പേടിച്ചു കഴിയുക യാണ്.

ഞാൻ കോളേജിൽ ആയിരുന്നപ്പോൾ ഒരു അപ്പൻ എന്റെ അടുക്കൽ വന്നു പറഞ്ഞു: എന്റെ മകനോടു സാറ് ഒന്നു സംസാരിക്കണം. അവനെ ഞങ്ങൾക്കു പേടിയാണ്. ഞാൻ ഗൗരവമായി എന്തെങ്കിലും പറഞ്ഞാൽ എന്നെ അടി ക്കാൻ വരും. സാറിനെക്കുറിച്ച് അവന് നല്ല അഭിപ്രായമാണ്. അതുകൊണ്ട് സാറ് ഒന്നു സംസാരിക്കണം. അനേകർ ഇന്ന് ഭയപ്പാടിലാണ്. എല്ലാ വാതിലുകളും തീവച്ചു ചുട്ടും, മതിലു കൾ ഇടിഞ്ഞും കിടക്കുന്നു.

വാതിലുകൾ തീവച്ച് ചുട്ട് പട്ടണം നശിച്ചുകൊണ്ടിരി ക്കുന്നു. നെബൂഖദ്നേസർ രാജാവ് എന്നത് ഒരു പ്രതീകം (symbol) മാത്രമാണ്. നമ്മെ നശിപ്പിക്കുന്ന ഒരു കൊള്ളക്കാ രൻ, പിശാച് നമ്മുടെ വീട്ടിൽ കടന്നു വന്നിരിക്കുന്നു. പിശാ ചിന്റെ കെണിയിൽ പെട്ടതുകൊണ്ടാണ് ഭാര്യയും ഭർത്താവും പിണങ്ങിയിരിക്കുന്നത്. ഭാര്യയും ഭർത്താവും ഒരു മുറിയിൽ കിടക്കാതെ മാറിക്കിടക്കുന്നതും പിശാചിന്റെ കെണിയാണ്. നിസ്സാരകാര്യത്തിന് വിവാഹമോചനവുമായി സ്ത്രീകളും പുരുഷന്മാരും വരുന്നതും പിശാചിന്റെ കെണിയാണ്. പിശാച് കുടുംബങ്ങളെ മുടിച്ചുകൊണ്ടിരിക്കുന്നു.

കുടുംബം സ്വർഗ്ഗമാകുന്നത് ഒരു മഹാഭാഗ്യമാണ്. ഭാര്യയും ഭർത്താവും, മക്കളും മാതാപിതാക്കളും ഐക്യമായി ഒന്നായി കഴിയുക! എന്തൊരു ഭാഗ്യമാണ്! മക്കൾ ദൈവത്തെ വിളിക്കുന്നവരായിത്തീരുക. പ്രാർത്ഥിക്കുന്നവരായിത്തീരുക.

ഇന്ന് അനേകർക്ക് ഈ ഭാഗ്യം കിട്ടിയിട്ടില്ല എന്ന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് കാണുന്നുണ്ട്. പരിശുദ്ധാത്മാവ് പറയുന്നു: മകനേ, എന്നെ നോക്കി വിളിക്കൂ. ഞാൻ നിനക്ക് സമാധാനം തരാം എന്നു പറയുന്നു. അഴിയാകുരുക്കുകളിൽ പെട്ട് മനുഷ്യൻ ഇന്നു വലയുകയാണ്. ഞാൻ എഴുതിയ 'അഴിയാകുരുക്കുകൾ' എന്ന പുസ്തകം വായിക്കുന്നത് നല്ലതാണ്.

ഒരു ചെറിയ മീൻ ഒരു ചൂണ്ടയിൽ ചെന്ന് കൊത്താൻ തുടങ്ങി. അമ്മ മീൻ ഉടനെ പറഞ്ഞു: "അയ്യോ, മോനേ, പോകല്ലേ. ഇപ്പോൾ അതിൽ ഞാഞ്ഞൂൽ കിടക്കുന്നതു കണ്ടാലും, ഞാഞ്ഞൂലിന്റെ ഉള്ളിൽ ഇരുമ്പു സൂചിയാണ്, അത് നിന്റെ കരൾ മുറിച്ചുകളയും. നീ അത് തൊടല്ലേ." തത്ക്കാലത്തേക്ക് മാറിയെങ്കിലും അമ്മയുടെ കണ്ണുവെട്ടിച്ച് അവൻ ഞാഞ്ഞൂലിനെ തിന്നാൻവേണ്ടി ചൂണ്ടയിൽ കൊത്തി. നല്ല രുചി. അല്പം കഴിഞ്ഞപ്പോൾ ഒരു വേദന. അവൻ പതുക്കെ ശരീരം കുടഞ്ഞു, വേദന മുറുകി. അവന്റെ കരളിൽ ഇരുമ്പ് സൂചി തറച്ചു. പിന്നെ വിടുവിക്കാൻ സാധ്യമല്ല. ചൂണ്ടക്കോൽ അനങ്ങുന്നത് കണ്ട് ചൂണ്ടയിട്ടിരുന്ന മനുഷ്യൻ ചൂണ്ട പൊക്കി മീനെടുത്ത് കൂടയിലിട്ടു. അപ്പോളാണ് കുഞ്ഞുമീൻ ചിന്തിച്ചത്: അയ്യോ, അമ്മ പറഞ്ഞത് കേട്ടാൽ മതിയായിരുന്നു. അനേകം കുടുംബങ്ങളുടെ സ്ഥിതിയാണിത്.

പിശാചിടുന്ന ചില ചൂണ്ടകളാണ് മദ്യവും കഞ്ചാവും മയക്കുമരുന്നും അശുദ്ധമായ ചില വേഴ്ചകളും. ചെറുപ്പക്കാർ (infatuation) പ്രണയത്തിന്റെ കുരുക്കുകളിൽ ചെന്നുചാടുന്നു. കോളേജിൽ പോകുന്നത് girl friend-നെ അല്ലെങ്കിൽ boy friend-നെ കിട്ടാനാണ്. ഇതൊന്നും ഇല്ലെങ്കിൽ ഒരു പോരായ്മയാണ് എന്നാണ് ചിന്തിക്കുന്നത്. നമ്മുടെ കുഞ്ഞുങ്ങൾ അവധിക്കു വരുമ്പോൾ പള്ളിയിൽ പോകുന്നുണ്ട്, മദ്ബഹായിൽ കയറുന്നുണ്ട്. എന്റെ മകൻ നല്ല കുട്ടിയാണ് എന്ന് നാം വിചാരിക്കും. പക്ഷേ, ഈ കുഞ്ഞുങ്ങൾ നശിച്ചിട്ടാണ് അന്യനാട്ടിൽനിന്നു വരുന്നതെന്ന് നിങ്ങൾ അറിയുന്നില്ല. രാത്രിസമയ

ങ്ങളിൽ നിങ്ങളുടെ കുഞ്ഞുങ്ങൾ ഒരു പെൺകുട്ടിയോടുകൂടി ഊര് ചുറ്റുകയാണ് എന്ന് അറിയുന്നില്ല. ഏതെങ്കിലും ഹോട്ടലുകളിൽ പോയി അവരുടെ ജീവിതം കളയുകയാണ് എന്ന് അവരും അറിയുന്നില്ല. നിങ്ങൾ ചിന്തിക്കാൻ വേണ്ടിയാണ് ഞാൻ തുറന്നുപറയുന്നത്.

ആലയം പണിയേണ്ടത് ആവശ്യമായിരിക്കുന്നു. നാം എഴുന്നേറ്റു പണിയുക. ഇന്ന് എഴുന്നേറ്റു പണിയാൻ അത്യന്തം ആവശ്യമായ സമയത്തിലേക്ക് വന്നിരിക്കുന്നു. ഇന്ന് കർത്താവിന്റെ കൃപയിലേക്കു വരാൻ നിങ്ങൾക്കു സാധിക്കുമോ? കർത്താവേ, എന്റെ കുടുംബത്തെ രക്ഷിക്കണമേ. എന്റെ മക്കളെ ഒന്ന് വിടുവിക്കണമേ. നിങ്ങളുടെ നരകമായ കുടുംബം സ്വർഗ്ഗമാക്കുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? യേശുക്രിസ്തു സ്വർഗ്ഗമാക്കിത്തരും. യേശുക്രിസ്തു നിങ്ങൾക്കു സമാധാനം തരും.

സഭയും സമുദായവും ഒന്നും മാറണ്ട. എന്നാൽ നിങ്ങൾ യേശുവിനെ വിളിക്കൂ. വിളിച്ചുകൊണ്ടേയിരിക്കുക. എന്റെ ഹൃദയത്തിലേക്ക് ഒന്നു വരണമേ. ഞാൻ ഒറ്റയ്ക്ക് ഒരാൾ വിശുദ്ധനായി, ശുദ്ധിമതിയായി ജീവിച്ചുകൊള്ളാം. കറതീർന്ന ഒരു ജീവിതം നയിച്ചുകൊള്ളാം. മനസ്സറിഞ്ഞ് ഒരു തെറ്റുവരാതെ ഞാൻ ജീവിച്ചുകൊള്ളാം. എന്റെ യേശുവേ, നീ എന്നെ രക്ഷിക്കണമേ. നീ ഒരിക്കൽ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചല്ലോ. നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ. എന്റെ ഹൃദയത്തിലേക്ക് ആ തിരുരക്തം ഒന്നു തൊടുവിക്കണമേ. എന്റെ നേറ്റിമേൽ ആത്മാവിന്റെ മുദ്ര തരണമേ. എന്റെ കുടുംബത്തെ സ്വർഗ്ഗമാക്കിത്തീർക്കണമേ.

വചനം സ്വീകരിച്ച്, വചനം കൈക്കൊണ്ട് ആ ആനന്ദത്തിന്റെ ആഹ്ളാദത്തിൽ ആറാടിക്കൊണ്ടിരിക്കുന്ന അനേകം കുടുംബങ്ങൾ നമ്മുടെ നാടുകളിലുണ്ട്. നിങ്ങളെയും അതിലേക്ക് ക്ഷണിക്കുകയാണ്. നിങ്ങളുടേത് സ്തുതിയുടെ ആഘോഷം മുഴങ്ങുന്ന കുടുംബങ്ങളായി മാറട്ടെ.

സമാധാനവും സന്തോഷവുമുള്ളവരായിത്തീരട്ടെ. നിങ്ങൾ പ്രാർത്ഥിക്കണം. ഇനി ഈ നിമിഷം മുതൽ എന്റെ കർത്താവിനെ ദു:ഖിപ്പിക്കുന്നതൊന്നും എന്റെ ജീവിതത്തിൽ വരികയില്ല. എന്റെ ഈ സമർപ്പണത്തെ വച്ചുകൊണ്ട് എന്റെ കുടുംബത്തെ രക്ഷിക്കണമേ. എന്റെ കുഞ്ഞുങ്ങളാരും വഴിതെറ്റി പോകാതെ നീ അവരെ തടുക്കണമേ. നീ അവർക്കുചുറ്റും വേലികെട്ടി കാത്തുകൊള്ളണമേ.

എഴുന്നേറ്റു പണിയുക. ഒട്ടും താമസിക്കരുത്. പിശാച് വന്ന് എല്ലാം നശിപ്പിക്കുന്നതിനുമുമ്പ് അതിവേഗം മതിൽ പണിയാൻ തുടങ്ങുക. ആലയം പണിയുക, ആരാധന തുടങ്ങുക. സ്തുതിയുടെ ആരാധന മുഴങ്ങട്ടെ.

## പതിനൊന്ന്

*"നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റുവരും."*

*ദാനിയേൽ 12 : 13*

നീ എഴുന്നേറ്റു വരും. ഭാവികാലത്തേക്കുറിച്ചു പറയുകയാണ്. ഇതുവരെ പറഞ്ഞത് എഴുന്നേറ്റു പണിയുക, എഴുന്നേറ്റു തിന്നുക, എഴുന്നേറ്റു ദൈവത്തെ വിളിച്ചപേക്ഷിക്ക. എല്ലാം എഴുന്നേറ്റു ചെയ്യേണ്ട കാര്യങ്ങളാണ്. ഇപ്പോൾ ദൈവം പറയുന്നു: നീ എഴുന്നേറ്റു വരും.

ബാബേൽ രാജാവായ നെബൂഖദ്നേസർ പിടിച്ചുകൊണ്ടുപോയ അടിമകളിൽ ഒരുവനാണ് ദാനീയേൽ. ദാനീയേൽ യിസ്രായേൽ ജാതിക്കാരനാണ്. യെരൂശലേമിൽ ആരാധന കഴിച്ചുകൊണ്ടിരുന്നവനാണ്. എന്നാൽ അടിമയായി പിടിച്ചു കൊണ്ടുപോയ ദാനീയേൽ ദൈവത്തോട് കൂടെ നിന്നു. നല്ല ഭയഭക്തിയോടെ ദൈവത്തെ ആരാധിച്ചുപോന്നു.

ദാനീയേൽ ദൈവഭക്തനായിരുന്നു. ദാനീയേൽ വിശുദ്ധനായിരുന്നു. വേദപുസ്തകത്തിൽ ദാനീയേൽ, യോസേഫ് എന്നീ കഥാപാത്രങ്ങളാണ് പൂർണ്ണമായും വിശുദ്ധിയിൽ തിളങ്ങി നിൽക്കുന്നത്. ദാനീയേൽ തിന്മയിലേക്ക് പോയില്ല. ബാബിലോണിയായിലെ അശുദ്ധിയിലൊന്നും പങ്കാളിയായില്ല.

*"എന്നാൽ രാജാവിന്റെ ഭോജനംകൊണ്ടും അവൻ*

*കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്നു ദാനീയേൽ ഹൃദയത്തിൽ നിശ്ചയിച്ചു." ദാനീയേൽ 1 : 8*

വിദേശത്ത് കഴിയുമ്പോൾതന്നെ ദാനീയേൽ തീരുമാനിച്ചു. വീട്ടുകാരിൽനിന്നും സ്വന്തക്കാരിൽനിന്നും അകലെയാണ്. ദൂരെ പാർക്കുകയാണ്. എന്നാൽ എന്നെ കാണുന്ന ഒരു ദൈവമുണ്ട്. ആ ദൈവം ദു:ഖിക്കാൻ ഞാൻ ഇടവരുത്തുകയില്ല. യാതൊരു കാരണവശാലും ഞാൻ എന്നെത്തന്നെ അശുദ്ധമാക്കുകയില്ല. അങ്ങനെ ആ തീരുമാനത്തിൽ ഉറച്ചുനിന്നതുകൊണ്ട് ചില അനുഗ്രഹങ്ങൾ ദാനീയേലിന്റെ ജീവിതത്തിലേക്കു വരാൻ തുടങ്ങി.

നൂറ്റിരുപത് സംസ്ഥാനങ്ങളുള്ള പേർഷ്യൻ സാമ്രാജ്യത്തിൽ, മൂന്നു പ്രസിഡന്റുമാരുള്ളതിൽ ഒന്നാമനായി ദാനീയേൽ വിളങ്ങി. ഇംഗ്ലീഷ് ബൈബിളിൽ പറയും: Daniel was first among the three. അടിമയുവാവ്, വിദേശരാജ്യത്ത് വളർന്ന് ഏറ്റവും ഉന്നതമായ പദവി അലങ്കരിച്ചു. ദാനീയേലിനു ശത്രുക്കളുണ്ടായിരുന്നു. ദാനീയേൽ പതറിയില്ല. ദൈവം ദാനീയേലിനെ സൂക്ഷിച്ചു. ദാനീയേൽ ദൈവത്തിന്റെ വചനം പറഞ്ഞു. വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് പ്രവചിച്ചു.

വേദപുസ്തകത്തിൽ വെളിപ്പാട് പുസ്തകം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പ്രവചനങ്ങളുള്ളത് ദാനീയേൽപ്രവാചകന്റെ പുസ്തകത്തിലാണ്. ഇനി Antichrist-ന്റെ ഭരണവും, അന്ന് അരാം രാജ്യവും (Syria) മിസ്രയീമും (Egypt) തമ്മിലുള്ള യുദ്ധവും, Iran നും Iraq ഉം തമ്മിലുള്ള യുദ്ധവും ദാനീയേൽ പ്രവചിച്ചു. ദാനീയേൽ 11-ാം അദ്ധ്യായത്തിൽ മൂന്നാം ലോകമഹായുദ്ധത്തെക്കുറിച്ചും ആ യുദ്ധത്തിനുശേഷം അന്തിക്രിസ്തു വെളിപ്പെടുന്നതിനെക്കുറിച്ചും പറയുന്നു.

ശൂന്യമാക്കുന്ന മ്ലേച്ഛത നിൽക്കരുതാത്ത സ്ഥലത്തു നിൽക്കും. ശൂന്യമാക്കുന്ന മ്ലേച്ഛത ദൈവാലയത്തിൽ നിൽക്കും.

ഇന്നും നമ്മുടെ മദ്ബഹയുടെ ചുമരിൽ പുറത്തുനിന്നു പോതുണ്ടാക്കി അതിൽ മദ്യക്കുപ്പികൾ വയ്ക്കുന്ന ശുശ്രൂഷക്കാരുണ്ട്. പെസഹാകുർബ്ബാന ആളുകൾക്കു കൊടുക്കുന്ന സമയം പാട്ടുപാടിക്കൊണ്ടു നിൽക്കുന്ന ശുശ്രൂഷക്കാർ, ആരും കാണാതെ പുറകിലെ പൊത്തിൽനിന്ന് മദ്യം കുടിച്ചിട്ടാണ് തുടർന്നുള്ള ശുശ്രൂഷകളിൽ സംബന്ധിക്കുന്നത്. അങ്ങനെയുള്ള സംഭവങ്ങളുണ്ട്. കക്ഷിവൈരാഗ്യം മൂത്ത് മദ്ബഹായിൽ കയറി മെഴുകുതിരിക്കാൽ എടുത്ത് അടിക്കുന്ന ആളുകളുണ്ട്. മനുഷ്യൻ ഇന്ന് ബോധമില്ലാത്തതുപോലെ എന്തെല്ലാം തിന്മകളിലേക്കു പോകുന്നു!

അങ്ങനെ ഏറ്റവും ഹീനമായ അടിമത്വത്തിന്റെ അവസ്ഥയിൽ, ആ കാലത്ത് ദാനീയേൽ ഒരാൾ വിശുദ്ധനായി നിന്നു. അതൊരു വെല്ലുവിളിയാണ്. മുഴുവൻ അഴിമതിയും തിന്മയും നടക്കുന്ന ഈ ലോകത്ത്, അശുദ്ധി നടമാടുന്ന ഈ ലോകത്ത് ഞാൻ ഒരാൾ ഒരു വിശുദ്ധനായി നിൽക്കുമെന്ന് തീരുമാനിക്കാനും പാലിക്കാനും സാധിക്കുന്നത് മഹത്തായ കാര്യമാണ്. പ്രിയപ്പെട്ടവരേ, നിങ്ങൾക്കു സാധിക്കുമോ? ദാനീയേലിനു സാധിച്ചു.

ദാനീയേൽ വിശുദ്ധി പാലിച്ചുകൊണ്ടു നിന്നു. എതിർപ്പുകളും പ്രശ്നങ്ങളും ഉണ്ടായി. ദാനീയേലിനെ സിംഹത്തിന്റെ ഗുഹയിലേക്ക് എറിഞ്ഞുകളഞ്ഞു. സിംഹങ്ങൾ ദാനീയേലിനെ തൊട്ടില്ല. ദൈവത്തിന്റെ ദൂതൻ വന്ന് സിംഹങ്ങളുടെ വായ് അടച്ചുപിടിച്ചു! അത്രമാത്രം വലിയ അത്ഭുതങ്ങൾ ദാനീയേലിന്റെ ജീവിതത്തിൽ നടന്നു. ദാനീയേൽ വരാനിരിക്കുന്ന കാര്യങ്ങൾ പ്രവചിച്ചു.

> *"എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും."* *ദാനീയേൽ 12 : 3*

എന്തു മനോഹരമായ വാക്യമാണിത്! നിങ്ങൾക്ക് ഒരു നീതിമാനായി നിന്നുകൊണ്ടു ആരെയെങ്കിലും നീതിയിലേക്കു തിരിക്കാൻ സാധിക്കുമോ? അതൊരു മഹാഭാഗ്യമാണ്. അതിനു വലിയ പ്രതിഫലമുണ്ട്. ഇന്ന് നിങ്ങൾക്ക് തീരുമാനമെടുക്കാം. എന്റെ കർത്താവേ, പൂർണ്ണവിശുദ്ധിക്കായി എന്നെ സമർപ്പിക്കുന്നു. മനസ്സറിഞ്ഞ് ഒരു പാപം എന്റെ ജീവിതത്തിൽ വരികയില്ല. മനസ്സറിഞ്ഞ് എന്റേതല്ലാത്ത ഒരു വസ്തു എന്റെ കൈയിൽ വരികയില്ല. മനസ്സറിഞ്ഞ് എന്റെ ജീവിതത്തിൽ അശുദ്ധി തൊടുകയില്ല. അങ്ങനെ നിങ്ങൾക്കു തീരുമാനമെടുക്കാൻ കഴിയുമെങ്കിൽ നിങ്ങളിൽനിന്നുകൊണ്ട് കർത്താവ് ചില കാര്യങ്ങൾ പ്രവർത്തിക്കും.

ദാനീയേൽ വരുംകാലത്തെ കാര്യങ്ങൾ പ്രവചിച്ചു. ഒടുവിലത്തെ അദ്ധ്യായത്തിൽ പറയുന്നു, കാലാവസാനത്തിങ്കൽ നീ എഴുന്നേറ്റുവരും. സ്വർഗ്ഗത്തിലെ ദൈവം പറയുന്നു: “മോനേ, നീ ഇത്രയും കാലം വേലചെയ്തതല്ലേ. ഒട്ടും കൂസലില്ലാതെ വിശുദ്ധി പാലിച്ചല്ലോ. നീ വിശുദ്ധിയോടെ നിന്നുകൊണ്ട് എന്റെ വേല ചെയ്തല്ലോ. നിനക്ക് ഞാൻ ഒരു പ്രതിഫലം വച്ചിട്ടുണ്ട്. അപ്പന്റെ സ്വത്തിന്റെ share മകന് വച്ചിട്ടുണ്ട്. ഇപ്പോൾ തത്ക്കാലം നീ മരണത്തിലേക്കു പൊയ്ക്കൊള്ളൂ. ലോകാവസാനത്തിൽ നിന്റെ ഓഹരി ലഭിപ്പാൻ നീ എഴുന്നേറ്റു വരും. ശവക്കുഴിയിൽനിന്നു നീ എഴുന്നേറ്റു വരും.

പുനരുത്ഥാനം എന്നത് എല്ലാവരും പ്രാപിക്കാൻ ആഗ്രഹിക്കേണ്ടതാണ്. നാം എല്ലാവരും ഈ ഭൂമിയിൽനിന്നും മരിച്ചുപോകും. നാമാരും പ്രതീക്ഷിക്കാത്ത സമയത്താകാം മരണം നമ്മെ പിടികൂടുന്നത്. ആരെല്ലാം നമുക്കുണ്ടെന്നു പറഞ്ഞാലും ആർക്കും തടുക്കാൻ പറ്റുകയില്ല. ഏകനായി വന്നവൻ, ഏകനായി പോയേ പറ്റുകയുള്ളൂ. ഇഹലോകത്തേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല, ഇവിടെനിന്ന് ഒന്നും കൊണ്ടുപോകുവാൻ കഴിയുകയുമില്ല. മരണം സുനിശ്ചയമാണ്.

*“യഹോവേ, എന്റെ അവസാനത്തെയും എന്റെ*

*ആയുസ്സ് എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്നു ഞാൻ അറിയുമാറാകട്ടെ. ഇതാ, നീ എന്റെ നാളുകളെ നാലുവിരൽ നീളമാക്കിയിരിക്കുന്നു; എന്റെ ആയുസ്സ് നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെയിരിക്കുന്നു; ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രേ. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം; അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം; അവൻ ധനം സമ്പാദിക്കുന്നു; ആർ അനുഭവിക്കും എന്നറിയുന്നില്ല."*

*സങ്കീർത്തനങ്ങൾ 39 : 4 – 6*

ഇന്നു നാം എങ്ങനെയെങ്കിലും പണം ഉണ്ടാക്കാൻ വേണ്ടി ബദ്ധപ്പെടുന്നു. കൈക്കൂലി വാങ്ങിയാണെങ്കിലും, അഴിമതിക്കു കൂട്ട് നിന്നാണെങ്കിലും, തിന്മ പ്രവർത്തിച്ചിട്ടാണെങ്കിലും രൂപയ്ക്കുവേണ്ടി നാം ബദ്ധപ്പെടുന്നു. ഇതെല്ലാം നമ്മുടെ കൈയിൽനിന്നു പോകും. ഒന്നും അക്കരയ്ക്കു കൊണ്ടുപോവുകയില്ല. എല്ലാം വിട്ട് ഞാൻ എന്ന മനുഷ്യൻ ഒറ്റയ്ക്ക് മരണത്തെ നേരിട്ടേ പറ്റുകയുള്ളൂ. പേരും പെരുമയും കീർത്തിയും എല്ലാം വിടും. അന്ന് ശവക്കുഴിയുടെ അരികെവന്നിട്ട് എല്ലാവരും പിരിഞ്ഞുപോകും. നമ്മുടെ ശരീരം മണ്ണിൽ ചേർക്കപ്പെടും. അപ്പോൾ നമ്മുടെ കൂടെ പോരാൻ ആരുമില്ല. അന്ന് താങ്ങാൻ യേശുവുണ്ടായിരിക്കണം.

ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ യേശു ഉള്ളവരായി തീരണം. ഇല്ലെങ്കിൽ നഷ്ടമാണ്. ഒരു ബൈപ്പാസ് സർജറി ഞാൻ നേരിടേണ്ടിവന്നു. തീർന്നു പോകേണ്ടതായിരുന്നു, എന്നാൽ കർത്താവ് ആയുസ്സു നീട്ടി തന്നിരിക്കുന്നു. എല്ലാം തീരാൻ പോവുകയാണെന്ന് എനിക്കറിയാമായിരുന്നു. ഞാൻ കർത്താവിനോട് പറഞ്ഞു: "കർത്താവേ, എന്തെല്ലാം ഉണ്ടെങ്കിലും എല്ലാം വിട്ട് ഞാൻ പോകുമ്പോൾ നാഥാ, നീ എന്റെ കൂടെ

ഉണ്ടായിരിക്കണമേ." അങ്ങനെ യേശുക്രിസ്തുവിൽ ആശ്രയിച്ച്, യേശുവിൽ ശരണപ്പെട്ട് ഈ ഭൂമിയിൽനിന്നു കടന്നുപോയാൽ മാത്രമേ നിത്യതയിൽ ഉയിർത്തെഴുന്നേൽക്കാൻ സാധിക്കുകയുള്ളൂ. യേശുക്രിസ്തുവിൽ ആശ്രയിക്കുന്നവർക്കാണ് ഒന്നാമത്തെ പുനരുത്ഥാനം.

മൃതരേ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ
മുകിലഴകിൻമേലാഘോഷിതനായീടുന്നു
നയവാന്മാർ തൻ മുൻകൊമ്പിൻനാദം കേട്ടിട്ട-
ങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു

മരിച്ചവരെ ഉയിർത്തെഴുന്നേൽപ്പിക്കാൻ കർത്താവായ യേശുക്രിസ്തു വീണ്ടും വരുമ്പോൾ മൃതർ ഉയിർത്തെഴുന്നേൽക്കും. യേശുക്രിസ്തു ആകാശ ശോഭയിന്മേൽ ആഘോഷത്തോടെ എഴുന്നള്ളിവരുമ്പോൾ നീതിമാന്മാർ മാത്രം ഉയിർത്തെഴുന്നേൽക്കും. ഈ ഭൂമിയിൽ ജീവിക്കുമ്പോൾ പാപത്തെ ഉപേക്ഷിച്ച്, യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ച് വിശുദ്ധിയോടെ ജീവിക്കുന്നവർ മാത്രം ഉയിർത്തെഴുന്നേൽക്കും. നീതിമാന്മാർ, കർത്താവായ യേശുവിന്റെ വരവിന്റെ മുമ്പുള്ള കാഹളനാദം കേട്ടിട്ട് ഉത്സവവസ്ത്രം ധരിച്ച് എതിരേല്പ്പാനായി പോകും. മറ്റുള്ളവർ, അവിടെ പാതാളത്തിൽത്തന്നെ കിടക്കും. പിന്നീട് അവർ വെള്ളസിംഹാസനത്തിലെ ന്യായവിധിക്കായി ഉയിർത്തെഴുന്നേൽക്കും.

*"ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തി*

*കൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നി ലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു; ഓരോരുത്തനും അവനവന്റെ പ്രവൃ ത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്ത കത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."*

*വെളിപ്പാട് 20 : 11 – 15*

മാനസാന്തരപ്പെടാത്ത എല്ലാവരും ഉയിർത്തെഴുന്നേറ്റു വെള്ള സിംഹാസനത്തിലെ ന്യായാധിപതിയായ ദൈവത്തിന്റെ മുമ്പാകെ നിൽക്കും. ഓരോരുത്തരുടെ പേരിലും പുസ്തക മുണ്ട്. ഇന്ന് അപ്പനും അമ്മയും ഭാര്യയും മക്കളും, കൂടെ ജോലി ചെയ്യുന്നവരും ആരും അറിഞ്ഞില്ല. എന്നാൽ എല്ലാം രേഖപ്പെ ടുത്തിവച്ചിട്ടുണ്ട്. ആ പുസ്തകത്തിന്റെ പേര് ഓർമ്മയുടെ പുസ്തകം അല്ലെങ്കിൽ സ്മരണയുടെ പുസ്തകം എന്നാണ്. ഓരോരുത്തർക്കും ന്യായവിധി ഉണ്ടാകും. ഇതെല്ലാം സംഭവി ക്കാൻ പോകുന്ന കാര്യങ്ങളാണ്. എത്രകാലം കഴിഞ്ഞിട്ടാണ് എന്നറിഞ്ഞുകൂടാ. നാം ഇതെല്ലാം നിസ്സാരമായി കാണരുത്. നാം ഓരോരുത്തരും ഇതെല്ലാം നേരിട്ടു കാണേണ്ടിവരും. ഈ ഭൂമിയിൽ വച്ച് പാപമോചനം കിട്ടിയില്ലെങ്കിൽ ന്യായവിധിക്കു ശേഷം നിത്യമായ തീപ്പൊയ്കയിലേക്കു തള്ളിയിടും.

നാം ഇന്ന് ചിന്തയില്ലാതെ ജീവിക്കുകയാണ്. ഇതിനെക്കു റിച്ചൊന്നും പറയാൻ ആളില്ല. അനേകരും ഈ കാര്യങ്ങ ളെല്ലാം അറിഞ്ഞിട്ടും അറിയാത്ത ഭാവത്തിൽ ജീവിക്കുക യാണ്. വലിയോരു ന്യായവിധി വരാൻ പോകുന്നു. അതുകൊ ണ്ടാണ് പിതാക്കന്മാർ പാടിയത്:

നീതിയിൽ വിധിചെയ്യും–ന്യായാധിപതേ നീ
ഏറ്ററുതേ വിധിയിൽ–കടമോർത്തീടരുതേ

ബലഹീനത നീക്കി-ത്തുണചെയ്യുക നാഥാ!
രാപ്പകലടിയങ്ങൾ-ക്കാശ്രയമങ്ങല്ലോ

നീതിയിൽ വിധി ചെയ്യുന്ന ന്യായാധിപതിയായ കർത്താവേ, ന്യായവിസ്താര ദിവസത്തിൽ എന്നോട് കരുണ ചെയ്യണമേ. നീയാണ് എന്റെ ആശ്രയം. അങ്ങനെ പ്രാർത്ഥിച്ചാലും രക്ഷകി ട്ടണമെങ്കിൽ നാം ഇന്ന് പാപത്തെയോർത്ത് അനുതപിക്കണം. എന്റെ പാപങ്ങൾ ക്ഷമിച്ചു തരണമേ എന്നും പ്രാർത്ഥിക്കണം.

*"വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്ന് യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞി പോലെ ആയിത്തീരും."* *യെശയ്യാവ് 1 : 18*

എത്ര കൊടിയപാപങ്ങൾ സംഭവിച്ചാലും മനുഷ്യർ അറി ഞ്ഞില്ലായിരിക്കും; എന്നാൽ സ്വർഗ്ഗത്തിലെ ദൈവം അറിഞ്ഞി ട്ടുണ്ട്. ഇവിടെവച്ച് നമ്മുടെ പേരിൽ എഴുതിയിരിക്കുന്നതെല്ലാം മാഞ്ഞുകിട്ടണം. ഓരോരുത്തരുടെ പേരിലും കടച്ചീട്ടുണ്ട്. ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ കടച്ചീട്ട് കീറി കിട്ടണം. എങ്ങനെ പാപങ്ങൾ മാഞ്ഞു കിട്ടും? അതിനാണ് കർത്താവായ യേശുവിന്റെ രക്തം. കർത്താവായ യേശുവിന്റെ പഞ്ചമുറിവു കളിലൂടെ ഒഴുകിയ രക്തം. ആ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കും. ഇവിടെവച്ച് അങ്ങനെ ക്രിസ്തുവിന്റെ ശരണത്തിലേക്കു നാം വരണം. ഇവിടെവച്ച് പാപം ക്ഷമിച്ച് ശരണത്തിലേക്കു വന്നില്ലെങ്കിൽ നിത്യമായ തീപ്പൊയ്കയി ലേക്ക് തള്ളിയിടും. അതിനെക്കുറിച്ചാണ് പിതാക്കന്മാർ പാടു ന്നത്:

ശരണത്താലേ നിൻകൃപയിൽ
മരണമടഞ്ഞോരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നുദ്യാനത്തിന്നായ്

ഇന്ന് അവർ കബറുകളിൽ ഉറങ്ങുകയാണ്. അവർ ഉയിർത്തെഴുന്നേൽക്കുന്ന ദിവസം നിന്റെ സ്വർഗ്ഗീയ ഉദ്യാനത്തിലേക്ക് സ്വീകരിക്കാൻ തിരുമനസ്സാകണമേ. ഞാനും നിങ്ങളും മരിച്ചിട്ട് കർത്താവിന്റെ രണ്ടാമത്തെ വരവിൽ ഉയിർത്തെഴുന്നേൽക്കാൻ സാധിക്കുന്നില്ലെങ്കിൽ മഹാനഷ്ടമാണ്. രണ്ടാം പുനരുത്ഥാനത്തിലാണെങ്കിലോ നാം ശിക്ഷയ്ക്കു വിധിക്കപ്പെടും. എല്ലാവരേയും തീപ്പൊയ്കയിലേക്ക് തള്ളിയിടും എന്നു പറയുന്നു

ദാനീയേലിനോട് ദൈവം പറയുകയാണ്: നിന്റെ ശുശ്രൂഷ ഇപ്പോൾ മതിയാക്കുക. നീ ഇത്രയും നാൾ എന്റെ വചനം പറഞ്ഞില്ലേ? നീ ഇത്രയും നാൾ എന്റെ സാക്ഷിയായി നിന്നില്ലേ? വളരെ സന്തോഷം. മകനേ, ദാനീയേലേ, നീ വിശ്രമിക്കാൻ പൊയ്ക്കൊൾക. കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും. നിനക്ക് ഞാൻ ഒരു ഓഹരി വച്ചിട്ടുണ്ട്. ലോകത്തിൽ ആർക്കും അതറിഞ്ഞുകൂടാ. ഞാൻ നിനക്ക് വാഗ്ദാനം തരികയാണ്. നിനക്ക് ഓഹരി ഞാൻ കരുതിവച്ചിട്ടുണ്ട്.

എന്റെ പ്രിയ സഹോദരീ സഹോദരന്മാരേ, ഈ ഓഹരി പ്രാപിക്കാൻ നിങ്ങൾ ഇന്ന് ഒരുങ്ങുമോ? യേശുക്രിസ്തുവിന്റെ കൈയിൽനിന്ന് ഓഹരി വാങ്ങാൻ നിങ്ങൾ ഒരുങ്ങുമോ? പതിനേഴാമത്തെ വയസ്സിൽ എന്റെ പള്ളിയിൽ വചനം കേട്ടുകൊണ്ടിരുന്നപ്പോൾ ഞാൻ തകർന്നു. പള്ളിയിലിരിക്കുന്ന ആരും എന്റെ കരച്ചിൽ കേൾക്കാതിരിക്കാൻ ആകുന്നേടത്തോളം കരച്ചിൽ അടക്കി, ഞാൻ ഇങ്ങനെ പറഞ്ഞു: കർത്താവേ; ഇന്നു മുതൽ ഞാൻ നിന്റെ വക. എന്റെ ദൈവത്തെ ഞാൻ സാക്ഷിക്കുന്നത് അതു കൊണ്ടാണ്. ആരെല്ലാം എതിർത്താലും ദൈവവചനം പറയുന്നത് അതുകൊണ്ടാണ്. ഞാൻ എന്റെ ജീവിതം യേശുവിനു കൊടുത്തതാണ്. ഈ ശരീരം യേശുവിനു കൊടുത്തതാണ്. ഈ ശരീരത്തിൽ മാലിന്യം പറ്റുകയില്ല.

ഈ നാവ് യേശുവിനു കൊടുത്തതാണ്. ദൈവത്തിന്റെ

വചനം പറയാനും ദൈവത്തെ സ്തുതിക്കാനുമുള്ള നാവാണ്. ഈ കൈകൾ യേശുവിനു കൊടുത്തതാണ്. യേശുവിന്റെ പ്രവൃത്തി ചെയ്യാനുള്ള കൈകളാണ്. തിന്മചെയ്യാനല്ല, ആർക്കെങ്കിലും സഹായം ചെയ്യാനുള്ള കൈകളാണ്. എന്റെ ചിന്ത യേശുവിനു കൊടുത്തു. വേണ്ടാത്ത ചിന്ത വരാതെ യേശു എന്നെ തടുക്കുന്നു. 80-ാമത്തെ വയസ്സിൽ എന്റെ ആയുസ്സ് വീണ്ടും യേശുവിന്റെ കൈയിലേക്ക് കൊടുത്തു. യേശു തന്റെ അരുമകരം നീട്ടി അത് സ്വീകരിച്ചു. കർത്താവ് എന്നെ വിശുദ്ധീകരിച്ചു. ഞാൻ തികഞ്ഞവനായില്ല. ഇനിയും മാറേണ്ട അനേകം കാര്യങ്ങളുണ്ട്. മരണത്തോളമുള്ള ശുദ്ധീകരണമാണത്.

യേശുവിനെ സ്വീകരിപ്പാൻ നിങ്ങൾക്ക് തോന്നുന്നുണ്ടോ? നിങ്ങളുടെ ഹൃദയത്തിൽ തീരുമാനം വന്നാൽ യേശുവിന്റെ തൃക്കരം നിങ്ങളുടെ തലമേൽ തൊടും. യേശുവിനോടു നിങ്ങൾ പറയണം: ഇന്നുമുതൽ ഞാൻ ഒരു പുതിയസൃഷ്ടി. അങ്ങനെ ഒരു സമർപ്പണത്തിലേക്ക് നിങ്ങൾ വരുമെങ്കിൽ നിങ്ങളുടെ ഹൃദയനൊമ്പരങ്ങൾ അവൻ എടുത്തു മാറ്റും. നിങ്ങളുടെ കടഭാരങ്ങളെല്ലാം മാറ്റിത്തരും. കുടുംബത്തിലെ ക്ലേശങ്ങൾ മാറ്റിത്തരും. നിങ്ങളുടെ മക്കൾ സൗഭാഗ്യമുള്ളവരായിത്തീരും. അനുഗൃഹീതരായിത്തീരും.

യേശു ഓരോരുത്തരുടേയും അടുത്തുവന്നു ചോദിക്കുന്നു: മകനേ, നിന്റെ ഹൃദയം എനിക്കു തുറന്നുതരാമോ? അപ്പോൾ നിങ്ങൾ പറയണം: “യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ അകത്തു വരിക; എന്തിനു പുറത്തു നിൽക്കുന്നു.” കർത്താവേ, നീ പുറത്തു നിൽക്കേണ്ടവനല്ല. നീ എന്റെ ഉടമസ്ഥനാണ്. എന്നെ വിലയ്ക്കു വാങ്ങുവാൻ നിന്റെ ദിവ്യജീവൻ എനിക്കു മറുവിലയായി കൊടുത്തതാണ്. എനിക്കുവേണ്ടി രക്തം ചിന്തിയതാണ്. ആ തിരുരക്തം ഒരു തുള്ളി എന്റെ തലമേൽ പതിയണമേ. വേറെ ഒന്നും എനിക്കു വേണ്ട, യേശുക്രിസ്തു എന്റെ ഹൃദയത്തിലേക്ക് ഒന്നു വന്നാൽമതി. യേശുക്രിസ്തുവിന്റെ രക്തം എന്നെ തൊട്ടാൽമതി, എന്റെ കഴി

ഞ്ഞകാലപാപങ്ങളെല്ലാം മാറി പൂർണ്ണ ശുദ്ധീകരണം പ്രാപിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

കർത്താവേ, നിന്റെ ആണിപ്പാടുള്ള കരം എന്റെമേൽ വയ്ക്കണമേ. ഈ പാപിയായ മനുഷ്യനെ ഒന്നു തൊടണമേ. അനേകം നാളുകൾ പാഴാക്കിക്കളഞ്ഞ ഈ ദുഷ്ടപാപിയുടെ തലമേൽ നിന്റെ കരം ഒന്നു വയ്ക്കുമോ? നിന്റെ തിരുവസ്ത്രത്തിന്റെ തൊങ്ങൽ ഒന്നു തൊടുവിക്കുമോ? എന്നോട് ഒന്നു മനസ്സലിയണമേ. ഒരു കാര്യം മാത്രം ഞാൻ നിന്നോട് പറയാം. അത് എന്റെ ഹൃദയത്തിന്റെ തീരുമാനമാണ്. ഇനിമേലിൽ ഒരു നിമിഷംപോലും പാപത്തിന് ഞാൻ ഇടം കൊടുക്കുകയില്ല. വന്നുപോയ പാപങ്ങളെല്ലാം ക്ഷമിച്ചു തന്നാൽ മാത്രം മതി. ഇനിമേൽ ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കും.

അങ്ങനെ തീരുമാനിക്കാൻ പറ്റുമെങ്കിൽ നിങ്ങൾ ഏറ്റുപറയുക: കരുണയുള്ള കർത്താവേ, നിന്റെ തൃക്കരം എന്റെ തലമേൽ ഒന്നു വയ്ക്കണമേ. എന്റെ യേശുവേ, നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളിവരണമേ. യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. യേശുവേ, എന്നോടു കരുണ തോന്നണമേ. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കു കിട്ടുവാൻ എനിക്കു ഭാഗ്യം നൽകണമേ. എന്നെ അനുഗ്രഹിക്കണമേ. സ്വർഗ്ഗരാജ്യത്തിന്റെ അവകാശം തരണമേ. എന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരുവാൻ എനിക്കും ഭാഗ്യം തരണമേ.

## പന്ത്രണ്ട്

*“ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവും ആകുന്നു; യഹോവാഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും.” സദൃശവാക്യങ്ങൾ 31 : 30*

ഒരു സ്ത്രീയുടെ സമ്പത്ത് ദൈവഭക്തിയാണ്. പുരുഷന്റേയും സമ്പത്ത് ദൈവഭക്തിയാണ്. ജീവനുള്ള ദൈവത്തോടുള്ള സ്നേഹവും ഭക്തിയും വിശ്വാസവും മനുഷ്യഹൃദയത്തിലുള്ള നിതാന്തസമ്പത്താണ്, നിത്യസ്വത്താണ്. യഹോവാഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും. ലാവണ്യമുണ്ടായിരിക്കാം, സൗന്ദര്യമുണ്ടായിരിക്കാം. പക്ഷേ, സാക്ഷാത്തായ സൗന്ദര്യം ദൈവഭക്തിയാണ്. അപ്പൊസ്തലനായ പത്രോസ് പറയും:

*“ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പ് കണ്ടറിഞ്ഞ് വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നു വരുവാൻ ഇടയാകും.” 1 പത്രോസ് 3 : 1, 2*

നിങ്ങളുടെ ഭർത്താക്കന്മാർ വചനം അനുസരിക്കാത്തവരാണെന്നിരിക്കട്ടെ. അവർ വചനം കേൾക്കാൻ താത്പര്യമില്ലാത്തവരാണെന്നിരിക്കട്ടെ. എന്നാൽ ഭാര്യയുടെ നിർമ്മലമായ നല്ല ജീവിതം, നല്ല നടപ്പ്, കണ്ട്, അറിഞ്ഞ് ഭാര്യമാരുടെ നടപ്പിനാൽ ക്രിസ്തുവിനോട് ചേർന്നു വരുവാൻ ഇടയാകും. ഭർത്താവിനും മാറ്റം വരും. ഭർത്താവ് വചനം അനുസരിക്കു

ന്നില്ലെങ്കിൽ, നിങ്ങളുടെ ഭയത്തോടുകൂടിയ നിർമ്മലമായ നടപ്പ് കണ്ടറിഞ്ഞ്, ഭാര്യമാരുടെ ജീവിതം കണ്ട് - അവരുടെ വാക്ക് കേട്ടല്ല - വചനം കൂടാതെ, ചേർന്നുവരുവാൻ ഇടയാകും. എന്താണ് ഭാര്യമാരുടെ ആഭരണം?

> *"നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും, ഇങ്ങനെ പുറമേയുള്ളതല്ല."* *1 പത്രോസ് 3 : 3*

സാക്ഷാത്തായ അലങ്കാരം, സാക്ഷാത്തായ ആഭരണം പൊന്ന് അണിയുന്നതല്ല; നല്ല വർണശബളിമയുള്ള, വിലപിടിപ്പുള്ള വസ്ത്രം ധരിക്കുന്നതല്ല.

> *"സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം."* *1 പത്രോസ് 3 : 4*

നിങ്ങൾക്ക് ക്ഷയിക്കാത്ത ഒരാഭരണം വേണം. അക്ഷയഭൂഷണം! ക്ഷയിക്കാത്ത ആഭരണം! സൗമ്യതയും സാവധാനതയുമുള്ള അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ! സൗമ്യതയുള്ള മനസ്സ്! സാവധാനതയുള്ള മനസ്സ്!

സാവധാനത എന്നുപറഞ്ഞാൽ പതിയെ പതിയെ പോകുക എന്നല്ല. അവധാനത എന്നുവെച്ചാൽ ശ്രദ്ധ, ശ്രദ്ധയോടുകൂടിയ നടപ്പ്. അതാണ് ശരിയായ ആഭരണം. പുറമെ കാണുന്ന മേനിപ്പകിട്ടല്ല. പുറമെ കാണുന്ന ആഡംബരപ്രൗഢിയല്ല. പുറമെ കാണുന്ന ആഭരണങ്ങളുടെ തികവല്ല. അതൊന്നുമല്ല സാക്ഷാത്തായ ആഭരണം. സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം. അതാണ് ദൈവസന്നിധിയിൽ വിലയേറിയത്. "ഇങ്ങനെയല്ലോ പണ്ട് ദൈവത്തിൽ പ്രത്യാശ വച്ചിരുന്ന വിശുദ്ധസ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ചു ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നത്."

വിശുദ്ധസ്ത്രീകൾ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നവരാണ്. ഭർത്താവിനെ ഭരിക്കുന്നവരായിരുന്നില്ല. ഭർത്താവിനെ അവരുടെ ചൊൽപ്പടിക്കു നിർത്തുന്നവരായിരുന്നില്ല. ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നവരാണ്.

*"അങ്ങനെ സാറാ അബ്രാഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസരിച്ചിരുന്നു."1 പത്രോസ് 3 : 6*

അബ്രാഹാമിന്റെ ഭാര്യയായ സാറാ ഭർത്താവിനെ യജമാനൻ എന്നു വിളിച്ച് യജമാനനെപ്പോലെ അനുസരിച്ച് കീഴടങ്ങിയിരുന്നു. അനുസരിച്ചിരുന്നു.

"നന്മ ചെയ്ത് യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ നിങ്ങൾ അവളുടെ മക്കൾ ആയിത്തീർന്നു."

നന്മയായിരിക്കട്ടെ നിങ്ങളുടെ ആഭരണം. നന്മയായിരിക്കട്ടെ നിങ്ങളുടെ ജീവിതത്തിന്റെ വിഭൂഷണം. നിങ്ങൾ നന്മ ചെയ്ത് യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ, നിങ്ങൾ സാറായുടെ പിൻഗാമികളായിരിക്കും. സാറായുടെ മക്കളെപ്പോലെ അറിയപ്പെടും. ശ്രദ്ധേയമായ വാക്കുകളാണത്. ഭാര്യമാർ ഓരോരുത്തരും അവരുടെ കുടുംബജീവിതത്തിൽ ജീവിതഗതികളെ നിയന്ത്രിക്കണം.

ആദാമിന്റെ വാരിയെല്ലിൽനിന്നാണ് ഹവ്വായെ സൃഷ്ടിച്ചത്. ആദാമിന്റെ പാർശ്വത്തിൽ നിന്നാണ് ഹവ്വായെ സൃഷ്ടിച്ചത്. അതുകൊണ്ട് അവളെ എന്നും തന്നോട് ചേർത്തു നിർത്തണം. ആദാമിന്റെ കാൽക്കീഴെ നിന്നല്ല ഹവ്വയെ എടുത്തത്. അതുകൊണ്ട് ഭർത്താവ് ഭാര്യയെ ചവിട്ടി താഴ്ത്തരുത്. അടിമയെപ്പോലെ വിചാരിക്കരുത്. വേലക്കാരിയെപ്പോലെ വിചാരിക്കരുത്. ആദാമിന്റെ തലയിൽനിന്നല്ല ഹവ്വായെ എടുത്തത്. അതുകൊണ്ട് ഭാര്യയൊരിക്കലും പുരുഷന്റെ തലയിൽ കയറരുത്. പുരുഷനെ അടിച്ചമർത്തി സംസാരിക്കരുത്. അടിച്ചമർത്തി പെരുമാറരുത്. പുരുഷനെ സ്വന്തം ഭരണത്തിൻ കീഴിലാക്കരുത്. ചൊൽപ്പടിയ്ക്കാക്കരുത്.

ഭാര്യ പാർശ്വത്തിൽനിന്നാണ് വന്നത്. സ്വന്തം പാർശ്വ ത്തിൽ നിന്ന്, സ്വന്തം വശത്തു ചേർത്തുനിർത്തേണ്ടവളാണ് ഭാര്യ. ചേർന്ന് നിൽക്കണം. ഭാര്യ വിനയപൂർവ്വം നിൽക്കണം. ഭാര്യമാരേ, നിങ്ങൾ നിങ്ങളുടെ ഭർത്താക്കന്മാർക്കു സകല ത്തിലും കീഴടങ്ങിയിരിപ്പിൻ എന്നു വചനം പറയുന്നു.

> *"ഭാര്യമാരേ, കർത്താവിന് എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ."*
>
> *എഫെസ്യർ 5 : 22*

കർത്താവിനെന്നപോലെ കിഴടങ്ങിയിരിക്കണം. കർത്താ വിന് എങ്ങനെ കീഴടങ്ങിയിരിക്കും? യേശുതമ്പുരാന് എങ്ങനെ കീഴടങ്ങിയിരിക്കും? അതുപോലെ ഭർത്താക്കന്മാർക്ക് കീഴട ങ്ങിയിരിപ്പിൻ.

> *"ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവ് ഭാര്യയ്ക്കു തല യാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങി യിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്ക ന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കേണം."*
>
> *എഫേസ്യർ 5 : 23, 24*

എന്റെ സഹോദരങ്ങളേ, ഞാൻ വിനയപൂർവ്വം അറിയി ക്കട്ടെ. നമ്മുടെ കുടുംബം കൊച്ചു സ്വർഗ്ഗമായിത്തീരണം. നമ്മുടെ കുടുംബത്തിൽ സന്തോഷവും സമാധാനവും പരില സിക്കണം. നമ്മുടെ കുടുംബത്തിൽ ക്രിസ്തു വാഴണം. വച നാനുസരണം ജീവിക്കണം. ഭാര്യ ഭാര്യയുടെ സ്ഥാനത്ത്, ഭർത്താവ് ഭർത്താവിന്റെ സ്ഥാനത്ത്. രണ്ടുപേരും പരസ്പരം സ്നേഹത്താൽ ബന്ധിതരായിരിക്കണം. നിഷ്ക്കളങ്കമായ സ്നേഹം.

ഭർത്താവ് ഭാര്യയെ സ്നേഹിക്കണം. ഭർത്താവ് ഭാര്യയെ കരുതണം. ഭർത്താവ് ഭാര്യയെ ബഹുമാനിക്കണം. വേദപു സ്തകപ്രകാരമുള്ള വാക്കുകളാണ് ഞാൻ പറയുന്നത്.

ഭാര്യയോ ഭർത്താവിന് കീഴ്പ്പെട്ടിരിക്കണം. ഭാര്യ ഭർത്താവിനെ അനുസരിക്കണം. ഭാര്യ ഭർത്താവിനെ ഭയപ്പെടണം. എഫേസ്യ ലേഖനത്തിന്റെ 5-ാം അദ്ധ്യായം അവസാന വാക്യം:

*"ഈ മർമ്മം വലിയത്; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത്. എന്നാൽ നിങ്ങളും അങ്ങനെതന്നേ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നേ സ്നേഹിക്കേണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു."*

*എഫേസ്യർ 5 : 32*

ഇങ്ങനെ ഐക്യത്തിൽ തികഞ്ഞ ഒരു കുടുംബം. അവിടെ മക്കൾ നഷ്ടപ്പെട്ടു പോകുകയില്ല. ഭാര്യയും ഭർത്താവും ഏകഹൃദയമായി നിൽക്കുന്നേടത്ത് കുഞ്ഞുങ്ങൾ നഷ്ടപ്പെട്ട് പോകുകയില്ല.

മക്കളുണ്ടാകാതിരുന്ന ചില ഭാര്യാഭർത്താക്കന്മാർ പ്രാർത്ഥിക്കാനായിട്ട് എന്റെ അടുക്കൽ വന്നു. അവരുടെ വേദനാവിഷയങ്ങൾ തുറന്നുപറഞ്ഞു. ഞാൻ അവരോട് പറഞ്ഞു: ആദ്യം നിങ്ങൾ ഒരുമനസ്സാകണം. ഐക്യമാകണം. അവർ പറഞ്ഞു: ഞങ്ങൾ തമ്മിൽ പ്രകടമായ വഴക്കൊന്നുമില്ല. ശരിയാണ്, വഴക്കൊന്നുമില്ല. ഒരാൾക്ക് മറ്റേയാളെക്കുറിച്ച് സ്നേഹം തന്നെയാണ്. കരുതലാണ്. പക്ഷേ, കൂറിണക്കമില്ല. ഞാൻ പറഞ്ഞു കൊടുത്തു: ഹാർമണി വരണം. ഒരുമനസ്സ് വരണം. ഒരു ഹൃദയമായിത്തീരണം. അങ്ങനെ ഒരുമനസ്സായി നിന്നിട്ട് ഏകഹൃദയത്തോടെ നിങ്ങൾ ദൈവത്തോട് ഞങ്ങൾക്ക് ഒരു കുഞ്ഞിനെ തരണമേയെന്ന് യാചിക്കണം.

ഭാര്യയും ഭർത്താവും കിറുകിറുപ്പും അസംതൃപ്തിയും മാറ്റി, ഇഷ്ടക്കേടും പരിഭവവും മുഷിച്ചിലും മാറ്റി, അതൃപ്തികൾ മാറ്റി ഒന്നായിത്തീർന്നപ്പോൾ അവർക്ക് കർത്താവ് കുഞ്ഞിനെ കൊടുത്തു. പ്രിയപ്പെട്ടവരേ, നമ്മുടെ കുടുംബം കൊച്ചു സ്വർഗ്ഗമായിത്തീരണം.

കുടുംബം സ്വർഗ്ഗമായിത്തീർന്ന ഒരു പെൺകുട്ടിയെ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്തിത്തരാം. ഇപ്പോൾ മൂവാറ്റുപുഴ ഡെന്റ്കെയറിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ ജനറൽ മാനേജർ ആയി ജോലി ചെയ്യുന്ന പ്രിയപ്പെട്ട ബിന്ദു തന്റെ അനുഭവം പറയും.

ദൈവത്തിനു മഹത്വം. എന്റെ പേര് ബിന്ദു ബിജോയ്. ഞങ്ങൾ കുടുംബമായി കടയിരുപ്പിൽ താമസിക്കുന്നു. ദൈവ വചനം പറയുന്നു: "നിന്റെ ദൈവമായ യഹോവ നിന്നെ സ്നേഹിച്ചതുകൊണ്ട്, നിന്റെ ദൈവമായ യഹോവ ശാപം നിനക്ക് അനുഗ്രഹമാക്കിത്തീർത്തു."

അനേകം ശാപങ്ങളും ബന്ധനങ്ങളുമുള്ള ഒരു ഭവനത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. എന്റെ പിതാവ് F.A.C.T. യിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു. ഞങ്ങൾ മൂന്ന് മക്കളായിരുന്നു. എന്റെ സഹോദരനും ഞാനും എന്റെ ഇരട്ട സഹോദരിയും. എന്റെ ഭവനത്തിൽ ഏറെ ബന്ധനങ്ങളുണ്ടായിരുന്നു. എന്റെ പിതാവ് തികഞ്ഞ മദ്യപാനിയായിരുന്നു. അതുകൊണ്ട് ഒരു മദ്യപാനിയുടെ കുടുംബത്തിലുണ്ടാകാവുന്ന എല്ലാ പ്രശ്നങ്ങളും എന്റെയും ഭവനത്തിൽ ഉണ്ടായിരുന്നു.

വളരെ കുഞ്ഞുനാൾ മുതലേ വലിയൊരു ഭയം എന്നെ ബാധിച്ചിരുന്നു. എന്റെ പിതാവ് മദ്യപിച്ച് വന്ന് എന്റെ അമ്മയെ അടിക്കുകയും ബഹളമുണ്ടാക്കുകയും ചെയ്യുമ്പോൾ ഞങ്ങൾ കട്ടിൽക്കീഴിലും അടുപ്പിന്റെ അടിയിലും പുറത്ത് കുറ്റിക്കാടുകളിലും അല്ലെങ്കിൽ അയൽപക്കവീടുകളിലും പോയി ഒളിച്ചിട്ടുണ്ട്. അങ്ങനെ എന്റെ ബാല്യകാലം ഏറ്റവും നിരാശ നിറഞ്ഞതായിരുന്നു.

പലപ്പോഴും ഞങ്ങളുടെ പരീക്ഷയുടെ സമയങ്ങളിലെല്ലാം എന്റെ പിതാവ് മദ്യപിച്ച് വഴക്കുണ്ടാക്കുമ്പോൾ – ഞങ്ങൾ മൂന്നുപേരും പഠിക്കാൻ മിടുക്കരായിരുന്നു – ഞങ്ങൾക്കൊന്നും പഠിക്കുവാൻ സാധിച്ചിരുന്നില്ല. പലപ്പോഴും പരീക്ഷയുടെ

തലേദിവസം ഞങ്ങൾ ഞങ്ങളുടെ പിതാവിന്റെ കാൽ കെട്ടിപ്പിടിച്ച് കരഞ്ഞു പറഞ്ഞിട്ടുണ്ട്, ഇന്നെങ്കിലും ഒരു ദിവസം ബഹളമുണ്ടാക്കാതിരിക്കാമോ, ഞങ്ങളൊന്ന് പഠിച്ചുകൊള്ളട്ടെയെന്ന്. അത്രമാത്രം നിരാശപ്പെട്ടുപോയ ഒരു ജീവിതമായിരുന്നു എന്റേത്. പലപ്പോഴും വൈകുന്നേരം സ്കൂൾ വിട്ട് തിരിച്ചു വരുമ്പോൾ എന്റെ പിതാവ് അർദ്ധനഗ്നനായി റോഡിൽ കിടക്കുന്നത് കണ്ട് കണ്ണുനീരോടെ തലകുമ്പിട്ടവരായി ഞങ്ങൾ മൂന്നു സഹോദരങ്ങളും വീട്ടിലേക്ക് കയറി വന്നിട്ടുണ്ട്.

പലപ്പോഴും മറ്റുള്ള അദ്ധ്യാപകർ ഉറക്കെ സംസാരിക്കുന്നത് കേൾക്കുമ്പോൾ എനിക്കു പേടിയായിരുന്നു. എന്റെ പിതാവ് സ്കൂളിലേക്ക് വന്ന് എന്നെ പിടിച്ചുവലിച്ചുകൊണ്ട് പോകും, എന്നെയും അടിക്കുമെന്നുള്ള വലിയൊരു ഭയം എന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. അങ്ങനെ എന്റെ ബാല്യകാലത്തിൽ ഒരിക്കലും ഒരു കുടുംബസമാധാനമെന്തെന്ന് അറിയാതെ, സ്നേഹമെന്തെന്ന് അറിയാതെ, ഏറ്റവും തലകുമ്പിട്ടവളായി, ഏറ്റവും നിരാശ നിറഞ്ഞവളായി ഞാൻ ജീവിതം മുമ്പോട്ട് നീക്കിക്കൊണ്ടിരുന്നു.

വിശേഷദിവസങ്ങളിൽ ഞങ്ങൾ ആഹാരമെല്ലാം ഉണ്ടാക്കി വയ്ക്കും. എന്നാൽ എന്റെ പിതാവ് മദ്യപിച്ചു വരുമ്പോൾ അതൊന്നും കഴിക്കുവാൻ സാധിക്കാതെ ഞങ്ങൾ പുറത്തേയ്ക്ക് ഇറങ്ങിനിന്ന് നിസ്സഹായതയോടെ നിലവിളിച്ച കാലങ്ങൾ ഞാൻ ഓർക്കുന്നു. ഞങ്ങളെ മൂന്നുപേരെയും പുറത്തേക്കിറക്കി വിട്ടിട്ട് വാതിലടച്ചിട്ട് ഞങ്ങളുടെ അമ്മയെ തല്ലുന്നത് കാണുമ്പോൾ ഞങ്ങൾ മാറിയിരുന്ന് കരഞ്ഞിട്ടുണ്ട്. ചില സമയങ്ങളിൽ ഞങ്ങളെ കത്തികാണിച്ച് പേടിപ്പിച്ച് എന്റെ അമ്മയുടെ വീട്ടിൽ കൊണ്ടുപോയി വിട്ടിട്ടുണ്ട്.

അങ്ങനെ ഏറ്റവും നിരാശപ്പെട്ട് ഞങ്ങളുടെ ജീവിതം മുമ്പോട്ട് പോകുമ്പോൾ എന്റെ പതിനാലാമത്തെ വയസ്സിൽ, എന്റെ അമ്മയ്ക്ക് മുപ്പത്തിയാറും എന്റെ സഹോദരന് പതി

നാറും വയസ്സുള്ള സമയത്ത്, എന്റെ പിതാവ് ആത്മഹത്യവഴിയായി ഈ ലോകം വിട്ട് കടന്നുപോയി. അന്ന് ഞാനെന്റെ ജന്മത്തെ ശപിച്ചു. എന്റെ പിതാവ് മരിച്ച ഷോക്കിൽ എനിക്ക് ആസ്ത്മ പിടിപെട്ടു. അതു കഴിഞ്ഞിട്ടുള്ള എന്റെ ജീവിതം മുന്നോട്ട് നോക്കുമ്പോൾ എനിക്ക് ദൈവത്തിൽ വിശ്വാസമില്ലാതെയായി. ഞാനെന്തിന് ജീവിച്ചു, ഞാനെന്തിന് ജനിച്ചു, എന്നെല്ലാം ദൈവത്തോടു പരാതി പറഞ്ഞുകൊണ്ടിരുന്നു. ഒരു സ്വർഗ്ഗമുണ്ടോ നരകമുണ്ടോ എന്നൊന്നും എനിക്കറിഞ്ഞുകൂടായിരുന്നു.

ഒരു മീഡിയം മാർക്കോടുകൂടി ഞാൻ S.S.L.C. പാസ്സായി. ഞാൻ പ്രീഡിഗ്രിയ്ക്ക് കടന്നുചെല്ലുമ്പോൾ എന്റെ ജീവിതത്തിൽ എനിക്കൊരു പ്രത്യാശയുണ്ടായിരുന്നില്ല. ഞാൻ ക്ലാസ്സിൽ കയറാറുണ്ടായിരുന്നില്ല. പലപ്പോഴും ആൺകുട്ടികൾ ക്ലാസ്സ് കട്ട് ചെയ്യുന്നതുപോലെ ഞാനും ക്ലാസ്സ് കട്ട് ചെയ്ത് ലൈബ്രറിയിൽ പോയി ഇരിക്കും. ആൺകുട്ടികൾ പ്രിൻസിപ്പലിന്റെ മുമ്പിൽ അറ്റൻഡൻസ് ഷോർട്ടേജുമായി പരീക്ഷ എഴുതാൻ കഴിയാതെ നിൽക്കുമ്പോൾ ഒരു പെൺകുട്ടിയാണെങ്കിലും ഞാനും അങ്ങനെ നിൽക്കേണ്ടിവന്നിട്ടുണ്ട്. കാരണം, എന്തിനുവേണ്ടി പഠിക്കണം, ആർക്കുവേണ്ടി പഠിക്കണമെന്നെല്ലാം ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു. എന്റെ ജീവിതത്തിലൊരു പ്രത്യാശയുണ്ടായിരുന്നില്ല.

ഞാൻ പലപ്പോഴും ആത്മഹത്യയ്ക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നു. ഒരു കുപ്പി ഉറക്കഗുളികകൾ (sleeping pills) പിടിച്ചുകൊണ്ട് പലരാത്രികളും ഞാൻ എങ്ങനെ ആത്മഹത്യ ചെയ്യണമെന്നോർത്ത് എഴുന്നേറ്റിരുന്നിട്ടുണ്ട്. എന്നാൽ നിസ്സഹായയായ എന്റെ മാതാവിന്റെ മുഖത്തേയ്ക്ക് നോക്കുമ്പോൾ ഞാനും ആത്മഹത്യയായി കടന്നുപോയാൽ എന്റെ മാതാവ് ദുഃഖിക്കുമല്ലോ എന്നോർത്ത് പിന്നെയാകട്ടെയെന്ന് വിചാരിച്ചു.

അങ്ങനെ മുമ്പോട്ട് പോയിക്കൊണ്ടിരിക്കുമ്പോൾ എന്റെ

പത്തൊമ്പതാമത്തെ വയസ്സിൽ എന്റെ ഇരട്ട സഹോദരി ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വന്ന് ജീവന്റെ വചനം കേൾക്കുവാനിടയായി. ഇവിടെ വന്ന് ജീവന്റെ വചനം കേട്ട് എന്റെ സഹോദരി തിരിച്ചു വന്നപ്പോൾ അവളുടെ ജീവിത ത്തിലുണ്ടായ മാറ്റമെന്നെ ചിന്തിപ്പിച്ചു. അവൾ എന്നോട് പറ ഞ്ഞു: ഒരു കർത്താവായ യേശുക്രിസ്തു ജീവിക്കുന്നു. അതി നുമുമ്പ് പലപ്പോഴും എന്റെ ഫ്രണ്ട്സിന്റെ വീടുകളിൽ ചെല്ലു മ്പോൾ, ഞങ്ങളുടെ ബന്ധുക്കളുടെ വീടുകളിൽ ചെല്ലുമ്പോൾ, അവരുടെ വീട്ടിലെ കുടുംബസമാധാനം കാണുമ്പോൾ, അവ രുടെ വീട്ടിലെ സ്നേഹം കാണുമ്പോൾ ഞങ്ങൾ ഏങ്ങലടിച്ച് കരഞ്ഞിട്ടുണ്ട്.

എന്നാൽ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലേക്ക് കടന്നുവന്നപ്പോൾ ഈ ദൈവമക്കൾ ഞങ്ങൾക്ക് പറഞ്ഞു തന്നു: നിങ്ങൾ അപ്പാ, എന്ന് യേശുവിനെ വിളിച്ചുകൊള്ളു വാൻ. എന്റെ ജീവിതത്തിൽ അതു പുതിയൊരു കാഴ്ചപ്പാടാ യിരുന്നു. ഈ കർത്താവായ യേശുക്രിസ്തുവിന്റെ കരങ്ങളി ലേയ്ക്ക് എന്റെ ജീവിതം സമർപ്പിച്ചുകൊണ്ട് ഞാനെന്റെ പിതാ വിനെപ്പോലെ എന്റെ യേശുവിനെ അപ്പാ, എന്നു വിളിച്ച ആ ദിവസം മുതൽ എന്റെ ജീവിതം മാറിത്തുടങ്ങി. അതിനുമുമ്പ് എന്റെ ജീവിതമെനിക്ക് ഭാരമായിരുന്നു. എന്റെ വീട്ടുകാർക്ക് ഭാരമായിരുന്നു. ഞങ്ങളെ കാണുന്നവർക്കൊക്കെയും ഞങ്ങ ളുടെ കുടുംബമൊരു ഭാരവിഷയമായിരുന്നു.

എന്റെ ഏകാന്തത അസഹ്യമായിരുന്നു. എന്റെ ഏകാന്ത തയിൽനിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് ഞാൻ പലപ്പോഴും ആത്മഹത്യയ്ക്ക് ശ്രമിച്ചുകൊണ്ടിരുന്നത്. എന്നാൽ കർത്താ വായ യേശുക്രിസ്തു എന്റെ ജീവിതത്തിലേക്ക് ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലൂടെ കടന്നുവന്നപ്പോൾ എന്റെ വാടി പ്പോയ മുഖത്തെയവൻ ഉയർത്തി. എന്റെ ചിരിക്കാത്ത മുഖത്ത് അവൻ ചിരി തന്നു. എന്റെ ആത്മഹത്യാപ്രവണത കർത്താവ് മാറ്റിത്തന്നു. എന്റെ ആസ്ത്മയുടെ അസുഖം കർത്താവ് മാറ്റി

ത്തന്നു.

മാനസാന്തരപ്പെടുമ്പോൾ എന്റെ ജീവിതത്തിൽ ആർത്രൈറ്റിസ് എന്ന രോഗമുണ്ടായിരുന്നു. അങ്ങോട്ടും ഇങ്ങോട്ടും തിരിച്ചു കിടത്തിയാൽ കിടക്കും. എന്റെ തല യൊന്നു തിരിക്കാൻപോലും സാധിക്കാത്ത വിധത്തിൽ ഞാൻ വല്ലാതെ വശംകെട്ടു പോയിരുന്നു. എന്നാൽ ദൈവമക്കൾ എനിക്കു പറഞ്ഞുതന്നു, നിന്റെ ജീവിതം നീ വിശുദ്ധിയോടെ കാത്തുസൂക്ഷിക്കുമെങ്കിൽ കർത്താവായ യേശുക്രിസ്തു നിനക്കു സൗഖ്യം തരുമെന്ന്. എന്റെ ആയുസ്സു വീണ്ടും എന്റെ യേശുവിന്റെ കരങ്ങളിലേക്ക് സമർപ്പിച്ചു കൊടുക്കുവാനും എന്റെ കർത്താവ് എനിക്ക് സൗഖ്യം തരുവാനും ഇടയായി. എന്റെ ദൈവത്തിനു സ്തോത്രം.

എന്റെ ഓരോ നിസ്സാരകാര്യത്തിലും കർത്താവിന്റെ കൃപ യിലാശ്രയിപ്പാനും എന്റെ യേശുവിന്റെ കൈയിലേൽപിച്ച് മുമ്പോട്ടു പോകുവാനും യേശു എനിക്കു ഭാഗ്യം തന്നു. അങ്ങനെ കൂമ്പടഞ്ഞുപോയ ജീവിതത്തിൽ നറുനാമ്പായി കർത്താവായ യേശുക്രിസ്തു എന്റെ ജീവിതത്തിലേക്കിറങ്ങി വന്നു. എന്റെ വിവാഹജീവിതം അവൻ ഏറ്റെടുത്തു. എന്റെ വിദ്യാഭ്യാസജീവിതം അവൻ ഏറ്റെടുത്തു. എനിക്കു വേണ്ട തൊക്കെയും എന്റെ കർത്താവ് എനിക്കു ദാനമായിത്തന്നു.

എന്റെ വിവാഹസമയമായപ്പോൾ ഈ കൂട്ടായ്മയിൽ വരുന്ന ഒരു ദൈവപൈതലിനെ കർത്താവെനിക്ക് ഒരുക്കി ത്തന്നു. ആരോഗ്യക്കുറവുള്ളതുകൊണ്ട് എനിക്ക് പ്രസവി പ്പാൻ വളരെ പ്രയാസമായിരുന്നു. എന്നാൽ കർത്താവിന്റെ കൃപയാൽ മൂന്നുകുഞ്ഞുങ്ങളെ എനിക്കു ദാനമായിത്തന്നു.

ഞാനാദ്യകാലങ്ങളിലൊക്കെയും എന്റെ ജോലിയിൽ വിശ്വസ്തയായിരുന്നില്ല. പലപ്പോഴും രോഗങ്ങൾ പറഞ്ഞു കൊണ്ട് ഞാൻ ജോലിക്കു പോകാതെയും അങ്ങനെ വളരെ ബുദ്ധിമുട്ടിയിരുന്ന ഒരു കാലമുണ്ട്. എന്നാൽ ഈ കൂട്ടായ്മ

യിൽ വ്യാപരിക്കുന്ന പരിശുദ്ധാത്മാവ് എന്റെ പാപമെനിക്ക് ചൂണ്ടിക്കാണിച്ചുതന്നു. അന്നുമുതൽ എനിക്ക് എന്നെത്തന്നെ തിരുത്തുവാനും എന്റെ സ്വന്തം കാര്യം പോലെ ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിൽപ്പാനും കർത്താവ് എനിക്കു ഭാഗ്യം തന്നു.

ഈ കാലങ്ങളിലെല്ലാം എന്റെ ജീവിതത്തിൽ കർത്താവായ യേശുക്രിസ്തു ജീവിക്കുന്നത് വാസ്തവമായി ഞാനനുഭവിക്കുന്നു. എന്റെ നിസ്സാരകാര്യങ്ങളിൽ, എന്റെ പ്രശ്നങ്ങളിൽ, എന്റെ നിസ്സാരതയിൽനിന്നും ഞാൻ നിലവിളിക്കുമ്പോൾ കർത്താവായ യേശുക്രിസ്തു ജീവിക്കുന്നു എന്നും അവനെന്റെ പ്രാർത്ഥന കേൾക്കുന്നു എന്നുമുള്ള ധൈര്യം തന്ന് ദൈവം എന്നെ നടത്തുന്നു. ഓരോ സെക്കന്റും ദൈവം എന്നെ കാണുന്നു എന്നുള്ള ഒരു ബോധം എപ്പോഴും ദൈവം എന്റെ ഉള്ളിൽ തന്നിരിക്കുന്നു.

വളരെ സൗഭാഗ്യമുള്ള, സ്വർഗ്ഗതുല്യമായ ഒരു കുടുംബജീവിതം എന്റെ കർത്താവ് എനിക്ക് ദാനമായി തന്നു. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ എന്റെ ജീവിതത്തിൽ എനിക്കൊന്നും പ്രശംസിപ്പാനില്ല. കർത്താവായ യേശുക്രിസ്തു ദാനമായി തന്ന ആയുസ്സും സൗജന്യമായി ഞാൻ അനുഭവിക്കുന്ന ആരോഗ്യവും കർത്താവിന്റെ കൃപയാൽ എനിക്ക് നൽകിയിട്ടുള്ള സകല അനുഗ്രഹങ്ങൾക്കും മുന്നിൽ ഞാൻ നിൽക്കുമ്പോൾ ഈ കർത്താവായ യേശുക്രിസ്തുവിനെ ഞാൻ തിരിച്ചറിഞ്ഞിരുന്നില്ലെങ്കിൽ, ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വന്നില്ലായിരുന്നു എങ്കിൽ ഞാനും എന്റെ കുടുംബവും ഈ ഭൂമിയിൽ കാണുമായിരുന്നില്ല. എന്നാൽ ഞങ്ങളെ യേശു സ്നേഹിച്ചു.

എന്റെ കർത്താവിനെ കാണുന്നതിനു മുമ്പ് ഞാൻ ചിന്തിച്ചിരുന്നു, ഞാനൊരു ഭാഗ്യംകെട്ടവളാണെന്ന്. എന്റെ ജീവിതത്തിൽ വന്നതൊക്കെയും കണ്ടപ്പോൾ ഞാൻ ചിന്തിച്ചു, ഞാനൊരു നിർഭാഗ്യവതിയായ പെൺകുട്ടിയാണെന്ന്.

എന്നാൽ കർത്താവായ യേശുക്രിസ്തു എന്റെ ജീവിതത്തി ലേക്ക് കടന്നുവന്നപ്പോൾ, ഇന്നു ഞാൻ പറയും ഞാൻ ഒരു ഭാഗ്യവതിയാണ്. സ്വർഗ്ഗമുണ്ടെന്നും നരകമുണ്ടെന്നും ഈ കൂട്ടായ്മ എന്നെ പഠിപ്പിച്ചു. എന്റെ ഭർത്താവിനെ സ്നേഹി ക്കണം, താഴ്മയോടും എളിമയോടും കൂടെ പരിപാലിക്കണ മെന്ന് ഈ കൂട്ടായ്മയെന്നെ പഠിപ്പിച്ചു. എന്റെ അമ്മച്ചിയെ സ്നേഹിപ്പാൻ ഈ കൂട്ടായ്മയെന്നെ പഠിപ്പിച്ചു. ജോലിയിൽ എങ്ങനെ വിശ്വസ്തയോടെ നിൽക്കണമെന്ന് ഈ കൂട്ടായ്മ യെന്നെ പഠിപ്പിച്ചു. നിത്യതയ്ക്കുവേണ്ടി ഞാനെങ്ങനെ ഒരുങ്ങ ണമെന്ന് ഈ കൂട്ടായ്മയെന്നെ പഠിപ്പിച്ചു.

പ്രിയമുള്ളവരേ, എന്റെ ജീവിതത്തിന്റെ ആകത്തുക അവന്റെ കൃപ ഒന്നുമാത്രമെന്ന് ഞാൻ തിരിച്ചറിയുന്നു. ഇനി യുള്ള എന്റെ മുമ്പോട്ടുള്ള ആയുസ്സ് ഞാൻ മുഴുവനായി എന്റെ യേശുവിന്റെ കരങ്ങളിലേക്ക് കൊടുക്കുകയാണ്. മറിയ യെക്കുറിച്ച് വേദപുസ്തകത്തിൽ പറയുന്നു, ‘അവൾ തന്നാലാ വത് ചെയ്തു’ എന്ന്. എന്റെ യേശുവിന്റെ സന്നിധിയിൽ ഒരു നാൾ ഞാൻ കടന്നുചെല്ലുമ്പോൾ ‘അവൾ തന്നാലാവത് ചെയ്തു’ എന്ന് കേൾപ്പാൻ തക്കവണ്ണം എന്റെ ആയുസ്സ് മുഴുവ നായും യേശുവിന്റെ കരങ്ങളിലേക്ക് ഞാൻ താഴ്ത്തി സമർപ്പി ക്കുന്നു. സകല മഹത്വവും ഞാൻ യേശുവിന്റെ കരങ്ങളിൽ അർപ്പിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കു കൾ ചുരുക്കുന്നു. ദൈവനാമം മാത്രം മഹത്വപ്പെടുമാറാകട്ടെ.

വളരെ മനോഹരമായ ഒരു അനുഭവ വിവരണമാണ് നാം കേട്ടത്. ദൈവത്തിനു സ്തോത്രം. മാതൃകയായ ഒരു ഭാര്യ, മാതൃകയായ ഒരു മരുമകൾ, മാതൃകയായ ഒരു അമ്മ, മാതൃക യായ ഒരു ഉദ്യോഗസ്ഥ. അതൊരു വലിയ പദവിയാണ്. മാതൃ കയായിരിക്കുക. എല്ലാ സ്ഥലങ്ങളിലും എല്ലാ രംഗങ്ങളിലും മാതൃകയായിരിക്കുക. ഈ വാക്കുകളെ കേൾക്കുന്ന അനേകം വിദ്യാർത്ഥി വിദ്യാർത്ഥിനികളുണ്ട്. നിങ്ങൾ ഇതൊരു ചലഞ്ച് ആയിട്ട് ഏറ്റെടുക്കാമോ? ഞാനിനി മാതൃകയായിരിക്കും.

ഞാൻ മാതൃകയായ ഒരു വിദ്യാർത്ഥിയായിരിക്കും, വിദ്യാർത്ഥിനി ആയിരിക്കും. ഞാൻ ജീവിതം ഉഴപ്പുകയില്ല. ഞാൻ അലക്ഷ്യമായി ജീവിക്കുകയില്ല. ഞാൻ ഒരിക്കലും ചീത്തശീലങ്ങൾക്ക് അടിമപ്പെടുകയില്ല. ചീത്ത കൂട്ടുകെട്ടിനു പോകുകയില്ല.

എന്റെ ഫ്രണ്ട്ഷിപ്പ് ഒരിക്കലും എന്റെ ആത്മീയത്തിനു കേട് വരുത്തുന്നതാകുകയില്ല. ആവശ്യമില്ലാത്ത ഫ്രണ്ട്ഷിപ്പ് എല്ലാം ഞാൻ ഇതാ വിച്ഛേദിക്കുന്നു. എല്ലാം മാറ്റുന്നു. ഫേസ്ബുക്ക് ഫ്രണ്ട്ഷിപ്പ് ഉള്ളവരുണ്ട്. നെറ്റ്ചാറ്റിങ്ങ് ഉള്ളവ രുണ്ട്. എല്ലാം ഒരളവിൽ അപകടത്തിലേക്ക് നീങ്ങുന്നതാണ്. അനർത്ഥത്തിലേക്ക് നീക്കുന്നതാണ്. പലപ്പോഴും അതിന്റെ ദുരന്തങ്ങൾ നാം നേരിട്ടറിയുന്നില്ല എന്നേയുള്ളൂ. നല്ല ശോഭന മായ ജീവിതത്തിൽ എത്തിച്ചേരേണ്ട എത്രയോ ചെറുപ്പക്കാ രാണ് നശിക്കുന്നത്! എത്രയോ കുടുംബങ്ങളാണ് തകർന്നു പോകുന്നത്!

ബിന്ദുവിന്റെ കുടുംബം സ്വർഗ്ഗതുല്യമാണെന്നാണ് പറ ഞ്ഞത്. സ്നേഹം നിറഞ്ഞ കുടുംബം! ബിന്ദുവിന്റെ ഭർത്താവ് ബിജോയ്, അഗാപ്പെ ഡയഗ്നോസ്റ്റിക്സിൽ വളരെ ഉന്നതമായ ഒരു പൊസിഷനിൽ, വളരെ ശ്രേഷ്ഠമായ നിലയിൽ ജോലിചെയ്യുന്ന ഒരു നല്ല ഉദ്യോഗസ്ഥനാണ്. Sales-ന്റെ National Head ആയിട്ട് ജോലി ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, വലിയ ഉത്തരവാദിത്വങ്ങൾ ദൈവം അവർക്ക് നൽകിയിട്ടുണ്ട്. അനുഗൃഹീതമായ ജീവിതം നൽകി യിട്ടുണ്ട്. അനുഗ്രഹിക്കപ്പെട്ട കുഞ്ഞുങ്ങളെ കർത്താവ് നൽകി യിട്ടുണ്ട്. നിങ്ങൾ മാതൃകയായ വിദ്യാർത്ഥിയാകുക, മാതൃക യായ വിദ്യാർത്ഥിനിയാകുക, നിങ്ങൾ മാതൃകയായ ഒരു മരുമ കൾ ആകുക, അമ്മയ്ക്ക് ആശ്വാസം നൽകുന്ന, അമ്മയ്ക്ക് തുണ നിൽക്കുന്ന, അമ്മയെ കൈത്താങ്ങൽ കൊടുത്ത് സഹാ യിക്കുന്ന ഒരു നല്ല മാതൃകാ മരുമകൾ. ഭർത്താവിനെന്നും പ്രോത്സാഹനം നൽകുന്ന, ഭർത്താവിനെന്നും ഒത്താശ

നൽകുന്ന, ഭർത്താവിനെ മാനിക്കുന്ന, ഭർത്താവിനെ സ്നേഹിക്കുന്ന, ഭർത്താവിനെ കരുതുന്ന ഒരു നല്ല മാതൃകാ ഭാര്യയായിത്തീരുക. ജോലിസ്ഥലത്ത് വളരെ വിശ്വസ്തമായി ജോലി ചെയ്യുന്ന ഒരു നല്ല ഉദ്യോഗസ്ഥയായിത്തീരുക. എന്തൊരു ഭാഗ്യമാണതെല്ലാം. അങ്ങനെയുള്ളവരെ ദൈവം മാനിക്കും.

നിങ്ങൾ വിശ്വസിക്കൂ. നാം ആരും ചിന്തിച്ചില്ലെങ്കിൽപോലും ഒരുപക്ഷേ സ്ഥാപനത്തിന്റെ ഉടമ മനസ്സിലാക്കിയില്ലെങ്കിൽ പോലും സ്വർഗ്ഗത്തിലെ ദൈവം മാനിക്കും. ദൈവം ഉയർത്തും. എന്തുകൊണ്ടാണ്? ക്രിസ്തുവിനെ മാനിക്കുന്നു. എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കുമെന്ന് കർത്താവ് പറഞ്ഞിരിക്കുന്നു. എന്തിനാണ് നാം വിശുദ്ധജീവിതം നയിക്കുന്നത്? എന്നെ സ്നേഹിച്ച് പാപത്തിന്റെ അഗാധക്കുഴിയിൽ നിന്നെന്നെ കോരിയെടുത്ത എന്റെ നാഥനെ ഞാൻ സ്നേഹിക്കും. എന്റെ യേശുവിനുവേണ്ടി ഞാൻ ജീവിതം കൊടുത്തിരിക്കുന്നു.

യേശുവിനോടുള്ള കടപ്പാട്! യേശു തന്റെ ദിവ്യജീവൻ എനിക്കുവേണ്ടി അർപ്പണം ചെയ്തു. യേശു തന്റെ പരിശുദ്ധ രക്തം എനിക്കുവേണ്ടി ഒഴുക്കി. എനിക്കുവേണ്ടി, എന്റെ ബലഹീനതകൾ ചുമക്കാൻ, എന്റെ ഭാരങ്ങൾ മാറ്റാൻ, എന്റെ ആകുലങ്ങൾ ഏറ്റെടുക്കാൻ, എന്റെ പാപങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ക്രിസ്തു തന്നെത്തന്നെ ക്രൂശിന്മേൽ അർപ്പിച്ചു. ആ യേശുക്രിസ്തുവിന്റെ രക്തത്താൽ എനിക്ക് ശുദ്ധീകരണം കിട്ടുന്നു. ഇതാണ് നാം കാണേണ്ടത്. ക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണം.

എന്റെ സ്നേഹിതരേ, നിങ്ങൾക്കാഗ്രഹമുണ്ടോ ഈ തിരുരക്തത്താലുള്ള ശുദ്ധീകരണം. കിട്ടാൻ? ഈ തിരുരക്തം വന്ന് നിങ്ങളെ തൊടുവാൻ, നിങ്ങളെ കഴുകുവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? എങ്കിൽ ഇപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ അരികത്തു നിൽക്കുന്ന ക്രിസ്തുവിനോട് പറയാം: കർത്താവേ, നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ ആ തങ്ക

ച്ചോരയാൽ എന്നെയൊന്നു കഴുകണമെ. അനേകമനേകം പാപങ്ങൾ എനിക്ക് വന്നുപോയല്ലോ. എണ്ണിയാൽ തീരാത്ത പാപങ്ങൾ എനിക്ക് വന്നുപോയല്ലോ. കർത്താവേ, എനിക്ക് തല നിവർത്തുവാൻ വയ്യാത്ത രീതിയിൽ അനേകം പാപങ്ങ ളിൽ ഞാൻ കുടുങ്ങിപ്പോയല്ലോ.

എന്റെ നാഥാ, ഇന്ന്, നിന്റെ ആണിപ്പാടുള്ള കരം എന്റെ തലമേൽ ഒന്നു വയ്ക്കണമേ. എന്റെ മേൽ നിന്റെ തിരുരക്ത മൊന്ന് പുരട്ടണമേ. എന്നെ കഴുകണമേ. നിങ്ങൾ പ്രാർത്ഥി ക്കുമോ? എന്റെ സഹോദരങ്ങളേ, ഇപ്പോൾ തന്നെ നിങ്ങൾക്ക് മോചനം ലഭിക്കും. ഇപ്പോൾ തന്നെ നിങ്ങൾക്ക് പാപക്ഷമ ലഭി ക്കും. ഇപ്പോൾതന്നെ നിങ്ങൾക്ക് പാപമോചനം ലഭിക്കും. ക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്ക് എഴുന്നള്ളിവരും. നിങ്ങൾ വിലയേറിയ സമ്പത്തുള്ളവരായിത്തീരും. സ്വർഗ്ഗം നിങ്ങളെ കണ്ട് സന്തോഷിക്കും. സ്വർഗ്ഗം നിങ്ങളിൽ ആനന്ദി ക്കും. സ്വർഗ്ഗം നിങ്ങളിൽ അഭിമാനിക്കും.

“ദൈവം അവരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല” എന്ന് എബ്രായലേഖനം 11-ാം അദ്ധ്യായ ത്തിൽ പറയുന്നതുപോലെ ദൈവം നിങ്ങളുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കാതെ നിങ്ങളെക്കുറിച്ച് അഭിമാന ത്തോടെ ഓർക്കും. നിത്യനായ ദൈവം നിങ്ങളെ ആശ്വാസ ത്തോടെ കാണും. ദൈവത്തിന് ആശ്വാസം കൊടുക്കാൻ, ദൈവത്തിന്റെ ഉള്ളത്തെ തണുപ്പിക്കുവാൻ നിങ്ങൾക്ക് സാധി ക്കട്ടെ. ഹൃദയം തുറന്നു ക്രിസ്തുവിനോട് പറയുവിൻ, നാഥാ, ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും. യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായ് ജീവിക്കും. നാഥാ, എന്നെ തൊടണമേ. തിരുരക്ത ത്താൽ എന്നെ കഴുകണമേ. ശോഭനമായ ഭാവി എനിക്ക് തര ണമേ. എല്ലായിടത്തും മാതൃകയായി നില്പ്പാൻ എനിക്ക് ഭാഗ്യം തരണമേ. പ്രാർത്ഥിക്കൂ, നമുക്ക് സമർപ്പിക്കാം.

കാരുണ്യവാനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഈ

മനോഹരമായ സമയത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അവിടത്തെ തിരുവചനങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അവിടത്തെ തിരുവചനത്താൽ ഞങ്ങളെ ഉണർത്തിയതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഈ മക്കളെ എല്ലാവരേയും അനുഗ്രഹിക്കണമേ. ആശീർവ്വദിക്കണമേ. എല്ലാവരുടെമേലും തൃക്കരം വയ്ക്കണമേ. നാഥാ, നിന്റെ മക്കളെ വിശുദ്ധരാക്കി മാറ്റണമേ. വിശുദ്ധിയുള്ളോരു തലമുറ എഴുന്നേറ്റു വരട്ടെ. പിതാവേ, വിശുദ്ധിയുള്ളോരു തലമുറ ഈ കാലയളവിൽ ഉണ്ടാകുവാനും ആ തലമുറയുടെ പ്രകാശപ്രചുരിമകൊണ്ട് ലോകം നിറയുവാനും ഇടയാകട്ടെ. നാഥാ, എല്ലാവരേയും അനുഗ്രഹിക്കണമെ. യേശുക്രിസ്തുവിന്റെ മഹത്വമേറിയ നാമത്തിൽ തന്നെ, ആമ്മേൻ.

# പതിമൂന്ന്

എന്റെ പേര് ആദർശ്. ഞാൻ തൃപ്പൂണിത്തുറയ്ക്കടുത്ത് മാമലയിൽ താമസിക്കുന്നു. എറണാകുളം, OEN India Limited -ൽ ജോലി ചെയ്യുന്നു. മുളന്തുരുത്തി, യാക്കോബായപള്ളി ഇടവ കാംഗമാണ്. എന്റെ സഹോദരൻ യാക്കോബായ സഭയിലെ ഒരു പുരോഹിതനാണ്.

ഏറ്റവും ശാപഗ്രസ്തമായ ഒരു കുടുംബത്തിലാണ് ഞാൻ ജനിച്ചത്. എന്റെ പപ്പ മുഴുമദ്യപാനിയായിരുന്നു. പപ്പ മദ്യപിച്ച് വന്ന് മമ്മിയെ കഠിനമായി മർദ്ദിക്കുമായിരുന്നു. വീട്ടിൽനിന്ന് എന്നും നിലവിളികളും അസഭ്യവാക്കുകളും മുഴങ്ങി കേട്ടി രുന്നു. ബഹളം കേട്ട് പലപ്പോഴും അയൽവീട്ടുകാരും നാട്ടു കാരും ബന്ധുക്കളും വീട്ടിൽവന്നു കൂടുമായിരുന്നു. അതു കൊണ്ട് തന്നെ ബാല്യകാലത്ത് വീട്ടിൽ അല്പം പോലും സമാ ധാനമോ സന്തോഷമോ സ്നേഹമോ ഉണ്ടായിരുന്നില്ല.

പപ്പയും മമ്മിയും സഹോദരനും സഹോദരിയും ഞാനും ഊണുമേശയിൽ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചത് ഞാൻ ഓർക്കുന്നില്ല. ഞങ്ങൾ എല്ലാവരും ഒരുമിച്ച് സമാധാന ത്തോടെ യാത്ര ചെയ്തതും എന്റെ ഓർമ്മയിലില്ല. കടുത്ത നിരാശയും അപകർഷതാബോധവും ആ കാലങ്ങളിൽ എന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. ഞാനും പെങ്ങളുമെല്ലാം ഏറെ ഭയത്തോടുകൂടിയാണ് ജീവിച്ചത്.

എന്നാൽ യൗവ്വനകാലത്തിലേക്ക് കടന്നപ്പോൾ ഞാൻ പാപത്തിലേക്കും ലോകത്തിലേക്കും ഇറങ്ങിപ്പോയി. ഈ ലോകത്തിൽ സമാധാനം എവിടെ കിട്ടുമെന്ന് ഞാൻ അന്വേഷി

ക്കാൻ തുടങ്ങി. വീട്ടിൽനിന്ന് രൂപ മോഷ്ടിച്ചെടുക്കുമായിരുന്നു. ആയിരക്കണക്കിന് സിനിമാ പുസ്തകങ്ങളും അഴുക്കു പുസ്തകങ്ങളും ഞാൻ വായിച്ചുതീർത്തു. കൂട്ടുകാരോടൊത്ത് ഷെയർകൂടി മദ്യപാനം തുടങ്ങി. മദ്യത്തിന്റെ ലഹരിയിൽ പാൻപരാഗും ഹാൻസും മുറുക്കും എല്ലാം ഉപയോഗിക്കുവാൻ തുടങ്ങി.

പകൽ സമയങ്ങളിൽ ഒഴിഞ്ഞ കടകളിലോ റബ്ബർതോട്ടങ്ങളിലോ ഇരുന്ന് കൂട്ടുകാരോടൊത്ത് ചീട്ട് കളിച്ചിരിക്കും. പലപ്പോഴും കുട്ടുകാരോടൊത്ത് ഉല്ലാസയാത്രകൾക്ക് പോവുകയും മദ്യപിച്ച് സുബോധമില്ലാതെ കടത്തിണ്ണകളിൽ കിടക്കുകയും ചെയ്യുമായിരുന്നു. കൂട്ടുകാരോടൊത്ത് ദ്വയാർത്ഥ വർത്തമാനങ്ങൾ പറഞ്ഞ് രസിക്കുമായിരുന്നു. പല പ്രേമബന്ധങ്ങളും എന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു.

പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ ഒരു വൈകുന്നേരസമയത്ത് ഞാൻ എന്റെ പപ്പയേയും മമ്മിയേയും തല്ലുകയുണ്ടായി. പിന്നീട് പപ്പയേയും മമ്മിയേയും തല്ലുന്നത് ഞാൻ ആവർത്തിച്ചുകൊണ്ടിരുന്നു. പപ്പയുടെ മുഖത്ത് ഞാൻ ബ്ലെയ്ഡ് കൊണ്ട് വരഞ്ഞിട്ടുണ്ട്. പപ്പയെ അസഭ്യവാക്കുകൾ ചേർത്ത് മാത്രമേ ഞാൻ വിളിക്കുമായിരുന്നുള്ളൂ. എന്റെ മമ്മിയെ, 'തള്ള' എന്ന് മാത്രമെ ഞാൻ വിളിച്ചിട്ടുള്ളൂ. എന്റെ വായിൽനിന്ന് വരുന്ന അസഭ്യവാക്കുകൾ കേട്ട് മമ്മി ഒരിക്കൽ ബോധംകെട്ടുപോയി. എന്നിട്ട് എന്നോട് പറഞ്ഞു: ഇങ്ങനെ ഒരു മുടിയനായ പുത്രൻ എന്റെ വയറ്റിൽ ഉണ്ടാകാതിരുന്നെങ്കിൽ എത്രയോ നന്നായിരുന്നു എന്ന്.

ഞാൻ വലിയ കോപത്തിന് അടിമയായിരുന്നു. ഞാൻ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ പലപ്പോഴും മമ്മി ഉപദേശിക്കുമായിരുന്നു. ആ സമയത്ത് ഞാൻ കോപിച്ച് അലറുകയും ഭക്ഷണസാധനങ്ങൾ വലിച്ചെറിയുകയും ചെയ്യും. കസേര വലിച്ചെറിയുകയും വീട്ടിലെ മുറിയുടെ വാതിലുകൾ എല്ലാം വലിച്ചടക്കുകയും ചെയ്യും. എന്നിട്ടും കലിതീരാത്തതു

കൊണ്ട് വീടിന് പുറത്തേക്ക് ഇറങ്ങി മതിലിനോട് ചേർന്നുള്ള ഗെയിറ്റ് വലിയ ശബ്ദത്തിൽ ആഞ്ഞടയ്ക്കുമായിരുന്നു.

എന്റെ ഹൃദയം നിറയെ അഴുക്കുമോഹങ്ങളും അഴുക്കു വികാരങ്ങളുംകൊണ്ട് നിറഞ്ഞിരുന്നു. ദേഷ്യം വരുമ്പോൾ മമ്മിയുടേയും പെങ്ങളുടേയുമെല്ലാം കഴുത്തിന് കുത്തിപ്പിടിക്കുകയും പലപ്പോഴും അവരുടെ കണ്ണുകൾ ഉന്തിവരുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ആർക്കും കീഴ്പ്പെടുത്താൻ പറ്റാത്ത ഒരു യൗവ്വനക്കാരനായി എന്റെ 22 വയസ്സുവരെ ഞാൻ ജീവിച്ചു. ആ സമയത്താണ് എന്റെ ജീവിതത്തിൽ ഒരു മഹാത്ഭുതം സംഭവിച്ചത്.

എന്റെ 22-ാമത്തെ വയസ്സിൽ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് എന്ന ഈ കൂട്ടായ്മയിലേക്ക് ദൈവവചനം കേൾക്കുവാൻ കടന്നുവരാൻ എനിക്ക് ഭാഗ്യം ലഭിച്ചു. ഞാൻ ദൈവവചനം നിരന്തരം കേട്ടുകൊണ്ടിരുന്നു. യേശുക്രിസ്തുവിന്റെ ഗോഗുൽത്തായിലെ സ്നേഹം എന്റെ ഹൃദയത്തിലേക്കും കടന്നുവന്നു. “യേശുവിന്റെ അടിപ്പിണരുകളാൽ എനിക്ക് സൗഖ്യം വന്നിരിക്കുന്നു,” “അവന്റെ പുത്രനായ യേശുവിന്റെ രക്തം എന്റെ സകലപാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു” എന്നുള്ള വചനങ്ങൾ എന്നെ ഏറെ ആകർഷിച്ചു. ഞാൻ എന്റെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കി. ഓർമ്മവച്ചകാലം മുതലുള്ള സകല പാപങ്ങളും യേശുവിന്റെ രക്തത്തിൽ ആശ്രയിച്ചുകൊണ്ട് ഏറ്റുപറഞ്ഞുപേക്ഷിച്ചു. യേശുക്രിസ്തുവിനെ എന്റെ സ്വന്തം കർത്താവും രക്ഷിതാവും ദൈവവും നാഥനും ആയി എന്റെ ഹൃദയത്തിൽ സ്വീകരിച്ചു.

അന്നുമുതൽ എന്റെ ജീവിതം യേശുക്രിസ്തു മാറ്റിത്തന്നു. എന്റെ ജീവിതത്തിൽ മാനസാന്തരവും വീണ്ടുംജനനവും യേശു തന്നു. ഞാൻ പപ്പയോടും മമ്മിയോടും സഹോദരനോടും സഹോദരിയോടും പല ബന്ധുക്കളോടും അദ്ധ്യാപകരോടും ഓടിനടന്ന് ക്ഷമ ചോദിച്ചു. ഞാൻ ബന്ധുഭവനങ്ങ

ളിൽനിന്ന് മോഷ്ടിച്ച പണം തിരികെ കൊണ്ടുപോയി കൊടുത്തു. എന്റെ ഹൃദയത്തിലേക്ക് സ്വർഗ്ഗീയ സമാധാനവും സന്തോഷവും ചിരിയും മടങ്ങിവന്നു.

എന്റെ അപകർഷതാബോധവും നിരാശയും ഭയവും യേശുക്രിസ്തു മാറ്റി തന്നു. എന്റെ അഴുക്കായ കൂട്ടുകെട്ടുകളും സിനിമാപുസ്തകങ്ങളും പ്രേമബന്ധങ്ങളും സിനിമയും എല്ലാം ജീവിതത്തിൽനിന്ന് തെറിച്ചുപോയി. മദ്യപാനവും പാൻപരാഗും സിഗരറ്റും ഹാൻസും മുറുക്കും എല്ലാം യേശു എന്റെ ജീവിതത്തിൽ നിന്ന് മാറ്റി. തലമുറകളായിട്ടുള്ള അനേക ശാപത്തിന്റെ ബന്ധനങ്ങൾ യേശു മാറ്റിത്തന്നു. നിത്യനരകം യേശു എനിക്ക് ഒഴിവാക്കിത്തന്നു. നിത്യജീവന്റെ പ്രത്യാശ തന്നു.

മാനസാന്തരമുള്ള ഒരു ഭാര്യയേയും മൂന്ന് കുഞ്ഞുങ്ങളേയും യേശു ദാനമായി തന്നു. ഇന്ന് അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബജീവിതം ഞാൻ നയിക്കുന്നു. ഇന്ന് എനിക്ക് കണ്ണിന്മേൽ ജയമുണ്ട്. കോപത്തിന്മേൽ ജയമുണ്ട്. ഒരു കാലത്ത് അസഭ്യവാക്കുകൾ മാത്രം പറഞ്ഞുകൊണ്ടിരുന്ന എന്റെ നാവുകൊണ്ട് യേശുവിനെ സ്തുതിക്കുവാനും യേശുവിനെ സാക്ഷിക്കുവാനും ഇന്നെനിക്ക് ഭാഗ്യം ലഭിക്കുന്നു.

ഒരുകാലത്ത് തല മൊട്ടയടിച്ച് രണ്ട് കാതുകളിലും കടുക്കൻ ഇട്ട് തലയോട്ടിയുടെ പടവും എല്ലുകഷണത്തിന്റെ പടവും എല്ലാമുള്ള ബനിയൻ ഇട്ട് ഞാൻ നടന്നിരുന്നു. എന്നാൽ മൃഗീയനായിരുന്ന എന്നെ രൂപാന്തരപ്പെടുത്തിയ, ഒരു മനുഷ്യനാക്കിത്തീർത്ത എന്റെ യേശുവിന്റെ സുവിശേഷവുമായി ഓടുവാൻ ഞാൻ വെമ്പൽ കൊള്ളുന്നു. നിൽക്കുന്ന സഭയിൽ തന്നെ നിന്നുകൊണ്ട് യേശുവിന്റെ ഒരു വിശുദ്ധനായി ജീവിച്ച് കർത്താവിന്റെ രണ്ടാമത്തെ വരവിൽ യേശുവിനെ എതിരേൽക്കുവാനും അനേകരെ ഒരുക്കുവാനും എന്റെ ജീവിതം യേശുക്രിസ്തുവിന്റെ തിരുപ്പാദത്തിൽ സമർപ്പിക്കുന്നു.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?

# Prof. M.Y. യോഹന്നാൻ

## സുവിശേഷസന്ദേശം നൽകുന്നു

## പവർവിഷൻ TV

8:30 pm
1:30 pm
5:30 am

**രാത്രി 8:30, ഉച്ചയ്ക്ക് 1:30, രാവിലെ 5:30**

SUN DIRECT - 607, VIDEOCON d2h - 646, DISH TV - 646, AIRTEL - 873, KERALA VISION - 510
ASIANET CABLE - 662IDUKKI VISION - 52, WAYANAD VISION - 510, MALANADU CHANNEL - 57
DEN Cable - 637, BHOOMIKA CABLE - 43, SITI CABLE - 161, KCL CABLE - 651

**ഓരോ സമയത്തും വ്യത്യസ്തമായ വിഷയം**

**ശനി രാവിലെ 6 : 30**
**സൂര്യ TV**

**തിങ്കൾ, ചൊവ്വ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ T V പ്രോഗ്രാമുകൾ
തത്സമയം ലഭിക്കുന്നു : www.crfgospel.org/tv

Ph : 9142 30 30 96

## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

----------------------

| | |
|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00am - 2.00pm |
| **സാക്ഷ്യയോഗം** | 4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.30pm |
| **എല്ലാ വെള്ളിയാഴ്ചയും** (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| **ഒന്നാം ചൊവ്വാഴ്ച** (വനിതകളുടെ യോഗം) | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച** യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |